
# ഗാന്ധിചിന്തകൾ

പി. കേശവൻനായർ



# ഗാന്ധി ചിന്തകൾ

*Malayalam*
**Gandhi Chinthakal**
*by*
**P. Kesavan Nair**

*First Published:* August, 2012

*Typeset at*
CHASIMAR, Thiruvananthapuram

*Printed at*
Vijnanamudranam Press, Nalanda
Thiruvananthapuram-3

*Published by*
The State Institute of Languages, Kerala
Thiruvananthapuram 695003

(C) The State Institute of Languages, Kerala
Thiruvananthapuram - 2011

*Copies:* 1000

***Price:* Rs. 75/-**

ISBN - 978-81-7638-192-5

*Published by the State Institute of Languages, Kerala, Thiruvananthapuram, under the scheme for production of text books and literature in regional languages, at the University level sponsored by the Government of India, Ministry of Human Resource Development (Department of Culture) New Delhi.*

SIL / 2853 FT-1779

# ഗാന്ധി ചിന്തകൾ

പി. കേശവൻ നായർ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

**പി. കേശവൻ നായർ**

ജനനം 1944

കൊല്ലം എഫ്.എം.എൻ. കോളേജ്, റായ്പൂർ ദുർഗ ആട്സ് കോളേജ് എന്നിവിടങ്ങളിൽ പഠനം.

സാമൂഹ്യപ്രവർത്തകൻ, എഴുത്തുകാരൻ.

കൃതികൾ: *പ്രപഞ്ചം, പ്രപഞ്ചനൃത്തം, ഭൗതികത്തിനപ്പുറം*, വിപരീതങ്ങൾക്കപ്പുറം, ബോധത്തിന്റെ ഭൗതികം, മാർക്സിസം ശാസ്ത്രമോ, മനുഷ്യമനസും ക്വാണ്ടം സിദ്ധാന്തവും, കശുവണ്ടി തൊഴിലാളി സമരചരിത്രം, Beyond Red, An Introduction to Quantum Physics.*

*സാഹിത്യഅക്കാദമി അവാർഡ് ലഭിച്ച പുസ്തകം.

വിലാസം: ഐക്കരഴികത്ത്,
തേവള്ളി,
കൊല്ലം-9.


| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | ഡോ. എം.ആർ.തമ്പാൻ |
| എഡിറ്റർ | : | ഡോ. ബി.സുഗീത |
| കവർ | : | സുധീർ. പി. വൈ |

| | | |
|---|---|---|
| General Editor | : | Dr. M.R. Thampan |
| Editor | : | Dr. B. Sugeetha |
| Cover | : | Sudheer. P. Y |

# ആമുഖം

മനുഷ്യൻ നേരിടുന്ന പ്രശ്നങ്ങൾ രണ്ടുതരമാണ്. ആദ്ധ്യാത്മികവും ഭൗതികവും. ഈ പ്രശ്നങ്ങൾക്ക് പരിഹാരമന്വേഷിക്കുകയാണ് സകല ശാസ്ത്രങ്ങളും ചെയ്യുന്നത്. എന്നാൽ ഗാന്ധിയൻ ദർശനത്തിൽ ഇതിനെല്ലാം പരിഹാരമുണ്ട്. ഉൽപ്പാദനത്തെയും ഉപഭോഗത്തെയും മാത്രം അടിസ്ഥാനമാക്കിയുള്ള സമ്പദ്ഘടനയ്ക്ക് ബദലായി ആവശ്യം, ആർത്തി എന്നീ രണ്ടു സംവർഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗാന്ധിജിയുടെ അർഥശാസ്ത്ര സങ്കൽപ്പങ്ങൾ ശാശ്വതവും ഈടുറ്റതുമാണ്. പാരിസ്ഥിതിക സംരക്ഷണമെന്നാൽ പ്രകൃതിസംരക്ഷണം മാത്രമല്ലെന്നും നഗര-ഗ്രാമ സന്തുലനം, പ്രകൃതി-മനുഷ്യ സന്തുലനം, ദരിദ്ര-ധനിക സന്തുലനം എന്നതും കൂടി ആയിരിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചു. യുനെസ്കൊ പുറത്തിറക്കിയ ഒരു വിദ്യാഭ്യാസ രേഖയിൽ വിദ്യാഭ്യാസത്തിന്റെ നെടുംതൂണുകൾ, അറിയാൻ പഠിക്കുക, പ്രവർത്തിക്കാൻ പഠിക്കുക, സഹവർത്തിത്തത്തോടെ ജീവിക്കാൻ പഠിക്കുക, സ്വയം കണ്ടെത്താൻ പഠിക്കുക എന്ന് പറഞ്ഞിരിക്കുന്നത് ഗാന്ധിജിയുടെ വിദ്യാഭ്യാസ ചിന്തകൾ ആധുനിക വിദ്യാഭ്യാസ വിദഗ്ധരും പരിഗണിക്കുന്നുണ്ടെന്നതിനുള്ള തെളിവാണ്.

ഇങ്ങനെ ജനാധിപത്യത്തെക്കുറിച്ച്, വ്യക്തിസ്വാതന്ത്ര്യത്തെക്കുറിച്ച്, സാമ്പത്തിക-പാരിസ്ഥിതിക മേഖലയെക്കുറിച്ച്, തൊഴിലാളി പ്രസ്ഥാനത്തെക്കുറിച്ച് ഗാന്ധിയൻ ചിന്തകൾ വിജ്ഞാനപ്രദവും ലളിതവുമായശൈലിയിൽ ഈപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. എല്ലാ മലയാളികൾക്കും വേണ്ടി സന്തോഷത്തോടെ,

ഡോ. എം. ആർ. തമ്പാൻ
ഡോ. ബി. സുഗീത

# മുഖവുര

ഗാന്ധിജി ജീവിക്കുന്ന ഒരാശയമാണ്. ഗാന്ധിജി രക്തസാക്ഷിത്വം വരിച്ചിട്ട് 64 വർഷം കഴിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ ആശയങ്ങളുടെ പ്രസക്തി വർധിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ആശയങ്ങളും ജീവിതവും ഭിന്നമല്ല. ഗാന്ധിജി പറഞ്ഞു. എന്റെ ജീവിതം എന്റെ സന്ദേശമാണ്. അദ്ദേഹത്തിന്റെ ചിന്തകളും കർമപഥങ്ങളും പരസ്പരപൂരകങ്ങളായിരുന്നു. അദ്ദേഹം തന്റെ ആദർശങ്ങൾക്ക് വേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്തു. ഗാന്ധിജിയുടെ പരമമായ ലക്ഷ്യം സത്യവും അതിനുള്ള മാർഗം അഹിംസയുമായിരുന്നു. സത്യത്തിന്റെയും അഹിംസയുടെയും ലോകം കണ്ട ഏറ്റവും ശക്തനായ വക്താവും പ്രയോക്താവും ഗാന്ധിജിയാണ്. 2007 ജൂൺ 15 ാം തീയതി ഐക്യരാഷ്ട്രസഭ മഹാത്മജിയുടെ ജന്മദിനമായ ഒക്ടോബർ 2 അന്താരാഷ്ട്ര അഹിംസാദിനമായി ആചരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അഹിംസയിലൂടെ ശാന്തിയും സമാധാനവും സ്ഥാപിക്കാൻ അദ്ദേഹം നടത്തിയ പരിശ്രമങ്ങളുടെ അംഗീകാരമായിരുന്നു ഇത്.

മഹാകവി രവീന്ദ്രനാഥടാഗോർ ഗാന്ധിജിയെകുറിച്ച് പറഞ്ഞു: 'ആയിരകണക്കിന് നിർധനരുടെ കുടിലുകളുടെ ഉമ്മറത്ത് അവരിലൊരാളെ പോലെ വസ്ത്രം ധരിച്ച്, അദ്ദേഹം ചെന്നുനിന്നു. അവരുടെ ഭാഷയിൽ അദ്ദേഹം അവരോട് സംസാരിച്ചു. അദ്ദേഹം പറഞ്ഞതോ, ജീവനുള്ള സത്യമായിരുന്നു, പുസ്തകങ്ങളിലെ ഉദ്ധാരണങ്ങളായിരുന്നില്ല.' ഇക്കാരണത്താൽ അദ്ദേഹത്തിന് ഭാരതത്തിലെ ജനങ്ങൾ നൽകിയ 'മഹാത്മാ' എന്ന ബിരുദം അദ്ദേഹത്തിന്റെ ശരിയായ പേരായിത്തീർന്നു. എല്ലാ ഭാരതീയരും തന്റെ മാംസവും രക്തവുമാണെന്ന് അദ്ദേഹത്തെ പോലെ അനുഭവിച്ചറിഞ്ഞ വേറെ ഏതൊരാളുണ്ട്? ബുദ്ധഭഗവാനുശേഷം ജനിച്ച മഹാനായ ഭാരതീയനാണ് ഗാന്ധിജി. ഭാരതത്തിൽ മാത്രമല്ല മറ്റൊരു രാജ്യത്തും ഇത്തരം ഒരു ബഹുജനനേതാവ് ഇന്നോളം ഉണ്ടായിട്ടില്ല.

ടൈം മാഗസിൻ ഗാന്ധിജിയെ ഇരുപതാം നൂറ്റാണ്ടിലെ മഹാപ്രതിഭയായി തെരഞ്ഞെടുക്കുകയുണ്ടായി. അദ്ദേഹം ആധുനിക മനുഷ്യന്റെ ഭൗതികവും ആധ്യാത്മികവുമായ പ്രശ്നങ്ങളെപറ്റി ആഴത്തിൽ ചിന്തി

ക്കുകയും അതിനു പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ചെയ്തു. ജീവിതത്തിലെ ഏത് മണ്ഡലത്തിലുള്ള ഏത് പ്രശ്നത്തിനും ഒരു ഗാന്ധിയൻ സമീപനവും ഗാന്ധിയൻ പരിഹാരവും സാധ്യമാണ്. ഗാന്ധിദർശനത്തെ മറ്റുള്ളവയിൽ നിന്നും വ്യത്യസ്തമാക്കുന്നതു അതിന്റെ മൗലികതയാണ്. അതിന്റെ നൈസർഗികവും സർഗാത്മകവുമായ സവിശേഷതകൾ ആരെയും അൽഭുതപ്പെടുത്തുന്നതാണ്. പ്രായോഗികമാണ് ഗാന്ധിദർശനം. മാനവികത, സ്നേഹം, സത്യം, അഹിംസ, സമത്വം, ധാർമികത, ആത്മീയത എന്നിവയാൽ സംപുഷ്ടമായിരുന്നു ഗാന്ധിയുടെ ജീവിതവും ദർശനവും.

ആധുനിക ശാസ്ത്രത്തിൽ നിന്നും ഉരുതിരിഞ്ഞുവന്നിട്ടുള്ള നവതത്വചിന്തയുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ ഗാന്ധിചിന്തകൾ തികച്ചും ശാസ്ത്രീയമാണ്. ആധുനികശാസ്ത്രതത്വചിന്തയിൽ ശാസ്ത്രീയ സിദ്ധാന്തങ്ങളൊന്നും കേവലമല്ല. എല്ലാ ശാസ്ത്രീയസിദ്ധാന്തങ്ങളും ഏകദേശനം (approximation) മാത്രമാണ്. ഗാന്ധിജിയുടെ ചിന്തകൾ ഈ അർഥത്തിലാണ് ശാസ്ത്രീയമായിതീരുന്നത്. ഗാന്ധിജി പ്രപഞ്ചത്തെപറ്റിയോ മനുഷ്യനെപറ്റിയോ അടഞ്ഞസിദ്ധാന്തങ്ങളൊന്നും അവതരിപ്പിക്കുകയുണ്ടായില്ല. ഒരു സിദ്ധാന്തവും ശാശ്വതമാകില്ലെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. ഒരു ശാസ്ത്രജ്ഞനെപോലെ അദ്ദേഹം സത്യാന്വേഷണം നടത്തി, ഗാന്ധിജി തന്റെ ആത്മകഥയ്ക്ക് സത്യാന്വേഷണപരീക്ഷണങ്ങൾ എന്നാണ് പേരിട്ടത്. ഗാന്ധിജി പറഞ്ഞു: ഗാന്ധിസം എന്നൊന്നില്ല. എന്റെ കാലശേഷം അങ്ങനെയൊന്ന് അവശേഷിപ്പിക്കണമെന്ന് എനിക്കാഗ്രഹവുമില്ല. ഏതെങ്കിലും ഒരു പുതിയ തത്വമോ, സിദ്ധാന്തമോ ആവിഷ്കരിച്ചുവെന്നും ഞാനവകാശപ്പെടുന്നില്ല. സനാതനങ്ങളായ സത്യങ്ങളെ ദൈനംദിനജീവിതത്തിലും പ്രശ്നങ്ങളിലും എന്റേതായ മാർഗങ്ങൾ പ്രയോഗിച്ചുനോക്കാൻ ശ്രമിക്കുക മാത്രമാണ് ഞാൻ ചെയ്തിട്ടുള്ളത്. വ്യവഹാരസൗകര്യത്തിനുവേണ്ടിമാത്രമാണ് ഗാന്ധിസം എന്ന പദം ഗാന്ധിസാഹിത്യത്തിൽ ഉപയോഗിക്കുന്നത്. ഗാന്ധിജിയുടെ ദാർശനിക വീക്ഷണങ്ങൾ തികച്ചും ആധുനികമാണ്. പാശ്ചാത്യരാജ്യങ്ങളിലെ പഴഞ്ചൻ ക്ലാസിക്കൽ തത്വശാസ്ത്രത്തിൽ നിന്നും രൂപം കൊണ്ട പാശ്ചാത്യവ്യവസ്ഥകളായ മുതലാളിത്തത്തിനും കമ്യൂണിസത്തിനും ബദലാണ് ഗാന്ധിദർശനം.

ഉൽപ്പാദനത്തെയും ഉപഭോഗത്തെയും മാത്രം അടിസ്ഥാനമാക്കിയുള്ള പാശ്ചാത്യഅർഥശാസ്ത്രത്തിൽ നിന്നും വ്യത്യസ്തമാണ് ഗാന്ധിജിയുടെ അർഥശാസ്ത്രസങ്കൽപ്പങ്ങൾ. ആവശ്യം (need) ആർത്തി (greed) എന്നീ രണ്ട് വ്യക്തമായ സംവർഗങ്ങൾ ഗാന്ധിജി വിഭാവന ചെയ്തിരുന്നു. ഗാന്ധിജി പറഞ്ഞു: മനുഷ്യന്റെ ആവശ്യങ്ങളെല്ലാം നിറവേറ്റാനുള്ള കഴിവ് ഈ ഭൂമിക്കുണ്ട്. എന്നാലവന്റെ അതിമോഹത്തെ തൃപ്തിപ്പെടുത്താൻ ഭൂമിക്ക് കെൽപ്പില്ല. ഇതാണ് ഗാന്ധിജിയുടെ സാമ്പത്തികവും പാരിസ്ഥിതികവുമായ വീക്ഷണം. മുതലാളിത്തവും കമ്യൂണി

സവും മനുഷ്യന്റെ ഉപഭോഗതൃഷ്ണ സീമാതീതമായി വളർത്തുകയാണെന്ന് അദ്ദേഹം നിരീക്ഷിച്ചു. ലോകം ഇന്നു നേരിടുന്ന മുഖ്യ പ്രശ്നം അന്തമില്ലാത്ത ആവശ്യങ്ങളും (unlimited wants) പരിമിതമായ വിഭവങ്ങളും (limited resources) ആണ്. ഇത് ഗാന്ധിജി വളരെ നേരത്തെ മനസ്സിലാക്കിയിരുന്നു. ഗാന്ധിജിയുടെ അർഥശാസ്ത്രദർശനത്തിന്റെ പ്രയോഗമാണ് ട്രസ്റ്റിഷിപ്പും സർവോദയവും. ഗാന്ധിജിയുടെ സാമ്പത്തികവീക്ഷണങ്ങളെ ലോകം ഇന്ന് അംഗീകരിച്ചുതുടങ്ങിയിട്ടുണ്ട്. അതിന്റെ ശക്തമായ സ്വാധീനം ഗുണാർ മൈർഡലുടെ ഏഷ്യൻ ഡ്രാമ , ഷുമാക്കറുടെ ചെറുതാണ് സുന്ദരം , റെയിച്ചൽ കഴ്സന്റെ സൈലന്റ് സ്പ്രിംഗ് , ഫ്രിജോഫ് കാപ്രായുടെ ഗ്രീൻ പോളിറ്റിക്സ് എന്നീ കൃതികളിൽ ദൃശ്യമാണ്. ഗാന്ധിജിയുടെ പാരിസ്ഥിതികചിന്തകൾ പ്രവചനാത്മകസ്വഭാവമുള്ളവയായിരുന്നു. അദ്ദേഹത്തിന്റെ പാരിസ്ഥിതികചിന്തകളുടെ അടിസ്ഥാനം പ്രകൃതിയും മനുഷ്യനും അഭിന്നമാണെന്നുള്ളതായിരുന്നു. ഗാന്ധിജി എല്ലാ ചരാചാരങ്ങളിലും ദിവ്യത്വം ദർശിച്ചു. ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വളരെ ലളിതമാണ്. അദ്ദേഹം പറഞ്ഞു: മനുഷ്യന് ജീവനെ സൃഷ്ടിക്കാനുള്ള കഴിവില്ലാത്തതു കൊണ്ട് ജീവനെ നശിപ്പിക്കാനുള്ള അവകാശമില്ല. പാരിസ്ഥിതിക ചിന്തകളെ വെറും പ്രകൃതിസംരക്ഷണത്തിൽ നിന്ന് നഗരഗ്രാമസന്തുലനം, പ്രകൃതിമനുഷ്യസന്തുലനം, ദരിദ്രധനികസന്തുലനം എന്നിവയടങ്ങുന്ന സാമൂഹ്യതലത്തിലേക്ക് ഗാന്ധിജി ഉയർത്തി.

ഗാന്ധിജിയുടെ ജനാധിപത്യസങ്കൽപ്പത്തിൽ അധികാരത്തിന്റെ ശ്രേണി താഴെ നിന്നും മുകളിലേക്കാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ജനങ്ങളെ ഏറ്റവും കുറച്ചു ഭരിക്കുന്ന സർക്കാരാണ് പൂർണവും അഹിംസാത്മകവുമായ സർക്കാർ. പാശ്ചാത്യരാജ്യങ്ങളുടെ ജനാധിപത്യസമ്പ്രദായങ്ങളെ അദ്ദേഹം അംഗീകരിച്ചില്ല. ബ്രിട്ടീഷ് പാർലമെന്റിനെ അദ്ദേഹം 'വേശ്യ'യെന്നും ബഹളമുണ്ടാക്കുന്ന 'പീടിക'യെന്നും വിളിച്ചു. ബ്രിട്ടീഷ് സമ്പ്രദായത്തിലുള്ള പാർലമെന്ററിവ്യവസ്ഥ ഇന്ത്യയിൽ സ്ഥാപിക്കുന്നതിന് അദ്ദേഹം എതിരായിരുന്നു. കമ്യൂണിസ്റ്റ് രാജ്യങ്ങളിലെ ഭരണകൂടവ്യവസ്ഥയോടും ഗാന്ധിജി വിയോജിച്ചു. അദ്ദേഹം ഇങ്ങനെ എഴുതി: റഷ്യയിൽ നിങ്ങൾ നിങ്ങളുടെ ശരീരത്തിന്റെ പോലും ഉടമയല്ല. വ്യക്തിസ്വാതന്ത്ര്യത്തിന്റെ ശക്തനായ വക്താവായിരുന്നു ഗാന്ധിജി. അദ്ദേഹം പറഞ്ഞു: വ്യക്തിസ്വാതന്ത്ര്യം നഷ്ടപ്പെട്ടാൽ തീർച്ചയായും സകലതും നഷ്ടപ്പെടും, കാരണം, വ്യക്തി അവഗണിക്കപ്പെട്ടാൽ സമൂഹത്തിൽ പിന്നെ എന്ത് ശേഷിക്കാൻ! ആ സ്വാതന്ത്ര്യം അവനിൽ നിന്നും അപഹരിക്കപ്പെട്ടാൽ അവൻ വെറുമൊരു യന്ത്രമായിപോകും. സമൂഹം നഷ്ടമാകും. വ്യക്തി സ്വാതന്ത്ര്യം നഷ്ടപ്പെടുത്തി സ്വാഭാവികമായും ഒരു സമൂഹനിർമാണവും സാധ്യമല്ല. മനുഷ്യസ്വഭാവത്തിനു തന്നെ എതിരാണ് വ്യക്തിസ്വാതന്ത്ര്യം അപഹരിക്കുകയെന്നത്. ഭാരതം ജീവിക്കുന്നത് ഗ്രാമങ്ങളിലാണെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. ഗാന്ധി

ജിയുടെ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. അധികാരം ഗ്രാമങ്ങളിലേയ്ക്ക് പൂർണമായി വികേന്ദ്രീകരിക്കപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. പഞ്ചായത്ത് രാജ് നിയമം ഉണ്ടെങ്കിലും ഗാന്ധിജി വിഭാവന ചെയ്തതുപോലെ അധികാരവികേന്ദ്രീകരണമോ പങ്കാളിത്തജനാധിപത്യമോ ഭാരതത്തിൽ നടപ്പായിട്ടില്ല. അധികാരം ഇന്നും ഡെൽഹിയിലും സംസ്ഥാന തലസ്ഥാനങ്ങളിലുമാണ് കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്.

വിദ്യാഭ്യാസത്തെപറ്റി ഇത്ര ആഴത്തിൽ ചിന്തിച്ചിട്ടുള്ള രാഷ്ട്രീയ പ്രവർത്തകൻ ഗാന്ധിജിയെപ്പോലെ ഏറെ ഉണ്ടാവില്ല. ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണവ്യക്തിത്വത്തിന്റെ, ശരീരവും മനസ്സും ആത്മാവുമുള്ള മനുഷ്യവ്യക്തിയുടെ, വ്യക്തിഗതവും സാമൂഹ്യവുമായ വികസനമാണ്. ബ്രിട്ടീഷുകാർ ഭാരതത്തിന്റെ മേൽ അടിച്ചേൽപ്പിച്ച വിദ്യാഭ്യാസം വ്യക്തിത്വവികസനത്തിനോ സാമൂഹ്യപുരോഗതിക്കോ ഉതകില്ലെന്ന് അദ്ദേഹം നിരീക്ഷിച്ചു. വിദ്യാഭ്യാസം കുടുംബത്തിൽ നിന്നും തുടങ്ങണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഗാന്ധിജി പറഞ്ഞു: നാട്ടിലെ ഓരോ വീടും ഓരോ വിദ്യാലയമാണ്, മാതാപിതാക്കൾ അധ്യാപകരും. തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിന് അദ്ദേഹം ഊന്നൽ നൽകി. അധ്യയനമാധ്യമം മാതൃഭാഷയിലായിരിക്കണമെന്ന് അദ്ദേഹം ശഠിച്ചു. ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനത്തെ ആധുനിക വിദ്യാഭ്യാസവിദഗ്ധർ അംഗീകരിക്കുവാൻ തുടങ്ങിയിട്ടുണ്ട്. അടുത്തകാലത്ത് യുനസ്കോ പുറത്തിറക്കിയ ഒരു വിദ്യാഭ്യാസരേഖയിൽ വിദ്യാഭ്യാസത്തിന്റെ നെടുംതൂണുകൾ - അറിയാൻ പഠിക്കുക - പ്രവർത്തിക്കാൻ പഠിക്കുക - സഹവർത്തിത്തത്തോടെ ജീവിക്കാൻ പഠിക്കുക - സ്വയം കണ്ടെത്താൻ പഠിക്കുക എന്നിവയാണെന്ന് പറഞ്ഞിരിക്കുന്നു.

ഭാരതത്തിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ വളർച്ചയിൽ നിർണായകമായ പങ്കാണ് ഗാന്ധിജി വഹിച്ചത്. ദേശീയ സ്വാതന്ത്ര്യസമരത്തിൽ തൊഴിലാളികളെ അദ്ദേഹം പങ്കാളികളാക്കി. മൂലധനവും അധ്വാനവും തമ്മിലുള്ള ബന്ധത്തെപറ്റി ഗാന്ധിജിക്ക് അദ്ദേഹത്തിന്റേതായ ആശയങ്ങൾ ഉണ്ടായിരുന്നു. പാശ്ചാത്യമാതൃകയിലുള്ള ഒരു ട്രേഡ് യൂണിയൻ പ്രസ്ഥാനം കെട്ടിപ്പടുക്കാനല്ല അദ്ദേഹം ആഗ്രഹിച്ചത്. ഭാരതത്തിലെ തൊഴിലാളിസംഘടനകൾ സ്വദേശിചിന്തയിൽ അടിയുറച്ചുനിൽക്കണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി.

ഗാന്ധിജി ഒരു സനാതനഹിന്ദുവായിരുന്നു. ഗാന്ധിജിയെ ഏറ്റവും കൂടുതൽ ആകർഷിച്ചത് ഉപനിഷത്തുകളും ഭഗവദ്ഗീതയുമായിരുന്നു. ഉപനിഷത്തുക്കളിൽ തന്നെ അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട ഈശാവാസ്യോപനിഷത്തിലെ 'ഈശാവാസ്യമിദം സർവം' എന്നു തുടങ്ങുന്ന ആദ്യമന്ത്രത്തെ വിശദീകരിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: ഈശ്വരൻ എന്നത് ഈശ്വരസൃഷ്ടിയുടെ ആകെ തുകയാണ്. അസ്തിത്വമുള്ളതെല്ലാം ഈശ്വരനാണ്, മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഈശ്വരനല്ലാതെ മറ്റൊന്നിനും തന്നെ അസ്തിത്വമില്ല, ഉൺമയില്ല. മറ്റ്

ഒന്നും തന്നെ സത് അല്ല - സത് എന്നാൽ സത്യമാണ്. ഈശ്വരൻ സത് ആണെങ്കിൽ ഈശ്വരൻ മാത്രമാണ് സത്. എങ്കിൽ ഈശ്വരനല്ലാതെ മറ്റൊന്നും സത്യമല്ല. അതായതു ഈശ്വരൻ എന്ന സാകല്യം കേവല മായ സത്യം ആകുന്നു. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം കേവല മായ സത്യം ഉപനിഷത്സങ്കൽപ്പമായ സച്ചിദാനന്ദമാകുന്നു. അല്ലെങ്കിൽ സത്യവും ജ്ഞാനവും അനന്തവുമായ ബ്രഹ്മമാകുന്നു. ആ കേവലമായ സത്യത്തെ, ബ്രഹ്മത്തെ, ഈശ്വരനെ സാക്ഷാത്കരിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ആത്യന്തികലക്ഷ്യം. ഇതിനെ അടിസ്ഥാനമാക്കിയാണ് സത്യമാണ് ദൈവം എന്ന് ഗാന്ധിജി പ്രഖ്യാപിച്ചത്. സത്യത്തെ ആധാ രമാക്കി ഗാന്ധിജി ഒരു സമരതന്ത്രം വികസിപ്പിച്ചെടുത്തു. അത് ആത്മ ശക്തിയുടെ സമരതന്ത്രമാണ്. രാഷ്ട്രീയ - സാമൂഹ്യ- സാമ്പത്തിക രംഗ ങ്ങളിലെ തിന്മകൾക്കെതിരെ സമരം ചെയ്യാൻ അദ്ദേഹം ആവിഷ്കരിച്ച നൂതനമായ ആത്മീയപ്രസ്ഥാനമാണ് സത്യഗ്രഹം. ഗാന്ധിജിയുടെ ആധ്യാത്മികവും ഭൗതികവുമായ ജീവിതത്തെ കരുപിടിപ്പിച്ചത് ഭഗവദ് ഗീതയായിരുന്നു. ഗാന്ധിജി തന്റെ ഗീതാവ്യാഖ്യാനത്തിനു നൽകിയ പേര് അനാസക്തിയോഗം എന്നാണ്. ഗീതയിലെ നിഷ്കാമകർമം എന്ന ആശയമാണ് അദ്ദേഹത്തെ ഏറ്റവുമധികം ആകർഷിച്ചത്. നിഷ്കാമ കർമത്തിന് അഹിംസ അത്യന്താപേക്ഷിതമാണെന്ന് ഗാന്ധിജി വിശ്വസി ച്ചു. അഹിംസയിലൂടെ മാത്രമേ കർമഫലത്യാഗം സാധ്യമാകുവെന്നു ള്ള ഗാന്ധിജിയുടെ നിരീക്ഷണം, നിഷ്കാമകർമവ്യാഖ്യാനത്തിന് അദ്ദേഹം നൽകിയ മൗലികമായ സംഭാവനയാണ്.

ഗാന്ധിജിയുടെ ആശയങ്ങൾക്കും, സമരങ്ങൾക്കും ഇന്ന് വലിയ പ്രാധാന്യമാണ് ഉള്ളത്. സാമൂഹ്യമാറ്റത്തിനുള്ള സമരങ്ങളിൽ ഗാന്ധി ജിയുടെ ആശയങ്ങളും മൂല്യങ്ങളും വളരെ വിജയകരമായി ഉപയോഗി ച്ചവരാണ് മാർട്ടിൻ ലൂതർ കിങ്ങും, നെൽസൺ മണ്ടേലയും, ബിഷപ്പ് ഡെസ്മണ്ട് ടിട്ടുവും, വാക്ലാവ് ഹാവേലും, ലേ വലേസയും. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മാതൃക സ്വീകരിച്ചുകൊണ്ടാണ് ഘാനായിലെ ക്വാമോ നെക്രുമയും നൈജീരിയായിൽ നമാഡി അസിക്കിവേയും സ്വാത ന്ത്രത്തിനു വേണ്ടി പോരാടിയത്. 1950 കളിലും 1960 കളിലും മാർട്ടിൻ ലൂതർ കിങ്ങിന്റെ നേതൃത്വത്തിൽ വർണവിവേചനത്തിനെതിരെ അമേരി ക്കൻ പൗരാവകാശങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങളും ഗാന്ധിമാർഗത്തി ലുള്ളതായിരുന്നു. വർണവിവേചനത്തിനും ബ്രിട്ടീഷ് അധിനിവേശ ത്തിനും എതിരെ 1950 നും 1990 നും ഇടയിൽ തെക്കേ ആഫ്രിക്കയിൽ നടന്ന അക്രമരാഹിത്യപ്രതിഷേധങ്ങളും ബഹുജനഉപരോധങ്ങളും വിജ യകരമായിട്ടാണ് പര്യവസാനിച്ചത്. കമ്യൂണിസ്റ്റ് ഭരണകൂടഭീകരതയ്ക്കും, സ്വേച്ഛാധിപത്യത്തിനും എതിരെ 1989 ൽ സോവിയറ്റ് യൂണിയിനിലും, കിഴക്കൻ യൂറോപ്പിലും, കിഴക്കൻ ജർമനിയിലും അരങ്ങേറിയ വിപ്ലവ ങ്ങളെല്ലാം അഹിംസാത്മകമായിരുന്നു. 1989 ൽ ബെയ്ജിംഗിലെ തിയാ നമെൻ ചതുരത്തിലും മുന്നോറോളം ചൈനീസ് നഗരങ്ങളിലും ഭരണാ

ധികാരികളുടെ ജനാധിപത്യ ധ്വംസനത്തിനും അഴിമതിക്കും എതിരായി നടന്ന പ്രതിഷേധസമരങ്ങളും ഗാന്ധിയൻ മാതൃകയിലുള്ളതായിരുന്നു. ലോകത്തിന്റെ പല ഭാഗത്തും ഇപ്പോൾ ഏകാധിപത്യത്തിനും, അനീതിക്കും, അഴിമതിക്കും എതിരായി നടന്നുകൊണ്ടിരിക്കുന്ന മിക്കസമരങ്ങളിലും ഗാന്ധിജിയുടെ അഹിംസാസമരമുറകൾ പ്രയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഗാന്ധിജിയുടെ ജീവിതത്തെയും ദർശനത്തെയും പറ്റിയുള്ള വിചിന്തനമാണ് ഈ ചെറുഗ്രന്ഥം. ഗാന്ധിജിയുടെ ജീവിതത്തെക്കുറിച്ചൊരു ലഘുചിത്രം ഇതിലുണ്ട്. ഗാന്ധിദർശനത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ - സാമൂഹ്യ - സാമ്പത്തിക - പാരിസ്ഥിതിക - വിദ്യാഭ്യാസ - ട്രേഡ് യൂണിയൻ വിഷയങ്ങളെ പരിശോധിക്കാനൊരു എളിയ ശ്രമം നടത്തിയിട്ടുണ്ട്. ആധുനിക ശാസ്ത്രതത്വചിന്തയുടെ വെളിച്ചത്തിൽ ഗാന്ധിദർശനത്തിന്റെ മേന്മയും പ്രസക്തിയും വ്യക്തമാക്കിയിട്ടുണ്ട്. ഗാന്ധിയൻ സമരങ്ങളുടെ സമകാലീന പ്രസക്തിയെകുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്.

***പി. കേശവൻ നായർ***

# ഉള്ളടക്കം

1. ഗാന്ധിജി - ഒരു ചിന്ത .................... 1
2. ഒരു ലഘുജീവിതചിത്രം .................... 7
3. ബഹുമുഖപ്രതിഭ .................... 35
4. സർഗാത്മകവീക്ഷണം .................... 44
5. ശാസ്ത്രീയമായ ചിന്തകൾ .................... 49
6. ഗാന്ധിദർശനം ആധുനികവീക്ഷണത്തിൽ .................... 56
7. അർഥശാസ്ത്രദർശനം .................... 69
8. പാരിസ്ഥിതികചിന്തകൾ .................... 79
9. ജനാധിപത്യസങ്കൽപ്പം .................... 86
10. അധികാരവികേന്ദ്രീകരണം .................... 92
11. വിദ്യാഭ്യാസദർശനം .................... 102
12. ഗാന്ധിജിയും തൊഴിലാളിപ്രസ്ഥാനവും .................... 114
13. ഗാന്ധിജി - ഒരു സനാതന ഹിന്ദു .................... 122
14. ഗാന്ധിജിയും ഈശാവാസ്യോപനിഷത്തും .................... 128
15. ഗാന്ധിജിയും ഭഗവദ് ഗീതയും .................... 132
16. സമകാലീനപ്രസക്തി .................... 141

ഒന്ന്

# ഗാന്ധിജി ഒരു ചിന്ത

ഗാന്ധിജിയുടെ ദർശനവും ജീവിതവും അഭിന്നമാണ്. അദ്ദേഹം പറഞ്ഞു: എന്റെ ജീവിതം എന്റെ സന്ദേശമാണ്. അദ്ദേഹത്തിന്റെ ചിന്തകളും കർമപഥങ്ങളും പരസ്പരപൂരകങ്ങളായിരുന്നു. ഗൗതമബുദ്ധനുശേഷം ജനിച്ച മഹാനായ ഭാരതീയനായിരുന്നു ഗാന്ധിജി. സത്യം, അഹിംസ, ആത്മത്യാഗം, ആത്മസംയമനം, സമാധാനം, സഹിഷ്ണത, സാർവ്വലൗകികസ്നേഹം, സമത്വം, സ്വാതന്ത്ര്യം ഇവ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഘടകങ്ങളായിരുന്നു. യഥാർഥത്തിൽ അദ്ദേഹം ഈ ആദർശങ്ങൾക്ക് വേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്തു. യശസ്സോ, ധനമോ, കാംക്ഷിക്കാത്ത അപൂർവം മനുഷ്യജീവികളിൽ ഒരാളായിരുന്നു അദ്ദേഹം. അദ്ദേഹം തന്റെ ആദർശങ്ങളും ആത്മീയശക്തിയും കൊണ്ട് ജീവിതകാലത്തുതന്നെ കോടിക്കണക്കിന് ജനഹൃദയങ്ങളിൽ ആരാധനാപാത്രമായി. ലോകം മുഴുവനും അദ്ദേഹത്തിന്റെ ലാളിത്യത്തെയും ആശയശുദ്ധിയെയും ബഹുമാനിച്ചു.

എന്തുകൊണ്ടാണ് ഗാന്ധിയെന്ന മെലിഞ്ഞ പൊക്കം കുറഞ്ഞ മനുഷ്യനെ ലോകം മഹാത്മാവ് എന്ന് വിളിച്ചത്? ലോറി കോളിൻസും ഡൊമനിക് ലാപ്പിയറും സ്വാതന്ത്ര്യം അർധരാത്രിയിൽ എന്ന പുസ്തകത്തിൽ എഴുതി: ആ മനുഷ്യൻ യഥാർഥത്തിൽ സമ്പൂർണ വിപ്ലവകാരിയായിരുന്നു. ഭാരതം സ്വാതന്ത്ര്യം നേടിയത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന അഹിംസാസമരത്തിലൂടെയായിരുന്നു. അഹിംസാത്മകസ്വാതന്ത്ര്യസമരത്തിന് അതിനുമുമ്പ് ചരിത്രത്തിലൊന്നും മറ്റൊരുദാഹരണമില്ല. ഗാന്ധിജിയുടെ ചിന്തകളെയും പ്രത്യയശാസ്ത്രത്തെയും കുറിച്ച് നിരവധി പുസ്തകങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട ചോദ്യം ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ട് 65 വർഷങ്ങൾ പിന്നിടുമ്പോൾ നമ്മുടെ സമൂഹത്തിലും രാജ്യത്തും ഗാന്ധിജിയുടെ പ്രസക്തി എന്താണ്? അദ്ദേഹത്തിന്റെ ജീവിതകാലത്ത് ജീവിക്കാത്ത പുതിയ തല

മുറയ്ക്ക് മഹാത്മജിയെ കുറിച്ചുള്ള അറിവ് പരിമിതമാണ്. പുതിയ തലമുറ വിശ്യഷ്യ ചെറുപ്പക്കാർ ഗാന്ധിജിയെ പഠിക്കുന്നതിനോ മനസ്സിലാക്കുന്നതിനോ ശ്രമിക്കാറില്ല. ചിലർ ഗാന്ധിജിയുടെ നയങ്ങളോട് നിഷേധാത്മകസമീപനമാണ് സ്വീകരിക്കാറുള്ളത്. ബുദ്ധിജീവികളെന്ന് സ്വയം അവകാശപ്പെടാറുള്ളവർ പോലും ഗാന്ധിജിയെ ഓർക്കാറില്ല. ഇന്ത്യയിലെ മിക്കഗ്രന്ഥശാലകളിലുമുള്ള ഗാന്ധിസാഹിത്യം പൊടിപിടിച്ചിരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഭാരതത്തിലെ ഇന്നത്തെ യുവതലമുറ പാശ്ചാത്യഅധിനിവേശദർശനങ്ങളുടെ നീരാളിപിടിത്തത്തിൽപ്പെട്ട് വഴിതെറ്റിക്കൊണ്ടിരിക്കുകയാണ്. മുതലാളിത്തവും കമ്യൂണിസവും പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഭൗതികവാദത്തിന്റെ തമോഗർത്തങ്ങളിൽ അവർ പതിച്ചുകൊണ്ടിരിക്കുന്നു. ഈ രണ്ട് വ്യവസ്ഥകളും സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഉപഭോഗതൃഷ്ണയുടെ ഇരകളാണ് അവർ. ഇതിന്റെയൊക്കെ ഫലമായുള്ള സാംസ്കാരിക അധഃപതനവും സദാചാരമൂല്യങ്ങളുടെ ച്യുതിയും നമ്മുടെ സമൂഹത്തിൽ ഇന്ന് ദൃശ്യമാണ്. ഈ പശ്ചാത്തലത്തിൽ നമ്മൾ നമ്മുടെ പ്രിയപ്പെട്ട ബാപ്പുവിന്റെ രാഷ്ട്രപിതാവിന്റെ പരിശുദ്ധപാത പിന്തുടരേണ്ടതുണ്ട്. ഐതിഹാസികപ്രതിഭയായിരുന്ന ഗാന്ധിജിയെക്കുറിച്ചുള്ള ചർച്ചകൾ ഉയർന്നുവരേണ്ടത് ഒരു അനിവാര്യതയാണ്. ശക്തിപ്രഭാവനായിരുന്ന അദ്ദേഹത്തെ വസ്തുനിഷ്ഠമായും സമഗ്രമായും വിലയിരുത്തണമെങ്കിൽ അദ്ദേഹത്തിന്റെ ജീവിതവും ദർശനവും പഠനവിധേയമാക്കണം.

ഗാന്ധി എങ്ങനെ ഗാന്ധിജിയായി? അദ്ദേഹത്തിന്റെ ജീവിതം സത്യാന്വേഷണപരീക്ഷണങ്ങളുടേതായിരുന്നു. തന്റെ മാനുഷികദൗർബല്യങ്ങളുടെ മേൽ ആധിപത്യം നേടാനുള്ള അവിരാമമായ സമരത്തിലായിരുന്നു അദ്ദേഹം. ക്ഷമാപൂർവമായ പരിശീലനങ്ങളിലൂടെ സത്യത്തിലും അഹിംസയിലും അദ്ദേഹം ഉറച്ചുനിന്നു. സന്തോഷത്തെയും ദുഖത്തെയും ഒരുപോലെ അഭിമുഖീകരിക്കാൻ അദ്ദേഹം പരിശീലിച്ചു. സത്യത്തെയും അഹിംസയേയും അക്രമത്തിനും അനീതിക്കുമെതിരായുള്ള ശക്തമായ ആയുധങ്ങളാക്കിമാറ്റുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ചിന്ത, വാക്ക്, പ്രവൃത്തി എന്നിവയുടെ പൊരുത്തത്തിന് ഉത്തമമാതൃകയാണ് ഗാന്ധിജിയുടെ ജീവിതം. അദ്ദേഹം നേതാക്കൾക്ക് ഒരു നയവും ജനങ്ങൾക്ക് മറ്റൊരു നയവും നിർദേശിച്ചിരുന്നില്ല. ഒരു കാര്യം പ്രസംഗിക്കുകയാണെങ്കിൽ അതാദ്യം പ്രയോഗത്തിൽ വരുത്തുന്നതും അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതവിജയത്തിന്റെ രഹസ്യം ഇതായിരുന്നു.

ഗാന്ധിജി വിദ്യാർഥിയായിരുന്ന കാലം മുതൽ കായികാധ്വാനത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയിരുന്നു. എല്ലാത്തരം ജോലികളിലും അദ്ദേഹം ആനന്ദം കണ്ടെത്തി. വസ്ത്രം അലക്കൽ, കക്കൂസ് വൃത്തിയാക്കൽ, പാചകം എന്നിവയെല്ലാം ഒരാൾ സ്വയം ചെയ്യേണ്ടതാണെന്ന് അദ്ദേഹം കരുതി. ഗാന്ധിജി എഴുതി : 'എന്നൊടൊപ്പമുള്ള ആൾ ആരായാലും അയാൾ വെറും തറയിൽ കിടന്നുറങ്ങണം, ലളിതമായ ഭക്ഷണം കഴി

ക്കണം, കക്കൂസ് വൃത്തിയാക്കണം.' ദക്ഷിണാഫ്രിക്കയിലായിരുന്നപ്പോൾ അദ്ദേഹം തന്റെ നാട്ടുകാരോട് വെള്ളക്കാർ കാണിച്ചിരുന്ന വിവേചനത്തെയും അപമാനകരമായ പെരുമാറ്റങ്ങളെയും എതിർത്തു. വെള്ളക്കാരുടെ നിയമങ്ങളെ അദ്ദേഹം തന്നെ നിഷേധിച്ച് ശിക്ഷ ഏറ്റുവാങ്ങി. ബ്രിട്ടീഷ് ഭരണത്തിനെതിരെ നിസഹകരണത്തിന് ആഹ്വാനം നൽകിയപ്പോൾ അദ്ദേഹം സ്വയം നിയമം ലംഘിക്കുകയും ആദ്യം ജയിലിലേക്ക് പോയവരിൽ ഒരാളാവുകയും ചെയ്തു. അദ്ദേഹം വിദേശവസ്ത്രങ്ങളും സാധനങ്ങളും ബഹിഷ്കരിക്കുകയും സ്വദേശി ഉപയോഗിക്കുകയും ചെയ്യാൻ ഉപദേശിച്ചപ്പോൾ തന്റെ ആശ്രമത്തിലെ കുടിലിലും ഒരു ചർക്ക സ്ഥാപിക്കുകയും ദിവസേന അതിൽ സ്വന്തം കൈകൊണ്ട് നൂൽ നൂൽക്കുകയും ചെയ്തു.

മനുഷ്യഹൃദയങ്ങളിലെ ഇരുട്ടിനെ അകറ്റുന്ന ദീപമാണ് ഗാന്ധിജി. സംഘർഷങ്ങളുടെയും മൂല്യതകർച്ചയുടെയും ഈ കാലത്ത് സമാധാനത്തിനും, സ്വാശ്രയത്വത്തിനും, ലളിതജീവിതത്തിനും, സത്യസന്ധതയ്ക്കും, കർമോൻമുഖതയ്ക്കും, ധാർമികതയ്ക്കും വിനയത്തിനും ഗാന്ധിജി മാത്രമാണ് മാതൃക.. ലോകം കണ്ട നയതന്ത്രജ്ഞന്മാരിൽ ഒരാളായിരുന്നു ഗാന്ധിജി. ആഗോളവും ദേശീയവുമായ രാഷ്ട്രീയസാഹചര്യങ്ങൾ അളന്ന് തിട്ടപ്പെടുത്തിയായിരുന്നു ദേശീയസ്വാതന്ത്ര്യപ്രസ്ഥാനത്തിലെ ഓരോ സമരങ്ങളും ഗാന്ധിജി ആവിഷ്ക്കരിച്ചത്. രണ്ടാം ലോകമഹായുദ്ധത്തിൽ ബോംബ് വർഷം കൊണ്ട് ലോകം കത്തിയെരിയുമ്പോഴായിരുന്നു ഗാന്ധിജി സ്വാതന്ത്ര്യസമരത്തിൽ ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ അഹിംസാ സിദ്ധാന്തം പ്രയോഗിച്ചത്. ഹിംസയുടെ പാരമ്യത്തിൽ ലോകം എത്തിനിന്നപ്പോൾ ഗാന്ധിജി ഭാരതീയരോട് ആഹ്വാനം ചെയ്തു: ഇച്ഛാശക്തികൊണ്ടാണ് പോരാടേണ്ടത്, ആയുധം കൊണ്ടല്ല. ബുള്ളറ്റുകളോ യന്ത്രതോക്കുകളോ കൊണ്ടല്ല പ്രാർഥനയിലൂടെയാണ് യുദ്ധം ചെയ്യേണ്ടത്. ബോംബ് സ്ഫോടനങ്ങൾ കൊണ്ടല്ല നിശബ്ദമായ സഹനത്തിലൂടെയാണ് യുദ്ധം ചെയ്യേണ്ടത്. ഗാന്ധിജിയുടെ ആഹ്വാനം ഭാരതീയരുടെ സ്വാതന്ത്ര്യമോഹത്തെ പ്രോജ്ജ്വലിപ്പിച്ചു. ആക്രമണകാരികളായ ബ്രിട്ടീഷ് ഭരണാധികാരികൾക്കെതിരെ പോരാടാൻ അവർക്ക് അത് ഊർജം പകർന്നു. ക്രമേണ ഗാന്ധിജിയുടെ ശബ്ദം ഭാരതത്തിലെ ജനകോടികളുടെ ശബ്ദമായി.

ലോകത്തെ അൽഭുതപ്പെടുത്തിയ ഗാന്ധിജിയുടെ ശക്തി എന്തായിരുന്നു? മഹാകവി ടാഗോറിന്റെ അഭിപ്രായത്തിൽ ഗാന്ധിജിയുടെ ശക്തിയുടെ ഉറവിടം അദ്ദേഹത്തിന്റെ ആത്മീയതയും ആത്മത്യാഗവുമായിരുന്നു. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹാനായ ശാസ്ത്രജ്ഞനായിരുന്ന ഐൻസ്റ്റീൻ എഴുതി: ഇത്തരത്തിൽ ഒരാൾ രക്തത്തിലും മാംസത്തിലും ഈ ഭൂമുഖത്ത് സഞ്ചരിച്ചുവെന്ന് പറഞ്ഞാൽ ഭാവിതലമുറ വിശ്വസിക്കാൻ പ്രയാസപ്പെടും. മാർട്ടിൻ ലൂതർ കിംഗ് രേഖപ്പെടുത്തി: 'യേശു ഞങ്ങൾക്ക് ലക്ഷ്യവും ഗാന്ധിജി മാർഗവും കാട്ടിതന്നു.' ആധു

32-2012 2

നിക ലോകത്തെ മഹാന്മാരായ നെൽസൺ മണ്ടേലയും, ബിഷപ്പ് ഡെസ്മണ്ട് ടിട്ടുവും, വാക്ലാവ് ഹാവേലും, ലേ വലേസയും, ആങ്സാൻ സൂചിയും ഗാന്ധിജിയുടെ ആരാധകരാണ്. ഗാന്ധിജി ജനങ്ങളെയും ചരിത്രഗതിയെയും സ്വാധീനിച്ചു. അദ്ദേഹം ഒരു പ്രവാചകനും, ചിന്തകനും, സാമൂഹ്യപരിഷ്ക്കർത്താവും,. വിദ്യാഭ്യാസചിന്തകനും, രാജ്യതന്ത്രജ്ഞനുമായിരുന്നു. ഗാന്ധിജിയെ വിമർശിക്കുന്നവർ അദ്ദേഹത്തെ മനസ്സിലാക്കാത്തവരാണ്. ഇന്ന് നമ്മൾ ഗാന്ധിജിയെക്കുറിച്ച് സംസാരിക്കുമ്പോൾ സ്വതന്ത്രഭാരതത്തിന് 65 വയസ് കഴിഞ്ഞു. ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ പ്രവർത്തിക്കാൻ തുടങ്ങിയത് 1919 ലായിരുന്നു. നമ്മുടെ ദേശീയസ്വാതന്ത്ര്യത്തിന് 33 വർഷം മുമ്പ്. അന്ന് ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം രാജ്യവ്യാപകമായി വേണ്ടത്ര ശക്തിപ്രാപിച്ചിട്ടില്ലായിരുന്നു. ഈ സാഹചര്യത്തിൽ അതിശക്തരും ആക്രമണകാരികളും മർദകരുമായിരുന്ന ബ്രിട്ടീഷ് കോളനിമേധാവികളെ നേരിടാൻ സഹകരണത്തിന്റെയും സമരത്തിന്റെയും മാർഗമാണ് ഗാന്ധിജി സ്വീകരിച്ചിരുന്നത്. ഒരേസമയം ബ്രിട്ടീഷ് ഭരണകൂടത്തോട് സഹവർത്തിച്ചുകൊണ്ടു തന്നെ ജനങ്ങളെയും രാജ്യത്തെയും ആവേശം കൊളളിച്ചുകൊണ്ട് ഗാന്ധിജി സ്വാതന്ത്ര്യസമരം നയിച്ചു. ഞാണിൻമേൽകളിപോലെയായിരുന്നു അത്. സഹകരണവും അഹിംസാസമരവും എന്ന മാർഗത്തിലൂടെ ബ്രിട്ടീഷുകാർക്കെതിരെ പോരാടാനുള്ള ആത്മധൈര്യവും ശക്തിയും ജനങ്ങൾക്ക് അദ്ദേഹം ക്രമേണ പകർന്നുനൽകി.

കുത്തകവ്യവസായികളായ ബിർളയെയും ബജാജിനെയും പോലുളളവരെയും, ഇടത്തരക്കാരെയും, പാവങ്ങളെയും ഒരേസമയം ഒരേപോലെ ആകർഷിക്കാൻ കഴിഞ്ഞ ഗാന്ധിജിയുടെ കാന്തശക്തി എന്തായിരുന്നു? ജാതിമതവർണവർഗവ്യത്യാസങ്ങൾക്കതീതമായി ജനകോടികൾ എന്തും സഹിക്കാൻ, എന്തും ത്യജിക്കാൻ തയാറായി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യസമരപ്രക്ഷോഭണങ്ങളിൽ അണിനിരന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കിരാതഭരണത്തിനെതിരെ ശബ്ദിക്കുന്നവരെ കൊന്നൊടുക്കുന്ന കാലമായിരുന്നു അത്. ഗാന്ധിജിയുടെ ബഹുജനപ്രക്ഷോഭണങ്ങൾ സാവധാനത്തിലാണ് ശക്തിപ്രാപിച്ചത്. ഗാന്ധിജിയുടെ ആദ്യത്തെ ബഹുജനസമരം ചമ്പാരൻ കർഷകസമരമായിരുന്നു. ആദ്യകാലത്ത് ഗാന്ധിജിയുടെ ഭാഷ അനുരഞ്ജനത്തിന്റെതായിരുന്നെങ്കിൽ ക്വിറ്റ് ഇന്ത്യ സമരമായപ്പോഴേക്കും അത് സമരത്തിന്റേതായി. ഗാന്ധിജിയുടെ ആവശ്യങ്ങൾ തീർച്ച മൂർച്ചയുള്ളതായി. അദ്ദേഹത്തിന്റെ ക്വിറ്റ് ഇന്ത്യാ സമരാഹ്വാനം ഭാരതത്തിന്റെയും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെയും അതിരുകളെ ഉല്ലംഘിച്ച് ലോകമാകെ പ്രതിധ്വനിച്ചു. ഗാന്ധിജി ബ്രിട്ടീഷുകാരോട് ഭാരതത്തിൽ നിന്നും പുറത്തുപോകാൻ ആവശ്യപ്പെട്ടു. 1915 ൽ ഗാന്ധിജി തന്റെ പാദങ്ങൾ ഭാരതമണ്ണിൽ ഉറപ്പിക്കാൻ മാത്രമാണ് ശ്രമിച്ചതെങ്കിൽ 1942 ൽ സ്വാതന്ത്ര്യസമരപതാക ഉയർത്തികൊണ്ട് അദ്ദേഹം ഭാരതത്തിലെ ജനകോടികളോട് ആഹ്വാനം

ചെയ്തു. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക. ഗാന്ധിജി പ്രഖ്യാപിച്ചു: സ്വാതന്ത്ര്യത്തിൽ കുറഞ്ഞ യാതൊരു ലക്ഷ്യവുമില്ല. മറ്റ് രഹസ്യങ്ങളൊന്നും കിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിനില്ല. ഇത് തുറന്ന പ്രസ്ഥാനമാണ്, തുറന്ന കലാപമാണ്, ഞങ്ങളുടെ യുദ്ധം ശക്തവും വിപുലവുമായ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരാണ്. ഞങ്ങളുടെ ഈ കുരിശുയുദ്ധം സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ ധർമയുദ്ധമാണ്. ഇന്നുമുതൽ ഓരോ ഇന്ത്യാക്കാരനും പൂർണസ്വതന്ത്രനാണെന്ന് സ്വയം ചിന്തിക്കണം. അഹിംസയിലൂടെ സ്വാതന്ത്ര്യം നേടുകയെന്ന ഒരേയൊരു ലക്ഷ്യം മാത്രമേ അവനുള്ളൂ. ഇപ്പോൾ നമ്മുടെ മുദ്രാവാക്യം പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്നതാണ്. ഇത് സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവസാനയുദ്ധമാണ്. ഈ യുദ്ധത്തിൽ ഓരോ ഇന്ത്യാക്കാരനും സ്വയം നേതാവാണ്, നായകനാണ് എന്ന് കരുതണം. മരണത്തെ അഭിമുഖീകരിക്കേണ്ടിവന്നാലും പൊരുതണം. ഓരോ ഇന്ത്യാക്കാരനും അവന്റെ അവസാനശ്വാസം വരെ പോരാടണം.

മഹാനായ ഈ ഭാരതപുത്രൻ അഹിംസ, സത്യം, ബുദ്ധി എന്നിവയിലൂടെ ശക്തിസംഭരിച്ച് അപ്രതിരോധ്യമായിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ വെല്ലുവിളിച്ചു. ഭാരതം ഇന്ന് ഒരു വൻശക്തിയായി മാറിക്കൊണ്ടിരിക്കുകയാണ്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രവുമാണത്. അപ്പോസ്തലനായ ഗാന്ധിജിയുടെ സത്യത്തിന്റെയും അഹിംസയുടേയും സന്ദേശങ്ങൾ ലോകം മുഴുവൻ പ്രചരിപ്പിക്കാനുള്ള കടമ നമുക്കുണ്ട്. ഗാന്ധിജിയുടെ രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ കാഴ്ചപ്പാടുകൾ ധർമത്തിൽ നിന്നും സൻമാർഗത്തിൽ നിന്നും വേറിട്ടതായിരുന്നില്ല. രാഷ്ട്രീയത്തിൽ മാർഗത്തിന് വലിയ പ്രാധാന്യമാണ് ഗാന്ധിജി കൽപ്പിച്ചിരുന്നത്. മാർഗങ്ങൾ ലക്ഷ്യത്തിന്റെ യോഗ്യത സാധൂകരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. മാർഗം ദുഷിച്ചതാണെങ്കിൽ ലക്ഷ്യവും ദുഷിക്കുക അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഗാന്ധിജിയുടെ സങ്കൽപ്പത്തിലെ രാഷ്ട്രം രാമരാജ്യം അഥവാ ഈശ്വരന്റെ രാജ്യമായിരുന്നു. അതായിരുന്നു അദ്ദേഹത്തിന്റെ സാമൂഹ്യ ലക്ഷ്യം. ശുദ്ധധർമാടിസ്ഥാനത്തിൽ അധിഷ്ഠിതമായ ജനങ്ങളുടെ രാജ്യം. അവിടെ സേച്ഛാധിപത്യത്തിനും ഹിംസക്കും യാതൊരു സ്ഥാനവുമില്ല. ഭൂമിയിൽ ധർമത്തിന്റെ ഭരണം എന്നാണ് ഗാന്ധിജി അതിന് അർഥം പറയുന്നത്. രാമരാജ്യം കൈവരുന്നതിന് വ്യക്തിയുടെ ധാർമികവികാസം അപരിത്യാജ്യമാണ്. അതാണ് അതിന്റെ അടിത്തറയും അടിസ്ഥാനശിലയും. ചിന്തകൻ, പരിഷ്കർത്താവ് എന്നീ നിലകളിൽ ഗാന്ധിജിയുടെ സംഭാവനകൾക്ക് ലോകത്ത് സമാനതകളൊന്നുമില്ല. ആത്മീയവും ധാർമികവുമായ ഉയർച്ച സർവതോന്മുഖമായ പുരോഗതിക്ക് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. രാഷ്ട്രത്തിന്റെ അന്തസ്സ് ഉയർത്തുന്നതിന് അയിത്തം, പർദ സമ്പ്രദായം, ശൈശവവിവാഹം, വിധവകളോടുള്ള വിവേചനം എന്നിവ ഉന്മൂലനം ചെയ്യാൻ ബൃഹദ് പദ്ധതികൾ

അദ്ദേഹം ആവിഷ്കരിച്ച് നടപ്പാക്കി. ഒരു നവസമൂഹസൃഷ്ടിക്ക് എല്ലാ ത്തരത്തിലുള്ള അസമത്വങ്ങളും, അനാചാരങ്ങളും, അന്ധവിശ്വാസങ്ങളും സമൂഹത്തിൽ നിന്ന് തുടച്ചുനീക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

ഭാരതത്തിന്റെ ഹൃദയം ഗ്രാമങ്ങളിലാണെന്ന് ഗാന്ധിജി മനസ്സിലാക്കിയിരുന്നു. ഗ്രാമീണഭാരതത്തിലെ ദരിദ്രരും നിശബ്ദരുമായ ജനകോടികളെ താദാത്മീഭവിക്കാൻ സ്വയം ശ്രമിച്ച ആദ്യത്തെ വലിയ രാഷ്ട്രീയനേതാവ് ഗാന്ധിജിയായിരുന്നു. അദ്ദേഹം അവരെപോലെ ജീവിച്ചു. അവരെ പോലെ ഭക്ഷണം കഴിച്ചു. അവരെപോലെ വസ്ത്രം ധരിച്ചു അവരെ പോലെ ട്രെയിനുകളിലെ മൂന്നാം ക്ലാസ് ബോഗികളിൽ സഞ്ചരിച്ചു. അദ്ദേഹം ഗ്രാമീണസംസ്കാരത്തെ തിരിച്ചറിയുകയും അതിനെ വികസിപ്പിക്കുന്നതിനാവശ്യമായ അടിത്തറപാകുകയും ചെയ്തു. ഗ്രാമീണജീവിതത്തെ ചെറുകിടവ്യവസായങ്ങളോടും തൊഴിലുകളോടും ബന്ധിപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഭാരതത്തിന്റെ സാമ്പത്തികവും, വ്യാവസായികവും, വാണിജ്യപരവുമായ പുരോഗതിക്ക് ഗ്രാമവികസനം അനിവാര്യമാണെന്ന് അദ്ദേഹം അസന്നിഗ്ധമായി പ്രഖ്യാപിച്ചു. നമ്മുടെ സാമൂഹ്യജീവിതത്തിലെ എല്ലാ അസമത്വങ്ങൾക്കും ക്രമക്കേടുകൾക്കും പരിഹാരം കണ്ടെത്താനുള്ള വെളിച്ചമാണ് ഗാന്ധിജിയുടെ ജീവിതവും ചിന്തകളും. ഗാന്ധിജിയുടെ ജീവിതദർശനങ്ങളിൽ നിന്നും ആത്മീയവും ധാർമികവുമായ ശക്തി നമ്മൾ സംഭരിച്ചെങ്കിലെ നമുക്ക് പുതിയൊരു ഭാരതവും പുതിയൊരു ലോകവും സൃഷ്ടിക്കാനാവൂ.

ഭാരതത്തിന്റെ സമ്പത്ത് അതിന്റെ മഹത്തായ പാരമ്പര്യവും സംസ്കാരവുമാണ്. നമ്മുടെ മഹത്തായ പൈതൃകത്തിലെ മഹത്തായ ഒരു കണ്ണിയാണ് മഹാത്മജി. നമ്മുടെ സംസ്കാരത്തെയും മഹാന്മാരെയും കുറിച്ച് പഠിച്ചാലേ നമുക്ക് നമ്മുടെ ഭാവി കെട്ടിപ്പെടുക്കാനാവൂ. സ്വന്തം സംസ്കാരത്തെയും പൂർവികരെയും ബഹുമാനിക്കാത്ത ആദരിക്കാത്ത സമൂഹം അധഃപതനത്തിലേക്ക് നീങ്ങും. ഗാന്ധിജിയുടെ ജീവിതത്തെയും ദർശനത്തെയും കുറിച്ചുള്ള പഠനം നമ്മെ വെളിച്ചത്തിലേക്ക് നയിക്കും.

രണ്ട്

# ഒരു ലഘു ജീവിതചിത്രം

ലോകം മുഴുവൻ അറിയപ്പെടുന്ന ഭാരതത്തിലെ പ്രശസ്തരിൽ ഒരാളിന്റെ യഥാർഥ പേര് മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നായിരുന്നു. മഹാത്മാഗാന്ധി, മഹാത്മജി, എന്നൊക്കെയാണ് പൊതുവേ അദ്ദേഹത്തെ വിളിച്ചത്. നമ്മൾ അദ്ദേഹത്തെ വാത്സല്യപൂർവ്വം രാഷ്ട്രപിതാവ്, ബാപ്പു, ബാപ്പുജി എന്നൊക്കെ വിളിച്ചു.

കരംചന്ദ്ഗാന്ധിയുടെ ആറുമക്കളിൽ അവസാനത്തേതായിരുന്നു മോഹൻദാസ്. പുത്‌ലിബായിയായിരുന്നു അമ്മ. അമ്മയുടെ പ്രിയപ്പെട്ട കുട്ടിയായിരുന്നു മോഹൻദാസ്. മോഹൻദാസിന്റെ മുത്തച്ഛൻ ഉത്തംചന്ദ് ഗാന്ധിയും അച്ഛൻകരംചന്ദ് ഗാന്ധിയും ഗുജറാത്തിലെ കത്തിയവാഡ് നാട്ടുരാജ്യത്തെ ദിവാൻമാരായിരുന്നു. കരംചന്ദ് സത്യസന്ധനും, ദയാലുവും ധീരനുമായിരുന്നു. അദ്ദേഹം പെട്ടെന്ന് ദേഷ്യപ്പെടുന്നയാളുമായിരുന്നു. സ്വത്ത് സമ്പാദനത്തിൽ അദ്ദേഹം താല്പര്യം കാണിച്ചിരുന്നില്ല. അദ്ദേഹത്തിന് സാമാന്യവിദ്യാഭ്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ കുടുംബത്തിലും മറ്റുള്ളവർക്കിടയിലും അദ്ദേഹത്തിന് നല്ല മതിപ്പ് ഉണ്ടായിരുന്നു.

**ജനനവും സ്കൂൾ വിദ്യാഭ്യാസവും**

കത്തിയവാഡിലെ പോർബന്ദറിൽ 1869 ഒക്ടോബർ രണ്ടാം തീയതിയായിരുന്നു മോഹൻദാസ് ജനിച്ചത്. വൈശ്യജാതിയിൽപ്പെട്ട ഒരു ഇടത്തരം കുടുംബമായിരുന്നു മോഹൻദാസിന്റേത്. മോഹൻദാസിന്റെ അമ്മ പുത്‌ലീബായി സദാചാരനിഷ്ഠയും മതവിശ്വാസവുമുള്ള മഹതിയായിരുന്നു. ബാല്യത്തിൽ അദ്ദേഹത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് അമ്മയായിരുന്നു. മോഹൻദാസിന് ഏഴുവയസുള്ളപ്പോൾ കുടുംബം രാജ്കോട്ടിലേക്ക് താമസം മാറ്റി. കത്തിയവാഡിലെ മറ്റൊരു പ്രദേശമായിരുന്നു അത്. അവിടെ കരംചന്ദ് ഗാന്ധി ദിവാനായി ചുമതലയേറ്റു. മോഹൻദാസ്

രാജ്കോട്ട് പ്രൈമറി സ്കൂളിൽ വിദ്യാഭ്യാസം തുടങ്ങി. പ്രത്യേകിച്ച് കഴിവുകളൊന്നുമില്ലാത്ത ഒരു സാധാരണ വിദ്യാർഥിയായിരുന്നു അദ്ദേഹം. അമിതമായ ലജ്ജയും ഭയവുമുള്ള കുട്ടിയായിരുന്നു മോഹൻദാസ്. മോഹൻദാസ് 1881 ൽ രാജ്കോട്ടിലെ ആൽഫ്രഡ് ഹൈസ്കൂളിൽ ചേർന്നു. ഇഷ്ടവിഷയം യുക്ത്യാധിഷ്ഠിതജ്യാമിതിയായിരുന്നു. ബാല്യകാലത്ത് തന്നെ ഭാരതീയ ഇതിഹാസങ്ങളിലെയും പുരാണങ്ങളിലെയും കഥകൾ ഗാന്ധിജിയെ സ്വാധീനിച്ചിരുന്നു. ഹൈസ്കൂൾ പഠനകാലത്ത് രണ്ട് നാടകങ്ങൾ മോഹൻദാസിനെ അത്യധികം ആകർഷിച്ചിരുന്നു. ശ്രവണപിതൃഭക്തിനാടകവും ഹരിചന്ദ്രനും. ശ്രവണനെയും ഹരിചന്ദ്രനെയും പോലെയാകാൻ ആ ബാലൻ ആഗ്രഹിച്ചു. മോഹൻദാസിന് ഏറ്റവും ഇഷ്ടപ്പെട്ടത് മഹാരാജാവ് ഹരിചന്ദ്രന്റെ കഥയായിരുന്നു. സത്യത്തിനു വേണ്ടി എല്ലാം ത്യജിച്ച ഹരിചന്ദ്രന്റെ കഥ ആ ബാലന്റെ മനസ്സിൽ നിന്നും മായാതെ നിന്നു. ഈ കാര്യം ഗാന്ധിജി ആത്മകഥയിൽ പരാമർശിക്കുന്നുണ്ട്. ഗാന്ധിജി എഴുതി : ഞാൻ ബാല്യകാലത്ത് പലപ്പോഴും ഹരിചന്ദ്രനായി നിരവധി പ്രാവശ്യം സ്വയം അഭിനയിച്ചുനോക്കിയിട്ടുണ്ട്. സത്യത്തോടും സ്നേഹത്തോടും താദാത്മ്യം പ്രാപിക്കാൻ ബാല്യകാലത്ത് ഗാന്ധിജിയെ പ്രേരിപ്പിച്ചത് ശ്രവണനെയും ഹരിചന്ദ്രനെയും പോലുള്ള ഇതിഹാസകഥാപാത്രങ്ങളായിരുന്നു.

മോഹൻദാസ് ഹൈസ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ 13 ാം വയസിൽ അതേ പ്രായമുള്ള കസ്തൂർബായെ വിവാഹം കഴിച്ചു. കസ്തൂർബ സ്കൂളിൽ പോയിരുന്നില്ല. അദ്ദേഹത്തിന് ഈ വിവാഹം ഇഷ്ടമായിരുന്നില്ല. സ്വന്തം വിവാഹമാണ് പിന്നീട് ഭാരതത്തിൽ നിലനിന്നിരുന്ന ശൈശവവിവാഹത്തിനെതിരെ പോരാടാൻ അദ്ദേഹത്തിന് പ്രേരണയായത്. ഹൈസ്കൂൾ വിദ്യാർഥിയായിരുന്ന കാലത്ത് ഒരു ദിവസം മോഹൻദാസ് മാംസഭക്ഷണം കഴിച്ചു. ഇത് ബാലനായ മോഹൻദാസിന് മനഃസാക്ഷിക്കുത്തുണ്ടാക്കി. സ്വയം പശ്ചാത്തപിച്ചു. മാതാപിതാക്കളോട് അത് പറയാനുള്ള മടികൊണ്ട് ഇനിമേൽ മാംസഭക്ഷണം കഴിക്കുകയില്ലെന്ന് തീരുമാനിച്ചു. ജീവിതാന്ത്യം വരെ ഗാന്ധിജി ഈ തീരുമാനത്തിൽ ഉറച്ചുനിന്നു. 1885 ൽ പുകവലിക്കാനായി വീട്ടിലെ ജോലിക്കാരനിൽ നിന്ന് കുറച്ച് പണവും കടംവീട്ടാനായി ജ്യേഷ്ഠന്റെ കൈയിൽ നിന്ന് അൽപം സ്വർണവും മോഷ്ടിച്ചു. പക്ഷെ കുറ്റങ്ങൾ ഏറ്റുപറഞ്ഞ് പശ്ചാത്തപിച്ചു. അച്ഛൻ മാപ്പുനൽകി. എന്നെ സംബന്ധിച്ചിടത്തോളം അഹിംസയുടെ ഒരു സാധനാപാഠമായിരുന്നു അത് മോഹൻദാസ് പിന്നീട് അതേ പറ്റി പറഞ്ഞു. 1886 ൽ കരംചന്ദ് ഗാന്ധി അന്തരിച്ചു. രോഗബാധിതനായി കിടന്ന അച്ഛനെ ശ്രദ്ധാപൂർവ്വം ശുശ്രൂഷിക്കാൻ കഴിഞ്ഞത് മഹാഭാഗ്യമായി അദ്ദേഹം കരുതി. സേവനത്തിന്റെ ബാലപാഠം പിതൃശുശ്രൂഷയിലൂടെയാണ് ലഭിച്ചതെന്ന് അദ്ദേഹം പിന്നീട് പറയുകയുണ്ടായി.

മോഹൻദാസ് 1887 ൽ മെട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. ഗുജറാത്തിലെ ഭാവനഗറിലെ സമൽദാസ് കോളേജിൽ ചേർന്നെങ്കിലും തുടർന്ന്

പഠിക്കാൻ കഴിഞ്ഞില്ല. 1888 ൽ ഒരു കുടുംബസുഹൃത്തിന്റെ നിർദേശാനുസരണം അദ്ദേഹം ഉന്നതവിദ്യാഭ്യാസത്തിന്, ബാരിസ്റ്ററാകാൻ, ഇംഗ്ലണ്ടിൽ പോകാൻ തീരുമാനിച്ചു. 1888 സെപ്തംബർ 4ന് ബോംബേയിൽ നിന്നും അദ്ദേഹം ഇംഗ്ലണ്ടിലേക്ക് യാത്ര തിരിച്ചു. ഒക്ടോബർ 28 ന് ലണ്ടനിലെത്തി. പശ്ചിമകെൻസിങ്ടണിലെ ഒരു ആംഗ്ലോ-ഇന്ത്യൻ കുടുംബത്തോടൊപ്പം താമസിച്ചുകൊണ്ടാണ് മോഹൻദാസ് ഗാന്ധി വിദ്യാഭ്യാസം ആരംഭിച്ചത്. പിന്നീട് 1890 ൽ അദ്ദേഹം സ്വന്തമായൊരു മുറി വാടകക്കെടുത്തു. സ്വയം പാചകം ചെയ്തു. ഇതിനിടയിൽ ഒരു സസ്യഭോജനശാല കണ്ടെത്തി. അവിടെ നിന്നും ആഹാരം കഴിക്കാൻ തുടങ്ങി. ഗാന്ധി സസ്യാഹാരത്തിന്റെ മേന്മയെക്കുറിച്ചുള്ള സാൾട്ടിന്റെ പുസ്തകം വായിച്ചതു ഇവിടെവെച്ചായിരുന്നു. സസ്യാഹാരത്തിന്റെ ഗുണം മനസ്സിലാക്കിയ അദ്ദേഹം സസ്യഭുക്കുകളുടെ ഒരു സംഘടന രൂപീകരിച്ചു. ലണ്ടനിലെ പഠനക്കാലത്താണ് ഗാന്ധി ആത്മീയമായ കൂടുതൽ ഉണർവ് നേടിയത്. അദ്ദേഹം തിയോസഫിക്കാരുമായി ബന്ധപ്പെട്ടു. അവരുടെ പ്രേരണയാൽ മതഗ്രന്ഥങ്ങൾ വായിക്കുവാൻ തുടങ്ങി. ആർനോൾഡിന്റെ ഗീതാപരിഭാഷയും (The Song Celestial), പൗരസ്ത്യദീപവും (The Light of Asia) ലണ്ടനിൽ വച്ചാണ് ഗാന്ധി വായിച്ചത്. ഇതിനിടയിൽ അദ്ദേഹം ബൈബിൾ പഠനവും ആരംഭിച്ചു. പുതിയ നിയമം വളരെയേറെ ആകർഷകമായി അദ്ദേഹത്തിന് തോന്നി. ലണ്ടനിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു അമ്മയുടെ മരണം. അമ്മയുടെ ഭൗതികശരീരം ഒരു നോക്ക് കാണുവാൻ എത്താൻ കഴിയാത്തതിൽ ദുഖം തോന്നി. മോഹൻ ദാസ് ഗാന്ധി 1891 ജനുവരി 12ന് ബാരിസ്റ്റർ പരീക്ഷ പാസായി. ജൂൺ 11ന് ലണ്ടനിൽ ബാരിസ്റ്ററായി എൻറോൾ ചെയ്തു. അദ്ദേഹം 1891 ജൂൺ 12ന് ഭാരതത്തിലേക്ക് തിരിച്ചു. ജൂലൈ 6ന് ബോംബേയിലെത്തി ചേർന്നു. 1891 ജൂലൈ മുതൽ 1893 മാർച്ചുവരെ ബോംബേ ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്തു. അഭിഭാഷകവൃത്തിയിൽ അദ്ദേഹം പരാജയപ്പെട്ടു. രാജ്കോട്ടിലേക്ക് പോകുവാൻ തീരുമാനിച്ചു. അവിടെ സ്കൂൾ അധ്യാപകനാകാൻ ശ്രമിച്ചെങ്കിലും ജോലി ലഭിച്ചില്ല. വീണ്ടും ബോംബേയിലേക്ക് തന്നെ തിരിച്ചുവന്നു.

**ദക്ഷിണാഫ്രിക്കയിൽ**

ബോംബേയിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ദക്ഷിണാഫ്രിക്കയിൽ വലിയ വ്യവസായങ്ങൾ നടത്തിക്കൊണ്ടിരുന്ന ദാദാ അബ്ദുള്ള ആന്റ് കമ്പനി ഒരു കേസ് നടത്തുന്നതിനുവേണ്ടി ഗാന്ധിയെ അവിടേക്ക് ക്ഷണിച്ചു. ഒന്നാം ക്ലാസ് യാത്രാപടിയും സകലചെലവുകളും കഴിഞ്ഞിട്ട് പ്രതിമാസം 105 പവൻ ഫീസുമാണ് കമ്പനി ഗാന്ധിക്ക് വാഗ്ദാനം ചെയ്തത്. 1893 ഏപ്രിൽ മാസം അദ്ദേഹം ദക്ഷിണാഫ്രിക്കയിലേക്ക് തിരിച്ചു. മേയ് അവസാനം ദക്ഷിണാഫ്രിക്കയിലെ ഡർബാനിലെത്തി. ദക്ഷിണാഫ്രിക്കയിൽ വച്ചാണ് ലജ്ജാലുവും ഭീരുവുമായിരുന്ന 24 വയസ്സുകാരൻ ഗാന്ധി എന്ന ചെറുപ്പക്കാരൻ സമ

രധീരനായ ഗാന്ധിജിയായി മാറിയത്. ദക്ഷിണാഫ്രിക്കയിൽ അദ്ദേഹത്തിനുണ്ടായ തിക്താനുഭവങ്ങൾ അദ്ദേഹത്തിന്റെ ഉള്ളിൽ ഒളിഞ്ഞുകിടന്ന ആത്മീയശക്തിയെ ഉണർത്തി. ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാർക്ക് ഇന്ത്യാക്കാരെ പറ്റി ഒട്ടും മതിപ്പുണ്ടായിരുന്നില്ല. അവിടെ വർണവിവേചനം കൊടികുത്തിവാഴുന്ന കാലമായിരുന്നു അത്. തലപ്പാവും ധരിച്ചുകൊണ്ടു കോടതിയിലെത്തിയ ഗാന്ധിയോട് തലപ്പാവ് അഴിച്ചുമാറ്റാൻ വെള്ളക്കാരനായ മജിസ്ട്രേറ്റ് ആവശ്യപ്പെട്ടു. അദ്ദേഹം അതിന് വിസമ്മതിക്കുകയും കോടതി ബഹിഷ്കരിക്കുകയും ചെയ്തു. അത് ദക്ഷിണാഫ്രിക്കയിൽ ഗാന്ധിക്കുണ്ടായ ആദ്യ ദുരനുഭവമായിരുന്നു. ബ്രിട്ടീഷുകാർക്കെതിരെ ആരും ശബ്ദിക്കാൻ തയാറാകാതിരുന്ന അക്കാലത്ത് ഗാന്ധി മജിസ്ട്രേറ്റിനെതിരെ പത്രപ്രസ്താവന നടത്തി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ഇത് അദ്ദേഹത്തിന് പ്രശസ്തി ഉണ്ടാക്കി കൊടുത്തു.

ഡർബനിലെ ഒരാഴ്ചത്തെ താമസത്തിനു ശേഷം ഗാന്ധി ട്രാൻസ്വാളിന്റെ തലസ്ഥാനമായ പ്രിട്ടോറിയയിലേക്ക് പോയി. അവിടുത്തെ കോടതിയിലായിരുന്നു അബ്ദുള്ള & കമ്പനിയുടെ കേസ്. ഡർബനിൽ നിന്നും പ്രിട്ടോറിയായിലേക്ക് പോകും വഴി നേറ്റാളിന്റെ തലസ്ഥാനമായ പീറ്റർ മാരിറ്റ്സ്ബർഗ് സ്റ്റേഷനിൽ വെച്ച് ഒന്നാം ക്ലാസ് കമ്പാർട്ട്മെന്റിൽ നിന്നും ഗാന്ധിയെ പുറത്താക്കി. ഒന്നാം ക്ലാസ് ടിക്കറ്റ് ഉണ്ടായിരുന്നിട്ടും ഇന്ത്യാക്കാരനാണെന്ന കാരണത്താലാണ് വെളിയിലാക്കപ്പെട്ടത്. ട്രാൻസ്വാളിൽ വച്ചും ഇതുപോലെ ഒരു അനുഭവം അദ്ദേഹത്തിനുണ്ടായി. കോച്ചിൽ യാത്ര ചെയ്തിരുന്ന അദ്ദേഹത്തെ കൂലി ബാരിസ്റ്റർ എന്നു വിളിച്ചാക്ഷേപിച്ചുകൊണ്ട് ഒരു ഡച്ചുകാരൻ സായിപ്പ് മർദിച്ചു. ജോഹന്നാസ്ബർഗിലെത്തിയ ഗാന്ധിയ്ക്ക് ട്രാൻസ് നാഷണൽ ഹോട്ടലിൽ പ്രവേശനം നിഷേധിച്ചു. ഈ അനുഭവങ്ങളെല്ലാം ഗാന്ധിയുടെ ആത്മാഭിമാനത്തെ തട്ടിഉണർത്തി. വർണവിവേചനത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള സമരമാരംഭിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഇത്തരം സംഭവങ്ങളിലായിരുന്നു. കേസ് നടത്തിപ്പിനാണ് പ്രധാനമായും പ്രിട്ടോറിയായിൽ ഗാന്ധി എത്തിയതെങ്കിലും ഇന്ത്യാക്കാരോടുള്ള വെള്ളക്കാരുടെ മൃഗീയമായ പെരുമാറ്റവും അദ്ദേഹത്തിനുതന്നെയുണ്ടായ ദുരനുഭവങ്ങളും അദ്ദേഹത്തെ ചിന്തിപ്പിച്ചു. അൽപം പോലും സമയം വൈകാതെ പ്രിട്ടോറിയായിലെ ഇന്ത്യൻ വംശജരുമായി ബന്ധപ്പെട്ട് ഇതിനൊരു പരിഹാരം കണ്ടെത്താനുള്ള ശ്രമം ഗാന്ധി ആരംഭിച്ചു. അന്ന് പ്രിട്ടോറിയായിലെ ഇന്ത്യാക്കാരിൽ ഭൂരിപക്ഷവും മുസ്ലീം കച്ചവടക്കാരായിരുന്നു. ഗാന്ധി അവരെയെല്ലാം വിളിച്ചുകൂട്ടി വെള്ളക്കാരുടെ അടിച്ചമർത്തലുകൾക്കെതിരെ പ്രതിഷേധിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തി. അന്ന് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ ഇടയിൽ നിലനിന്നിരുന്ന ജാതീയവും മതപരവുമായ എല്ലാ വ്യത്യാസങ്ങളും ഉപേക്ഷിക്കണമെന്ന് അവരോട് ഗാന്ധി ആവശ്യപ്പെട്ടു. ഇന്ത്യാക്കാരായ കുടിയേറ്റക്കാരുടെ ഒരു സംഘടന രൂപീകരിക്കണമെന്ന നിർദേശം

അദ്ദേഹം മുന്നോട്ടുവച്ചു. ഈ സംഘടനയ്ക്ക് ആവശ്യമായ എല്ലാ സേവനങ്ങളും നൽകാമെന്നും ഗാന്ധി ഉറപ്പുനല്കി.

പ്രിട്ടോറിയായിലെ ജോലികളെല്ലാം പൂർത്തിയാക്കി മടങ്ങിയെത്തിയെ അദ്ദേഹത്തിനു സ്വന്തം നാട്ടിലേക്ക് തിരിച്ചുപോകാനുള്ള ആഗ്രഹമുണ്ടായി. ഇക്കാര്യം അദ്ദേഹം സുഹൃത്തുക്കളെ അറിയിച്ചു. ഗാന്ധിയുടെ ബഹുമാനാർഥം ഒരു വിപുലമായ യാത്രയയ്പ്പ് സമ്മേളനം സംഘടിപ്പിക്കുവാൻ ഡർബനിലെ സുഹൃത്തുക്കൾ തീരുമാനിച്ചു. യാത്രയയപ്പ് സമ്മേളനവേളയിൽ ഒരാൾ ഇന്ത്യാക്കാർക്കെതിരെ നേറ്റാൾ ഭരണകൂടം കൊണ്ടുവരാൻ പോകുന്ന ബില്ല് ഗാന്ധിയുടെ ശ്രദ്ധയിൽപ്പെടുത്തി. പുതിയ ബില്ലിലെ നിർദേശമനുസരിച്ച് ഇന്ത്യാക്കാരായ തൊഴിലാളികളുടെ കരാർ കാലാവധി കഴിഞ്ഞ് ദക്ഷിണാഫ്രിക്കയിൽ താമസിക്കണമെങ്കിൽ പ്രതിവർഷം മൂന്നുപവൻ നികുതി കൊടുക്കണം. ബില്ലിലെ വ്യവസ്ഥകളുടെ അപകടം മനസ്സിലാക്കിയ ഗാന്ധി ബില്ലിനെ സംഘടിതമായി എതിർത്ത് പരാജയപ്പെടുത്തണമെന്ന് ഇന്ത്യാക്കാരോട് ആഹ്വാനം ചെയ്തു. ബില്ലിനെതിരെയുള്ള സമരത്തിൽ ഗാന്ധി ഒരു മാസം കൂടി അവരോടൊപ്പം ഉണ്ടാവണമെന്നായിരുന്നു അവരുടെ അഭ്യർഥന. എന്നാൽ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് 20 വർഷം ഗാന്ധിക്ക് ദക്ഷിണാഫ്രിക്കയിൽ താമസിക്കേണ്ടിവന്നു. യാത്രയയപ്പ് സമ്മേളനം സമരസമിതി രൂപീകരണമായി മാറി. ബിൽ പാസാക്കരുതെന്നാവശ്യപ്പെട്ട് നേറ്റാൾ നിയമസഭയ്ക്ക് നിവേദനം നൽകാൻ തീരുമാനിച്ചു. ബില്ലിനെതിരെ ഒപ്പുശേഖരണപരിപാടി സംഘടിപ്പിച്ചു. നിവേദനത്തിന് നല്ല പ്രചാരണം ലഭിച്ചു. എന്നാൽ ഇന്ത്യാക്കാരുടെ പ്രതിഷേധത്തെ വകവെയ്ക്കാതെ നേറ്റാൾ ഭരണകൂടം ബില്ല് പാസാക്കി. പിൻതിരിയാതെ ഗാന്ധി കോളനി കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സെക്രട്ടറി റിപ്പൺ പ്രഭുവിന് വീണ്ടും നിവേദനം സമർപ്പിച്ചു. ബില്ലിനെതിരായ സമരത്തിൽ 10000 ൽ അധികം പേർ തടവുശിക്ഷ അനുഭവിച്ചു. ബില്ലിനെതിരെ ഗാന്ധി നടത്തിയ പ്രവർത്തനങ്ങൾ ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ ദയനീയാവസ്ഥ ലോകശ്രദ്ധപിടിച്ചുപറ്റുന്നതിനിടയാക്കി. നേററാൾ സുപ്രീംകോടതിയിൽ അഭിഭാഷകവൃത്തിയിൽ ഏർപ്പെട്ടുകൊണ്ട് ഗാന്ധി ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാർക്ക് വേണ്ടിയുള്ള പോരാട്ടം തുടർന്നു. 1894 ആഗസ്റ്റ് 22ന് നേറ്റാൾ കോൺഗ്രസ് രൂപീകൃതമാകുകയും ഗാന്ധി അതിന്റെ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ബില്ലിനെതിരായി നടന്ന സംഘടിതമായ ചെറുത്തുനിൽപ്പിന്റെ ഫലമായി ബ്രിട്ടീഷ് രാജ്ഞി ബില്ലിന് അനുമതി നിഷേധിച്ചു. ഗാന്ധി 1895 ഡിസംബർ 12ന് ദക്ഷിണാഫ്രിക്കയിലെ ഓരോ ബ്രിട്ടീഷുകാരനോടും എന്ന പ്രസിദ്ധലഘുലേഖ പ്രസിദ്ധീകരിച്ചു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ വംശജരുടെ ആശയും ആവേശവുമായി ഗാന്ധി.

**ഗാന്ധി ഇന്ത്യയിൽ**

മൂന്നുവർഷക്കാലത്തെ ദക്ഷിണാഫ്രിക്കയിലെ താമസത്തിനിടയിൽ ഗാന്ധി അവിടത്തെ ഇന്ത്യാക്കാരുടെ സമരനായകനായി മാറികഴിഞ്ഞിരുന്നു. അവർ ഗാന്ധിയിൽ അർപ്പിച്ച വിശ്വാസത്തിൽ നിന്നും ഉത്തരവാദിത്വത്തിൽ നിന്നും അദ്ദേഹത്തിന് ഒഴിഞ്ഞുമാറാൻ കഴിയുമായിരുന്നില്ല. ആറുമാസത്തെ അവധിയിൽ ഭാര്യയെയും മക്കളെയും കൂട്ടിക്കൊണ്ടുവരാനായി അദ്ദേഹം 1896 ജൂൺ 5ന് ഇന്ത്യയിലേക്ക് പുറപ്പെട്ടു. ആഗസ്റ്റ് 14ന് രാജ്കോട്ടിലെത്തി. ഇന്ത്യയിൽ എത്തിയ അദ്ദേഹം കുടുംബത്തോടൊപ്പം സമയം പാഴാക്കുകയായിരുന്നില്ല. ഇന്ത്യയിലെ പ്രമുഖനഗരങ്ങൾ സന്ദർശിച്ച് പ്രധാനപ്പെട്ട വ്യക്തികളെയും മാധ്യമങ്ങളെയും കണ്ട് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ ദയനീയാവസ്ഥ ബോധ്യപ്പെടുത്തി. അവരുടെ ദുരിതങ്ങളെപ്പറ്റി ഒരു ലഘുലേഖ അദ്ദേഹം പ്രസിദ്ധീകരിച്ചു. പച്ച ലഘു ലേഖ (Green Palmlet) എന്ന പേരിലാണ് ഇത് അറിയപ്പെട്ടത്. ലഘുലേഖ പ്രമുഖ വ്യക്തികൾക്കും മാധ്യമങ്ങൾക്കും അയച്ചുകൊടുത്തു. വാർത്താവിതരണസ്ഥാപനമയിരുന്ന റോയിട്ടർ ഈ ലഘുലേഖയെ വളച്ചൊടിച്ച് നേറ്റാൾ ഭരണകൂടത്തിന് റിപ്പോർട്ട് നൽകി. ദക്ഷിണാഫ്രിക്കയിലെ വെള്ളക്കാരുടെ ഭരണത്തെ അപകീർത്തിപ്പെടുത്തുന്നതാണ് ഈ ലഘുലേഖ എന്നായിരുന്നു റിപ്പോർട്ട്. ഗാന്ധിയുടെ ഈ ഇടക്കാല ഇന്ത്യ സന്ദർശനത്തിനിടയിലായിരുന്നു രാജ്കോട്ടിൽ പ്ലേഗ് പടർന്നുപിടിച്ചത്. ഗാന്ധി രാജ് കോട്ടിലെ പ്ലേഗ് ബാധിത പ്രദേശം സന്ദർശിക്കുകയും സേവനത്തിലേർപ്പെടുകയും ചെയ്തു. ഹരിജനങ്ങൾ ഉൾപ്പടെയുള്ളവരുടെ വീടുകൾ സന്ദർശിച്ച് രോഗികളെ ശുശ്രൂഷിക്കുകയും രോഗബാധതടയാൻ വേണ്ട ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

ഈ സന്ദർശനത്തിനിടയിൽ ഗാന്ധി ഇന്ത്യയിലെ പ്രമുഖദേശീയ നേതാക്കളായിരുന്ന ബദറുദ്ദീൻ തായാബ്ജി, ഫിറോസ് ഷാ മേത്ത, സുരേന്ദ്രനാഥ് ബാനർജി എന്നിവരെ പരിചയപ്പെട്ടു. ധീരദേശാഭിമാനികളായിരുന്ന ലോകമാന്യതിലകനെയും ഗോപാലകൃഷ്ണഗോഖലയെയും സന്ദർശിച്ചതും ഈ അവസരത്തിലായിരുന്നു. ബോംബേയിൽ ഫിറോസ് ഷാ മേത്തയുടെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ ഗാന്ധി ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ സ്ഥിതിയെപ്പറ്റി പ്രസംഗിച്ചു. മദ്രാസിലെ പച്ചെപ്പാസ് കോളേജിൽ ഇതുപോലൊരു പൊതുയോഗത്തെ അഭിസംബോധന ചെയ്തു. കൽക്കട്ടായിലും അദ്ദേഹം പ്രസംഗിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ നേറ്റാളിലേക്ക് ഉടനെ തിരിച്ചുവരണമെന്നാവശ്യപ്പെട്ട് നേറ്റാളിലെ ഇന്ത്യാക്കാരുടെ അടിയന്തിര ടെലിഗ്രാം സന്ദേശം ലഭിച്ചതിനെ തുടർന്ന് കൽക്കട്ട സന്ദർശനം ഉപേക്ഷിച്ചു. 1896 നവംബർ 30ന് കസ്തൂർബായും കുട്ടികളുമൊത്ത് അദ്ദേഹം ദക്ഷിണാഫ്രിക്കയിലേക്ക് കപ്പലിൽ തിരിച്ചുപോയി.

**ദക്ഷിണാഫ്രിക്കയിലെ സത്യാന്വേഷണ പരീക്ഷണങ്ങൾ**

1897 ജനുവരി 13ന് ഡർബനിൽ എത്തിച്ചേർന്നു. ഗാന്ധിയുടെ തിരിച്ചുവരവ് ഡർബനിലെ വെള്ളക്കാർക്ക് ഇഷ്ടപ്പെട്ടില്ല. പച്ചലഘുലേഖയെപ്പറ്റിയുള്ള റോയിട്ടർ റിപ്പോർട്ട് അവരെ രോഷാകുലരാക്കിയിരുന്നു. കപ്പൽ ഇറങ്ങിയ ഗാന്ധിയെ ഒരു വിഭാഗം വെള്ളക്കാർ ആക്രമിച്ചു. ഈ സമയത്ത് അതു വഴി കടന്നുപോയ പോലീസ് സൂപ്രണ്ട് അലക്സാണ്ടറുടേയും അദ്ദേഹത്തിന്റെ പത്നിയുടെയും തന്ത്രപൂർവമായ നടപടികൾ മൂലം ഗാന്ധി ജീവനോടെ രക്ഷപ്പെട്ടു. തന്നെ ആക്രമിച്ചവർക്കെതിരെ കേസെടുക്കേണ്ടെന്ന് അദ്ദേഹം രേഖാമൂലം അധികൃതരെ അറിയിച്ചു. ഡർബനിലെ യൂറോപ്യൻമാർ തങ്ങളുടെ പെരുമാറ്റത്തെ ഓർത്ത് ലജ്ജിച്ചു. ഈ സംഭവം ആദർശങ്ങൾക്ക് തെളിവായി, അനുഗ്രഹമായി. അത് അദ്ദേഹത്തിന്റെ സത്യാന്വേഷണപരീക്ഷണങ്ങളെ കൂടുതൽ സുഗമമാക്കി. നേറ്റാളിലെ ഇന്ത്യാക്കാരുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് 2 ബില്ലുകൾ കൊണ്ടുവന്നു. ഒന്ന് ഇന്ത്യൻകച്ചവടക്കാർക്ക് ദോഷം ചെയ്യുന്നതും മറ്റേത് ഇന്ത്യൻ കുടിയേറ്റത്തെ കർശനമായി നിരോധിക്കുന്നതും. ഇത് ഗാന്ധിയെ കൂടുതൽ കർമോന്മുഖനാക്കി. ബില്ലിനെ എതിർത്തുകൊണ്ട് അദ്ദേഹം നേറ്റാൾ നിയമസഭയ്ക്കും നേറ്റാൾ ഗവർണർക്കും നിവേദനങ്ങൾ നൽകി. ഗാന്ധി 1901 ഒക്ടോബർ 18 വരെ ഏകദേശം 4 വർഷക്കാലം ദക്ഷിണാഫ്രിക്കയിൽ പ്രവർത്തനം തുടർന്നു. ഡർബനിലെ ഇന്ത്യാക്കാർക്ക് വേണ്ടി ഒരു ആശുപത്രി സ്ഥാപിച്ചു. അക്കാലത്ത് ഇന്ത്യയിലാകെ പടർന്നു പിടിച്ച ക്ഷാമത്തിനു വേണ്ടി ദുരിതാശ്വാസഫണ്ട് പിരിച്ചു. ദക്ഷിണാഫ്രിക്കയിലെ ഇംഗ്ലീഷുകാർക്കെതിരെ സത്യഗ്രഹസമരം നടത്തിക്കൊണ്ടിരുന്ന സമയത്തായിരുന്നു ബോവർയുദ്ധം. ബോവറുമാരും ബ്രിട്ടീഷുകാരും തമ്മിലുള്ള യുദ്ധത്തിൽ സന്നദ്ധസേന രൂപീകരിച്ച് ഗാന്ധി ബ്രിട്ടനെ സഹായിച്ചു. ഗാന്ധിയുടെ പ്രവർത്തനഫലമായി ഇന്ത്യാക്കാരുടെ അന്തസ്സ് ഉയർന്നു. ഇന്ത്യാക്കാരുടെ ഇടയിൽ പുത്തനൊരുണർവ് പ്രത്യക്ഷമായി. അദ്ദേഹം അവർക്ക് ദിശാബോധം നൽകി.

ദക്ഷിണാഫ്രിക്കയിലെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ഇന്ത്യയിലേക്ക് തിരിച്ചുപോകാൻ ഗാന്ധി തീരുമാനിച്ചു. ഇന്ത്യയിലേക്ക് മടങ്ങുന്ന ഗാന്ധിക്കും കുടുംബത്തിനും ദക്ഷിണാഫ്രിക്കക്കാർ യാത്രയയപ്പ് സമ്മേളനങ്ങളും സൽക്കാരങ്ങളും സംഘടിപ്പിച്ചു. ഈ പരിപാടികളിൽ വെച്ച് വിലപിടിപ്പുള്ള പാരിതോഷികങ്ങളും നൽകി. പൊതുപ്രവർത്തനത്തിന്റെ ഭാഗമായി സേവനങ്ങൾക്ക് പാരിതോഷികങ്ങൾ സ്വീകരിക്കാൻ പാടില്ലെന്ന് പറഞ്ഞ് കസ്തൂർബായുടെ പ്രതിഷേധങ്ങളെ അവഗണിച്ച് സമ്മാനങ്ങളെല്ലാം തിരികെ കൊടുത്തിട്ട് 1901 ഒക്ടോബർ 18 ാം തീയതി ഗാന്ധിയും കുടുംബവും ഇന്ത്യയിലേക്ക് കപ്പൽ കയറി. 1901 ഡിസംബർ 14 ാം തീയതി രാജ്കോട്ടിലെത്തി. ഗാന്ധി തിരിച്ചെത്തുമ്പോൾ കൽക്കട്ടായിൽ കോൺഗ്രസ് സമ്മേളനം നടക്കുകയായിരുന്നു. സമ്മേളനത്തിൽ

അദ്ദേഹം സംബന്ധിച്ചു. ആദ്യമായിട്ടായിരുന്നു അദ്ദേഹം ഇന്ത്യൻ നാഷണൽ കോൺഗ്രസുമായി ബന്ധപ്പെടുന്നത്. ദക്ഷിണാഫ്രിക്കയെപ്പറ്റിയുള്ള ഒരു പ്രമേയം ഗാന്ധി അവതരിപ്പിച്ചു. പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചതോടെ രാജ്യത്തിന്റെ മുഴുവൻ അംഗീകാരമായിരുന്നു ഇത് എന്ന അറിവ് ഗാന്ധിയെ സന്തോഷിപ്പിച്ചു. ഗോപാലകൃഷ്ണഗോഖലെ, ആനി ബസന്റ് തുടങ്ങിയ നേതാക്കളുമായി അദ്ദേഹം ബന്ധപ്പെടുകയും, ഗോഖലെയുടെ നിർദ്ദേശപ്രകാരം ബോംബേയിൽ പ്രാക്ടീസ് ആരംഭിക്കുവാനും പൊതുകാര്യങ്ങളിൽ പങ്കെടുക്കാനും തീരുമാനിക്കുകയും ചെയ്തു. എന്നാൽ അധികനാൾ ഗാന്ധിയ്ക്ക് ബോംബേയിൽ പ്രവർത്തിക്കാൻ കഴിഞ്ഞില്ല.

ബോംബയിൽ ബാരിസ്റ്ററായി പ്രാക്ടീസ് ചെയ്യുന്ന കാലത്ത് ഒരു സന്ദേശം അദ്ദേഹത്തിന് കിട്ടി. ബ്രീട്ടീഷ് ചേംമ്പർ ലയിൻ ഇവിടെ വരുന്നു. ദയവായി ഇവിടെ തിരിച്ചെത്തുക. ഏഷ്യാറ്റിക് വകുപ്പിന്റെ തലവനാണ് ബ്രിട്ടീഷ് ചേംബർ ലയിൻ. ഇതായിരുന്നു ദക്ഷിണാഫ്രിക്കയിൽ നിന്നും കിട്ടിയ സന്ദേശം. അദ്ദേഹം അവിടത്തെ ഇന്ത്യാക്കാർക്ക് കൊടുത്ത വാഗ്ദാനം പാലിക്കാനായി വീണ്ടും ദക്ഷിണാഫ്രിക്കയിലേക്ക് പോയി. അദ്ദേഹം അവിടെ പോയത് ചേംബർ ലെയിന് നിവേദനം കൊടുക്കാൻ വേണ്ടിയായിരുന്നു. പക്ഷെ ഗാന്ധിയെ നിവേദകസംഘത്തിൽ നിന്നും മാറ്റാൻ ചേംബർ ലയിൻ നിർദേശിക്കുകയാണുണ്ടായത്. ഈ അപമാനത്തിൽ അദ്ദേഹത്തിന് വിഷമം തോന്നിയില്ല. നിവേദനം മറ്റാരെങ്കിലും വായിച്ചുനൽകട്ടെയെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഇതിന് ഗാന്ധി ഗോഡ്ഫ്രെ എന്ന ഇന്ത്യൻ ബാരിസ്റ്ററെ ചുമതലപ്പെടുത്തുകയും ചെയ്തു. കുറച്ചുകാലം കൂടി ദക്ഷിണാഫ്രിക്കയിൽ താമസിക്കാൻ അദ്ദേഹം തീരുമാനിച്ചു. ട്രാൻസ് വാൾ സുപ്രീംകോടതിയിൽ പ്രാക്ടീസ് തുടങ്ങി. 1903 ജൂൺ 4ന് മൻസുഖലാൽ നാസറിന്റെ പത്രാധിപത്യത്തിൽ ഇന്ത്യൻ ഒപ്പീനിയിൻ പ്രസിദ്ധീകരണമാരംഭിച്ചു. പത്രത്തിന്റെ എഡിറ്ററുടെ ചുമതല പൂർണമായും ഗാന്ധിക്കായിരുന്നു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ യഥാർഥസ്ഥിതിയുടെ സത്യസന്ധമായ വിവരം പുറംലോകത്തെ അറിയിക്കുവാൻ ഇതിനു കഴിഞ്ഞു. ഇന്ത്യൻ സമൂഹത്തിന്റെ മാർഗദർശനശക്തിയായി മാറി ഇന്ത്യൻ ഒപ്പീനിയൻ.

1904 ഒക്ടോബർ 1ന് ഡർബനിലേയ്ക്ക് പോകുന്ന വഴി ട്രെയിനിൽ വച്ച് റസ്കിന്റെ അൺ ടു ദിസ് ലാസ്റ്റ് വായിക്കാനിടയായി. ഈ പുസ്തകം ഗാന്ധിയെ വളരെയേറെ ആകർഷിച്ചു. ഇതിലെ ആശയങ്ങളാണ് ഗാന്ധിയുടെ സർവോദയപ്രസ്ഥാനത്തിന് അടിത്തറയായത്. സർവോദയം എന്നാൽ എല്ലാവർക്കും ക്ഷേമം എന്നാണർഥം. റസ്കിന്റെ പുസ്തകത്തിൽ പറഞ്ഞ പ്രകാരം ഒരു കോളനി സ്ഥാപിക്കാൻ ഗാന്ധി തീരുമാനിച്ചു. ഡിസംബറിൽ ഫീനിക്സ് സ്ഥാപനം ആരംഭിച്ചു. ഡർബനിൽ നിന്ന് 14 മൈലും ഫിനിക്സ് സ്റ്റേഷനിൽ നിന്ന് രണ്ടര മൈലും അകലെ നൂറ് ഏക്കർ സ്ഥലം ആയിരം പൗണ്ട് കൊടുത്ത് വിലയ്ക്ക്

വാങ്ങി അവിടെയാണ് ഈ സ്ഥാപനം ആരംഭിച്ചത്. ഇന്ത്യൻ ഒപ്പീനിയന്റെ പ്രവർത്തനം അവിടേയ്ക്ക് മാറ്റി. ഒരു വർഷത്തിനകം തിരിച്ച് ചെല്ലാമെന്ന് കസ്തൂർബായ്ക്ക് വാക്ക് കൊടുത്തിട്ടായിരുന്നു ഗാന്ധി ദക്ഷിണാഫ്രിക്കയിലേക്ക് വന്നത്. അത് സാധ്യമല്ലെന്ന് കണ്ടപ്പോൾ കുടുംബത്തെ ദക്ഷിണാഫ്രിക്കയിലേക്ക് വിളിച്ചു. 1905 ആദ്യം കസ്തൂർബായും മക്കളും ദക്ഷിണാഫ്രിക്കയിൽ എത്തിച്ചേർന്നു.

1906 ആഗസ്റ്റ് 22ന് ഇന്ത്യാക്കാരെ വേരോടെ നശിപ്പിക്കുന്ന ഒരു ഓർഡിനൻസ് ട്രാൻസ് വാൾ ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. ഓർഡിനൻസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ഗാന്ധിയുടെ നേതൃത്വത്തിൽ വൻ പ്രകടനവും പൊതുയോഗവും സംഘടിപ്പിച്ചു. ലോകത്തെ മുഴുവൻ ആകർഷിച്ച സത്യഗ്രഹപ്രസ്ഥാനത്തിന് തുടക്കമിട്ടതും ആ ഓർഡിനൻസിനെതിരായുള്ള സമരത്തിലായിരുന്നു. ഒക്ടോബർ 10ന് ഇംഗ്ലണ്ടിലെ അധികാരികളോട് നിവേദനം നടത്താൻ ഗാന്ധി ലണ്ടനിലേക്ക് തിരിച്ചു. ലണ്ടനിലെത്തി സ്റ്റേറ്റ് സെക്രട്ടറിമാരെയും എം.പി. മാരെയും കണ്ട് ചർച്ച നടത്തി. ഡിസംബർ 18 ാം തീയതി കേപ്പ് ടൗണിൽ മടങ്ങിയെത്തി. വീണ്ടും ഏഷ്യാറ്റിക് രജിസ്ട്രേഷൻ ആക്ടിനെതിരെ ട്രാൻസ് വാളിലെ ഇന്ത്യാക്കാരുടെ ഒരു വമ്പിച്ച പൊതുയോഗം ചേർന്ന് ഒരു പ്രമേയം അംഗീകരിച്ചു. 1907 ഏപ്രിൽ 4ന് ജനറൽ സ്മർട്ടിനെ കണ്ട് പ്രമേയം നൽകി. ഇന്ത്യാക്കാരുടെ ശക്തമായ പ്രതിഷേധത്തെ അവഗണിച്ചുകൊണ്ട് 1907 ജൂലൈ 1 ാം തീയതി മുതൽ ബില്ല് നടപ്പാക്കി തുടങ്ങി. ട്രാൻസ്‌വാളിൽ താമസിക്കണമെങ്കിൽ എട്ടുവയസ്സിന് മുകളിലുള്ള കുട്ടികൾ ഉൾപ്പെടെ ഇന്ത്യാക്കാരായ പുരുഷനും സ്ത്രീയും ഏഷ്യാറ്റിക് രജിസ്ട്രാർക്ക് മുമ്പാകെ പേർ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് വാങ്ങണം എന്ന് നിർദേശിക്കപ്പെട്ടു. നിശ്ചിത തീയതിക്ക് മുമ്പ് രജിസ്റ്റർ ചെയ്യാൻ അപേക്ഷ നൽകാത്ത ഇന്ത്യാക്കാർക്ക് ട്രാൻസ് വാളിൽ താമസിക്കാൻ അവകാശമില്ല. അപേക്ഷ നൽകാത്തവരെ ശിക്ഷിക്കാനും, പിഴ അടപ്പിക്കുവാനും നാടുകടത്താനും കോടതിക്കധികാരമുണ്ടെന്നായിരുന്നു നിയമം. ഈ നിയമം അനുസരിക്കാതിരുന്ന ഗാന്ധിയെയും കൂട്ടരെയും പ്രോസിക്യൂട്ട് ചെയ്യാൻ ജനറൽ സ്മട്സ് ഉത്തരവിട്ടു. 1908 ജനുവരി 10ന് ഗാന്ധിയെ രണ്ടുമാസത്തെ തടവുശിക്ഷയ്ക്ക് വിധിച്ചു. ഗാന്ധിയ്ക്ക് ലഭിച്ച ആദ്യത്തെ ജയിൽശിക്ഷയായിരുന്നു ഇത്. ഇന്ത്യാക്കാരുടെ പ്രക്ഷോഭണം ശക്തമായി തുടർന്നതിന്റെ ഫലമായി ജനുവരി 30ന് ജനറൽ സ്മട്സ് ഗാന്ധിയുമായി ഒരു ഒത്തുതീർപ്പുണ്ടാക്കി അദ്ദേഹത്തെ മോചിപ്പിച്ചു. ഒത്തുതീർപ്പ് ലംഘിച്ച് സ്മട്സ് പുതിയ നിയമം കൊണ്ടുവന്നതിനെ തുടർന്ന് ഗാന്ധി സത്യഗ്രഹം ആരംഭിച്ചു. വീണ്ടും അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് രണ്ടു മാസത്തെ കഠിനതടവിന് ശിക്ഷിച്ചു. മർദനങ്ങൾ കൊണ്ടോ തടവുശിക്ഷകൾ കൊണ്ടോ ഇന്ത്യാക്കാരുടെ സമരത്തെ തളർത്താൻ ട്രാൻസ്‌വാൾ ഭരണകൂടത്തിന് കഴിഞ്ഞില്ല. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്തതിന് 1909 ഫെബ്രുവരി 25 ാം തീയതി ഗാന്ധിയെ മൂന്നാമതും

അറസ്റ്റ് ചെയ്യുകയും മൂന്നുമാസത്തെ തടവിന് ശിക്ഷിക്കുകയും ചെയ്തു. മേയ് 24ന് ജയിൽ മോചിതനായതിനെ തുടർന്ന് അദ്ദേഹം ലണ്ടിലേക്ക് പോയി. നാലുമാസക്കാലം ഇംഗ്ലണ്ടിൽ താമസിച്ച് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരോടുള്ള വിവേചനം ബ്രിട്ടനിലെ നിരവധി നേതാക്കൻമാരെ കണ്ട് ബോധ്യപ്പെടുത്തുകയും നിരവധി യോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്തു. പക്ഷെ, വലിയ ഫലമൊന്നും ഉണ്ടായില്ല. നവംബർ 13 ാം തീയതി നിരാശനായി ഗാന്ധി ലണ്ടനിൽ നിന്നും മടങ്ങി. സത്യഗ്രഹപരിപാടികൾ ഊർജിതപ്പെടുത്താൻ തീരുമാനിച്ചു. ലണ്ടനിൽ നിന്നുള്ള മടക്കകപ്പൽയാത്രക്കിടയിലാണ് പിൽക്കാലത്ത് ഏറെ പ്രസിദ്ധമായ ഹിന്ദ് സ്വരാജ് എന്ന പുസ്തകം എഴുതിയത്.

1910 ജൂൺ 4ന് ഗാന്ധി ടോൾസ്റ്റോയി ഫാമിലേയ്ക്ക് താമസം മാറ്റി. ജോഹന്നാസ് ബർഗിന്റെ പ്രാന്തപ്രദേശത്ത് 1100 ഏക്കറുള്ള സ്ഥലമാണ് ടോൾസ്റ്റോയി ഫാം. ഗാന്ധിയുടെ സുഹൃത്തായിരുന്ന കല്ലൻബാക്ക് സത്യഗ്രഹികളുടെ കുടുംബങ്ങൾക്ക് ഒന്നിച്ചുതാമസിക്കാൻ വാങ്ങിച്ചുകൊടുത്ത സ്ഥലമായിരുന്നു ഇത്. കുട്ടികളുടെ വിദ്യാഭ്യാസം, ആഹാരരീതി, രോഗചികിൽസ, തൊഴിൽപരിശീലനം എന്നീ കാര്യങ്ങളിലെല്ലാം ഗാന്ധി ഇവിടെ പുതിയ പരീക്ഷണങ്ങൾ ആരംഭിച്ചു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ അവശതകൾ പരിഹരിക്കാൻ അഹിംസാമാർഗത്തിലുള്ള സമരരീതികളെ അവലംബിച്ച് ഗാന്ധിയും സത്യഗ്രഹികളും മുന്നോട്ട് പോയി. 1913 സെപ്തംബർ 5ന് കസ്തൂർബാ ഉൾപ്പടെ പതിനാറുപേർ നിയമലംഘനം നടത്തി. സത്യഗ്രഹികളെ അറസ്റ്റ് ചെയ്തു. കസ്തൂർബായെ മൂന്നുമാസത്തെ കഠിനതടവിന് ശിക്ഷിച്ചു. നവംബർ 6ന് ഗാന്ധിയുടെ നേതൃത്വത്തിൽ നിയമം ലംഘിച്ച് ട്രാൻസ്വാളിൽ പ്രവേശിക്കാൻ പുറപ്പെട്ടു. ഇതിനെ ഗ്രേറ്റ് മാർച്ച് എന്നാണ് അറിയപ്പെടുന്നത്. ഇതിൽ 2087 പുരുഷൻമാരും, 127 സ്ത്രീകളും 57 കുട്ടികളും പങ്കെടുത്തു. ഗാന്ധിയെ അറസ്റ്റ് ചെയ്തു. ഇന്ത്യാക്കാരുടെ പ്രക്ഷോഭണങ്ങളെ കണ്ടില്ലെന്നു നടിക്കാൻ സാധ്യമല്ലെന്ന് ഭരണാധികാരികൾക്ക് ബോധ്യപ്പെട്ടു.

ഇന്ത്യക്കാരുടെ അവശതകൾ പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ ജനറൽ സ്മട്സ് മൂന്നംഗങ്ങളടങ്ങിയ ഒരു കമ്മീഷനെ നിയമിച്ചു. ഇന്ത്യാക്കാരുടെ അവകാശങ്ങളെ അനുകൂലിച്ചുകൊണ്ട് കമ്മീഷൻ 1914 ഫെബ്രുവരിയിൽ റിപ്പോർട്ട് നൽകി. ഇന്ത്യാക്കാർക്ക് ആശ്വാസം നൽകുന്ന ഒരു ബില്ല് ഗവൺമെന്റ് ഗസറ്റിൽ പരസ്യം ചെയ്തു. അതനുസരിച്ച് ഓരോ ഇന്ത്യാക്കാരനുമുള്ള മൂന്നു പവൻ (പൗണ്ട്) നികുതി നിർത്തലാക്കി. ഇന്ത്യാക്കാർക്ക് ദക്ഷിണാഫ്രിക്കയിൽ എവിടെയും പ്രവേശിക്കുന്നതിനുള്ള അവകാശം തെളിയിക്കുന്നതിന് വിരലടയാളമുള്ള ഒരു സ്ഥിരതാമസസർട്ടിഫിക്കറ്റ് മാത്രം മതിയാകുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങനെ എട്ടുവർഷങ്ങൾക്ക് ശേഷം ആ മഹത്തായ സത്യഗ്രഹസമരം അവസാനിച്ചു. ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാർക്ക് സൈ്വര്യമായി

ജീവിക്കാമെന്ന സ്ഥിതിവന്നു. ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ തെളിച്ച ദീപശിഖ കൈകളിലേന്തികൊണ്ടാണ് നെൽസൺ മണ്ഡേലയും കൂട്ടുകാരും വർണവിവേചനത്തിനെതിരായും ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടിയും പിന്നീട് പോരാടിയത്. ദക്ഷിണാഫ്രിക്കയിലെ ഗാന്ധിയുടെ ഐതിഹാസിക സഹനസമരങ്ങൾ ആഫ്രിക്കയിലെയും മറ്റു പലരാജ്യങ്ങളിലെയും സ്വാതന്ത്ര്യസമരപോരാളികൾക്ക് മാതൃകയായി.

ഗാന്ധി ഇന്ത്യയിലേയ്ക്ക് തിരിച്ചുപോകാൻ തീരുമാനിച്ചു. ഗാന്ധിയുടെ ദക്ഷിണാഫ്രിക്കയിലെ സത്യഗ്രഹസമരങ്ങളുടെ അലകൾ ഇന്ത്യയിലും എത്തിയിരുന്നു. ദക്ഷിണാഫ്രിക്കക്കാർ 1914 ൽ ഗാന്ധിക്കും കുടുംബത്തിനും നിരവധി യാത്രയയപ്പു സൽക്കാരങ്ങൾ നല്കി. അവിടത്തെ ഇന്ത്യാക്കാർ ഗാന്ധിയെ മഹാത്മാവെന്നും ദേശഭക്തമഹാത്മാവെന്നും വിളിച്ചു. ജൂലൈ 18 ാം തീയതി ഗാന്ധി ദക്ഷിണാഫ്രിക്കയോടു വിട പറഞ്ഞു. ഇന്ത്യയിലേക്ക് പോകാനായി ഇംഗ്ലണ്ടിലേക്ക് കപ്പൽ കയറി. 1914 ആഗസ്റ്റ് 8 ാം തീയതി ഗാന്ധിയ്ക്ക് ഇംഗ്ലീഷുകാരും ഇന്ത്യാക്കാരുമടങ്ങുന്ന വലിയൊരുസംഘം സുഹൃത്തുക്കൾ ലണ്ടനിലെ ഹോട്ടൽ സെസിലിൽ വെച്ച് സ്വീകരണം നൽകി. മുഹമ്മദലി ജിന്ന, ലാലാലജ്പത് റായി, സരോജിനി നായിഡു തുടങ്ങിയവർ ഇതിൽ പങ്കെടുത്തിരുന്നു. ഡിസംബർ 19ന് അദ്ദേഹം കസ്തൂർബായുമൊത്ത് ഇംഗ്ലണ്ടിൽ നിന്നും ഇന്ത്യയിലേക്ക് തിരിച്ചു. ഗാന്ധി മഹാത്മാഗാന്ധിയായി.

### ഗാന്ധിജി ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നു

1915 ജനുവരി 9 ാം തീയതി ഗാന്ധിജി മഹാത്മാവായി, നിസ്വനായി ജനങ്ങളെ സേവിക്കുക എന്ന ഏകലക്ഷ്യത്തോടെ ബോംബയിൽ എത്തിച്ചേർന്നു. ഇന്ത്യയിലെ ബുദ്ധിജീവികൾ അദ്ദേഹത്തിന്റെ സത്യന്വേഷണ പരീക്ഷണങ്ങളെക്കുറിച്ച് കേട്ടിരുന്നെങ്കിലും സാധാരണജനങ്ങൾക്കിടയിൽ ഗാന്ധിജി അറിയപ്പെടുന്നവനായിരുന്നില്ല. ഗാന്ധിജിയുടെ തിരിച്ചുവരവ് ഇന്ത്യാ ചരിത്രത്തിലെ മഹാസംഭവമായിരുന്നു. 1915 ജനുവരി 12ന് ബോംബയിൽ ഫിറോസ് ഷാ മേത്തയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം ഗാന്ധിക്ക് ആവേശോജ്വല സ്വീകരണം നൽകി.

ദക്ഷിണാഫ്രിക്കയിൽ താൻ സ്വീകരിച്ച സത്യഗ്രഹസമരങ്ങളിലൂടെ ഇന്ത്യാക്കാരെ സേവിക്കാൻ ആഗ്രഹമുണ്ടെന്ന് അദ്ദേഹം സമ്മേളനത്തെ അറിയിച്ചു. രാഷ്ട്രീയഗുരുവായ ഗോഖലെയോട് ഏറെക്കാലം വിദേശത്തായിരുന്നതിനാൽ തനിക്ക് ഇന്ത്യയിലെ സ്ഥിതിഗതികളെ പറ്റി നേരിട്ട് അറിയില്ലാത്തത് കൊണ്ട് ഈ പ്രശ്നം എങ്ങനെ പരിഹരിക്കണമെന്ന് ഗാന്ധിജി ആരാഞ്ഞു. ഇന്ത്യയിലെ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ നേരിട്ട് പഠിക്കാൻ ഇന്ത്യയൊട്ടുക്ക് സഞ്ചരിക്കണമെന്നും കാര്യങ്ങൾ നേരാംവണ്ണം മനസ്സിലാക്കുന്നതുവരെ അഭിപ്രായമൊന്നും പ്രകടിപ്പിക്കരുതെന്നും ഗോഖലെ ഗാന്ധിജിയെ ഉപദേശിച്ചു. ഗോഖലെ നൽകിയ ഉപദേശം അദ്ദേഹം സ്വീകരിച്ചു. അതനുസരിച്ച് ഗാന്ധിജി മൂന്നാം ക്ലാസ് തീവണ്ടിയിൽ ഇന്ത്യ മുഴുവൻ ചുറ്റി സഞ്ചരിക്കുകയും ജനങ്ങളുടെ

ജീവിതം നേരിൽ കണ്ട് മനസ്സിലാക്കുകയും ചെയ്തു. ഈ സഞ്ചാര ത്തിനിടയിൽ രവീന്ദ്രനാഥ ടാഗോർ, സി.എഫ്. ആൻഡ്രൂസ് തുടങ്ങിയ നിരവധി പ്രശസ്ത വ്യക്തികളും നേതാക്കളുമായി ചർച്ച നടത്തി. 1915 ഫെബ്രുവരി 19 ാം തീയതി ഗോപാലകൃഷ്ണഗോഖലെയും, നവംബർ 15 ാം തീയതി ഫിറോഷ് ഷാ മേത്തയും ദിവംഗതരായി. ഇന്ത്യൻ രാഷ്ട്രീ യത്തിൽ തന്മൂലം ഉണ്ടായ വിടവ് നികത്താൻ ഗാന്ധിജി സ്വയം സജ്ജ മായി.

അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയിലെ മറ്റു നേതാക്കളെപോലെ ഗാന്ധിജിയും ഒന്നാം ലോകമഹായുദ്ധത്തിൽ ബ്രിട്ടന് പിന്തുണ നല്കി. ഈ പിന്തുണയുടെ പ്രതിഫലമായി ബ്രിട്ടീഷുകാർ ഇന്ത്യയ്ക്ക് ഡോമിനി യൻ സ്റ്റാറ്റസ് നല്കുമെന്നാണ് ഗാന്ധിജി പ്രതീക്ഷിച്ചത്. എന്നാൽ ഒന്നാം ലോകമഹായുദ്ധത്തിലെ വിജയത്തെ തുടർന്ന് ഇന്ത്യൻ ജനതയെ അടി മത്തചങ്ങലയിൽ വരിഞ്ഞുമുറുക്കാനാണ് ബ്രിട്ടൻ ശ്രമിച്ചത്. ഇന്ത്യാ ക്കാരുടെ പൗരാവകാശങ്ങളെ നിഷേധിക്കുന്നതിന് നിരവധി നിയമങ്ങൾ ബ്രിട്ടീഷുകാർ കൊണ്ടുവന്നു. യുദ്ധത്തിന് ഇന്ത്യാക്കാർ നൽകിയ സഹാ യത്തിനും സഹകരണത്തിനും ബ്രിട്ടീഷ് ഭരണകൂടം നൽകിയ പുരസ്കാ രങ്ങളായിരുന്നു റൗലത്ത് ആക്ടും , ജാലിയൻവാലാബാഗ് കൂട്ടക്കൊ ലയും . ചെറുതും വലുതുമായ സ്വാതന്ത്ര്യസമരപ്രക്ഷോഭങ്ങളെ അവർ അടിച്ചമർത്തി. ഈ സമയം വരെ ഇന്ത്യയിലെ മുസ്ലീങ്ങൾ പൊതുരാ ഷ്ട്രീയ ധാരയിൽ നിന്നും ഒഴിഞ്ഞുനിൽക്കുകയായിരുന്നു. ബ്രിട്ടൻ ടർക്കി പിടിച്ചടക്കിയതോടെ മുസ്ലീങ്ങൾ പ്രകോപിതരായി. അവർ ഖിലാഫത്ത് പ്രസ്ഥാനം സംഘടിപ്പിച്ചു. ഖിലാഫത്ത് പ്രസ്ഥാനത്തിൽ മുസ്ലീങ്ങൾ മുഴു വൻ പങ്കാളികളായി. മൗലാന മുഹമ്മദാലിയും മൗലാന ഷൗക്കത്ത് അലി യുമായിരുന്നു ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാക്കൾ. ബ്രിട്ടീഷുകാർ ഇവരെ തുറങ്കിലടച്ചു. ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഖിലാ ഫത്ത് പ്രസ്ഥാനത്തിന് പിന്തുണ നൽകണമെന്നാവശ്യപ്പെട്ടു. ഇന്ത്യ യിലെ മുസ്ലീങ്ങളെ മുഴുവൻ ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ ഭാഗമാക്കാനായിരുന്നു ഗാന്ധിജി ഈ നിലപാട് എടുത്തത്.

**ആശ്രമം സ്ഥാപിക്കുന്നു**

1915 മെയ് 20-ാം തീയതി അഹമ്മദാബാദിൽ സബർമതി തീരത്ത് ഗാന്ധിജി സത്യഗ്രഹാശ്രമം സ്ഥാപിച്ചു. ഇരുപതോളം പേരായിരുന്നു ആശ്രമത്തിലെ അന്തേവാസികൾ. അവർ സത്യം, അഹിംസ, ബ്രഹ്മചര്യം എന്നിവ പാലിക്കുമെന്നും ജനങ്ങളെ നിസ്വാർഥമായി സേവിക്കുമെന്നും പ്രതിജ്ഞയെടുത്തു. ഗാന്ധിജിയുടെ രാഷ്ട്രീയ സാമൂഹ്യ പ്രവർത്തന ത്തിന്റെ കേന്ദ്രമായി ആശ്രമം മാറി. ആശ്രമം സ്ഥാപിച്ചതിനെ തുടർന്ന് ഒരു വർഷക്കാലം ഗാന്ധിജി മൗനവ്രതം അനുഷ്ഠിച്ചു. മൗനവ്രതം അവ സാനിപ്പിച്ചതിനു ശേഷം ഗാന്ധിജി നടത്തിയ ആദ്യപ്രസംഗം ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിലായിരുന്നു. യൂണിവേഴ്സിറ്റിയുടെ വാരാഘോ ഷത്തോടനുബന്ധിച്ച് ദർഭംഗാ മഹാരാജാവിന്റെ അധ്യക്ഷതയിൽ കൂടിയ

യോഗത്തിലായിരുന്നു വിദേശചിന്തകൾക്കെതിരായുള്ള ഗാന്ധിജിയുടെ പ്രസംഗം. ഗാന്ധിജി പറഞ്ഞു: 'നിങ്ങൾ ഇംഗ്ലീഷ് പഠിക്കേണ്ടെന്ന് ഞാൻ പറയില്ല. നിങ്ങൾ അത് പഠിക്കണം. എന്റെ കാഴ്ചപ്പാടിൽ ഇംഗ്ലീഷിന് കോടിക്കണക്കിനുള്ള ഇന്ത്യയിലെ കുടുംബങ്ങളുടെ ഭാഷയാകാൻ പറ്റില്ല". ഇന്ത്യയിലെ സമ്പന്നരുടെ ധൂർത്തിനെയും അദ്ദേഹം അതിനിശിതമായി വിമർശിച്ചു. ഒരു സ്വദേശി പ്രസ്ഥാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം എടുത്തുപറഞ്ഞു. യോഗത്തിൽ പങ്കെടുത്ത ചിലർക്ക് ഗാന്ധിജിയുടെ പ്രസംഗം ഇഷ്ടപ്പെട്ടില്ല. രാജാക്കന്മാരും, യോഗത്തിൽ ആദ്യം പ്രസംഗിച്ച മിസിസ് ആനിബസന്റും ഗാന്ധിജിയുടെ പ്രസംഗത്തിൽ പ്രതിഷേധിച്ച് ഇറങ്ങിപ്പോയി. അങ്ങനെ ഗാന്ധിജിയുടെ ബനാറസ് പ്രസംഗം ചരിത്രം സൃഷ്ടിച്ചു. 1916 ഡിസംബർ 22-ാം തീയതി പണ്ഡിറ്റ് മദനമോഹനമാളവ്യയുടെ അധ്യക്ഷതയിൽ അലഹബാദിൽ വെച്ച് നടന്ന യോഗത്തിലെ ഗാന്ധിജിയുടെ പ്രസംഗവും പിന്നീട് ഒരു ക്ലാസിക്കായിത്തീർന്നു. ഗാന്ധിജിയുടെ സാമ്പത്തിക ശാസ്ത്രകാഴ്ചപ്പാടുകൾ വ്യക്തമാക്കുന്നതായിരുന്നു ഈ പ്രസംഗം. സാമ്പത്തികശാസ്ത്രം ധർമശാസ്ത്രമായിരിക്കണമെന്ന് ഗാന്ധിജി ഈ പ്രസംഗത്തിൽ ആവശ്യപ്പെട്ടു.

**ചമ്പാരൻ സമരം**

ഗാന്ധിജിയുടെ ഇന്ത്യയിലെ ആദ്യത്തെ സത്യഗ്രഹ സമരം ബീഹാറിലെ ചമ്പാരനിലായിരുന്നു. ജനകമഹാരാജാവിന്റെ ദേശമായിരുന്നു ചമ്പാരൻ. 1917 ഏപ്രിൽ 16-ാം തീയതി ഗാന്ധിജി ചമ്പാരനിലെ കർഷകരുടെ ദയനീയസ്ഥിതി അന്വേഷിക്കുന്നതിനും നീലം തോട്ടമുടമകൾക്കെതിരായുള്ള അവരുടെ പരാതികൾ മനസ്സിലാക്കാനും ചമ്പാരനിലെ ജെസ്സൗളി സന്ദർശിച്ചു. ചമ്പാരനിലെ നീലം കൃഷിക്കാർ ബ്രിട്ടീഷുകാരായ നീലം തോട്ടമുടമകളുടെ ക്രൂരമായ ചൂഷണത്തിന് വിധേയമായിരുന്നു. നീലം കൃഷിയുടെ വിളവു മുഴുവൻ കർഷകർ തോട്ടമുടമകളെ ഏൽപ്പിക്കണമെന്നായിരുന്നു വ്യവസ്ഥ. അല്ലാത്തപക്ഷം അവർക്ക് മറ്റ് കൃഷികളിൽ പോലും ഏർപ്പെടാൻ അവകാശമുണ്ടായിരുന്നില്ല. ഗാന്ധിജിയുടെ സന്ദർശനത്തെക്കുറിച്ച് കേട്ടറിഞ്ഞ ആയിരക്കണക്കിന് കർഷകർ അദ്ദേഹത്തെ കണ്ട് സങ്കടം പറയാൻ ജെസ്സൗളിൽ എത്തി. ഇത് വെള്ളക്കാരായ തോട്ടമുടമകൾക്ക് പിടിച്ചില്ല. ഗാന്ധിജി ഉടൻ തിരിച്ച് പോകണമെന്ന് അവർ പോലീസ് സൂപ്രണ്ടിനെകൊണ്ട് ഉത്തരവിറക്കിപ്പിച്ചു. ഗാന്ധിജി ഉത്തരവ് ലംഘിച്ചു. ഗാന്ധിജി അടുത്ത ദിവസം കോടതിയിൽ ഹാജരാകണമെന്ന് അധികൃതർ ആവശ്യപ്പെട്ടു. അദ്ദേഹം അത് അംഗീകരിച്ചു. കോടതിയിലേക്ക് പുറപ്പെട്ട ഗാന്ധിജിയോടൊപ്പം ആയിരക്കണക്കിന് കർഷകർ അനുഗമിച്ചു. കുറ്റം ചെയ്തുവെന്ന് അദ്ദേഹം കോടതിയോട് പറഞ്ഞു. പക്ഷെ ആശയക്കുഴപ്പത്തിലായ മജിസ്ട്രേട്ട് കേസ് തള്ളിക്കളയാനും ഗാന്ധിജിയെ വെറുതെ വിടാനും ഉത്തരവിട്ടു. ഇതായിരുന്നു ഗാന്ധിജിയുടെ സിവിൽനിയമലംഘന പ്രസ്ഥാനത്തിന്റെ തുടക്കം.

32-2012 3

ചമ്പാരനിലെ കർഷകർ വളരെ വൃത്തിഹീനമായ അന്തരീക്ഷത്തിലായിരുന്നു ജീവിച്ചിരുന്നത്. അവിടെ പട്ടിണിയും ദാരിദ്ര്യവും ഭീകരതാണ്ഡവമാടിക്കൊണ്ടിരുന്നു. ഗാന്ധിജി ചമ്പാരനിലെ കർഷകരെ സത്യഗ്രഹത്തിന്റെ തത്വങ്ങൾ പഠിപ്പിക്കുന്നതിൽ മുഴുകി. സത്യഗ്രഹത്തിന്റെ ആദ്യപാഠം ഭയത്തിൽ നിന്നുള്ള മോചനമാണെന്ന് അവർക്ക് പറഞ്ഞുകൊടുത്തു. ചമ്പാരനിലെ ചെറുപ്പക്കാരുടെ ഒരു സന്നദ്ധസംഘടന രൂപീകരിച്ചു. അവരുടെ നേതൃത്വത്തിൽ നിരക്ഷരരും നിഷ്ക്കളങ്കരുമായ ഗ്രാമീണരെ ശുചിത്വത്തിന്റെ പ്രാഥമിക പാഠങ്ങൾ അഭ്യസിപ്പിച്ചു. അവകാശങ്ങൾക്കുവേണ്ടി മാത്രം പോരാടിയാൽ പോരാ കടമകളും നിർവഹിക്കപ്പെടണമെന്ന് ഗാന്ധിജി ഗ്രാമീണരോട് ഉപദേശിച്ചു. ഒരോ ഗ്രാമീണനെയും സ്വന്തം കാലിൽ നിൽക്കാൻ കഴിയും വിധം പരിശീലിപ്പിച്ചു. ഗാന്ധിജിയുടെ ചമ്പാരനിലെ സാന്നിധ്യം ഭരണാധികാരികൾക്ക് തലവേദന സൃഷ്ടിച്ചു. പ്രാദേശിക ഭരണകൂടം കർഷകരുടെ സ്ഥിതി അന്വേഷിക്കാൻ സ്ഥലത്തെ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകി. 1917 ജൂൺ 2-ാംതീയതി ഇന്ത്യാ ഗവൺമെന്റ് ചമ്പാരനിലെ നീലം കൃഷിക്കാരുടെ പ്രശ്നങ്ങളെപ്പറ്റി അന്വേഷിക്കാൻ ഒരു അന്വേഷണ കമ്മീഷൻ രൂപീകരിക്കാൻ ബീഹാർ ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഒക്ടോബർ മാസം കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ട് കർഷകർക്ക് അനുകൂലമായിരുന്നില്ല. ഗാന്ധിജി അതിനെ ശക്തമായി എതിർത്ത് ഉപവാസമാരംഭിച്ചു. ഉപവാസം മൂന്നുദിവസം കഴിഞ്ഞപ്പോൾതന്നെ ഗവൺമെന്റ് മുൻകൈയെടുത്ത് കർഷകരും തോട്ടമുടമകളും തമ്മിൽ ഒത്തുതീർപ്പുണ്ടാക്കി. നൂറ്റാണ്ടായി നിലനിന്നിരുന്ന തോട്ടമുടമകളുടെ തേർവാഴ്ച അവസാനിച്ചു. ചമ്പാരൻ സത്യഗ്രഹ സമരത്തിന്റെ വിജയം ഗാന്ധിജിയുടെ പ്രശസ്തി ഉയർത്തി. അദ്ദേഹം ഇന്ത്യയിലെ കർഷകരുടെയും തൊഴിലാളികളുടെയും ശ്രദ്ധാകേന്ദ്രമായി മാറിത്തുടങ്ങി. തുടർന്ന് 1918 മാർച്ച് 12-ാം തീയതി അഹമ്മദാബാദിലെ പണിമുടക്കിയ മിൽതൊഴിലാളികളുടെ ഐക്യത്തിനുവേണ്ടി മൂന്ന് ദിവസത്തെ ഉപവാസം ആരംഭിച്ചു. ഗുജറാത്തിലെ ഖേഡാ ജില്ലയിൽ കർഷക പ്രക്ഷോഭണം പൊട്ടിപുറപ്പെട്ടതിനെ തുടർന്ന് ഗാന്ധിജി അവിടേക്ക് പോയി. പട്ടിണിയുടെ വക്കിലെത്തിയിരുന്ന കർഷകരോട് നികുതി അടക്കാൻ ഗവൺമെന്റ് നിർബന്ധിച്ചതായിരുന്നു പ്രക്ഷോഭണത്തിന് കാരണം. ഗാന്ധിജി അവരോട് സത്യഗ്രഹം ആരംഭിക്കുവാൻ ഉപദേശിച്ചു. ദരിദ്രകർഷകരേയും സമ്പന്നകർഷകരേയും ഒരുമിച്ചുവിളിച്ചുകൂട്ടി ഐക്യത്തോടെ നിൽക്കാനും നികുതിയിളവ് അനുവദിക്കാത്തിടത്തോളം നികുതി അടക്കില്ലെന്ന് സത്യപ്രതിജ്ഞ ചെയ്യുവാനും അദ്ദേഹം അവരോട് ആവശ്യപ്പെട്ടു.1918 മാർച്ച് 22ന് ഖേഡ സത്യഗ്രഹം ഗാന്ധിജി ഉൽഘാടനം ചെയ്തു. ഖേഡയിലെ കർഷകപ്രക്ഷോഭണത്തിന്റെ നേതാവ് സർദാർവല്ലഭായിപട്ടേലായിരുന്നു. നികുതി നിഷേധപ്രക്ഷോഭണം നാലുമാസം തുടർന്നു.

ഒടുവിൽ ഗവൺമെന്റ് പാവപ്പെട്ട കർഷകരുടെ മേൽ ചുമത്തിയ നികുതി ഇളവു ചെയ്തു.

ഇതിനിടയിൽ ഒന്നാം ലോകമഹായുദ്ധത്തിന് ഇന്ത്യൻ നേതാക്കളുടെ പിൻതുണ അഭ്യർഥിച്ചുകൊണ്ട് വൈസ്രോയി ചെംസ് ഫോർഡ് പ്രഭു ഡെൽഹിയിൽ വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ ഗാന്ധിജി പങ്കെടുത്തു. ബ്രിട്ടന്റെ യുദ്ധസന്നാഹങ്ങളെ പിൻതുണച്ചാൽ അവർ തിരിച്ച് ഇന്ത്യയെ സഹായിക്കുമെന്നാണ് ഗാന്ധിജി വിശ്വസിച്ചിരുന്നത്. ബ്രിട്ടൻ പ്രതിസന്ധിയിൽ പെട്ടപ്പോൾ സഹായിക്കേണ്ടത് ഇന്ത്യയിലെ ഓരോ പൗരന്റെയും കടമയാണെന്നും ഗാന്ധിജി കരുതി. അദ്ദേഹം ഖേഡ ജില്ലയിൽ പര്യടനം നടത്തി ചെറുപ്പക്കാരെ സൈന്യത്തിൽ ചേർക്കാൻ പ്രചരണം നടത്തി.

**ജാലിയൻവാലബാഗ് കൂട്ടക്കൊല**

ലോകമഹായുദ്ധം അവസാനിച്ചപ്പോൾ ബ്രിട്ടീഷുകാരുടെ തനിനിറം വ്യക്തമായി. 1919 മാർച്ച് 18ന് ഇന്ത്യാക്കാരുടെ രാഷ്ട്രീയ പ്രവർത്തനങ്ങൾ അമർച്ച ചെയ്യുന്നതിന് ഗവൺമെന്റിന് പ്രത്യേകാധികാരങ്ങൾ നൽകുന്ന റൗലറ്റ് ബിൽ പാസാക്കി. ബില്ലിനെതിരെ ഡെൽഹിയിൽ നടന്ന പ്രതിഷേധസമരം ലഹളയായി മാറി. ഏപ്രിൽ 6-ാം തീയതി ബില്ലിനെതിരെ ഇന്ത്യയിലാകമാനം ഹർത്താൽ ആചരിച്ചു. ഡെൽഹിയിൽ നിരോധനാജ്ഞ ലംഘിച്ചതിന് ഗാന്ധിജിയെ അറസ്റ്റ് ചെയ്തു. 1919 ഏപ്രിൽ 13-ാം തീയതി അഹമ്മദാബാദിൽ മുന്ന്ദിവസത്തെ സത്യഗ്രഹം നടത്തുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഗാന്ധിജിയുടെ മുന്നുദിവസത്തെ ഉപവാസസമരത്തിന് പിൻതുണപ്രഖ്യാപിച്ച് അമൃതസറിൽ ജാലിയൻവാലബാഗിൽ നടന്ന സമാധാനപരമായ യോഗത്തിനു നേരെ ജനറൽ ഡയർ വെടിവെയ്ക്കാൻ ഉത്തരവിട്ടു. ഔദ്യോഗിക കണക്കനുസരിച്ച് 400 പേർ കൊലചെയ്യപ്പെടുകയും 1000 ത്തിനും 2000ത്തിനും ഇടയിൽ ആളുകൾക്ക് മുറിവേൽക്കുകയും ചെയ്തു. ഗാന്ധിജി നടത്തിയ അനൗദ്യോഗിക അന്വേഷണത്തിൽ 1200 പേർ മരിച്ചതായും 3600 പേർക്ക് മുറിവേൽക്കപ്പെട്ടതായും തെളിഞ്ഞു. നിരപരാധികളും നിരായുധരുമായ മനുഷ്യരെ നിഷ്ക്കരുണം കൂട്ടക്കൊല ചെയ്തിട്ട് ഗവൺമെന്റ് പട്ടാളനിയമം പ്രഖ്യാപിച്ചു. അറസ്റ്റും മർദനവും വ്യാപകമായി. പഞ്ചാബിലാകെ ഗവൺമെന്റ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. പഞ്ചാബിലെ ചില തെരുവുകളിൽ ഇന്ത്യാക്കാർക്ക് സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം ചില വ്യവസ്ഥകൾക്ക് വിധേയമായി പരിമിതപ്പെടുത്തി. ഇത്തരം തെരുവുകളിൽ ഒരു ഇന്ത്യാക്കാരന് സഞ്ചരിക്കണമെങ്കിൽ മുട്ടുകാലിൽ ഇഴഞ്ഞുമാത്രമെ സാധ്യമാകു എന്നായിരുന്നു ഉത്തരവ്. ജാലിയൻവാലബാഗ് സംഭവം ബ്രിട്ടീഷുകാരുടെ ഇന്ത്യാ ഭരണകാല ചരിത്രത്തിലെ കറുത്തപാടായിരുന്നു. അത് ദേശീയസ്വാതന്ത്ര്യസമരത്തിലെ സുപ്രധാന വഴിത്തിരിവായി. ഈ സംഭവം ബ്രിട്ടീഷുകാരന്റെ അന്തസ്സിന് കളങ്കമായി, തിരിച്ചടിയായി. ലോകം മുഴുവൻ ജാലിയൻവാല ബാഗ് സംഭവത്തിൽ ബ്രിട്ടനെതിരെ പ്രതിഷേധശബ്ദമുയർന്നു. ബ്രിട്ടീഷുകാർക്കെതിരെയുള്ള സമര

ത്തിൽനിന്നും ഗാന്ധിജിക്ക് പിന്മാറാൻ കഴിയില്ലായിരുന്നു. അവർക്കെതിരായ യുദ്ധത്തിൽ സർവസൈന്യാധിപനായി ഗാന്ധിജി. ആശയപ്രചരണത്തിനു വേണ്ടി അദ്ദേഹം ഗുജറാത്തിയിൽ 'നവജീവൻ' പ്രസിദ്ധീകരണവും ഇംഗ്ലീഷിൽ 'യങ് ഇന്ത്യയും' തുടങ്ങി.

ബ്രിട്ടീഷ് ഗവൺമെന്റിനെതിരെയുള്ള നിസഹകരണ സമരത്തിന് ഗാന്ധിജി ആദ്യമായി വാദിച്ചത് 1919 നവംബറിൽ ഡെൽഹിയിൽ വെച്ച് നടന്ന മുസ്ലീം കോൺഫ്രൻസിലായിരുന്നു. 1920 തോടെ ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ സമുന്നതനും ശക്തനുമായ നേതാവായി ഗാന്ധിജി. ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ അദ്ദേഹം പുനഃസൃഷ്ടിച്ചു. വാചകമടിക്കാരായിരുന്ന രാഷ്ട്രീയ നേതാക്കന്മാരെ അദ്ദേഹം സജീവവിപ്ലവകാരികളാക്കി മാറ്റി. അവരെ ജനസേവനതൽപരരാക്കി. കോൺഗ്രസിലെ ബുദ്ധിജീവികളും ബഹുജനങ്ങളും തമ്മിലുള്ള വിടവ് നികത്തി. 'സ്വരാജ്' ലക്ഷ്യമായി പ്രഖ്യാപിക്കപ്പെട്ടു. ഗാന്ധിജി ബ്രിട്ടീഷുകാരോട് ദൃഢസ്വരത്തിൽ പറഞ്ഞു; "ഈ വിദേശഗവൺമെന്റുമായി നാം ഒരുവിധത്തിലും സഹകരിക്കുകയില്ല. നമ്മുടെ സഹകരണമില്ലാതെ ഒരുത്തനും നമ്മെ ഭരിക്കാനാവുകയില്ല. സമാധാനപരമായ ചെറുത്തുനിൽപ്പാണ് നമ്മുടെ പരിപാടി. അഹിംസയാണ് നമ്മുടെ പടച്ചട്ട. ഇങ്ങനെ ഒത്തൊരുമിച്ച് നമുക്ക് സ്വാതന്ത്ര്യം നേടാം."

**സിവിൽ നിയമനിഷേധവും ചൗരിചൗര സംഭവവും.**

ഒരു മാജിക്കുകാരനെ പോലെ ഗാന്ധിജി ഇന്ത്യയിലെ വിദേശഭരണത്തിനെതിരെ നിസഹകരണം പ്രഖ്യാപിച്ചുകൊണ്ട് രാജ്യത്താകമാനം പുത്തനൊരുണർവ് സൃഷ്ടിച്ചു. അഹിംസാത്മകസമരത്തിലൂടെ അടിമത്തച്ചങ്ങലകൾ പൊട്ടിച്ചെറിയാൻ ആലസ്യത്തിലാണ്ടുകിടന്ന ഇന്ത്യാക്കാരോട് അദ്ദേഹം ആഹ്വാനം ചെയ്തു. ഒന്നാം ലോകമഹായുദ്ധത്തിലെ സേവനത്തിന് ഗാന്ധിജിക്ക് വൈസ്രോയി നൽകിയ മെഡലുകളും കീർത്തിമുദ്രകളും തിരികെ നൽകി കൊണ്ടാണ് അദ്ദേഹം നിസഹകരണ പ്രസ്ഥാനം ആരംഭിച്ചത്. ഗാന്ധിജിയുടെ ആഹ്വാനത്തിൽ ആവേശഭരിതമായ നിരവധി ഇന്ത്യാക്കാർ ബ്രിട്ടീഷുകാരിൽ നിന്നും അവർക്ക് ലഭിച്ച ബഹുമതി പത്രങ്ങളും സമ്മാനങ്ങളും ഉപേക്ഷിച്ചു. അഭിഭാഷകർ അവരുടെ തൊഴിലുപേക്ഷിച്ചും, വിദ്യാർഥികൾ കോളേജുകളും സ്കൂളുകളും ബഹിഷ്ക്കരിച്ചും സിവിൽ നിയമലംഘനത്തിൽ ഭാഗഭാക്കുകളായി. ആയിരക്കണക്കിന് സന്നദ്ധപ്രവർത്തകർ അഹിംസാത്മകസിവിൽ നിയമലംഘനപ്രസ്ഥാനത്തിന്റെ സന്ദേശങ്ങൾ ഗ്രാമങ്ങളിലെത്തിക്കാനായി പോയി. ഗ്രാമങ്ങൾ ബ്രിട്ടീഷ് വിരുദ്ധ സമരത്തിൽ സജീവമായി. ബ്രിട്ടീഷ് ഗവൺമെന്റിന്റെ ജനവിരുദ്ധനിയമങ്ങളെ വെല്ലുവിളിക്കാൻ ബഹുജനങ്ങളാകെ സജ്ജമായി. ഉറക്കത്തിലായിരുന്ന ജനത സടകുടഞ്ഞെഴുന്നേറ്റു. എന്തു ത്യാഗം സഹിച്ചും ബ്രിട്ടനെതിരെ പോരാടാൻ സമരരംഗത്തിറങ്ങി. വിദേശവസ്ത്രങ്ങൾ കൂട്ടിയിട്ട് തീകത്തിച്ചു. എല്ലായിടത്തും ചർക്ക

യുടെ ശബ്ദം കൊണ്ട് മുഖരിതമായി. നൂറ്റാണ്ടുകളായി സാമൂഹ്യപ്രവർത്തനങ്ങളിലൊന്നും ഏർപ്പെടാതിരുന്ന സ്ത്രീസമൂഹം ഉയർത്തെഴുന്നേറ്റ് പുരുഷന്മാരോടൊപ്പം തെരുവുകളിൽ പ്രതിഷേധപ്രകടനങ്ങളിൽ പങ്കെടുത്തു. യുഗങ്ങളായി സ്ത്രീ സമൂഹത്തെ ബന്ധിച്ചിരുന്ന ചങ്ങല കെട്ടുകളിൽ നിന്നും അവർ മോചിതരായി. ഗാന്ധിജിയുടെ വികാര നിർഭരമായ ആഹ്വാനങ്ങൾ ജനങ്ങളെ ആവേശഭരിതരാക്കി. പതിനായിരക്കണക്കിന് സമര ഭടന്മാർ സിവിലാജ്ഞാലംഘനത്തിന്റെ പേരിൽ കൽത്തുറുങ്കിലടക്കപ്പെട്ടു.

സിവിൽ നിയമനിഷേധപ്രസ്ഥാനം കൊടുങ്കാറ്റ് പോലെ രാജ്യമെമ്പാടും ആഞ്ഞടിച്ചു കൊണ്ടിരുന്നപ്പോൾ 1922 ഫെബ്രുവരി 4-ാം തീയതി ചൗരി ചൗരയിൽ ജനക്കൂട്ടം 21 പോലീസുകാരെ ആക്രമിച്ച് കൊലപ്പെടുത്തി. ഈ സംഭവം ഗാന്ധിജിയെ വളരെയേറെ വേദനിപ്പിച്ചു. അഹിംസയുടെ പ്രവാചകനായ അദ്ദേഹത്തിന് ജനങ്ങളുടെ ഈ പ്രവൃത്തി ഒട്ടും അംഗീകരിക്കാൻ കഴിയില്ല. സിവിലാജ്ഞാലംഘനം തുടരാൻ അദ്ദേഹം വിസമ്മതിക്കുകയും അക്രമത്തിലും കൊലയിലും പശ്ചാത്തപിച്ചുകൊണ്ട് 5 ദിവസത്തെ ഉപവാസം അനുഷ്ഠിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 1922 മാർച്ച് 10ന് ഗാന്ധിജിയെ അറസ്റ്റ് ചെയ്തു. ആറുവർഷത്തെ തടവുശിക്ഷ നൽകി യർവാദാജയിലിലടച്ചു. ഇവിടെവച്ചാണ് ഗാന്ധിജി 'ദക്ഷിണാഫ്രിക്കയിലെ സത്യഗ്രഹചരിത്രം' എന്ന പ്രസിദ്ധകൃതി എഴുതിയതും ഈശാവാസ്യോപനിഷത്ത് പഠിച്ചതും.

**സൈമൺ കമ്മീഷൻ**

സ്വരാജിനു വേണ്ടിയുള്ള പോരാട്ടം ശക്തിപ്പെട്ടു. രാഷ്ട്രീയമായൊരുണർവ് ഇന്ത്യയിലാകമാനം ഉണ്ടായിട്ടുണ്ടെന്നു മനസ്സിലാക്കിയ ഇംഗ്ലണ്ടിലെ പാർലമെന്റ് പ്രശസ്ത അഭിഭാഷകനായിരുന്ന സർ. ജോൺ സൈമൺന്റെ നേതൃത്വത്തിൽ ഒരു കമ്മീഷനെ ഇന്ത്യയിലേക്കയച്ചു. ഒരു ഇന്ത്യാക്കാരൻ പോലും കമ്മീഷനിൽ അംഗമായി ഉണ്ടായിരുന്നില്ല. ഇന്ത്യക്കുവേണ്ടി കാര്യമായിട്ടൊന്നും കമ്മീഷൻ ചെയ്യില്ലെന്ന വിശ്വാസമായിരുന്നു ജനങ്ങൾക്ക് ഉണ്ടായിരുന്നത്. അതുകൊണ്ട് സൈമൺ കമ്മീഷനെ ബഹിഷ്ക്കരിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് തീരുമാനിച്ചു. ലാഹോറിൽ കമ്മീഷന്റെ സന്ദർശനത്തിൽ പ്രതിഷേധിച്ച് പ്രകടനം നയിച്ചത് ലാലാ ലജപത് റായിയായിരുന്നു. യാതൊരു പ്രകോപനവും ഇല്ലാത്തതായിരുന്നു പ്രകടനം. 'സൈമൺ തിരിച്ചുപോകുക'. എന്ന മുദ്രാവാക്യവും മുഴക്കി സമാധാനപരമായി നടന്നുകൊണ്ടിരുന്ന പ്രകടനത്തിനെതിരെ സൗഡേഴ്സ് എന്ന വെള്ളക്കാരൻപോലീസ് ഓഫീസർ ഭീകരമായ ആക്രമണം നടത്തി. പ്രകടനത്തെ നയിച്ചുകൊണ്ടിരുന്ന ലജപത് റായി ക്രൂരമായ മർദനത്തിന് വിധേയനായി. മർദനമേറ്റ അദ്ദേഹം താഴെ വീണു. അപ്പോഴും അദ്ദേഹം 'സൈമൺ തിരിച്ചുപോവുക' എന്ന മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു. ഗുരുതരമായി പരിക്കേറ്റ ലാലാജി അനശ്വരരക്ത

സാക്ഷിയായി. മരിച്ചുകൊണ്ടിരിക്കുമ്പോഴും ലാലാജി പറഞ്ഞു; "ലാത്തി കൊണ്ടുള്ള ഓരോഅടിയും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ശവപ്പെട്ടിയിലെ അവസാന ആണിയിൻമേലുള്ളതാണ്." ലാലാജിയുടെ ധീരരക്തസാക്ഷിത്വത്തെ തുടർന്ന് അദ്ദേഹം ഇന്ത്യൻ ജനതയുടെ 'പഞ്ചാബ് കേസരിയായി", അമരനായി. ബ്രിട്ടീഷ് ഭരണത്തോടുള്ള എതിർപ്പ് ശക്തമായി. 1928 ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കൽക്കട്ട സമ്മേളനം ഇന്ത്യക്ക് 'ഡോമിനിയൻ പദവി' ഒരു വർഷത്തിനകം നൽകണമെന്ന് ആവശ്യപ്പെട്ടു. ഡോമിനിയൻ പദവി എന്നാൽ സ്വയംഭരണാവകാശമാണ്.

### കോൺഗ്രസിന്റെ ലാഹോർ സമ്മേളനം

സ്വയം ഭരണത്തിനുവേണ്ടിയുള്ള കോൺഗ്രസിന്റെ അഭ്യർഥന ബ്രിട്ടൻ തിരസ്കരിച്ചു. സ്വയം ഭരണത്തിന്റെ ആവശ്യം വൈസ്രോയി ഇർവിൻ പ്രഭുവിനെ ബോധ്യപ്പെടുത്താൻ ഗാന്ധിജി തന്നെ നേരിട്ട് കൂടികാഴ്ച നടത്തി. ഗാന്ധി-ഇർവിൻ കൂടിക്കാഴ്ചയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, സർ തേജ് ബഹദൂർ സാപ്രൂ, വിതൽ ഭായിപട്ടേൽ, മുഹമ്മദലി ജിന്ന എന്നിവരുടെ സാന്നിധ്യമുണ്ടായിരുന്നു. എന്നാൽ കൂടിക്കാഴ്ച പരാജയപ്പെട്ടു. ലാഹോർ സമ്മേളനത്തിൽ 1929 ഡിസംബർ 31-ാം തീയതി 'പൂർണ സ്വരാജി'നെ സംബന്ധിച്ച ഗാന്ധിജിയുടെ പ്രമേയം അംഗീകരിച്ചു. ലാഹോർ സമ്മേളനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ പ്രവർത്തകസമിതി ജനുവരി 26 സ്വാതന്ത്ര്യദിനമായി പ്രഖ്യാപിച്ചു. 1930 ജനുവരി 26ന് ഇന്ത്യയിലൊട്ടാകെ സ്വാതന്ത്ര്യപ്രതിജ്ഞയെടുത്തു. ഈ കാരണത്താലാണ് പിന്നീട് 1950 ജനുവരി 26 ന് തന്നെ ഭരണഘടന നിലവിൽ വന്നതും ഇന്ത്യറിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടതും. 1930 ഫെബ്രുവരി 15-ന് അഹമ്മദാബാദിൽ കൂടിയ കോൺഗ്രസ് പ്രവർത്തക സമിതി സിവിൽ നിയമ ലംഘനം യുക്തമെന്ന് തോന്നുന്ന അവസരത്തിൽ ആരംഭിക്കാൻ ഗാന്ധിജിയെ അധികാരപ്പെടുത്തി. ഫെബ്രുവരി 19-ാം തീയതി സിവിൽ നിയമലംഘന പരിപാടി അഖിലേന്ത്യ കോൺഗ്രസ് കമ്മിറ്റി അംഗീകരിച്ചു. തുടർന്ന് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സിവിൽ നിയമലംഘനസമരങ്ങൾ ബ്രിട്ടീഷ് ഭരണത്തെ പിടിച്ചുലച്ചു. ഇന്ത്യ സടകുടഞ്ഞെഴുന്നേറ്റു. ബ്രിട്ടീഷുകാർക്കെതിരെ ജനവികാരം ആളിക്കത്തി. ജനകോടികൾ സ്വരാജിനു വേണ്ടി തെരുവിലിറങ്ങി.

### ദണ്ഡിയാത്ര

വൈസ്രോയിയെ രേഖാമൂലം അറിയിച്ചതിനു ശേഷം ഗാന്ധിജി 1930 മാർച്ച് 12-ാം തീയതി ഉപ്പുകുറുക്കൽ സമരത്തിന് ആശ്രമത്തിലെ 78 അന്തേവാസികളുമായി ദണ്ഡി കടപ്പുറത്തേക്ക് യാത്ര ആരംഭിച്ചു. അന്തേവാസികളുടെ കൂട്ടത്തിൽ സ്ത്രീകളും പുരുഷന്മാരും ഉണ്ടായിരുന്നു. ആയിരക്കണക്കിനാളുകൾ ഗാന്ധിജിയെ പിൻതുടർന്നു. ചരിത്ര പ്രസിദ്ധമായ ദണ്ഡി യാത്ര 24 ദിവസം നീണ്ടു നിന്നു. ഉപ്പ് ഉണ്ടാക്കാനുള്ള പാവപ്പെട്ടവരുടെ അവകാശം ബ്രിട്ടീഷ് ഗവൺമെന്റ് കവർന്നെടുത്ത

തിനെതിരായിട്ടായിരുന്നു ദണ്ഡി യാത്ര. അഹമ്മദാബാദിൽ നിന്നും ദണ്ഡിയിലേയ്ക്കുള്ള 388 കിലോമീറ്റർ ദൂരം കാൽ നടയായിട്ടാണ് ഗാന്ധിജി സഞ്ചരിച്ചത്. യാത്ര കടന്നു പോയ പാതയോരങ്ങളിൽ ഗാന്ധിജിയെ ദർശിക്കാൻ ജനങ്ങൾ കൂട്ടത്തോടെ തടിച്ചുകൂടി. ഇന്ത്യയിലാകെ സ്വാതന്ത്ര്യവാഞ്ഛരകത്തിജ്വലിച്ചു. ഇന്ത്യയാകെ ഇളകിമറിഞ്ഞ മറ്റൊരു സമരം അതിനു മുൻപ് ഉണ്ടായിട്ടില്ലായിരുന്നു. ഏപ്രിൽ 6-ാം തീയതി അതിരാവിലെ ഗാന്ധിജി പ്രാർഥനയ്ക്കു ശേഷം കടപ്പുറത്തേക്ക് പോയി. തിരമാലകൾ അടിച്ചു കയറ്റിയ ഒരു ഉപ്പുകട്ട എടുത്ത് കുറുക്കി. വളരെ ലളിതമായൊരു പ്രവൃത്തിയായിരുന്നു ഇതെങ്കിലും ഈ സമരത്തിന്റെ പ്രതിധ്വനി ഇന്ത്യമുഴുവൻ മുഴങ്ങിക്കേട്ടു.ഇന്ത്യയിലെ എല്ലാ പ്രവിശ്യകളിലും ഉപ്പ് സത്യഗ്രഹം തുടങ്ങി. ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും ലക്ഷക്കണക്കിനാളുകൾ ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. ജനക്കൂട്ടത്തെ പിരിച്ചുവിടാൻ പോലീസ് വ്യാപകമായി ലാത്തിച്ചാർജ് നടത്തി. ചിലയിടങ്ങളിൽ വെടിവെയ്പും. ഗാന്ധിജിയെ മേയ് 4-ന് ദണ്ഡിക്കടുത്തുള്ള കറാഡി ക്യാമ്പിൽവച്ച് അറസ്റ്റ് ചെയ്തു. ഇന്ത്യയുടെ വിവിധഭാഗങ്ങളിലായി ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുത്ത 60,000 സമരഭടന്മാരെ ബ്രിട്ടീഷുകാർ തടവിലാക്കി. ഉപ്പ് സത്യഗ്രഹം അതിശക്തമായ ബ്രിട്ടീഷ് ഭരണകൂടത്തെ പിടിച്ചുലച്ചു. ബ്രിട്ടന്റെ ഇന്ത്യയുടെ മേലുള്ള അധികാരത്തിന്റെ പിടി ദുർബലപ്പെട്ടു തുടങ്ങി. 1931 ജനുവരി 26-ാം തീയതി ഗാന്ധിജിയെ ജയിലിൽ നിന്നും നിരുപാധികം മോചിപ്പിച്ചു.

**ഗാന്ധി - ഇർവിൻ ഉടമ്പടി**

ഇർവിൻ പ്രഭു ഗാന്ധിജിയുമായി ചർച്ചയ്ക്ക് തയാറായി. ചർച്ചക്കുവേണ്ടിയുള്ള ഇർവിൻ പ്രഭുവിന്റെ ക്ഷണം ഗാന്ധിജി സ്വീകരിച്ചു. 1931 മാർച്ച് 4-ാം തീയതി ചർച്ചക്കുവേണ്ടി ഡെൽഹിയിലെ റെയ്സിന കുന്നിലെ വൈസ്രോയിയുടെ കൊട്ടാരത്തിലെത്തിയ ഗാന്ധിജിക്ക് അസാധാരണമായൊരു സ്വീകരണമാണ് ഇർവിൻ പ്രഭു നൽകിയത്. ഇരുപത് ആചാരവെടികൾക്ക് അർഹരായ മഹാരാജാക്കന്മാരെ സ്വീകരിക്കുന്ന ശൈലിയിൽ, കൊട്ടാരത്തിന്റെ അങ്കണചവിട്ടുപടികൾവരെ ചെന്ന് ഗാന്ധിജിയെ ഇർവിൻ പ്രഭു സംബോധന ചെയ്തത്, അതുവരെ വൈസ്രോയിമാർ വിളിച്ചിരുന്നതുപോലെ 'മിസ്റ്റർ ഗാന്ധി' എന്നായിരുന്നില്ല. 'മഹാത്മാവേ' എന്നായിരുന്നു. അന്നുണ്ടാക്കിയ ഉടമ്പടി അനുസരിച്ച് സിവിൽ നിയമലംഘനപ്രസ്ഥാനം താൽക്കാലികമായി നിർത്തിവച്ചു. ഗവൺമെന്റ് രാഷ്ട്രീയ തടവുകാരെയെല്ലാം വിട്ടയച്ചു. സംപൂർണ സ്വരാജിനു വേണ്ടി യൂറോപ്പിൽ പ്രചരണം നടത്താനും രണ്ടാം വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കാനുമായി ആഗസ്റ്റ് 29-ാം തീയതി ഗാന്ധിജി ഇംഗ്ലണ്ടിലേക്ക് യാത്ര തിരിച്ചു. വട്ടമേശ സമ്മേളനത്തിലെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഏകപ്രതിനിധിയായിരുന്നു അദ്ദേഹം. ഇന്ത്യയ്ക്ക് അനുകൂലമായ തീരുമാനങ്ങളൊന്നും സമ്മേളനത്തിൽ ഉണ്ടായില്ല. വട്ടമേശ

സമ്മേളനത്തിലെ ചർച്ചകൾ നിരാശപ്പെടുത്തി. ഇന്ത്യാക്കാരെ ഭിന്നിപ്പിച്ച് സിവിൽ നിയമലംഘന പ്രസ്ഥാനത്തെ ദുർബലപ്പെടുത്താനാണ് ബ്രിട്ടൻ ശ്രമിച്ചത്. വട്ടമേശ സമ്മേളനത്തിൽ ചർച്ചചെയ്യപ്പെട്ടത് നാട്ടുരാജ്യങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയും പ്രശ്നങ്ങളായിരുന്നു. അധികാരകൈമാറ്റത്തെകുറിച്ച് യാതൊരു ചർച്ചയും ഉണ്ടായില്ല. വെറും കൈയ്യോടെ തിരിച്ചുവരേണ്ടിവന്നെങ്കിലും ഗാന്ധിജിയുടെ ലണ്ടൻ സന്ദർശനം ബ്രിട്ടീഷ് ജനതയെ വളരെയേറെ സ്വാധീനിച്ചു ഗാന്ധിജിയുടെ ലാളിത്യവും വ്യക്തിത്വവും ബ്രിട്ടീഷുകാരെ ആകർഷിച്ചു. ഗാന്ധിജിയ്ക്ക് താമസസൗകര്യം ഒരുക്കിയിരുന്നത് ഒരു വലിയ ഹോട്ടലിലായിരുന്നു. എന്നാൽ അദ്ദേഹം അത് വിനയപൂർവ്വം നിരാകരിച്ചുകൊണ്ട് സാമൂഹ്യപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ഒരു സംഘടനയുടെ ആസ്ഥാനമായിരുന്ന കിങ്സ്ലിഹാളിലാണ് താമസിച്ചത്. ഗാന്ധിജി ചെറുപ്പക്കാരുടെയും മുതിർന്നവരുടെയും സ്നേഹാദരവുകൾ പിടിച്ചുപറ്റി.

മടക്കയാത്രയിൽ ഗാന്ധിജി സ്വിറ്റ്സർലണ്ടിൽ വെച്ച് റൊമയിൽ റോളണ്ടിനെ സന്ദർശിച്ചു. അവർ തമ്മിൽ ഗഹനമായ ഭാരതീയ ദർശനങ്ങളെപ്പറ്റി ചർച്ച ചെയ്തു. ഈ സന്ദർശന വേളയിൽ ഗാന്ധിജി ആദ്യമായി "സത്യമാണ് ദൈവം" എന്ന കാഴ്ചപ്പാട് റൊമയിൽ റോളണ്ടിന്റെ മുന്നിൽ അവതരിപ്പിച്ചു. ബോംബേയിൽ തിരിച്ചെത്തിയ ദിവസം തന്നെ അദ്ദേഹം പറഞ്ഞു: കഴിഞ്ഞ മൂന്നുമാസക്കാലത്തെ ഇംഗ്ലണ്ടിലെയും യൂറോപ്പിലെയും താമസകാലത്ത് എനിക്ക് പശ്ചാത്യമെന്നും പൗരസ്ത്യമെന്നുമുള്ള വേർതിരിവ് അനുഭവപ്പെട്ടില്ല. പടിഞ്ഞാറും കിഴക്കും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല. വ്യത്യസ്ത കാലാവസ്ഥകളും സാഹചര്യങ്ങളും ഉണ്ടെങ്കിലും മനുഷ്യസ്വഭാവം എല്ലായിടത്തും ഒന്നു തന്നെയാണ്. വിശ്വാസത്തോടും സ്നേഹത്തോടും നിങ്ങൾ ആളുകളെ സമീപിച്ചാൽ നിങ്ങൾക്ക് ആയിരം ഇരട്ടി വിശ്വാസവും സ്നേഹവും ലഭിക്കും. ഗാന്ധിജി ഇന്ത്യയിൽ തിരിച്ചെത്തുന്നതിന് മുമ്പ് തന്നെ പുതിയതായി നിയമിക്കപ്പെട്ട വൈസ്രോയി വെല്ലിംഗ്ടൺ പ്രഭു ഗാന്ധി - ഇർവിൻ ഉടമ്പടി ലംഘിച്ചു. ദേശീയസ്വാതന്ത്ര്യപ്രക്ഷോഭണങ്ങളെ അടിച്ചമർത്താനാണ് വൈസ്രോയി ശ്രമിച്ചത്. ഇന്ത്യ വൈസ്രോയിയുടെ ഓർഡിനൻസ് ഭരണത്തിലായി. ലാത്തിച്ചാർജുകളും വെടിവെയ്പ്പും അറസ്റ്റുകളും നിത്യസംഭവങ്ങളായിമാറി. ഗാന്ധിജിയെ സ്വീകരിക്കാൻ ബോംബേയിലേയ്ക്ക് തിരിച്ച ജവഹർലാൽ നെഹ്റുവിനെ അറസ്റ്റ് ചെയ്തു. 1931 ഡിസംബർ 28-ാം തീയതി ബോംബേയിലെത്തിയ ഗാന്ധിജി വൈസ്രോയിയുടെ കിരാത ഭരണത്തെയും ആക്രമണങ്ങളെയും അതിശക്തമായ ഭാഷയിൽ അപലപിച്ചു. ഒരാഴ്ചകഴിഞ്ഞ് വിചാരണകൂടാതെ ഗാന്ധിജിയെ യർവാദാ ജയിലിലടച്ചു.

**രണ്ടാം ലോക മഹായുദ്ധവും ഇന്ത്യയും**

1939 സെപ്റ്റംബർ 1-ാം തീയതി രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു. ഒന്നാം ലോകമഹായുദ്ധത്തിൽ ഗാന്ധിജി ബ്രിട്ടന് ആത്മാർഥമായ

പിൻതുണയാണ് നൽകിയത്. ഇന്ത്യൻ ജനതയെ ബ്രിട്ടന്റെ പിന്നിൽ അണിനിരത്തി. എന്നാൽ രണ്ടാം ലോകമഹായുദ്ധകാലത്ത് ഗാന്ധിജി യുടെ മാനസികാവസ്ഥ വ്യത്യസ്തമായിരുന്നു. ബ്രിട്ടന്എതിരായി പോരാ ടുന്നതിന് ഏറ്റവും പറ്റിയ അവസരം ഇതാണെന്ന് നിരവധി ദേശാഭിമാ നികൾക്ക് തോന്നി. ബ്രിട്ടൻ അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരമാ വധി മുതലെടുക്കണമെന്ന് അവർ അഭിപ്രായപ്പെട്ടു. ഈസമീപനത്തോട് ഗാന്ധിജി യോജിച്ചില്ല. അദ്ദേഹം പറഞ്ഞു: "ബ്രിട്ടന്റെ നാശത്തിൽനി ന്നല്ല നമ്മൾ സ്വാതന്ത്ര്യം നേടേണ്ടത്. അത് അഹിംസാമാർഗത്തിന് യോജിച്ചതല്ല." ഉപാധികളോടെ ബ്രിട്ടനെ യുദ്ധത്തിൽസഹായിക്കണ മെന്നായിരുന്നു ഭൂരിപക്ഷം കോൺഗ്രസ് നേതാക്കൻമാരും ആവശ്യപ്പെ ട്ടത്. ഉപാധികളോടെ ബ്രിട്ടനെ പിൻതുണക്കുന്നതിനോട് ഗാന്ധിജി യോജി ച്ചില്ല. 1939 ഒക്ടോബർ 22-ാം തീയതി യുദ്ധത്തിൽ ബ്രിട്ടനെ സഹായി ക്കേണ്ടതില്ലെന്ന് കോൺഗ്രസ് പ്രവർത്തക സമിതി തീരുമാനിച്ചു. കോൺഗ്രസിന്റെ തീരുമാനം അംഗീകരിക്കണമെന്ന് ഗാന്ധിജി രാഷ്ട്ര ത്തോട് അഭ്യർഥിച്ചു. ഗാന്ധിജിതന്നെ മുൻകൈയെടുത്ത് കോൺഗ്ര സിന്റെ നിലപാട് വിശദീകരിക്കാൻ വൈസ്രോയിയുമായി കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയിൽ ഇന്ത്യയ്ക്ക് പൂർണ സ്വാതന്ത്യം നൽകണ മെന്ന ആവശ്യം അദ്ദേഹം ഉന്നയിച്ചു. എന്നാൽ വളരെ നിഷേധാത്മക മായ നിലപാടാണ് വൈസ്രോയി സ്വീകരിച്ചത്. അഭിമാനകരമായ ഒരു ഒത്തുതീർപ്പിന് സാധ്യതയില്ലെന്ന് കൂടികാഴ്ചക്കുശേഷം അദ്ദേഹം പ്രസ്താവിച്ചു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൻചർച്ചിൽ ഗാന്ധിജിയുടെ അഭിപ്രായങ്ങൾ കേൾക്കാൻ പോലും തയാറായില്ല. ഇന്ത്യക്ക് സ്വാതന്ത്ര്യം നൽകുക എന്നത് അദ്ദേഹത്തിന് ചിന്തിക്കാൻ പോലും കഴിയുമായിരുന്നില്ല. അദ്ദേഹം പറഞ്ഞു: 'ബ്രിട്ടീഷ് സാമ്രാജ്യ ത്തിന്റെ ശിഥിലീകരണത്തിന് അധ്യക്ഷത വഹിക്കാൻ ഞാൻ തയാറ ല്ല." യുദ്ധരംഗത്തെ സ്ഥിതി വളരെ വഷളായി. ബ്രിട്ടൻ തോക്കുമെന്ന പ്രതീതി ഉളവായി. ജപ്പാന്റെ സൈന്യം ഇന്ത്യൻ അതിർത്തിയിലേക്ക് നീങ്ങാൻ തുടങ്ങി.എന്തു ചെയ്യണമെന്നറിയാതെ ഇന്ത്യയിലെ ദേശീയ നേതൃത്വം ആശയക്കുഴപ്പത്തിലായി. ജനങ്ങൾക്കിടയിൽ ബ്രിട്ടീഷ് വിരു ദ്ധവികാരം കത്തിജ്വലിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. ജനവി കാരം ശരിയായ ദിശയിലേക്ക് തിരിച്ചുവിട്ടില്ലെങ്കിൽ അപകടമാകുമെന്ന് ഗാന്ധിജി മനസ്സിലാക്കി.

**ക്വിറ്റിന്ത്യാ സമരം**

1942 ആഗസ്റ്റ് 8-ാം തീയതി ബോംബേയിൽ കൂടിയ ഇന്ത്യൻ നാഷ ണൽ കോൺഗ്രസിന്റെ അഖിലേന്ത്യാ കമ്മറ്റി യോഗം ക്വിറ്റിന്ത്യാ പ്രമേയം അംഗീകരിച്ചു. ക്വിറ്റ് ഇന്ത്യാ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഗാന്ധിജി ഇന്ത്യൻ ജനതയോട് ആഹ്വാനം ചെയ്തു: "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക''. തുടർന്ന് പ്രമേയത്തിന്റെ ഉള്ളടക്കം വ്യക്തമാക്കിക്കൊണ്ട്

അദ്ദേഹം പറഞ്ഞു; 'ഞങ്ങളുടെ വഴക്ക് ബ്രിട്ടീഷ് ജനതയോടല്ല; ഞങ്ങളുടെ സമരം ബ്രിട്ടീഷ് സാമ്രാജ്യത്തോടാണ്. ബ്രിട്ടന്റെ അധികാരം പിൻവലിക്കണമെന്ന നിർദേശം വിദ്വേഷത്തിൽനിന്നും ഉയർന്നുവന്നതല്ല. ഇത് ഇന്ത്യയ്ക്ക് തികച്ചും അനിവാര്യമായതാണ്." 1942 ആഗസ്റ്റ് 9-ാം തീയതി പുലർച്ചെ ഗാന്ധിജിയെയും മറ്റ് കോൺഗ്രസ് നേതാക്കളെയും അറസ്റ്റ് ചെയ്തു. അതോടെ ജനങ്ങൾ ക്ഷുഭിതരായി. ഇന്ത്യയിൽ മുഴുവൻ പ്രതിഷേധസമരങ്ങൾ പൊട്ടിപ്പുറപ്പെട്ടു. റെയിൽ ഗതാഗതവും റോഡ് ഗതാഗതവും സ്തംഭിച്ചു. ടെലഫോണുകൾ നിശബ്ദമായി. തികച്ചും അഹിംസയിലടിയുറച്ച പ്രക്ഷോഭസമരങ്ങളെ ബ്രിട്ടീഷ് ഭരണകൂടം അടിച്ചമർത്താൻ ശ്രമിച്ചു. രാജ്യത്ത് ഒരു പട്ടാളഭരണത്തിന്റെ പ്രതീതി ഉളവായി. ഗാന്ധിജിയെ പൂനയിലെ അഗാഖാൻ കൊട്ടാരത്തിലായിരുന്നു തടവിലാക്കിയിരുന്നത്. എല്ലാ കുഴപ്പങ്ങൾക്കും കാരണക്കാരൻ ഗാന്ധിജിയാണെന്ന് ഗവൺമെന്റ് ആരോപിച്ചു. ഇന്ത്യയിലെ ബ്രിട്ടീഷ്ഭരണകൂടത്തിന്റെ ക്രൂരമായ അടിച്ചമർത്തലിനെതിരെ ഗാന്ധിജി 1943 ഫെബ്രുവരി 10-ാം തീയതി നിരാഹാരസത്യഗ്രഹം ആരംഭിച്ചു. ഗാന്ധിജിയുടെ ക്വിറ്റ് ഇന്ത്യാ ലഘുലേഖ ഗവൺമെന്റ് നിരോധിച്ചു. ഗവൺമെന്റിന്റെ ഭീകരവാഴ്ചയിൽ പ്രതിഷേധിച്ച് എൻ. ആർ. സർക്കാർ, എച്ച്.പി.മോഡി, എം.എസ്സ്.അണേ എന്നിവർ വൈസ്രോയിയുടെ കൗൺസിലിൽനിന്നു രാജിവച്ചു. ഗവൺമെന്റിന്റെ അന്യായങ്ങൾക്കെതിരായ ഗാന്ധിജിയുടെ നിരാഹാരസത്യഗ്രഹം മൂന്നാഴ്ചക്കാലം നീണ്ടുനിന്നു. ഇതിനിടയിൽ അദ്ദേഹത്തിന്റെ ആരോഗ്യനില വഷളായി മരിച്ച് പോകുമെന്ന സ്ഥിതിയിലെത്തി. ഗാന്ധിജി അഗാവാൻ കൊട്ടാരത്തിൽ നിരാഹാരസത്യഗ്രഹം അനുഷ്ഠിക്കുമ്പോൾ സ്വാതന്ത്ര്യസമരാവേശത്താൽ ഇന്ത്യൻ ജനത ഇളകിമറിയുകയായിരുന്നു. അഗാഖാൻ കൊട്ടാരത്തിൽ തടവിൽ കഴിയുമ്പോഴായിരുന്നു ഗാന്ധിജിയുടെ സന്തതസഹചാരിയും സെക്രട്ടറിയുമായിരുന്ന മഹാദേവ് ദേശായിയുടെയും പ്രിയപത്നി കസ്തൂർബായുടെയും മരണം. ഇവരുടെ മരണം ഗാന്ധിജിയെ തളർത്തി. അദ്ദേഹത്തിന്റെ ആരോഗ്യം മോശമായി. കസ്തൂർബായുടെ മരണത്തിനുശേഷം 6 ആഴ്ച കഴിഞ്ഞപ്പോൾ ഗാന്ധിജിയ്ക്ക് മലേറിയ പിടിപെട്ടു. ഗാന്ധിജി ജയിലിൽകിടന്നു മരിച്ചാലുണ്ടാകുന്ന പ്രത്യാഘാതം കണക്കിലെടുത്ത് ബ്രിട്ടീഷ് ഭരണകൂടം അദ്ദേഹത്തെ 1944 മേയ് 6-ന് നിരുപാധികം മോചിപ്പിച്ചു. രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനം ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുമെന്ന സൂചനകൾ ബ്രിട്ടീഷുകാരിൽനിന്നും ലഭിച്ചതോടെ ഗാന്ധിജി ക്വിറ്റ്ഇന്ത്യ സമരം പിൻവലിക്കാൻ ആഹ്വാനം നൽകി. ചരിത്രത്തിലെ ഏറ്റവും ശക്തമായ സമാധാനപരമായ ജനകീയ വിപ്ലവമായിരുന്നു ക്വിറ്റ് ഇന്ത്യ. ആയിരക്കണക്കിന് സ്വാതന്ത്ര്യ സമരഭടന്മാർ പോലീസ് മർദനത്തിലും വെടിവെപ്പിലും മരണപ്പെട്ടു. ലക്ഷക്കണക്കിനാളുകൾക്ക് പരിക്കുപറ്റി. സമരം അവസാനിപ്പിച്ചതിനെ തുടർന്ന് ബ്രിട്ടീഷ് തടവറകളിൽ നിന്നും മോചിപ്പിക്കപ്പെട്ട രാഷ്ട്രീയ തടവുകാരുടെ എണ്ണം ഒരു ലക്ഷത്തിൽപ്പരമായിരുന്നു.

രോഗബാധമൂലം ശാരീരികമായി അവശതകൾ ഉണ്ടായിരുന്നെങ്കിലും ഗാന്ധിജിയ്ക്ക് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. വൈസ്രോയി വേവൽ പ്രഭുവിനെ കാണണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. എന്നാൽ വേവൽ ഗാന്ധിജിയ്ക്ക് സന്ദർശനാനുമതി നിഷേധിച്ചു. ദേശീയ സ്വാതന്ത്ര്യസമരപ്രക്ഷോഭണങ്ങളെ തച്ചുതകർക്കാൻ വേണ്ടി വിൻസ്റ്റൻ ചർച്ചിൽ ഇന്ത്യയിലേയ്ക്ക് അയച്ച ആളായിരുന്നു വേവൽ പ്രഭു. അദ്ദേഹം ഹിന്ദുക്കളെയും മുസ്ലീങ്ങളെയും ഭിന്നിപ്പിക്കാനുള്ള പദ്ധതികളിട്ടു. കോൺഗ്രസിനെയും മുസ്ലീം ലീഗിനെയും രണ്ട് ചേരികളിലാക്കി തമ്മിൽത്തല്ലിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.ഒരു പരിധിവരെ അദ്ദേഹം വിജയിക്കുകയും ചെയ്തു. മുഹമ്മദലി ജിന്നയുടെ നേതൃത്വത്തിലുള്ള മുസ്ലിംലീഗ് ഇന്ത്യാവിഭജനത്തിൽ ഉറച്ചുനിന്നു.

## ഇടക്കാല ഗവൺമെന്റ് രൂപീകരണം

രണ്ടാം ലോക മഹായുദ്ധം അവസാനിച്ചതിനെ തുടർന്ന് ബ്രിട്ടനിലെ പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ സർ. വിൻസ്റ്റൻ ചർച്ചിലിന്റെ കൺസർവേറ്റീവ് പാർട്ടി ദയനീയമായി പരാജയപ്പെട്ടു. ക്ലെമന്റ് ആറ്റ്ലിയുടെ നേതൃത്വത്തിൽ ലേബർ പാർട്ടി അധികാരത്തിൽ വന്നു. ദീർഘനാളുകളായി ഇന്ത്യയുടെ അവകാശങ്ങളെയും ആവശ്യങ്ങളെയും അനുഭാവപൂർവ്വം പിൻതുണച്ചുകൊണ്ടിരുന്ന പാർട്ടിയായിരുന്നു ലേബർ പാർട്ടി. ലേബർ പാർട്ടി അധികാരത്തിൽ വന്ന ഉടൻ തന്നെ ഇന്ത്യക്ക് അനുകൂലമായ നിലപാടുകൾ സ്വീകരിക്കാൻ തുടങ്ങി. ഇന്ത്യയിലെ പ്രോവിൻഷ്യൽ അസംബ്ലികളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പിനെ തുടർന്ന് രൂപം കൊണ്ട ഇടക്കാല ഗവൺമെന്റിൽ മുസ്ലീംങ്ങൾക്ക് പ്രാതിനിധ്യമില്ലെന്ന പരാതി ഉയർന്നു. മുസ്ലീം ലീഗ് ഇടക്കാല ഗവൺമെന്റിനെ 'ഹിന്ദു ഗവൺമെന്റ് ' എന്ന് പരസ്യമായി വിളിച്ചു. 1946 ആഗസ്റ്റ് 16-ാം തീയതി മുസ്ലീംലീഗ് 'പ്രത്യക്ഷസമരദിനം' ആചരിച്ചു. ലീഗിന്റെ ബംഗാളിലെ സ്വാധീനകേന്ദ്രങ്ങളായ കൽക്കട്ട, ഡാക്ക, നവഖലി, ചിറ്റഗേംഗ് തുടങ്ങിയ സ്ഥലങ്ങളിൽ വർഗീയകലാപമുണ്ടായി. ആയിരകണക്കിന് ഹിന്ദുക്കൾ കൊലചെയ്യപ്പെട്ടു. ഹിന്ദുസ്ത്രീകൾ ബലാൽസംഗത്തിനിരയായി. ഹിന്ദുക്കളെ കൂട്ടതോടെ ഇസ്ലാമിലേക്ക് മതം മാറ്റി. വടക്കേഇന്ത്യയിലെ മുസ്ലിംഭൂരിപക്ഷപ്രദേശങ്ങളിലേക്ക് വർഗീയ ലഹള ആളിപടർന്നു. ഹിന്ദുമതഭ്രാന്തൻമാർ വെറുതെയിരുന്നില്ല. ബംഗാളിലെ നവ്ഖാലി കൂട്ടകൊലയ്ക്ക് ബദലായി ബീഹാറിൽ ആയിരണകണക്കിന് മുസ്ലിംങ്ങൾ കൊലചെയ്യപ്പെട്ടു രാജ്യം മുഴുവൻ വർഗീയകലാപത്തിന്റെ പിടിയിലായി. ഗാന്ധിജി അതീവദുഃഖിതനായി കാണപ്പെട്ടു. ഗാന്ധിജി അനുയായികളുമായി വർഗീയകലാപം ഏറ്റവും രൂക്ഷമായ നവഖലിയിലെത്തി. ജില്ലയിലാകെ കാൽനടയായി സഞ്ചരിച്ച് ജനങ്ങളെ സമാധാനിപ്പിച്ചു, അവർക്ക് ആശ്വാസം പകർന്നു. നവഖലിയിലേക്ക് പുറപ്പെടാൻ തീരുമാനിച്ചപ്പോൾ അദ്ദേഹത്തെ പിൻതിരിപ്പിക്കാൻ ഗാന്ധിജി

യുടെ ചില ആരാധകർ ശ്രമിച്ചു. ഗാന്ധിജിയെയും അനുയായികളെയും മുസ്ലീംമതഭ്രാന്തൻമാർ വധിക്കുമെന്ന് അവർ ഭയന്നു. ഗാന്ധിജി അവരുടെ അഭ്യർഥനകളൊന്നും ചെവികൊണ്ടില്ല. ഗാന്ധിജി അവരോട് പറഞ്ഞു: "എന്റെ മരണം കൊണ്ട് വർഗീയലഹളയുടെ തീ അണയ്ക്കാൻ കഴിഞ്ഞാൽ അതിൽപരം എന്തുസന്തോഷമാണ് എനിക്കുള്ളത്."

**സ്വാതന്ത്ര്യപ്രഖ്യാപനവും വിഭജനവും**

1947 ഫെബ്രുവരി 17-ാം തീയതി ഉടനെതന്നെ ഇന്ത്യക്കാർക്ക് അധികാരം കൈമാറുമെന്ന് പ്രധാനമന്ത്രി ആറ്റ്ലി ബ്രിട്ടീഷ്പാർലമെന്റിൽ പ്രഖ്യാപിച്ചു. ഫെബ്രുവരി 24-ാം തീയതി മൗണ്ട് ബാറ്റൻ പ്രഭു പുതിയ വൈസ്രോയിയായി സത്യപ്രതിജ്ഞ ചെയ്തു. ഇന്ത്യ (വിഭജനത്തെകുറിച്ച് ചർച്ചചെയ്യാൻ ഗാന്ധിജിയെ മൗണ്ട് ബാറ്റൻ ഡൽഹിയിലേക്ക് ക്ഷണിച്ചു. ചർച്ചക്കെത്തിയ ഗാന്ധിജിയോട് ബ്രിട്ടൻ ഇന്ത്യയിൽനിന്നും പിൻമാറുന്നതിന് ഇന്ത്യ) വിഭജനം ഒരു വ്യവസ്ഥയായി അംഗീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഗാന്ധിജിവിഭജനത്തെ എതിർത്തു. എന്റെ ശരീരം വെട്ടിമുറിക്കുന്നതിന് തുല്യമാണതെന്ന് ഗാന്ധിജി പറഞ്ഞു. എന്നാൽ അധികാരകൊതിയൻമാരായ കോൺഗ്രസ് നേതാക്കൾ വിഭജനത്തിനനുകൂലമായ രഹസ്യധാരണകൾ വൈസ്രോയിയുമായി ഇതിനകം ഉണ്ടാക്കികഴിഞ്ഞിരുന്നു. പണ്ഡിറ്റ് ജവഹർലാൽനെഹ്റു ഉൾപ്പെടെയുള്ളവർ പിന്നീട് പരസ്യമായിതന്നെ വിഭജനത്തിന് അനുകൂലമായി പച്ചകൊടികാട്ടി. ഇന്ത്യാവിഭജനത്തിനുള്ള മൗണ്ട്ബാറ്റൻ പദ്ധതി 1947 ജൂൺ 2-ാം തീയതി അംഗീകരിക്കാൻ തീരുമാനിച്ചു. ഗാന്ധിജി കോൺഗ്രസ് തീരുമാനത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചു. എന്നാൽ ഗാന്ധിജിയുടെ വിയോജിപ്പ് അവഗണിച്ചുകൊണ്ട് 1947 ജൂൺ 14-ാം തീയതി ചേർന്ന അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി മൗണ്ട് ബാറ്റൻ പദ്ധതി അംഗീകരിച്ചു. അത് നടപ്പാക്കണമെന്ന് വൈസ്രോയിയോട് ആവശ്യപ്പെട്ടു.

ആഗസ്റ്റ് 15-ാം തീയതി ഇന്ത്യ സ്വതന്ത്രയായി. വിഭജനത്തിന്റെ ഭാഗമായി പാകിസ്ഥാനും രൂപം കൊണ്ടു. മൗണ്ട് ബാറ്റൻ ഇന്ത്യയുടെ ആദ്യത്തെ ഗവർണർ ജനറലായി. നെഹ്റുവിന്റെ നേതൃത്വത്തിൽ സ്വതന്ത്രഇന്ത്യയിലെ ആദ്യത്തെ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്തു. ആഹ്ലാദാരവങ്ങളോടെ സ്വാതന്ത്ര്യത്തിന്റെ ഒന്നാമത്തെ ദിനം ആഘോഷിച്ചു. സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പങ്കെടുക്കുവാൻ ഗാന്ധിജി വിസമ്മതിച്ചു. വർഗീയലഹളകൾ പൊട്ടിപുറപ്പെട്ട കൽക്കട്ടയിലേക്ക് അദ്ദേഹം പോയി. ഗാന്ധിജി ആ ദിവസം ഉപവാസമനുഷ്ഠിച്ച് പ്രാർഥനയിൽ മുഴുകി. ഗാന്ധിജി കൽക്കട്ടയിൽ എത്തിയതോടെ വർഗീയ ലഹളകൾക്ക് ശമനമുണ്ടായി.

നിർഭാഗ്യവശാൽ ഗാന്ധിജി കൽക്കട്ടയിൽ ഒരു മുസ്ലീംഭവനത്തിൽ താമസിച്ചുകൊണ്ട് സമാധാനശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നതിനിടയിൽ ആഗസ്റ്റ് 31-ാം തീയതി വീണ്ടും വർഗീയകലാപം പൊട്ടിപുറപ്പെ

ട്ടു. അത് ഗാന്ധിജിയുടെ ജീവനുപോലും ഭീഷണി ഉയർത്തി. സെപ്തംബർ 1 ാം തീയതി ഹിന്ദു മുസ്ലീം ഐക്യത്തിനു വേണ്ടി ഗാന്ധിജി ഉപവാസസമരം ആരംഭിച്ചു. ഉപവാസത്തെ തുടർന്ന് കൊള്ളയും കൊലയും തീവെപ്പും ബഹളങ്ങളും അവസാനിപ്പിക്കാൻ ഇരുകൂട്ടരും തയ്യാറായി. സെപ്റ്റംബർ 4-ാം തീയതി കൽക്കട്ടയിലെ ഇരുവിഭാഗങ്ങളുടെയും നേതാക്കൾ മതസൗഹാർദ്ദ പ്രതിജ്ഞ ഒപ്പിടുകയും ഇത്തരം സംഭവങ്ങൾ ഇനിമേൽ ആവർത്തിക്കില്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഗാന്ധിജി ഉപവാസം അവസാനിപ്പിച്ചു. അദ്ദേഹം ഡൽഹിയിലെ കലാപകലുഷിതമേഖലയിലേക്ക് തിരിച്ചു. അദ്ദേഹം അവിടെ കണ്ട കാഴ്ചകൾ മനുഷ്യമനസാക്ഷിയെ ഞെട്ടിപ്പിക്കുന്നതായിരുന്നു. ഇന്ത്യയുടെ തലസ്ഥാനമായ ഡൽഹി മതഭ്രാന്തിന്റെ പിടിയലമർന്നു കഴിഞ്ഞിരുന്നു. പടിഞ്ഞാറൻ പാകിസ്ഥാനിൽ ഹിന്ദുക്കൾക്കും സിക്കുകാർക്കും നേരിടേണ്ടിവന്ന ഭീകരാനുഭവങ്ങളുടെ കഥകൾ ഡൽഹിയിൽ വർഗീയാഗ്നി ആളിപടർത്തി. പാകിസ്ഥാനിൽനിന്നുള്ള അഭയാർഥികളെകൊണ്ട് ഡൽഹിനിറഞ്ഞു. പ്രതികാരത്തിനായി ഹിന്ദുക്കളും, സിക്കുകാരും നിയമം കൈയിലെടുത്തു. മുസ്ലീംഭവനങ്ങൾ കൊള്ളയടിച്ചു, പള്ളികൾ പിടിച്ചെടുത്തു നിരപരാധികളായ യാത്രക്കാരെ കൊലചെയ്തു. ഗവൺമെന്റ്, ശക്തമായ നടപടികൾ സ്വീകരിച്ചെങ്കിലും പൊതുജനസഹകരണമില്ലായ്മ മൂലം നിസഹായരായി. കലാപകലുഷിതവും ഭീതിദവുമായ അന്തരീക്ഷത്തിൽ ഒറ്റ മുണ്ടുധരിച്ച ഈ കൊച്ചുമനുഷ്യൻ ഗാന്ധിജി ദുഖിതർക്ക് സാന്ത്വന സ്പർശം നൽകി ഒരു ദിവ്യസമാധാനദൂതനെപോലെ ഡൽഹിയിലെ തെരുവുകളിൽ സഞ്ചരിച്ചു. ഡൽഹിയിലെ വർഗീയ ലഹളകൾ ശമിച്ചപ്പോൾ ഗാന്ധിജി പഞ്ചാബിലെ ലഹളബാധിതപ്രദേശങ്ങളിൽ പര്യടനം നടത്തി. 1947 ഒക്ടോബർ 2-ാം തീയതി ഗാന്ധിജിയുടെ ജന്മദിനത്തിൽ സന്ദേശങ്ങളും ആശംസകളും ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ഒഴുകിയെത്തികൊണ്ടിരുന്നു. അദ്ദേഹം ചോദിച്ചു: എന്തിനാണ് ഈ അനുമോദനങ്ങൾ? ഇതിനെക്കാൾ നല്ലത് അനുശോചനങ്ങളായിരുന്നു. എന്റെ ഹൃദയം ദുഃഖംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. വിദ്വേഷവും കൊലയും നശിപ്പിച്ച ഈ അന്തരീക്ഷത്തിൽ എനിക്ക് ജീവിക്കാൻ കഴിയില്ല." ഡൽഹിയിലെ വർഗീയലഹളകളിൽ മനംനൊന്ത് 1948 ജനുവരി 13-ാം തീയതി മുതൽ 6 ദിവസം ഗാന്ധിജി ഉപവസിച്ചു. അതിന്റെ ഫലമായി ഹിന്ദുക്കളും മുസ്ലിംങ്ങളും മതസൗഹാർദപ്രതിജ്ഞയെടുത്തു. ഡൽഹിയിൽ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടു.

ഇതിനിടയിൽ ആക്രമണത്തിനും,പീഡനങ്ങൾക്കും ഭീഷണികൾക്കും വിധേയരായ ന്യൂനപക്ഷങ്ങളെ സഹായിക്കാൻ പാകിസ്ഥാനിലേക്ക് പോകാൻ ഗാന്ധിജി ആഗ്രഹിച്ചു. മുസ്ലീംലീഗ് നേതാക്കൻമാരുടെ അതിശക്തമായ എതിർപ്പുമൂലം അദ്ദേഹത്തിന് അവിടെയ്ക്ക് പോകാൻ കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു: "എന്റെ ജീവിതത്തിൽ ഇത്രത്തോളം നിസഹായതതോന്നിയ അവസരം ഉണ്ടായിട്ടില്ല." ഗാന്ധിജി അദമ്യമായ

ഇച്ഛാശക്തിയോടെ നിശ്ചയദാർഢ്യത്തോടെ മതസൗഹാർദത്തിനുവേണ്ടിയുള്ള സമാധാനയജ്ഞം തുടർന്നു. ലോകംകണ്ട ഏറ്റവും മഹാനായ സമാധാനദൂതനായിരുന്നു ഗാന്ധിജി. അദ്ദേഹം വർഗീയകലാപങ്ങൾ ആളികത്തികൊണ്ടിരുന്ന മേഖലകളിലെ ജനങ്ങൾക്കിടയിൽ സമാധാനത്തിന്റെ ദൂതുമായിയെത്തി. അവരെ ഉപദേശിച്ചു, അവരോടൊപ്പംപ്രാർഥിച്ചു. വൈകുന്നേരങ്ങളിൽ ജനകൂട്ടങ്ങളെ അഭിമുഖീകരിച്ച് പ്രാർഥനായോഗങ്ങൾ സംഘടിപ്പിച്ചു. യാഥാസ്ഥിതികമായ ആചാരങ്ങളോ അനുഷ്ഠാനങ്ങളോ ഈ പ്രാർഥനകളിൽ ഉണ്ടായിരുന്നില്ല. വിവിധമതങ്ങളുടെ പുണ്യഗ്രന്ഥങ്ങളിൽനിന്നുള്ള ഏതാനും ശ്ലോകങ്ങൾ ചൊല്ലുകയായിരുന്നു പതിവ്. പ്രാർഥനായോഗങ്ങളുടെ അവസാനം സമകാലിക പ്രശ്നങ്ങളെ കുറിച്ച് അല്പസമയം അദ്ദേഹം ഹിന്ദിയിൽ പ്രസംഗിക്കുമായിരുന്നു. ഏതുമതത്തിൽപ്പെട്ടവർക്കും ഏതുരാഷ്ട്രീയപാർട്ടിയിൽപ്പെട്ടവർക്കും ഈ യോഗങ്ങളിൽ പങ്കെടുക്കാൻ കഴിയുമായിരുന്നു. ഒരു തടസവും ആർക്കും ഉണ്ടായിരുന്നില്ല. പ്രാർഥനാ യോഗങ്ങളിൽ ഒരു ഉയർന്ന പീഠത്തിലിരുന്ന ഗാന്ധിജിയെ ആർക്കുവേണമെങ്കിലും ആക്രമിക്കാൻ കഴിയുമായിരുന്നു.

ഗാന്ധിജി ആവശ്യപ്പെട്ടിരുന്ന ഏകസംരക്ഷണം ജനകൂട്ടം അദ്ദേഹത്തിന്റെ കാൽതൊട്ടുവണങ്ങുന്നത് തടയണമെന്നായിരുന്നു. സ്വാതന്ത്ര്യത്തെതുടർന്നുള്ള ദിവസങ്ങൾ സന്തോഷകരമായിരുന്നില്ല. ഇന്ത്യയിലാകെ വർഗീയവിദ്വേഷം പടർന്നുപിടിച്ചു. മതഭ്രാന്തൻമാർ ഗാന്ധിജിയുടെ സ്നേഹത്തിന്റെ മാർഗത്തിനെതിരായി. അവർ അസഹിഷ്ണുക്കളും പ്രതികാരദാഹികളുമായി. പാകിസ്ഥാനിലെ മുസ്ലിംക്രൂരതക്കെതിരെ ഇന്ത്യയിലെ മുസ്ലിംങ്ങൾക്കെതിരെ പ്രതികാരം ചെയ്യണമെന്ന് ഹിന്ദുമതഭ്രാന്തൻമാർ ആവശ്യപ്പെട്ടു. അവർ പറഞ്ഞു:" പാകിസ്ഥാനിൽ അങ്ങനെയാണെങ്കിൽ ഇവിടെ ഇങ്ങിനെയാവാം" പ്രക്ഷുബ്ധമായ മതവികാരം ആദർശങ്ങളെ ബലികഴിച്ചു. അക്ഷോഭ്യനായി ഗാന്ധിജി മതസൗഹാർദയജ്ഞങ്ങൾ തുടർന്നു. അദ്ദേഹത്തിന്റെ ജീവൻപോലും അപകടത്തിലായി. പോലീസ് ഈ അപകടാവസ്ഥയെകുറിച്ച് ഗാന്ധിജിയ്ക്ക് മുന്നറിയിപ്പ് നൽകി. ഗാന്ധിജി പോലീസ് സംരക്ഷണം നിരാകരിച്ചു. സ്നേഹത്തിന്റെ ശക്തിയിലല്ലാതെ ജീവിക്കാൻ ഗാന്ധിജി ആഗ്രഹിച്ചില്ല.

**ഗാന്ധിജിയുടെ മരണം**

സത്യത്തിന്റെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും മൂർത്തരൂപമായിരുന്നു ഗാന്ധിജി. ഗാന്ധിജി യത്നിച്ചത്, ഇന്ത്യകൈവരിക്കാൻ ശ്രമിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചത്, ലോകത്തിലൊട്ടാകെ പുലരണമെന്ന് അദ്ദേഹം ഇച്ഛിച്ചത് ശാന്തിയാണ്. മനുഷ്യനുമാത്രമായ ശാന്തിയല്ല, ഈ മഹാപ്രപഞ്ചത്തിലുള്ള എല്ലാറ്റിനും ശാന്തി. ആ ശാന്തിദൂതന്റെ ജീവൻ ഭീഷണിയിലായി. 1948 ജനുവരി 20-ാം തീയതി ബിർളാഹൗസിലെ പ്രാർഥനായോഗത്തിൽ ഗാന്ധിജിയെ വധിക്കാൻ ബോംബ്പൊട്ടിച്ചു. സ്ഫോടനത്തിൽ ആർക്കും അപകടമുണ്ടായില്ല. ഈ

ഹീനകൃത്യം ചെയ്തവരെ പിടികൂടാൻ കഴിഞ്ഞില്ല. അവരോട് ക്ഷമിക്കണമെയെന്ന് ഗാന്ധിജി പ്രാർഥിച്ചു. ഡെൽഹിയിലുള്ളപ്പോൾ എല്ലാദിവസവും വൈകിട്ട് ബിർളാ ഹൗസിൽ പ്രാർഥനായോഗത്തിൽ അദ്ദേഹം പങ്കെടുക്കുക പതിവായിരുന്നു. 1948 ജനുവരി 30-ാം തീയതി ബോംബു സ്ഫോടനത്തിന്റെ പത്താം ദിവസം പതിവുപോലെ ബിർളാഹൗസിൽ ഗാന്ധിജി പ്രാർഥനക്കെത്തി. അന്ന് അദ്ദേഹം പത്തു മിനിട്ട് വൈകിയാണ് എത്തിയത്. താമസിച്ച് വന്നതിന് അദ്ദേഹത്തെ കാത്തുനിന്ന ജനക്കൂട്ടത്തോട് ക്ഷമ ചോദിച്ചു. അവരെ കൈയുയർത്തി അഭിവാദ്യം ചെയ്തു. തിരിച്ച് ജനക്കൂട്ടവും. ആൾക്കൂട്ടത്തിൽ പലരും അദ്ദേഹത്തിന്റെ പാദം തൊട്ട് നമസ്ക്കരിക്കാൻ മുന്നോട്ടു വന്നു. അദ്ദേഹം അവരെ അതിന് അനുവദിച്ചില്ല. എന്നാൽ ഒരു ചെറുപ്പക്കാരൻ വിലക്കുകളെ ലംഘിച്ച് ബലമുപയോഗിച്ച് പാദനമസ്ക്കാരത്തിനെന്ന ഭാവേന മുന്നോട്ട് വന്നു, അയാൾ അയാളുടെ കൈത്തോക്കിൽ നിന്നും ഗാന്ധിജിയുടെ നെഞ്ചിനുനേരെ മൂന്നു വെടികൾ ഉതിർത്തു. ഗാന്ധിജി 'ഹേ റാം' എന്ന് പ്രാർഥിച്ചുകൊണ്ട് നിലത്തുവീണു. സ്നേഹത്തിനുവേണ്ടി സ്പന്ദിച്ച ആ ഹൃദയം നിലച്ചു. ഗാന്ധിജി ചരിത്രമായി; ജനപഥങ്ങളിൽ ഓർമകളിലെ പ്രോജ്വല സ്മരണയായി. ഗാന്ധിജിയെ വെടിവെച്ചുകൊന്ന നാഥുറാം വിനായക ഗോഡ്സെ ഒരു ഹിന്ദുമതഭ്രാന്തനായിരുന്നു.

ഇങ്ങനെയാണ് മഹാത്മാവ് മരിച്ചത്. ഒരു ഇന്ത്യാക്കാരന്റെ കൈകളിൽ നിന്നുമാണ് വെടിയേറ്റത്. എന്തിനു വേണ്ടിയാണ് അദ്ദേഹം നിലകൊണ്ടതെന്ന് അദ്ദേഹത്തിന്റെ സ്വന്തം ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. സനാതന ഹിന്ദുധർമത്തിന്റെ ഏറ്റവും ഉത്തമനായ പ്രതിനിധി ഒരു ഹിന്ദുവാൽ കൊലചെയ്യപ്പെട്ടു. രാഷ്ട്രത്തിന്റെ വികാരങ്ങൾ പ്രധാനമന്ത്രി നെഹ്റു അനുശോചനപ്രസംഗത്തിൽ സുവ്യക്തമാക്കുകയുണ്ടായി. ദുഖിതനായ അദ്ദേഹം വിറയാർന്ന സ്വരത്തിൽ മഹാത്മാവിന്റെ മരണത്തെ കുറിച്ച് പറഞ്ഞു: "നമ്മുടെ ജീവിതത്തിലെ പ്രകാശം അണഞ്ഞുപോയി. എല്ലായിടത്തും ഇരുട്ട് മാത്രം. എനിക്ക് കൃത്യമായി അറിയില്ല എന്താണ് എങ്ങനെയാണ് ഇത് നിങ്ങളോട് പറയേണ്ടതെന്ന്. നമ്മുടെ പ്രിയപ്പെട്ട നേതാവ് നമ്മൾ 'ബാപ്പു' എന്ന് വിളിക്കുന്ന അദ്ദേഹം, നമ്മുടെ രാഷ്ട്രപിതാവ് ഓർമയായി."

ഇത്തരം മനുഷ്യർക്ക് മരിക്കാൻ കഴിയില്ല. അവർ അവരുടെ മഹത്തായ നേട്ടങ്ങളിലൂടെ ജീവിക്കുന്നു. അവർ അമരൻമാരാണ്; അനശ്വരരാണ്. ഗാന്ധിജി അഞ്ചിൽ ഒന്ന് മനുഷ്യവംശത്തിന് വിദേശഭരണത്തിൽ നിന്ന് മോചനം നേടിത്തന്നു. ഇന്ത്യയ്ക്ക് മാത്രമല്ല പാകിസ്ഥാനും സ്വാതന്ത്ര്യം നേടിത്തന്നത് അദ്ദേഹമാണ്. ഇന്ത്യയിൽ ഒരുകാലത്ത് അസ്പർശരായി കരുതപ്പെട്ടിരുന്ന കോടിക്കണക്കിന് മനുഷ്യരെ അദ്ദേഹം വിമോചിതരാക്കി. ജാതിയുടെ പേരിൽ അടിച്ചമർത്തപ്പെട്ട അവരെ അദ്ദേഹം സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു. മതേതര ജനാധിപത്യ ഇന്ത്യ സ്ഥാപിക്കുന്നതിന് അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം

സഹായിച്ചു. ഗാന്ധിജിയുടെ വ്യക്തിത്വത്തെയും ദർശനത്തെയും ഭൗതികമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് അളക്കാൻ പറ്റില്ല. അദ്ദേഹത്തിന്റെ സന്ദേശങ്ങളുടെ മൂല്യം ഏതെങ്കിലും ഒരുരാജ്യത്തിന്റേയോ, തലമുറയുടെയോ പരിധിയിൽ ഒതുങ്ങുന്നതല്ല. അത് സനാതനവും സാർവലൗകികവുമാണ്. മനുഷ്യവംശത്തിന് ലഭിച്ച അമൂല്യവും അനശ്വരവുമായ സംഭാവനയാണത്.

മൂന്ന്

# ബഹുമുഖപ്രതിഭ

ടൈം മാഗസിൻ മഹാത്മാഗാന്ധിയെ ഇരുപതാം നൂറ്റാണ്ടിലെ മഹാപ്രതിഭയായി തെരഞ്ഞെടുക്കുകയുണ്ടായി. അദ്ദേഹം ഒരു ബഹുമുഖപ്രതിഭയായിരുന്നു. ഗാന്ധിജിയെ പോലെ ലോകശ്രദ്ധ നേടിയിട്ടുള്ള മറ്റൊരു മഹാൻ അടുത്ത കാലത്തെങ്ങും ജീവിച്ചിട്ടില്ല. ഗാന്ധിജി ആധുനിക മനുഷ്യന്റെ ഭൗതികവും ആധ്യാത്മികവുമായ പ്രശ്നങ്ങളെ പറ്റി ആഴത്തിൽ ചിന്തിക്കുകയും അതിന് പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ജീവിതത്തിലെ ഏത് മണ്ഡലത്തിലുമുള്ള ഏത് പ്രശ്നത്തിനും ഒരു ഗാന്ധിയൻ സമീപനവും ഗാന്ധിയൻ പരിഹാരവും സാധ്യമാണ്.

**രാഷ്ട്രീയപ്രവർത്തകൻ**

പ്ലേറ്റോ, റൂസ്സോ, വോൾട്ടയർ, മാർക്സ് തുടങ്ങിയവരെ പോലെ ഗാന്ധിജി മുഖ്യമായും ഒരു രാഷ്ട്രീയ ചിന്തകനല്ല; രാഷ്ട്രീയ പ്രവർത്തകനായിരുന്നു. പക്ഷെ രാഷ്ട്രീയ ചിന്തക്ക് ഇത്രയധികം സംഭാവന നൽകിയിട്ടുള്ള മറ്റൊരു രാഷ്ട്രീയ പ്രവർത്തകനില്ല. ജീവിതകാലമത്രയും അദ്ദേഹം രാഷ്ട്രീയ മണ്ഡലത്തിൽ പ്രവർത്തിച്ചു. ഗാന്ധിജിയുടെ രാഷ്ട്രതന്ത്രജ്ഞത പൈതൃകമായി ലഭിച്ചതായിരുന്നു. ഗാന്ധിജിയുടെ പിതാവ് കരംചന്ദ് ഗാന്ധി ഒരു നാട്ടുരാജ്യമായിരുന്ന കത്തിയവാഡിലെ പോർബന്ദറിലെ പ്രധാനമന്ത്രി (ദിവാൻ) ആയിരുന്നു. അദ്ദേഹത്തിന്റെ പിതാമഹൻ ഉത്തംചന്ദ് ഗാന്ധിയും അവിടെ പ്രധാന മന്ത്രിയായിരുന്നു. ആ നാട്ടുരാജ്യത്തിലെ പ്രധാനമന്ത്രിയാക്കാനായിരുന്നു ഗാന്ധിജിയെ നിയമപഠനത്തിന് ഇംഗ്ലണ്ടിൽ അയച്ചത്. ലണ്ടനിൽ വിദ്യാർഥിയായിരിക്കുമ്പോൾത്തന്നെ ഇംഗ്ലണ്ടിലെയും ഇന്ത്യയിലെയും രാഷ്ട്രീയ കാര്യങ്ങളിൽ അദ്ദേഹം തൽപ്പരനായി. ഇന്ത്യ സ്വതന്ത്രയാകണമെന്ന് അദ്ദേഹം ആഗ്രഹിച്ചു.

രാഷ്ട്രീയപ്രവർത്തനം ആത്മസാക്ഷാൽക്കരണത്തിനുള്ള ഉപാധിയായിരുന്നു ഗാന്ധിജിക്ക്. അദ്ദേഹത്തിന്റെ രാഷ്ട്രീയ തത്വശാസ്ത്രം സത്യത്തിലും അഹിംസയിലും അടിയുറച്ചതായിരുന്നു. ഗാന്ധിജിയുടെ

നേതൃത്വത്തിൽ ഇന്ത്യയിൽ അരങ്ങേറിയ ദേശീയ സ്വാതന്ത്ര്യസമരപ്രസ്ഥാനം വൻശക്തിയായിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തെ മുട്ടുകുത്തിക്കുകയും നമുക്ക് സ്വാതന്ത്ര്യം നേടിത്തരുകയും ചെയ്തു. ഗാന്ധിജിയുടെ സ്വാതന്ത്ര്യസമരത്തിന്റെ പരമമായ ലക്ഷ്യം പൂർണസ്വരാജ് അഥവാ ഗ്രാമസ്വരാജ് ആയിരുന്നു. 1920 മുതൽ അദ്ദേഹം പഞ്ചായത്ത് രാജിനെക്കുറിച്ച് പ്രസംഗിക്കാൻ തുടങ്ങി. ജീവിതാന്ത്യംവരെ ഈ ആശയം അദ്ദേഹം ഉയർത്തികാട്ടിയിരുന്നു. 1947 മേയ് 25 ന് അന്നത്തെ ചൈനയുടെ അംബാസിഡറായിരുന്ന ഹോചിയുനെറ്റുമായി നടന്ന സംഭാഷണത്തിൽ ഗാന്ധിജി പറഞ്ഞു: "പഞ്ചായത്ത്‌രാജ് ജനങ്ങളുടെ ശക്തി കെട്ടഴിച്ചുവിടും." മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും ഭരണകൂടവ്യവസ്ഥകളിൽ അധികാരം മുകളിൽ നിന്നും താഴോട്ടാണെങ്കിൽ ഗാന്ധിജി വിഭാവന ചെയ്ത ആദർശരാഷ്ട്രത്തിൽ അത് താഴെ നിന്നും മുകളിലേക്കാണ്. താഴെതട്ടിൽനിന്നും മുകൾതട്ടിലേക്കുള്ള അധികാരവ്യവസ്ഥയിലേ യഥാർഥ ജനാധിപത്യം പുലരൂ. ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനുശേഷം 48 വർഷം കഴിഞ്ഞ് മാത്രമാണ് നമുക്ക് 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നിയമം നടപ്പാക്കാൻ കഴിഞ്ഞത്. ഇപ്പോഴത്തെ പഞ്ചായത്ത്‌രാജ്നിയമം ഗാന്ധിജി വിഭാവന ചെയ്തതുപോലെയല്ലെങ്കിലും ഗാന്ധിജിയുടെ ചിന്തകൾ ഭാഗികമായിട്ടെങ്കിലും നടപ്പാക്കാതിരിക്കാൻ കഴിയില്ലെന്ന വസ്തുതയാണ് ഇത് സൂചിപ്പിക്കുന്നത്. ഗാന്ധിയൻ ജനാധിപത്യത്തിന്റെ ലക്ഷ്യം വ്യക്തിയുടെയും സമൂഹത്തിന്റെയും ശാക്തീകരണത്തിലൂടെ രാഷ്ട്രത്തിന്റെയും ലോകത്തിന്റെയും ശാക്തീകരണമായിരുന്നു.

**സാമ്പത്തികവിദഗ്ധൻ**

നിഷ്കൃഷ്ടമായ അർഥത്തിൽ ഗാന്ധിജി ഒരു അർഥശാസ്ത്രജ്ഞനായിരുന്നില്ല. വില്യം പെറ്റി, ആഡംസ്മിത്ത്, മാർഷൽ, മാർക്സ്, റിക്കാഡോ തുടങ്ങിയ അർഥശാസ്ത്രജ്ഞൻമാരെപ്പോലെ അർഥശാസ്ത്ര സിദ്ധാന്തങ്ങളൊന്നും ഗാന്ധിജി അവതരിപ്പിച്ചിട്ടില്ലെങ്കിലും ലോകം ഇന്ന് അംഗീകരിക്കുന്ന സാമ്പത്തിക വിദഗ്ധനാണ് അദ്ദേഹം. അർഥശാസ്ത്രത്തെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ സങ്കൽപ്പംതന്നെ ഇവരിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ഗാന്ധിജിയുടെ അർഥശാസ്ത്രാശയങ്ങൾ ധാർമികവും സുസ്ഥിരവുമായ സാമ്പത്തികവികസനത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. അദ്ദേഹം പറഞ്ഞു: "ധർമശാസ്ത്രത്തെവിട്ടുള്ള അർഥശാസ്ത്രത്തിന് നിലനിൽപ്പില്ല. അർഥശാസ്ത്രവും ധർമശാസ്ത്രവും തമ്മിൽ കാര്യമായ അന്തരമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. വ്യക്തിയുടെയോ, രാഷ്ട്രത്തിന്റെയോ ക്ഷേമത്തിന് വിഘാതമായി നിൽക്കുന്ന അർഥശാസ്ത്രം അധാർമികമാണ്. അതുകൊണ്ട് പാപപൂർണമാണ്. ശരിയായ അർഥശാസ്ത്രം ഉന്നതമായ ധാർമികതക്കെതിരല്ല. അതുപോലെ ശരിയായ ധർമശാസ്ത്രം അർഥശാസ്ത്രമാകുന്നു."

പാശ്ചാത്യ അധിനിവേശ വ്യവസ്ഥകളായ മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും അർഥശാസ്ത്രസങ്കൽപങ്ങളെ അദ്ദേഹം എതിർത്തു. അവയുടെ സങ്കൽപങ്ങൾ ഭാരതീയ അർഥശാസ്ത്രവീക്ഷണങ്ങളുമായി പൊരുത്തപ്പെടുന്നതല്ലെന്ന് അദ്ദേഹം അഭിപ്രായപ്പട്ടു. ജീവിതം നിലനിൽപ്പിനുവേണ്ടിയുള്ള സമരമാണെന്നും, അർഹതമൻ മാത്രമെ വിജയിക്കുവെന്നും പാശ്ചാത്യഅർഥശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും അർഥശാസ്ത്രം ഹിംസയിലും ചൂഷണത്തിലും അധിഷ്ഠിതമാണെന്ന് ഗാന്ധിജി വ്യക്തമാക്കുകയുണ്ടായി.

ഗാന്ധിയൻ അർഥശാസ്ത്രം എന്നൊരു സാമ്പത്തിക ശാസ്ത്രശാഖതന്നെ ഇന്ന് വികസിച്ചുവന്നിട്ടുണ്ട്. ഗാന്ധിയൻ അർഥശാസ്ത്രത്തിന്റെ ആധുനികവക്താക്കളാണ് ഗുൾനാർ മിർഡലും (Gulnar Myrdal) ഷൂമാക്കറും (Schumacher). ഗുൾനാർ മിർഡലിന്റെ 'ഏഷ്യൻ ഡ്രാമായിലും' ഷൂമാക്കറുടെ ' സ്മാൾ ഈസ് ബ്യൂട്ടിഫുൾ' എന്ന കൃതിയിലും ഗാന്ധജിയുടെ അർഥശാസ്ത്ര ആശയങ്ങളുടെ സ്പഷ്ടമായ സ്വാധീനം കാണാം. പാശ്ചാത്യ ലോകം ഇന്ന് ഗാന്ധിജിയുടെ അർഥശാസ്ത്രദർശനങ്ങൾ അംഗീകരിച്ചുതുടങ്ങിയിട്ടുണ്ട്. ഗാന്ധിജിയുടെ അർഥശാസ്ത്രത്തിന്റെ രത്ന ചുരുക്കം ' ട്രസ്റ്റിഷിപ്പ്' എന്ന ആശയമാണ്. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം എല്ലാ മേഖലയിലും ട്രസ്റ്റിഷിപ്പ് പ്രസക്തമാണ്. മാതാപിതാക്കൾ കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം ട്രസ്റ്റികളാണ്. ഗവൺമെന്റ് ജനങ്ങളുടെ ട്രസ്റ്റിയാണ്. മുതലാളിമാർ തങ്ങൾക്കു മാത്രമായുള്ള ഉടമാവകാശം ത്യജിക്കണമെന്നും തങ്ങൾ മുതൽ കൈവശം വെച്ചുകൊണ്ടിരിക്കുന്നത് ജനങ്ങളുടെ ട്രസ്റ്റികൾ എന്ന നിലയിൽ മാത്രമായിരിക്കണമെന്നും ഗാന്ധിജി പറഞ്ഞു. സമ്പത്തിന്റെ ന്യായമായ വിതരണമാണ് അദ്ദേഹത്തിന്റെ ട്രസ്റ്റിഷിപ്പിന്റെ ലക്ഷ്യം. ഗാന്ധിജിയുടെ ട്രസ്റ്റിഷിപ്പ്സിദ്ധാന്തം വിപ്ലവകരമായിരുന്നെങ്കിലും അത് സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ പരീക്ഷിച്ചുനോക്കാൻ ഭരണാധികാരികൾ തയാറായില്ല.

**മതവിശ്വാസി**

ഗാന്ധിജി ഒരു സനാതനഹിന്ദുവായിരുന്നു. ഹിന്ദു മതതത്വങ്ങളെ സ്വന്തം ജീവിതത്തിലും, സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിലും പ്രയോഗിച്ചു. ഹിന്ദുമത വിശ്വാസിയായിരുന്നെങ്കിലും എല്ലാ മത വിശ്വാസങ്ങളെയും ആദരിച്ചു. അദ്ദേഹം പറഞ്ഞു; 'ഒരു മതം മാത്രമാണ് യഥാർഥമെന്നും മറ്റെല്ലാം അയഥാർഥമാണെന്നും പറയുന്നത് ശരിയല്ല. എല്ലാം തികഞ്ഞ മതം ഒന്നുമില്ല. എല്ലാറ്റിനുമുണ്ട് പോരായ്മകൾ. എല്ലാം അപൂർണങ്ങളാണ്. അതുകൊണ്ടാണ് ക്രിസ്തുമതവും എന്റെ മതത്തെപ്പോലെ ശ്രേഷ്ഠവും യഥാർഥവുമാ...ന്ന് ഞാൻ തീരുമാനിച്ചത്. ഇസ്ലാമും പാഴ്സിമതവും യഹൂദമതവും അതുപോലെ തന്നെ". ബൈബി

ളിലെ ഗിരിപ്രഭാഷണത്തിന്റെയും ഭഗവദ്ഗീതയുടെ സന്ദേശത്തിന്റെയും സാരം ഒന്നാണെന്ന് ഗാന്ധിജി കരുതി. മഹാത്മാഗാന്ധിയെ സംബന്ധിച്ചിടത്തോളം ശാന്തിയുടെയും സമാധാനത്തിന്റെയും മതമാണ് ഇസ്ലാം. ഖുർ-ആൻ ഒരിടത്തും അക്രമത്തിന് ആഹ്വാനം നൽകുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. മതങ്ങളുടെ ഐക്യത്തിനുവേണ്ടി അദ്ദേഹം വാദിച്ചു. മതങ്ങളുടെ ഐക്യത്തിനുള്ള അദ്ദേഹത്തിന്റെ ആഹ്വാനത്തിന് പിന്നിലെ ദർശനം 'സർവമത സമാനത' ആയിരുന്നു. അദ്ദേഹത്തിന്റെ ദൈവം സത്യമായിരുന്നു. ആ ദൈവം എല്ലാ മനുഷ്യരുടെയും ഹൃദയത്തിൽ വസിക്കുന്നതായി അദ്ദേഹം കരുതി. രാഷ്ട്രീയക്കാരുടെ ഇടയിലെ ഉന്നതനായ മതവിശ്വാസിയും മതവിശ്വാസികളിൽ ഉന്നതനായ രാഷ്ട്രീയക്കാരനുമായിരുന്നു ഗ്ാന്ധിജി. മതങ്ങളുടെ ഐക്യം എന്ന ഗാന്ധി സങ്കൽപ്പം ലോകം അംഗീകരിച്ചുതുടങ്ങിയിട്ടുണ്ട്. നിർഭാഗ്യവശാൽ ലോകത്തെല്ലായിടത്തും രാഷ്ടീയപാർട്ടികളാണ് അവരുടെ സ്വാർഥവും സങ്കുചിതവുമായ താൽപ്പര്യങ്ങൾക്കു വേണ്ടി മതങ്ങളുടെ ഐക്യത്തിന് തുരങ്കം വെയ്ക്കുന്നത്. ഗാന്ധിജിയുടെ രക്തസാക്ഷിത്വം തന്നെ മതസൗഹാർദത്തിനുവേണ്ടിയായിരുന്നു.

**വിദ്യാഭ്യാസചിന്തകൾ**

വിദ്യാഭ്യാസത്തെപറ്റി ഇത്ര ആഴത്തിൽ ചിന്തിച്ചിട്ടുള്ള രാഷ്ട്രീയനേതാവ് ഗാന്ധിജിയെപ്പോലെ ഏറെ ഉണ്ടാവില്ല. ഇന്നത്തെ ഇടുങ്ങിയ അർഥത്തിൽ അദ്ദേഹം ഒരു വിദ്യാഭ്യാസവിചക്ഷണനാണെന്ന് പറയാനാവില്ല. പക്ഷെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന കാഴ്ചപ്പാട് അന്യാദൃശ്യംതന്നെയായിരുന്നു. ഗാന്ധിജിയുടെ വിദ്യാഭ്യാസ ദർശനത്തിന്റെ ലക്ഷ്യം വ്യക്തിത്വവികസനവും സാമൂഹ്യപുരോഗതിയുമായിരുന്നു. അതായത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണവ്യക്തിത്വത്തിന്റെ ശരീരവും മനസ്സും ആത്മാവുമുള്ള മനുഷ്യവ്യക്തിയുടെ, വ്യക്തിഗതവും സാമൂഹ്യവുമായ വികാസമാണ്. ബ്രിട്ടീഷുകാർ ഇന്ത്യയുടെ മേൽ അടിച്ചേൽപ്പിച്ച വിദ്യാഭ്യാസ സമ്പ്രദായം വ്യക്തിത്വവികസനത്തിനോ സാമൂഹ്യപുരോഗതിക്കോ സഹായകമല്ലെന്ന് അദ്ദേഹം പറഞ്ഞു. ഗാന്ധിജി യങ് ഇന്ത്യയിൽ എഴുതി; "മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം. അത് വെറും സാഹിത്യാഭ്യാസമോ അക്ഷരാഭ്യാസമോ അല്ല. മനുഷ്യനെ മനുഷ്യനാക്കുന്ന വിദ്യാഭ്യാസമാണ് യഥാർഥ വിദ്യാഭ്യാസം".

വിദ്യാഭ്യാസത്തെ ഒരു ആജീവനാന്തപ്രക്രിയയായിട്ടാണ് ഗാന്ധിജി വീക്ഷിച്ചത്. വ്യക്തിത്വത്തിന്റെ സാകല്യേനയുള്ള വികസനമാണ് ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സ്വന്തം ഭൗതികവും സാമൂഹ്യവുമായ പരിതസ്ഥിതികളിൽ നിന്നു വിട്ടുമാറി ആർക്കും വിദ്യാഭ്യാസം സാധ്യമാവില്ല. ഒരു വ്യക്തിയുടെ ആദ്യത്തെ പര്യാവരണം അവന്റെ കുടുംബമാണെല്ലോ; അപ്പോൾ വിദ്യാഭ്യാസം ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്.അതുകൊണ്ടാണ് ഗാന്ധിജി

പറഞ്ഞത് നാട്ടിലെ ഓരോ വീടും വിദ്യാലയമാണെന്ന്, മാതാപിതാക്കൾ അധ്യാപകരാണെന്ന്. ആത്യന്തിക മൂല്യങ്ങൾ സാക്ഷാൽക്കരിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ അന്ത്യം എന്നുള്ളതുകൊണ്ട് അതിനാവശ്യമായ അടിസ്ഥാനമിടുകയാണ് വിദ്യാഭ്യാസത്തിന്റെ ആദ്യപടിയിൽ ചെയ്യേണ്ടത്. സത്യം, അഹിംസ, സ്നേഹം, ഈശ്വരൻ എന്നീ സങ്കൽപ്പങ്ങൾ ശിശുക്കളുടെ മനസ്സിൽ രൂഢമൂലമാക്കണം. ഓരോ ശിശുവിനും പൂർണതയിലെത്താൻ അവകാശമുണ്ട്, അതിന് പ്രാപ്തിയുണ്ട്. സൗജന്യവും നിർബന്ധിതവും സാർവത്രികവുമായ വിദ്യാഭ്യാസത്തിന് വേണ്ടിയാണ് ഗാന്ധിജി വാദിച്ചത്.

കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിൽ പുസ്തകത്തിന് ഇന്ന് നാം നൽകുന്ന അമിത പ്രാധാന്യത്തെ ഗാന്ധിജി അപലപിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: ഋഷിമാർ കുട്ടികളെ പുസ്തകമില്ലാതെയാണ് പഠിപ്പിച്ചത്. ഓർമയിൽ അമൂല്യമായി സൂക്ഷിക്കാനും പ്രായോഗികജീവിതത്തിൽ പകർത്താനും ഏതാനും മന്ത്രങ്ങൾമാത്രമാണ് അവർ ശിഷ്യൻമാർക്ക് നൽകിയത്. ഇന്നത്തെ വിദ്യാർഥികളാകട്ടെ ശ്വാസം മുട്ടിക്കുന്ന ഒരു കുന്ന് പുസ്തകങ്ങൾക്കിടയിലാണ് ജീവിക്കുന്നത്. ഇന്നത്തെ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് സാധാരണ ഇടപഴകേണ്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവയുമല്ല. അവർക്ക് തികച്ചും അപരിചിതമായ കാര്യങ്ങളാണവ പ്രതിപാദിക്കുന്നത്. നല്ലതെന്ത് ചീത്തയെന്ത് എന്ന് ഒരു കുട്ടി പഠിക്കുന്നത് പാഠപുസ്തകങ്ങളിൽ കൂടിയല്ല. സ്വന്തം ചുറ്റുപാടുകളിൽ അഭിമാനം കൊള്ളാനുള്ള ബോധം പുസ്തകങ്ങളിൽ കൂടി അവന് ലഭിക്കുന്നില്ല. എനിക്ക് സ്വന്തം മാർഗം അവലംബിക്കുവാൻ അനുമതി ലഭിക്കുകയാണെങ്കിൽ ഞാൻ ഇന്നത്തെ പാഠപുസ്തകങ്ങളൊക്കെ നശിപ്പിക്കുകയും വിദ്യാർഥികൾക്ക് തന്റെ തൊട്ടടുത്ത ചുറ്റുപാടുകളുമായി ഇടപഴകി ജീവിക്കാൻ പറ്റുന്ന തരത്തിലുള്ള പാഠപുസ്തകങ്ങൾ എഴുതിക്കുകയും ചെയ്യും. ഏതാണ്ട് എഴുപത് കൊല്ലങ്ങൾക്ക് മുൻപാണ് ഗാന്ധിജി ഇങ്ങനെ പറഞ്ഞത്. ഈ കാര്യം ഇന്നും പ്രസക്തമായിരിക്കുന്നു. അടിസ്ഥാനവിദ്യാഭ്യാസം, ദേശീയവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, വിദ്യാർഥികളുടെ രാഷ്ട്രീയം എന്നീവിഷയങ്ങളിലെല്ലാം വ്യക്തവും ശക്തവുമായ കാഴ്ചപ്പാട് അദ്ദേഹത്തിനുണ്ടായിരുന്നു. റുസ്സോ, മോണ്ടിസ്സോറി, പെസ്തലോസി, ഡ്യുയി, ആൾഡസ്ഹക്സിലി എന്നീ വിദ്യാഭ്യാസചിന്തകന്മാർക്ക് സമശീർഷനായിരുന്നു ഗാന്ധിജി. ഗാന്ധിജിയുടെ വിദ്യാഭ്യാസ ദർശനങ്ങളിൽ ആകൃഷ്ടരായവരായിരുന്ന മദൻമോഹൻ മാളവ്യയും, കെ.എൻ. മുൻഷിയും ഡോ: രാധാകൃഷ്ണനും, ഡോ: സക്കീർഹുസയിനും. സ്വാതന്ത്ര്യസമരകാലത്തും സ്വാതന്ത്ര്യാനന്തരമുള്ള കുറെ വർഷങ്ങളിലും ഗാന്ധിജിയുടെ വിദ്യാഭ്യാസാശയങ്ങൾക്ക് വലിയ പ്രാധാന്യം നൽകിയിരുന്നു. പിന്നീട് പൂർണമായും പാശ്ചാത്യവിദ്യാഭ്യാസമാതൃകകൾ സ്വീകരിച്ച് ഗാന്ധിയൻ മാതൃകയെ ഭരണാധികാരികൾ ഉപേക്ഷിച്ചു.

## സാമൂഹ്യപരിഷ്കർത്താവ്

ഗാന്ധിജി എക്കാലത്തെയും മഹാനായ സാമൂഹ്യശാസ്ത്രജ്ഞനായിരുന്നു. ഗാന്ധിജി പറഞ്ഞു: 'മനുഷ്യൻ മുഖ്യമായും സാമൂഹ്യജീവിയാണെന്ന് നിങ്ങൾ മറക്കരുത്. തന്റെ വ്യക്തിത്വത്തെ സാമൂഹ്യപുരോഗതിയുടെ ആവശ്യങ്ങൾക്കു വേണ്ടി ഒതുക്കിനിർത്തുവാൻ പഠിച്ചതുകൊണ്ടാണ് ഇന്നത്തെ പദവിയിലേക്ക് അവൻ ഉയർന്നത്. അനിയന്ത്രിതമായ വ്യക്തിത്വം കാട്ടിലെ മൃഗത്തിന്റെ ധർമ്മമാണ്. വ്യക്തി സ്വാതന്ത്ര്യത്തിന്റെയും സാമൂഹ്യനിയന്ത്രണത്തിന്റെയും ഇടയിൽ ഒരു മധ്യപ്രമാണം ഉണ്ടാക്കാൻ നാം പഠിക്കണം. മുഴുവൻ സമുദായത്തിന്റെയും ക്ഷേമത്തിനുവേണ്ടി സ്വമനസ്സാലെ സാമൂഹ്യനിയന്ത്രണത്തിനു വഴങ്ങുക എന്നതു വ്യക്തിയേയും അവൻ അംഗമാകുന്ന സമൂഹത്തെയും ധന്യമാക്കും.'വ്യക്തി കുടുംബത്തിനുവേണ്ടിയും, കുടുംബം ഗ്രാമത്തിനുവേണ്ടിയും, ഗ്രാമം ജില്ലക്കുവേണ്ടിയും, ജില്ല സംസ്ഥാനത്തിനുവേണ്ടിയും, സംസ്ഥാനം രാജ്യത്തിനുവേണ്ടിയും, രാജ്യം ലോകത്തിനു വേണ്ടിയും സ്വയം പ്രവർത്തിക്കണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടു. അദ്ദേഹം വിഭാവനചെയ്ത സമൂഹം മനുഷ്യരാശിയായിരുന്നു. സാമൂഹ്യപ്രശ്നങ്ങളായ ദാരിദ്ര്യം, അസമത്വം, പാരിസ്ഥിതിക തകർച്ച എന്നിവ പാശ്ചാത്യരുടെ സോഷ്യലിസത്തിലൂടെയും കമ്യൂണിസത്തിലൂടെയും പരിഹരിക്കാൻ സാധ്യമല്ലെന്ന് അദ്ദേഹം പറഞ്ഞു.

വ്യക്തികളുടെ അവകാശങ്ങളെക്കാൾ കർതവ്യത്തിനാണ് ഗാന്ധിജി പ്രാമുഖ്യം നൽകിയത് . വ്യക്തിയുടെ കാര്യത്തിലെന്നപോലെ സാമൂഹ്യജീവിതത്തിന്റെയും അടിസ്ഥാന പ്രമാണം സത്യവും അഹിംസയുമാണ്. ഉൽപാദന വിതരണ സമ്പ്രദായങ്ങളുടെ അടിസ്ഥാനത്തിലുള്ള, വർഗസംഘടനങ്ങളുടെ അടിസ്ഥാനത്തിലുള്ള ഭൗതികപ്രാധാന്യമായ ഒരു സാമൂഹ്യജീവിതത്തിന്റെ സ്ഥാനത്ത്, സത്യത്തിന്റെയും അഹിംസയുടെയും അടിസ്ഥാനത്തിലുള്ള, ഒരു ആധ്യാത്മിക സാമൂഹ്യജീവിതക്രമമാണ് ഗാന്ധിജി വിഭാവന ചെയ്തത്. ഗാന്ധിജി തന്റെ സങ്കൽപ്പത്തിലുള്ള സമൂഹത്തിൽ, മതങ്ങൾക്ക് വലിയ പ്രാധാന്യമാണ് നൽകിയത്. മതരഹിതമായ ഒരു സമൂഹമല്ല അദ്ദേഹം വിഭാവന ചെയ്തത്. അദ്ദേഹം പറഞ്ഞു: 'മതപരിവർത്തനത്തിനുവേണ്ടി രഹസ്യമായിപോലും നാം പ്രാർഥിച്ചുകൂടാ. ഹിന്ദു കുറെക്കൂടി നല്ല ഹിന്ദുവാകണമെന്നും, മുസ്ലീം കുറെക്കൂടി നല്ല മുസ്ലീമാകണമെന്നും, ക്രിസ്ത്യാനി കുറെക്കൂടി നല്ല ക്രിസ്ത്യാനിയാകണമെന്നും നാം ഹൃദയപൂർവം പ്രാർഥിക്കണം. മതമെന്നത് മതമൗലികതയല്ലെന്നും അദ്ദേഹം വ്യക്തമാക്കി. ഗാന്ധിജി പറഞ്ഞു; സമൂഹത്തിൽ മതങ്ങൾ ഉണ്ടായിരിക്കണം. എന്നാൽ രാഷ്ട്രം മതേതരമായിരിക്കണം'. അതായത് ഓരോ വ്യക്തിക്കും ഇഷ്ടമുള്ള മതം സ്വീകരിക്കാം. അനുഷ്ഠാനങ്ങൾ നടത്താം. എന്നാൽ രാഷ്ട്രത്തിന് മതമില്ല. ഗാന്ധിജിയുടെ സാമൂഹ്യസങ്കൽപ്പത്തിൽ ജാതീയമായ ഉച്ചനീചത്വങ്ങൾക്ക് സ്ഥാനമില്ല. അയിത്തത്തിനെതിരായ സമരം സ്വാതന്ത്ര്യസമര

ത്തിലെ മുഖ്യ അജണ്ടയായിരുന്നു. സാമൂഹ്യാധഃപതനത്തിന് ഇടയാക്കുന്ന മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ ഗാന്ധിജി നിരന്തരം പോരാടി.

ഇന്ത്യയിലെ സ്ത്രീ വിമോചനപ്രസ്ഥാനത്തിന് തുടക്കമിട്ടത് ഗാന്ധിജിയായിരുന്നു. ഈ രംഗത്ത് അദ്ദേഹം നടത്തിയ സമരങ്ങൾ സ്ത്രീകളുടെ അന്തസ് ഉയർത്തി. സമൂഹത്തിൽ സ്ത്രീക്കും പുരുഷനും തുല്യസ്ഥാനമാണ് ഗാന്ധിജി കൽപ്പിച്ചത്. ഗാന്ധിജി പറഞ്ഞു: പുരുഷന്റെ സന്തതസഹചാരിയാണ് സ്ത്രീ. അവന്റേതിനോട് തുല്യമായ മാനസിക കഴിവുകളോട് കൂടിയവൾ. അവനുള്ളത്രതന്നെ സ്വാതന്ത്ര്യത്തിനും സ്വാധികാരത്തിനും അവൾക്കും അവ്കാശമുണ്ട്. സ്വന്തം പ്രവർത്തന രംഗത്തിൽ, പുരുഷനെ പോലെ അവൾക്കും, സമുന്നതമായ ഒരു സ്ഥാനത്തിന് അവകാശമുണ്ട്. സാമുഹ്യവിപ്ലവത്തിൽ സ്ത്രീകൾക്കുള്ള പങ്കിന്റെ പ്രാധാന്യം ഗാന്ധിജിയെപ്പോലെ മനസ്സിലാക്കിയ ഒരു രാഷ്ട്രീയ നേതാവും ലോകത്തില്ല. ഗാന്ധിജിയിലെ സാമൂഹ്യവിപ്ലവകാരി എൺപത് വർഷം മുൻപു തന്നെ സ്ത്രീകൾക്ക് തുല്യവോട്ടവകാശം നൽകണമെന്നും, നിയമസഭകളിലും പാർലമെന്റിലും തുല്യ പ്രാതിനിധ്യം നൽകണമെന്നും ആവശ്യപ്പെട്ടു. രാഷ്ട്രീയകക്ഷികൾ തമ്മിൽ അഭിപ്രായസമന്വയം ഇല്ലാത്തതുമൂലം സ്ത്രീകൾക്ക് പാർലമെന്റിലും നിയമസഭകളിലും മൂന്നിൽ ഒന്ന് പ്രാതിനിധ്യം നൽകുന്ന വനിതാ സംവരണ ബിൽ ലോകസഭയിൽ അവതരിപ്പിക്കാതെ പരണത്തുവച്ചിരിക്കുകയാണ്. ഇന്ത്യയിൽ നിലവിലിരുന്ന ശിശുവിവാഹം, വിധവകളോടുള്ള ക്രൂരത, സ്ത്രീധനസമ്പ്രദായം, പർദ സമ്പ്രദായം തുടങ്ങിയ അനാചാരങ്ങൾക്കെതിരെ ശക്തിയുക്തം ഗാന്ധിജി പോരാടി. സ്ത്രീധനസമ്പ്രദായത്തെപ്പറ്റി ഗാന്ധിജി പറഞ്ഞത് സ്ത്രീധനം ഉപാധിയാക്കുന്ന ഒരു ചെറുപ്പക്കാരൻ തന്റെ വിദ്യാഭ്യാസത്തെയും രാജ്യത്തെയും അപമാനിക്കുകയും സ്ത്രീത്വത്തെ നിന്ദിക്കുകയും ചെയ്യുന്നുവെന്നാണ്. സ്ത്രീധനം വാങ്ങുന്ന ചെറുപ്പക്കാരെ സമുദായഭ്രഷ്ടരാക്കണമെന്നും ഗാന്ധിജി പറഞ്ഞു.

**അഭിഭാഷകൻ**

ഗാന്ധിജി ഔദ്യോഗിക ജീവിതം ആരംഭിച്ചത് അഭിഭാഷകനായിട്ടായിരുന്നു. മുംബേ ഹൈകോടതിയിലും ദക്ഷിണാഫ്രിക്കയിലെ കോടതികളിലും അദ്ദേഹം അഭിഭാഷകവൃത്തി നടത്തി. അദ്ദേഹം പരിണതപ്രജ്ഞനായ വക്കീലായിരുന്നു. സത്യത്തിലും ധർമത്തിലും അടിയുറച്ചതായിരിക്കണം നീതിന്യായവ്യവസ്ഥയെന്നായിരുന്നു അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. അടുത്തകാലത്ത് നമ്മുടെ സുപ്രീംകോടതിയുടെ ഒരു ബഞ്ച് മഹാത്മാഗാന്ധിയെ മാതൃകയാക്കുവാൻ ഉപദേശിക്കുകയുണ്ടായി. വ്യവഹാരപരിഹാരരംഗത്ത് ഇന്ന് മീഡിയേഷനും ആർബിട്രേഷനും പുതിയ മാതൃകകളാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആദ്യപാദത്തിൽത്തന്നെ ഗാന്ധിജി ഒരു വക്കീലെന്ന നിലയിൽ മീഡിയേഷന്റെയും ആർബിട്രേഷന്റെയും

മഹനീയമാതൃക ആവിഷ്ക്കരിക്കുകയുണ്ടായി. വ്യവഹാരം വാദിക്കും പ്രതിക്കും ഗുണം ചെയ്യില്ലെന്ന കാഴ്ചപ്പാടാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. ദക്ഷിണാഫ്രിക്കയിൽ വക്കീൽപണിയിൽ ഏർപ്പെട്ടിരുന്ന കാലത്ത് അദ്ദേഹത്തിന്റെ കക്ഷികളുടെ ഒട്ടുമിക്ക കേസുകളും കോടതിയുടെ മധ്യസ്ഥതയിൽ തീർക്കാനാണ് ശ്രമിച്ചത്. ഗാന്ധിജി അഭിഭാഷകവൃത്തിയെ സാമൂഹ്യസേവനമായിട്ടുയർത്താൻ പരിശ്രമിച്ചു. ഗാന്ധിജി പറഞ്ഞു: 'നിയമത്തിന്റെ പ്രായോഗികതയെക്കുറിച്ച് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. വിപരീതധ്രുവങ്ങളിൽ നിലയുറച്ചിരിക്കുന്ന രണ്ടു കക്ഷികളെ കൂട്ടിയോജിപ്പിക്കുകയാണ് അഭിഭാഷകന്റെ യഥാർഥ ജോലിയെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇതു മൂലം എനിക്കൊന്നും നഷ്ടപ്പെട്ടിട്ടില്ല. പണമോ, തീർച്ചയായും ആത്മാവോ എനിക്ക് നഷ്ടപ്പെട്ടില്ല'. ഗാന്ധിജിയുടെ മാർഗം നമ്മുടെ വക്കീലൻമാർ സ്വീകരിച്ചിരുന്നെങ്കിൽ നീതി വൈകിലഭിക്കുന്നത് തടയാനും, നീതിന്യായവ്യവസ്ഥയിൽ സാധാരണക്കാർക്ക് വിശ്വാസം ഉണ്ടാക്കാനും സഹായകമായേനെ. ഗാന്ധിജിയിലെ നിയമജ്ഞനെ കുറിച്ചുള്ള പഠനങ്ങളും ഗവേഷണങ്ങളും വേണ്ടത്ര നടന്നിട്ടില്ല.

**അദ്വിതീയനായ പോരാളി**

മരണഭയത്തെ അതിജീവിച്ച മഹാനായ പോരാളിയായിരുന്നു ഗാന്ധിജി. അധർമത്തിനും അനീതിക്കും എതിരായുള്ള ആയുധമായിരുന്നു ഗാന്ധിജിക്ക് സത്യഗ്രഹം. സത്യഗ്രഹത്തിന്റെ പ്രയോഗം കണ്ടുപിടിച്ചത് ഗാന്ധിജിയായിരുന്നു. സോക്രട്ടീസും ക്രിസ്തുവും സത്യത്തിന്റെ ശക്തി ലോകത്തിന് വെളിപ്പെടുത്തിക്കൊടുത്തിരുന്നു. സത്യത്തിന്റെ ശക്തി അഥവാ സത്യഗ്രഹം എങ്ങനെ പ്രയോഗിക്കണമെന്ന് വ്യക്തമാക്കിയത് ഗാന്ധിജിയായിരുന്നു. സത്യഗ്രഹം ഗാന്ധിജിയുടെ മഹത്തായസംഭാവനയാണ്. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന നിസഹകരണസമരങ്ങളും സിവിൽ നിയമലംഘനസമരങ്ങളും സത്യഗ്രഹത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. മാർട്ടിൻ ലൂതർ കിങ് പറഞ്ഞു: 'ക്രിസ്തു ഞങ്ങൾക്ക് ആശയവും ഗാന്ധിജി അതിന്റെ പ്രയോഗവും തന്നു'. സത്യഗ്രഹം വിജയിക്കണമെങ്കിൽ സത്യഗ്രഹി നിർഭയനും, വിവേകബുദ്ധിയുള്ളവനും, കാരുണ്യവാനും, ദയാലുവും, ഭക്തിയുള്ളവനും ആയിരിക്കണം. ഗാന്ധിജി പറഞ്ഞു: "നിർഭയത്വം കൂടാതെ സത്യഗ്രഹം ഒരടിമുന്നോട്ട് പോകില്ല. സ്വത്തും മിഥ്യാഭിമാനവും മറ്റും നഷ്ടപ്പെടുമെന്നോ, ബന്ധുക്കൾക്ക് അപകടം പിണയുമെന്നോ ഒന്നും ഭയപ്പെടാത്തവർക്കു മാത്രമെ സത്യഗ്രഹത്തിന്റെ മാർഗത്തിലൂടെ മുന്നോട്ടു പോകാൻ പറ്റൂ. ഭയചകിതൻ ഒരിക്കലും സത്യഗ്രഹിയാവില്ല. കാരണം, സത്യഗ്രഹം ജീവിതത്തിന്റെ മാത്രമല്ല മരണത്തിന്റെയും കലയാകുന്നു". കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്പിലും കമ്യൂണിസ്റ്റ് സമഗ്രാധിപത്യത്തിനെതിരെ അരങ്ങേറിയ ജനാധിപത്യവിപ്ലവങ്ങൾ ഗാന്ധിജിയുടെ സത്യഗ്രഹസമരങ്ങളുടെ മാതൃകയെ

പിൻതുടർന്നുള്ളതായിരുന്നു. അതുപോലെതന്നെ കഴിഞ്ഞ നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ നടന്നിട്ടുള്ള ഒട്ടുമിക്ക സ്വാതന്ത്ര്യസമരങ്ങളും ഗാന്ധിയനായിരുന്നു. ഇപ്പോൾ ഈജിപ്റ്റിലും, ടുനീഷ്യയിലും, ലിബിയായിലും, യെമനിലും, ബഹ്റിനിലും മറ്റ് പശ്ചിമേഷ്യൻ രാജ്യങ്ങളിലും ഏകാധിപത്യത്തിനെതിരെ നടക്കുന്ന സമരങ്ങളിലും ഗാന്ധിയൻ സഹനസമരത്തിന്റെ പ്രതിധ്വനികളുണ്ടെന്ന് തോന്നുന്നു.

തത്വചിന്തകന്മാർ പൊതുവെ ഏതെങ്കിലും ഒരു വ്യവസ്ഥയുടെ സ്ഥാപകരാണ്. ഗാന്ധിജിയുടെ ആശയങ്ങളും ആദർശങ്ങളും ഏതെങ്കിലും ഒരു വ്യവസ്ഥ സ്ഥാപിക്കുന്നതിനുള്ളതായിരുന്നില്ല. ഗാന്ധിസം എന്നൊന്നില്ലെന്ന് ഗാന്ധിജി തന്നെ പറഞ്ഞിട്ടുണ്ട്. പ്രത്യയശാസ്ത്രങ്ങൾ ലോകത്ത് അവതരിപ്പിച്ചിട്ടുള്ള വിശ്വാസപ്രമാണങ്ങൾ, ചരിത്രപരമായി ഒരു കാലഘട്ടത്തിൽ നിലനിന്നശേഷം അന്ധവും സങ്കുചിതവുമായ മൗലികവാദമായി പരിണമിക്കുന്നു. അവ സ്ഥാപനബദ്ധമാവുകയും അവയുടെ അന്തഃസത്ത ചോർന്ന് പോവുകയും ചെയ്യാറുണ്ട്. അക്കാരണത്താൽ ഗാന്ധിജിക്ക് തന്റെ പേരിൽ ഒരു 'ഇസം' ഉണ്ടാകരുതെന്ന് നിർബന്ധമുണ്ടായിരുന്നു. അദ്ദേഹം എഴുതി: "ഗാന്ധിസം എന്ന ഒന്നില്ല; എന്റെ കാലശേഷം ഏതെങ്കിലുമൊരു 'ഇസം' അവശേഷിപ്പിച്ചുപോകണമെന്ന് എനിക്ക് ആഗ്രഹമില്ല. ഏതെങ്കിലും പുതിയ തത്വത്തിനോ സിദ്ധാന്തത്തിനോ തുടക്കം കുറിച്ചതായി ഞാൻ അവകാശപ്പെടുന്നില്ല. ശാശ്വത സത്യങ്ങളെ നമ്മുടെ നിത്യജീവിതത്തിലും പ്രശ്നങ്ങളിലും പ്രയോഗിച്ചുനോക്കുവാൻ മാത്രമേ, എന്റെ സ്വന്തം നിലയിൽ ഞാൻ ശ്രമിച്ചിട്ടുള്ളു". ഭാവിയെ ചൂണ്ടി ഒരു പ്രവചനവും നടത്താൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നില്ല. ഗാന്ധിജി മൊത്തം ഒന്നരക്കോടി വാക്കുകൾ എഴുതിയിട്ടുണ്ട്. ലോകം കണ്ട എഴുത്തുകാരിൽ ഒരാളായ കാറൽ മാർക്സ് പതിനഞ്ചു ലക്ഷം വാക്കുകളെ എഴുതിയിട്ടുള്ളു. ഗാന്ധിജിയുടെ ചിന്തകളുടെ അടിസ്ഥാനം സത്യവും അഹിംസയുമാണ്. വീണ്ടും അതിനെ ചുരുക്കിയാൽ സത്യമാണ് ഗാന്ധിജിയുടെ അടിസ്ഥാന തത്വം. ഗാന്ധിജി മാർക്സിനെ പോലെ ഒരു ഇസവും സ്ഥാപിച്ചില്ല. എന്നാൽ ഗാന്ധിജിക്ക് സത്യത്തിലും അഹിംസയിലും അടിയുറച്ച വിശ്വാസം ഉണ്ടായിരുന്നു. അതാണ് അദ്ദേഹത്തെ മഹാനാക്കിയത്; ബഹുമുഖ പ്രതിഭയാക്കിയത്.

നാല്

# സർഗാത്മകവീക്ഷണം

ഗാന്ധിജിയുടെ ദർശനത്തെ മറ്റ് ദർശനങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നത് അതിന്റെ മൗലികതയാണ്. അതിന്റെ നൈസർഗികവും സർഗാത്മകവുമായ സവിശേഷതകൾ ആരെയും അൽഭുതപ്പെടുത്തുന്നതാണ്. അദ്ദേഹത്തിന്റെ ദർശനം അദ്ദേഹത്തിന്റെ ജീവിതമായിരുന്നു. ഗാന്ധിജി തന്റെ ചിന്തകളെ സ്വന്തം ജീവിതത്തിൽ നടപ്പാക്കിയതിനുശേഷമാണ് അത് മറ്റുള്ളവരോട് സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്. സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള പൊരുത്തമായിരുന്നു ഗാന്ധിജിയുടെ ദർശനത്തിന്റെ അടിസ്ഥാനസ്വഭാവം. എല്ലാ സമരങ്ങളും ഗാന്ധിജി നയിച്ചത് മുന്നിൽ നിന്നുകൊണ്ടായിരുന്നു. മാനവികത, സ്നേഹം, സത്യം, അഹിംസ, സമത്വം, ധാർമികത, ആത്മീയത എന്നിവയാൽ സമ്പുഷ്ടമാണ് ഗാന്ധിജിയുടെ ജീവിതവും ദർശനവും. ഇതാണ് അദ്ദേഹത്തിന്റെ യശസിന് കാരണം.

**വിശുദ്ധഗ്രന്ഥങ്ങളുടെ സ്വാധീനം**

ഗാന്ധിജി തന്റെ ജീവിതകാലത്ത് ഭഗവദ്ഗീതയും, ഉപനിഷത്തുക്കളും, രാമായണവും, ബൈബിളും, ഖുറാനും പഠിച്ചു. ഈ പുണ്യഗ്രന്ഥങ്ങളുടെ സത്ത അദ്ദേഹം സ്വാംശീകരിക്കുകയും ചെയ്തു. ഭഗവദ്ഗീത അദ്ദേഹത്തിന്റെ മാർഗദർശിയായി. അതിൽ നിന്നുമാണ് ഗാന്ധിജി കർമത്തിന്റെ പ്രാധാന്യം അഥവാ കർമയോഗം മനസ്സിലാക്കിയത്. വിശുദ്ധഗ്രന്ഥങ്ങളുടെ സ്വാധീനം അദ്ദേഹത്തിന്റെ പ്രവൃത്തികളിലും, സ്വഭാവത്തിലും ചിന്തയിലും പ്രതിഫലിച്ചിരുന്നു. അദ്ദേഹം പറഞ്ഞു: സത്യത്തെക്കുറിച്ച് പഠിക്കാൻ പറ്റിയ ശ്രേഷ്ഠകൃതിയാണ് ഭഗവദ്ഗീത. മനുഷ്യന് കർമം ചെയ്യാൻ അവകാശമുണ്ട്, എന്നാൽ കർമഫലം ആഗ്രഹിക്കാൻ അവകാശമില്ല . ഗാന്ധിജിയുടെ ജീവിതത്തിലും ചിന്തകളിലും ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയത് ഭഗവദ്ഗീതയായിരുന്നു.

ഗാന്ധിജി എഴുതി: ഗീതയുടെ സംഗീതം എന്നെ പ്രചോദിപ്പിക്കുന്നു. സങ്കീർണമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ എന്നെ സഹായിക്കുന്ന കാമധേനുവാണ് ഭഗവദ്ഗീത . ഗാന്ധിജിക്ക് ബൈബിളിലും അവഗാഹമുണ്ടായിരുന്നു. യേശുദേവനെയും അദ്ദേഹം മാതൃകയായി സ്വീകരിക്കുകയുണ്ടായി. ഗാന്ധിജിയുടെ ഹൃദയത്തിൽ തറച്ച നിരവധി ബൈബിൾ വചനങ്ങളുണ്ട്. അതിൽ ഒന്നാണ് കുരിശാരോഹണസമയത്ത് കുരിശിലേറ്റിയവരോട് യേശുദേവൻ പറഞ്ഞു "ദൈവമേ ഇവരോട് ക്ഷമിക്കേണമേ എന്തെന്നാൽ ഇവർ ചെയ്യുന്നതെന്തെന്ന് അറിയുന്നില്ല" എന്ന വാചകം. ബൈബിൾ ഗാന്ധിജിയെ സമാധാനത്തിന്റെയും അഹിംസയുടേയും അപ്പോസ്തലനാക്കി. തിന്മയെ നന്മകൊണ്ടും, വിദ്വേഷത്തെ സ്നേഹം കൊണ്ടും, ഹിംസയെ അഹിംസ കൊണ്ടും നേരിടാൻ കഴിയുമെന്ന് അദ്ദേഹത്തെ പഠിപ്പിച്ചത് ബൈബിളായിരുന്നു. ബുദ്ധമതവും ജൈനമതവും സൊരാഷ്ട്രമതവും ഗാന്ധിജിയെ പ്രചോദിപ്പിക്കുകയുണ്ടായി. കരുണ, ക്ഷമ, പരോപകാരം എന്നീ ഗുണങ്ങൾ ഗാന്ധിജിയിൽ വളർത്തിയത് ഈ മതങ്ങളായിരുന്നു. നിർഭയത്വവും വിനയവും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുഖമുദ്രകളായിരുന്നു.

**മഹാന്മാരുടെ സ്വാധീനം**

ഗാന്ധിജിയുടെ ജീവിതദർശനങ്ങളിൽ നിരവധി മഹാന്മാരുടെ ചിന്തകളുടെ പ്രതിഫലനങ്ങൾ ദർശിക്കാം. അദ്ദേഹത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ച പുസ്തകം ജോൺ റസ്കിന്റെ അൺടു ദിസ് ലാസ്റ്റ് ആയിരുന്നു. ഈ പുസ്തകത്തിന്റെ ഉള്ളടക്കത്തിന്റെ ചുരുക്കം ഇവയാണ്.

1. എല്ലാവരുടേയും ക്ഷേമമാണ് സമൂഹത്തിന്റെ ലക്ഷ്യം. ഒരാളുടെ ക്ഷേമം മറ്റെല്ലാവരുടെയും ക്ഷേമത്തിലൂടെ മാത്രമേ സാധ്യമാകൂ.
2. ഓരോരുത്തർക്കും സമത്വത്തോടെ ജീവിക്കാനുള്ള അവകാശം ഉണ്ടായിരിക്കണം.
3. സാമൂഹ്യപുരോഗതിക്ക് അനിവാര്യമാണ് കായികാധ്വാനം. എല്ലാവരും കായികാധ്വാനത്തിൽ ഏർപ്പെടണം.

ഗാന്ധിജിയുടെ ക്ഷേമസങ്കൽപ്പങ്ങളുടെയും സർവോദയത്തിന്റെയും സ്രോതസ്സ് റസ്കിന്റെ ചിന്തകളായിരുന്നു. ആത്മശുദ്ധീകരണത്തിലൂടെ ഓരോ മനുഷ്യരിലുമുള്ള ദിവ്യഗുണങ്ങൾ വികസിപ്പിച്ചെടുക്കണമെന്ന് ഗാന്ധിജി നിഷ്കർഷിച്ചു.

സ്വർഗരാജ്യം അവനവന്റെ ഉള്ളിൽ തന്നെയാണെന്നുള്ള സത്യം ഗാന്ധിജി മനസ്സിലാക്കിയത് ടോൾസ്റ്റോയിയുടെ കൃതികളിൽ നിന്നായിരുന്നു. ടോൾസ്റ്റോയിയുടെ ശിഷ്യനാണ് താനെന്ന് ഗാന്ധിജി സ്വയം അവകാശപ്പെട്ടിരുന്നു. ഗാന്ധിജി എന്റെ സത്യന്വേഷണപരീക്ഷണങ്ങൾ എന്ന കൃതിയിൽ എഴുതി: ആത്മീയത എന്നിൽ വളർത്തിയ മൂന്നു മഹാന്മാരിൽ ഒരാൾ ടോൾസ്റ്റോയിയാണ്. സത്യഗ്രഹിയാകാൻ ഗാന്ധിജിക്ക്

പ്രചോദനം നൽകിയത് സോക്രട്ടീസായിരുന്നു. സത്യത്തിനുവേണ്ടി സ്വയം വിഷം കഴിച്ചുള്ള മരണശിക്ഷ ഏറ്റുവാങ്ങിയ ലോകത്തെ ആദ്യത്തെ മഹാമാനുഷിയായിരുന്നുവല്ലോ സോക്രട്ടീസ്. ഗാന്ധിജിയുടെ ചിന്തകളെ സ്പർശിച്ച മറ്റൊരു മഹാനാണ് ഹെൻട്രി തോറെ. ഗാന്ധിജി നിസഹകരണപ്രസ്ഥാനത്തിന്റെ ബാലപാഠങ്ങൾ അഭ്യസിച്ചത് തോറെയുടെ തത്വശാസ്ത്രപാഠശാലയിൽ നിന്നുമായിരുന്നു.

**നവോത്ഥാനപ്രസ്ഥാനത്തിന്റെ സ്വാധീനം**

ശ്രീരാമകൃഷ്ണനും സ്വാമിവിവേകാനന്ദനും ഗാന്ധിജിയിൽ ശക്തമായ സ്വാധീനം ചെലുത്തുകയുണ്ടായി. ഭാരതീയദർശനങ്ങളുടെ അഗാധതലങ്ങളിൽ മുങ്ങിതപ്പുന്നതിന് അദ്ദേഹത്തിന് പ്രേരണ നൽകിയത് സ്വാമി വിവേകാനന്ദന്റെ പ്രസംഗങ്ങളായിരുന്നു. ഇന്ത്യയുടെ ആഭ്യന്തര വിഭവങ്ങളുടെയും സമ്പത്തിന്റെയും ശരിയായ വിനിയോഗം സംബന്ധിച്ച പാഠങ്ങൾ ഗാന്ധിജി ഉൾക്കൊണ്ടത് നവോത്ഥാനപ്രസ്ഥാനത്തിൽ നിന്നായിരുന്നു. നവോത്ഥാനനായകൻമാരിൽ നിന്നും ആവേശമുൾക്കൊണ്ട് ദാരിദ്ര്യം, അന്ധവിശ്വാസങ്ങൾ, നിരക്ഷരത, ശൈശവവിവാഹം, അസമത്വം എന്നിവ തുടച്ചുനീക്കുന്നതിന് ഗാന്ധിജി നിരവധി ബൃഹദ്പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. പാശ്ചാത്യഅധിനിവേശവ്യവസ്ഥകളായ മുതലാളിത്തത്തെയും കമ്യൂണിസത്തെയും അദ്ദേഹം അംഗീകരിച്ചില്ല. മുതലാളിത്തത്തിനും കമ്യൂണിസത്തിനും ബദലായി ഗാന്ധിജി ആവിഷ്കരിച്ചതായിരുന്നു സർവോദയവും ട്രസ്റ്റിഷിപ്പും, ഗ്രാമസ്വരാജും. എല്ലാ മാറ്റങ്ങളും പരിഷ്കരണങ്ങളും അഹിംസയിലൂടെ ആയിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ഗാന്ധിജി സ്വാതന്ത്ര്യസമരകാലത്ത് സ്വയംഭരണത്തിനും ആഭ്യന്തരഉൽപ്പാദനത്തിനും മുൻഗണന നൽകുകയും വിദേശഭരണത്തെ എതിർക്കുകയും വിദേശഉൽപ്പന്നങ്ങളെ ബഹിഷ്ക്കരിക്കാൻ ആഹ്വാനം നൽകുകയും ചെയ്തു.

**ഗാന്ധിജി ഒരു മഹത്തായ ആശയം**

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ഗാന്ധിജിയുടെ ആശയങ്ങൾ പ്രായോഗികരൂപം പ്രാപിച്ചു. അത് എല്ലാത്തരം ചൂഷണങ്ങൾക്കും അനീതിക്കും എതിരായി പോരാടുന്നതിനു പറ്റിയ ശക്തമായ ആയുധമായി. വിദേശഭരണത്തിനെതിരെ പോരാടി സ്വാതന്ത്ര്യം നേടുന്നതിന് അത് മാർഗദീപമായി. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയസ്വാതന്ത്ര്യസമരം ഭാരതത്തെ സ്വതന്ത്രയാക്കി. അഹിംസയിലൂടെയാണ് അതിശക്തമായിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തെ ഗാന്ധിജി പരാജയപ്പെടുത്തിയത്. സത്യത്തിലും അഹിംസയിലും അടിയുറച്ച ഇത്തരം ഒരു സ്വാതന്ത്ര്യസമരം ലോകചരിത്രത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ഗാന്ധിജിയുടെ സത്യഗ്രഹസമരത്തിന്റെ പ്രത്യയശാസ്ത്രം ലോകത്തെമ്പാടുമുള്ള മർദിതജനകോടികളുടെ ആശയും ആവേശവുമായി. ഗാന്ധിജിയുടെ അഹിംസാത്മകസമരമാതൃക സ്വീകരിച്ചുകൊണ്ടാണ്

ഘാനായിൽ ക്വാമിനെ ക്രൂമയും നൈജീരിയായിൽ നമാഡി അസിക്കിവേയും സ്വാതന്ത്ര്യസമരം നയിച്ചത്. 1950 കളിലും 1960 കളിലും മാർട്ടിൻ ലൂതർകിങ്ങിന്റെ നേതൃത്വത്തിൽ വർണവിവേചനത്തിനെതിരായി അമേരിക്കയിൽ നടന്ന പൗരാവകാശങ്ങൾക്ക് വേണ്ടിയുള്ള സമരങ്ങൾ ഗാന്ധിമാർഗത്തിലായിരുന്നു. 1989 ൽ പോളണ്ടിലും ചെക്കോസ്ലോവിയാക്യയിലും 1991 ൽ കിഴക്കൻ ജർമനി, സോവിയറ്റ് യൂണിയൻ, എസ്തോണിയ, ലത്വിയ, ലിത്വാനിയ, റുമേനിയ എന്നിവിടങ്ങളിലും കമ്യൂണിസ്റ്റ് സർവാധിപത്യഭരണം അവസാനിപ്പിച്ചത് ഗാന്ധിയൻ സമരമാതൃകയിലായിരുന്നു. 1989 ൽ ബെയിജിങ്ങിലെ തിയാനമൻ ചതുരത്തിലും, മുന്നോറോളം ചൈനയിലെ നഗരങ്ങളിലും ഭരണാധികാരികളുടെ അടിച്ചമർത്തലുകൾക്കും അഴിമതിക്കും എതിരായി നടന്ന പ്രതിഷേധസമരങ്ങൾ ഗാന്ധിയൻ അഹിംസാത്മക സമരങ്ങളായിരുന്നു. ജയിലിൽ കഴിയുന്ന ഈ വർഷത്തെ സമാധാനത്തിനുള്ള നോബേൽ സമ്മാനജേതാവായ ലിയുസിയാവോബോയുടെ നേതൃത്വത്തിൽ ചൈനയിൽ ഇപ്പോൾ അരങ്ങേറിക്കൊണ്ടിരിക്കുന്ന സമരങ്ങളും ഗാന്ധിയൻ ദർശനങ്ങളാൽ പ്രചോദിതമാണ്. ഗാന്ധിമാർഗത്തെ പിൻതുടർന്നാണ് നെൽസൺ മണ്ടേല ദക്ഷിണാഫ്രിക്കയിൽ വർണവിവേചനത്തെ പരാജയപ്പെടുത്തിയത്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ ഫിലിപ്പെൻസ്, തായ്‌ലന്റ്, കോസോവോ എന്നിവിടങ്ങളിലും 2000 ൽ സെർബിയായിലും 2003 ൽ ജോർജിയായിലും 2004 ഉക്രയിനിലും സേച്ഛാധിപത്യഭരണകൂടങ്ങൾക്കെതിരായി നടന്ന അക്രമരാഹിത്യസമരങ്ങൾ വിജയപര്യവസായികളായിരുന്നു. ഏകാധിപത്യഭരണകൂടങ്ങളെ തകർക്കാനും, ജനാധിപത്യവ്യവസ്ഥകളുടെ അട്ടിമറിതടയാനും, വിദേശാധിപത്യവും വിദേശാക്രമണവും ഉപരോധിക്കാനും, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനും, സാമൂഹികവും സാമ്പത്തികവുമായ അനീതികൾ ഇല്ലാതാകുവാനും, പ്രാദേശികജനവിഭാഗങ്ങളുടെ സംസ്കാരവും ജീവിതവും സംരക്ഷിക്കുവാനും ഇന്ന് മാനവരാശിയുടെ പക്കലുള്ള ഏറ്റവും ശക്തമായ ആയുധങ്ങളാണ് ഗാന്ധിജിയുടെ സത്യഗ്രഹസമരവും സമാധാനപരമായ ചെറുത്തുനിൽപ്പുസമരങ്ങളും, നിയമനിഷേധസമരങ്ങളും. കഴിഞ്ഞ ദശകങ്ങളിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടന്നിട്ടുള്ള വിമോചന സമരങ്ങളുടെ ചരിത്രം പരിശോധിച്ചാൽ സായുധസമരങ്ങൾ പരാജയപ്പെട്ടതായും സമാധാനപരമായ അഹിംസാസമരങ്ങൾ വിജയിച്ചതായും നമുക്ക് കാണാൻ കഴിയും. സായുധവിമോചനസമരം പരാജയപ്പെട്ടതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ശ്രീലങ്കയിലെ എൽ.ടി.ടിയുടെ പതനം.

നമ്മൾ നമ്മുടെ ബാപ്പുവിനെ വെടിവെച്ചുകൊന്നു. ഗാന്ധിജി രക്തസാക്ഷിത്വം വരിച്ചിട്ട് 64 വർഷം കഴിഞ്ഞു. ഗാന്ധിജി മരിച്ചെങ്കിലും അദ്ദേഹത്തിന്റെ ദർശനം അമരമാണ്. അത് സത്യമായി ഭവിച്ചിരിക്കുന്നു. എന്തു കൊണ്ടെന്നാൽ ഗാന്ധിജിയുടെ ആശയങ്ങൾ അദ്ദേഹത്തിന്റെ അന്തർദർശനങ്ങളായിരുന്നു; ആത്മാവിൽ നിന്നും (മനഃസാക്ഷിയിൽ)

ഉയർന്നുവന്നതായിരുന്നു. നമ്മുടെ രാജ്യത്തിന്റെ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായ പുനഃസൃഷ്ടിക്ക് അനുയോജ്യമായ സർഗാത്മകവിപ്ലവദർശനമാണ് അത്. സ്വാതന്ത്ര്യത്തിലും, ജനാധിപത്യത്തിലും, അഹിംസയിലും അടിയുറച്ച ഒരു സമൂഹത്തെയാണ് ഗാന്ധിജി സ്വപ്നം കണ്ടത്. അവിടെ അക്രമങ്ങൾക്കും, ചൂഷണത്തിനും, വിവേചനങ്ങൾക്കും നിരക്ഷരതയ്ക്കും, ദാരിദ്ര്യത്തിനും, വിശപ്പിനും യാതൊരു സ്ഥാനവുമില്ല.

ഗാന്ധിജിയുടെ ദർശനം സാർവലൗകികമാണ്. അത് ഇന്ത്യാക്കാർക്കു വേണ്ടി ഉള്ളതല്ല, ലോകജനതയ്ക്ക് വേണ്ടിയുള്ളതാണ്. അത് സത്യവും അഹിംസയും അനാസക്തിയും ഉയർത്തിപിടിക്കുന്നു. സത്യത്തിന്റെയും അഹിംസയുടെയും, ലോകം കണ്ട ഏറ്റവും ശക്തനായ വക്താവും പ്രയോക്താവും ഗാന്ധിജിയാണ്. മാനവികതയ്ക്കും, സ്നേഹത്തിനും, ക്ഷേമത്തിനുമാണ് ഗാന്ധിജിയുടെ ദർശനം നിലകൊള്ളുന്നത്. സാമൂഹ്യരാഷ്ട്രീയസാംസ്കാരികരംഗങ്ങളിലെ മഹാന്മാരായ ചിന്തകരിൽ മഹാനായിരുന്നു മഹാത്മജി. ഇന്ത്യയിൽ മാത്രമല്ല ലോകം മുഴുവൻ ഗാന്ധിജിയെ സ്മരിച്ചുകൊണ്ടിരിക്കുന്നു. പരിശുദ്ധ ജീവിതം നയിച്ച ഗാന്ധിജി ഇന്ത്യാക്കാരുടെ മാത്രമല്ല ലോകജനതയുടെ തന്നെ മഹാത്മാവാണ്. സത്യത്തിന്റെയും ധർമത്തിന്റെയും നന്മയുടെയും വെളിച്ചത്തിലേക്ക് അദ്ദേഹം നമ്മെ നയിക്കുന്നു. അദ്ദേഹത്തിന്റെ നാമം ലോകമുള്ളിടത്തോളം വാഴ്ത്തപ്പെടും.

## അഞ്ച്

# ശാസ്ത്രീയമായ ചിന്തകൾ

ആധുനികശാസ്ത്രതത്വചിന്തയുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ ഗാന്ധിജിയുടെ ചിന്തകൾ തികച്ചും ശാസ്ത്രീയമാണ്. അദ്ദേഹത്തിന്റെ ചിന്തകളൊന്നും കേവലവൽക്കരിക്കപ്പെട്ടതല്ല. ഗാന്ധിജി ഒരു സിദ്ധാന്തവാദിയായിരുന്നില്ല. വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള പദമാണ് 'ശാസ്ത്രം'. ശാസ്ത്രമെന്നാൽ കേവല സത്യമാണെന്നാണ് പലരും തെറ്റിദ്ധരിക്കുന്നു. ഏതു പദത്തിനുമുന്നിലും ശാസ്ത്രീയമെന്നു ചേർത്താൽ അതുൾക്കൊള്ളുന്ന പ്രവർത്തനമേഖല അല്ലെങ്കിൽ ശൈലി സർവാദരണീയമായി മാറുന്നതു കാണാം. അടുത്ത കാലംവരെ ശാസ്ത്ര പരീക്ഷണങ്ങളിലൂടെ രൂപം കൊള്ളുന്ന നിയമങ്ങളെ ആത്യന്തിക സത്യമായിട്ടാണ് ശാസ്ത്രം കരുതിയത്. ഉദാഹരണം ന്യൂട്ടന്റെ നിയമങ്ങൾതന്നെ. അവ മാറ്റമില്ലാത്തതാണെന്നായിരുന്നു വിശ്വാസം. എന്നാൽ ശാസ്ത്രമെന്ന പദത്തിന് അത്തരമൊരു അപ്രമാദിത്വം ആധുനിക ശാസ്ത്രം കൽപ്പിച്ചു നൽകിയിട്ടില്ല. ശാസ്ത്രീയം എന്ന പദത്തിന് പത്തൊൻപതാം നൂറ്റാണ്ടിൽ ഉണ്ടായിരുന്ന അർഥമല്ല ഇന്നുള്ളത്. ആപേക്ഷികതാസിദ്ധാന്തവും ക്വാണ്ടം ഭൗതികവും ശാസ്ത്രസിദ്ധാന്തങ്ങളെ സത്യവൽകരിക്കുന്നത് തെറ്റാണെന്ന് തെളിയിച്ചു.

ശാസ്ത്രസിദ്ധാന്തങ്ങളെ കേവലവൽക്കരിക്കുന്ന ശ്രമം ആദ്യമായി നടത്തിയത് പതിനേഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബ്രിട്ടീഷ് തത്വചിന്തകനായിരുന്ന ഫ്രാൻസിസ് ബേക്കണായിരുന്നു. ഒരു ശാസ്ത്രജ്ഞൻ എങ്ങനെ പ്രകൃതിനിയമങ്ങളെ കണ്ടെത്തുകയും പരിശോധിക്കുകയും ചെയ്യണമെന്ന് അദ്ദേഹം വിശദീകരിച്ചു. ബേക്കൺ മുന്നോട്ടുവെച്ച പദ്ധതിയനുസരിച്ച് നിരീക്ഷണങ്ങൾ നൽകുന്ന ദത്തങ്ങളിൽ (Data) നിന്ന് ശാസ്ത്രജ്ഞൻമാർ ഒരു സാമാന്യസങ്കൽപ്പനം രൂപീകരിക്കുന്നു. അവ ഒരു നിയമം പോലെ ചിട്ടപ്പെടുത്തി വിശദീകരിക്കുന്നു. ഇത്രയുമായിക്കഴിഞ്ഞാൽ അതൊരു ശാസ്ത്രീയപ്രസ്താവനയായി. പിന്നെ അതു

കാണുന്ന ആർക്കും അതിന്റെ സത്യാത്മകത പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്. അങ്ങനെ, നിലവിലുള്ള ശാസ്ത്രജ്ഞാനത്തിലേക്ക് കൂട്ടിച്ചേർക്കപ്പെടുന്ന പുതിയ അറിവ് തൊട്ടുമുൻപുള്ള നിരീക്ഷണത്തിനെതിരാണെങ്കിൽ അവ തിരസ്ക്കരിക്കപ്പെടുകയും പുതിയത് സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിൽ നിരീക്ഷണങ്ങളിൽ നിന്ന് ഒരു സവിശേഷനിയമം രൂപീകരിക്കുകയും അതിനെ വരാനിരിക്കുന്ന മുഴുവൻ സാധ്യതകൾക്കും മേൽ ആരോപിക്കുകയും ചെയ്യുന്നതിനെയാണ് ബേക്കോണിയൻ ആഗമനാത്മകരീതി (inductive method) എന്നു വിളിക്കുന്നത്. ഇതേ കാലത്തുതന്നെയാണ് ഫ്രഞ്ച് ഗണിത ശാസ്ത്രജ്ഞനും തത്വചിന്തകനുമായിരുന്ന റെനെ ദെക്കാർത്തേ ഗണിതശാസ്ത്രത്തിലധിഷ്ഠിതമായ ന്യായ ശാസ്ത്രം (mathematical logic) അവതരിപ്പിച്ചത്. ഇത് മറ്റൊരു ശാസ്ത്രാന്വേഷണരീതിയായിരുന്നു. ദെക്കാർത്തേ ശാസ്ത്രസിദ്ധാന്തങ്ങളുടെ കൃത്യതയിലും നിശ്ചിതത്വത്തിലും വിശ്വാസമർപ്പിച്ചു. അദ്ദേഹം എഴുതി: 'എല്ലാ ശാസ്ത്രവും കൃത്യതയും നിശ്ചിതത്വവും ഉള്ളവയാണ്. അത് വ്യക്തവും തെളിവുള്ളതുമായ ജ്ഞാനമാണ്. പൂർണമായി അറിയാൻ കഴിയുന്നതും സംശയരഹിതവുമാണ്.' ഐസക്ന്യൂട്ടൺ ആഗമനാത്മകരീതിയെയും ഗണിതന്യായവാദത്തെയും പിന്നിട് സമന്വയിപ്പിച്ചു. ഈ ശാസ്ത്രീയാന്വേഷണരീതിയാണ് യൂറോപ്പ് കേന്ദ്രമാക്കി വികസിച്ച ശാസ്ത്രഗവേഷണങ്ങൾക്കും കണ്ടുപിടിത്തങ്ങൾക്കും അടിത്തറയായത്. അതനുസരിച്ച് പല ആവർത്തി പരീക്ഷിക്കുമ്പോൾ ഒരേ ഫലം തന്നെ കിട്ടുന്നുവെങ്കിൽ പ്രസ്തുതസിദ്ധാന്തത്തിന് നിയമം (theory) എന്ന പദവി നൽകുന്നു. ഇത്തരം ശാസ്ത്രീയപരീക്ഷണങ്ങളിലൂടെ ഉടലെടുക്കുന്ന നിയമങ്ങളെ ആത്യന്തിക സത്യമായിട്ടാണ് (absolute truth) ക്ലാസിക്കൽ ഭൗതികം കണ്ടത്. ശാസ്ത്രമെന്ന പദത്തിന്റെ അപ്രമാദിത്വത്തെ ചോദ്യം ചെയ്യാൻ ആരും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം വരെ ധൈര്യപ്പെട്ടില്ല.

ഇരുപതാം നൂറ്റാണ്ടായപ്പോഴേക്കും ശാസ്ത്രത്തിന്റെ അപ്രമാദിത്വത്തെ ചില ചിന്തകന്മാർ ചോദ്യം ചെയ്യാൻ തുടങ്ങി. ഇതിൽ പ്രമുഖൻ ഓസ്ട്രിയൻ തത്വചിന്തകനും ശാസ്ത്രജ്ഞനുമായിരുന്ന കാൾ റെയ്മണ്ട്പൊപ്പർ (Karl Raimund Popper) ആയിരുന്നു. ശാസ്ത്ര നിയമങ്ങൾ മാറ്റമില്ലാത്തതാണെന്ന് വിശ്വസിക്കരുതെന്ന് അദ്ദേഹം പറഞ്ഞു. ശാസ്ത്രീയമെന്നാൽ തെറ്റുപറ്റാത്തത് എന്ന ദൃഢവിശ്വാസത്തെ കാൾ പൊപ്പർ തിരുത്തിക്കുറിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരുകാര്യം ശാസ്ത്രീയമായിരിക്കുന്നുവെന്ന് പറഞ്ഞാൽ അതിന്റെ അർഥം അത് ഏതു നിമിഷവും തെറ്റാണെന്ന് സ്ഥാപിക്കപ്പെടാൻ ഇടയുണ്ടെന്നതാണ്. സുദീർഘമായ കാലയളവുകളിൽപോലും തെറ്റാണെന്ന തെളിയിക്കപ്പെടാത്ത വ്യവസ്ഥാപിത നിയമങ്ങൾപോലും നിരപേക്ഷസത്യമാകില്ല. ശാസ്ത്രത്തിന്റെ (Science) അപ്രമാദിത്വം ഒരു പഴംകഥമാത്രമാണെന്ന് പൊപ്പർ സമർഥിച്ചു. ഇതിനെ അസത്യവൽക്കരണസിദ്ധാന്തം (Falsifi-

cation Theory) എന്നാണ് പൊപ്പർ വിളിച്ചത്. ഒരു സിദ്ധാന്തത്തിന്റെ അംഗീകാരം കേവലം താൽക്കാലികമാണ്. ഒരു സിദ്ധാന്തം മുൻപ് എത്ര തവണ പരീക്ഷണങ്ങളെ അതിജീവിച്ചിട്ടുണ്ടാവാമെങ്കിലും അത് ഇനി ഏതുകാലഘട്ടത്തിലും തെറ്റാണെന്ന് തെളിയിക്കപ്പെടാം. അതിന് കേവലം ഒരു പരീക്ഷണത്തിന്റെ പരാജയം മതിയാകും. മറിച്ച് ആയിരം തവണ വിജയിച്ചാലും ഒരു സിദ്ധാന്തം കേവലമാണെന്ന് വിശ്വസിക്കാനാവില്ല. പരീക്ഷണങ്ങളിലൂടെ ഒരു സിദ്ധാന്തത്തെ സ്ഥിരീകരിക്കാൻ മാത്രമെ കഴിയു. അതിനെ സത്യവൽക്കരിക്കാൻ സാധ്യമല്ല. തെറ്റാണെന്ന് തെളിയിക്കാൻ സാധ്യതയുള്ളതിനുമാത്രമെ ശാസ്ത്രീയതയുടെ പദവിക്ക് അർഹതയുള്ളു. ശാസ്ത്രത്തിന്റെ രീതിശാസ്ത്രത്തിലെ മുന്നോട്ടുള്ള ഒരു ചുവടുവെയ്പ്പാണ് അസത്യവൽക്കരണ സിദ്ധാന്തമെന്ന് ഐൻസ്റ്റിൻ പറഞ്ഞു. ശാസ്ത്രീയാന്വേഷണത്തിന്റെ പൊപ്പറുടെ നിലപാടുമായി സ്റ്റീഫൻ ഹോക്കിങ്ങും യോജിക്കുന്നു. കാലത്തിന്റെ ഒരു സംക്ഷിപ്തചരിത്രം '(A Brief History of Time) എന്ന വളരെ പ്രചാരം നേടിയ തന്റെ ഗ്രന്ഥത്തിൽ ഹോക്കിങ് ഈ കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതി: 'ഏതൊരു ഭൗതിക സിദ്ധാന്തവും എപ്പോഴും താൽക്കാലികമാണ്. അതായത് ഒരു സങ്കൽപ്പനം മാത്രമാണ്, നിങ്ങൾക്ക് അത് ഒരിക്കലും തെളിയിക്കാനാവില്ല. പരീക്ഷണങ്ങൾ എത്രതന്നെ തവണ ഒരു സിദ്ധാന്തവുമായി യോജിച്ചാലും ശരി, അത് അടുത്ത തവണ സിദ്ധാന്തവുമായി വിയോജിക്കില്ലെന്ന് നിങ്ങൾക്ക് ഒരിക്കലും ഉറപ്പിച്ചുപറയാനാകില്ല. പ്രവചനവുമായി വിയോജിക്കുന്ന ഒറ്റ നിരീക്ഷണം കൊണ്ട് നിങ്ങൾക്ക് ഒരു സിദ്ധാന്തം, പക്ഷെ, തെറ്റാണെന്ന് തെളിയിക്കാൻ കഴിയും. ഒരു നല്ല സിദ്ധാന്തത്തിന്റെ ലക്ഷണം അതു തത്വത്തിൽ നിരീക്ഷണങ്ങളിലൂടെ ശരിയെന്നോ തെറ്റെന്നോ തെളിയിക്കാവുന്ന നിരവധി പ്രവചനങ്ങൾ നടത്തുന്നു എന്നതാണെന്ന് ശാസ്ത്രദാർശനികനായ കാൾ പൊപ്പർ ഊന്നിപ്പറഞ്ഞിട്ടുണ്ട്. പുതിയ പരീക്ഷണഫലങ്ങൾ പ്രവചനങ്ങളുമായി ഓരോതവണ യോജിക്കുമ്പോഴും സിദ്ധാന്തം അതിജീവിക്കുന്നു. നമുക്ക് അതിലുള്ള വിശ്വാസം വർധിക്കുന്നു. പക്ഷെ ഒരിക്കലെങ്കിലും പുതിയ നിരീക്ഷണം വിയോജിക്കുകയാണെങ്കിൽ സിദ്ധാന്തം നാം ഉപേക്ഷിക്കുകയോ തിരുത്തുകയോ വേണ്ടിവരുന്നു."

പ്രായോഗികമായി മിക്കവാറും പഴയ സിദ്ധാന്തത്തിന്റെ വിപുലീകരണമായി പുതിയ സിദ്ധാന്തം ഉടലെടുക്കുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് ബുധൻ എന്ന ഗ്രഹത്തെ സൂക്ഷ്മമായി നിരീക്ഷിച്ചപ്പോൾ അതിന്റെ ചലനം ന്യൂട്ടന്റെ സിദ്ധാന്തം പ്രവചിക്കുന്നതിൽ നിന്നും അൽപ്പം വ്യത്യസ്തമാണെന്ന് കണ്ടു. എന്നാൽ അതിന്റെ ചലനം ഐൻസ്റ്റിന്റെ പ്രവചനങ്ങൾക്കനുസരിച്ചാണെന്ന് വ്യക്തമായി. ഇത് ഐൻസ്റ്റിന്റെ സിദ്ധാന്തത്തിന് ഏറ്റവും നല്ല സ്ഥിരീകരണം നൽകി. 1887-ൽ മൈക്കൽസനും മോർലിയും ചേർന്ന് നടത്തിയ ഐതിഹാസികമായ പരീക്ഷണം ന്യൂട്ടന്റെ നിയമങ്ങളെയാകെ തകിടം മറിച്ചു. പ്രകാ

32-2012 5

ശത്തിന്റെ പ്രവേഗം അതിന്റെ സ്രോതസും നിരീക്ഷകനും തമ്മിലുള്ള ആപേക്ഷിക പ്രവേഗവുമായി ബന്ധപ്പെട്ടിരിക്കുന്നില്ലെന്നതാണ് ഈ പരീക്ഷണം തെളിയിച്ചത്. അതായത് പ്രകാശപ്രവേഗം ഒരു സ്ഥിരാങ്കമാണെന്ന് തെളിയിക്കപ്പെട്ടു. ഇത് ന്യൂട്ടോണിയൻ ബലതന്ത്രനിയമങ്ങൾക്ക് വിരുദ്ധമായിരുന്നു. ഈ ഒറ്റ കാരണം കൊണ്ടുതന്നെ നിലവിലുണ്ടായിരുന്ന ബലതന്ത്ര നിയമങ്ങളാകെ പൊളിച്ചെഴുതാൻ നിർബന്ധിതമായി. ഐൻസ്റ്റിൻ ഈഥർ സങ്കൽപ്പം തിരുത്തി പ്രകാശം കണവുമാണ്, തരംഗവുമാണെന്ന് വ്യക്തമാക്കി. ഇന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള ആപേക്ഷികതാസിദ്ധാന്തവും, ക്വാണ്ടം സിദ്ധാന്തവും ഭാവിയിൽ തെറ്റാണെന്ന് തെളിയിക്കപ്പെടാനുള്ള സാധ്യതയും നിഷേധിക്കാനാവില്ല. ഓരോ പുതിയ സിദ്ധാന്തവും പഴയ സിദ്ധാന്തങ്ങളെ മെച്ചപ്പെടുത്തുന്നതാണ്. ഓരോ പുതിയ സിദ്ധാന്തവും പ്രകൃതിരഹസ്യങ്ങളുടെ അടുത്തേക്ക് നമ്മെ കൊണ്ടെത്തിക്കുന്നു. ശാസ്ത്രസിദ്ധാന്തങ്ങൾ മാത്രമല്ല എല്ലാ പരീക്ഷണങ്ങളും ഏകദേശനം (approximation) മാത്രമാണെന്നാണ് ആധുനികശാസ്ത്ര ചിന്ത. ഒരു പ്രതിഭാസത്തിന്റെ വിശദീകരണത്തിനായി ശാസ്ത്രജ്ഞന്മാർ കെട്ടിച്ചമക്കുന്ന വിശദീകരണങ്ങളിൽ പലതും പിന്നീട് പരിശോധനയിൽ അസത്യവൽക്കരിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്യുന്നു. പരിശോധനകളിൽ ഒന്നൊന്നായി അതിജീവിക്കുന്ന വിശദീകരണങ്ങൾ കൂടുതൽ സാർവത്രികമായി അംഗീകരിക്കപ്പെടുന്നു. ഒരർഥത്തിൽ ഭൗതികശാസ്ത്രം ഇത്തരം കെട്ടിച്ചമക്കപ്പെടുന്ന വിശദീകരണങ്ങളുടെയും നിരാസത്തിന്റെയും പരമ്പരയാണ്. എല്ലാ പരീക്ഷണങ്ങളെയും അതിജീവിക്കുന്ന ഒരിക്കലും നിരസിക്കപ്പെടാത്ത അത്യന്തം സാർവത്രികമായ ഒരു സിദ്ധാന്തം ഇല്ലെന്നുള്ളതാണ് സത്യം.

ഭൗതികശാസ്ത്രങ്ങളിൽ മാത്രമല്ല തത്വശാസ്ത്രത്തിലും ഒരു സിദ്ധാന്തവും കുറ്റമറ്റതായും പുരോഗമനപരമായും തുടരുകയില്ല. കാരണം സിദ്ധാന്തങ്ങളെല്ലാം തന്നെ അടഞ്ഞ വ്യവസ്ഥകളാകുന്നു.മനുഷ്യന്റെ വിജ്ഞാനമണ്ഡലം വികസിക്കുമ്പോൾ അനുഭവമേഖല വിശാലമാകുമ്പോൾ പരിപൂർണസത്യമെന്ന് അവൻ കരുതിയിരുന്ന പലതും അങ്ങനെയല്ലെന്ന് അവന് ബോധ്യപ്പെടും. തികച്ചും ശരിയെന്ന് കരുതപ്പെട്ടിരുന്ന വസ്തുതകൾ ഒട്ടും ശരിയല്ലെന്ന് ചിലപ്പോൾ അംഗീകരിക്കേണ്ടിവരും. തുറന്ന മനസ്സുള്ള ചിന്തകൻമാർക്ക് സിദ്ധാന്തഭ്രാന്തന്മാരാകാൻ കഴിയില്ല. മാറ്റത്തിനനുസരിച്ച് മാറാത്തവർ ശാസ്ത്രത്തിലായാലും തത്വചിന്തയിലായാലും മൗലികവാദികളായി തുടരും. സിദ്ധാന്തമൗലികത എല്ലാ ശാസ്ത്രങ്ങൾക്കും എതിരാണ്. സിദ്ധാന്തങ്ങൾ എന്നന്നേക്കും ശരിയായിരിക്കണമെന്ന് ശഠിക്കുന്നത് ശാസ്ത്രീയമല്ലെന്നർഥം.

ഗാന്ധിജിയുടെ ചിന്തകൾ തികച്ചും ശാസ്ത്രീയമായിരുന്നു. ഗാന്ധിജി ആദ്യമായും അവസാനമായും സത്യാന്വേഷകനായിരുന്നു. സത്യത്തിൽനിന്നും സത്യത്തിലേക്കുള്ള തീർഥയാത്രയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഗാന്ധിജിക്ക് സത്യം ഉൺമയാണ്. (being); അതാണ്

പരമമായ സത്യം. ആദ്യകാലത്ത് ദൈവമാണ് സത്യം എന്നുപറഞ്ഞ ഗാന്ധിജി പിന്നീട് സത്യമാണ് ദൈവമെന്ന് പറഞ്ഞു. സത്യത്തിന് അതിർവരമ്പുകളില്ല. അതുകൊണ്ടുതന്നെ സത്യാന്വേഷണവും സങ്കുചിതത്വവും ഒന്നിച്ചുപോവുകയില്ല. വിശാലമായ മനസ്സിനെ സത്യത്തെ പൂർണമായി സ്വീകരിക്കാനാവു. പുറംതള്ളുകയല്ല ഉൾക്കൊള്ളുകയാണ് നിയമം. ഗാന്ധിജി പ്രപഞ്ചത്തെപറ്റിയോ മനുഷ്യനെപറ്റിയോ അടഞ്ഞ സിദ്ധാന്തങ്ങളൊന്നും അവതരിപ്പിക്കുകയുണ്ടായില്ല. ഒരു സിദ്ധാന്തവും ശാശ്വതസത്യമാകുകയില്ലെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. അദ്ദേഹത്തിന് അന്വേഷണം മാത്രമാണ് പ്രധാനം, അതുമാത്രമാണ് ശാസ്ത്രീയവും.അതുകൊണ്ടാണ് അദ്ദേഹം പറഞ്ഞത് ഞാൻ സത്യത്തിൽ നിന്നും സത്യത്തിലേക്ക് പുരോഗമിച്ചുകൊണ്ടിരിക്കയാണെന്ന്. ഈ സ്വയം ബോധ്യമാണ് ശാസ്ത്രത്തിന്റെ കാതൽ. ഗാന്ധിജിയുടെ ചിന്തകളെ അസാധാരണമായ വിധം ശാസ്ത്രീയമാക്കുന്നതും ഇതാണ്. ഗാന്ധിജിയെ വിപ്ലവകാരിയാക്കുന്നതും ഇതുതന്നെ. സത്യാന്വേഷണം നടത്തുന്നയാളാണ് ശാസ്ത്രജ്ഞൻ. അന്വേഷണം തുടരുന്നിടത്തോളം അയാൾ ശാസ്ത്രജ്ഞനാണ്. അന്വേഷണത്തിന്റെ ഫലം നിത്യസത്യമാണെന്ന് പ്രഖ്യാപിക്കുന്ന നിമിഷം അത് അശാസ്ത്രീയമായിത്തീരും. ഗാന്ധിജിയെ പറ്റി അറിയാൻ രണ്ട് സങ്കൽപ്പങ്ങളെപ്പറ്റി അറിഞ്ഞാൽ മതിയാകും. സത്യം, അന്വേഷണം എന്നിവയാണ് ഈ സങ്കൽപ്പങ്ങൾ. തന്റെ ആത്മകഥക്ക് ' സത്യാന്വേഷണപരീക്ഷണങ്ങൾ' എന്ന പേരിട്ടത് വെറുതെയല്ല. ജീവിതകാലം മുഴുവൻ അദ്ദേഹം സത്യത്തെത്തേടി. അറിഞ്ഞ സത്യങ്ങളെപ്പറ്റി ലോകത്തോടു പറഞ്ഞു. സാക്ഷാൽക്കരിക്കാനായ സത്യങ്ങളെ ജീവിതത്തിന്റെ- വ്യക്തി ജീവിതത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും - വിവിധ മേഖലകളിൽ പ്രയോഗിക്കാൻ ശ്രമിച്ചു. സത്യത്തെപറ്റി കൂടുതൽ അറിഞ്ഞപ്പോൾ ആദ്യം പറഞ്ഞത് മാറ്റിപറയാൻ മടിച്ചില്ല. അറിവിനൊത്ത് സങ്കൽപ്പങ്ങളെ മാറ്റി. ഗാന്ധിജി സിദ്ധാന്തവാദിയാകാതിരിക്കുവാൻ കാരണമിതായിരുന്നു. അദ്ദേഹത്തിന്റെ ശാസ്ത്രീയമനോഭാവത്തിനും വിപ്ലവചിന്തകൾക്കും നിദാനം മാറ്റം വരുത്താനുള്ള സന്നദ്ധതയായിരുന്നു. അതുകൊണ്ട് തന്നെയാണ് ഗാന്ധിജി ഒരു പ്രായോഗിക ആദർശവാദിയായത്.

എല്ലാ 'ഇസ' ങ്ങളും അശാസ്ത്രീയമാണ്. ഇസം അടഞ്ഞ ചിന്തയാണ്. ശാസ്ത്രം തുറന്ന ചിന്തയാണ്; തുടർ അന്വേഷണമാണ്. ചിന്തകൾ ചലനാത്മകമാണെങ്കിൽ പുതിയ ചിന്തകൾ രൂപം കൊള്ളും. അത് ചലനരഹിതമാണെങ്കിൽ പഴയതായിത്തീരുന്നു. 'ഇസം' ചലനമറ്റതാണ്. ഒഴുക്കില്ലാത്ത കുളത്തിലെ വെള്ളം പോലെ. ഇസത്തിൽ പുതിയചിന്തകൾ രൂപം കൊള്ളുന്നില്ല. ശാസ്ത്രചിന്തകൾ മാറിക്കൊണ്ടിരിക്കും. ഓരോ പുതിയ ചിന്തയും പഴയതിനേക്കാൾ മെച്ചപ്പെട്ടതായിരിക്കും. ഇസങ്ങളുടെ പരികൽപ്പനകൾക്ക് മാറ്റം വരുത്താൻ സാധ്യമല്ല. ഇസങ്ങൾ ലോകത്ത് അവതരിപ്പിച്ചിട്ടുള്ള വിശ്വാസപ്രമാണങ്ങൾ, ചരിത്രപരമായി ഒരു കാല

ഘട്ടത്തിൽ നിലനിന്ന ശേഷം അന്ധവും സങ്കുചിതവുമായ മൗലികവാദ മായി പരിണമിക്കുന്നു. ഇസങ്ങൾ സ്ഥാപനബദ്ധമാവുകയും അതിന്റെ അന്ത:സത്ത ചോർന്നുപോകുകയും ചെയ്യാറുണ്ട്. ഇസത്തിന് ഒരു ഉദാ ഹരണമാണ് മാർക്സിസം. പത്തൊൻപതാം നൂറ്റാണ്ടിൽ കാറൽമാർക്സ് തന്റെ വൈരുധ്യാത്മക ഭൗതികവാദത്തെ ശാസ്ത്രീയമെന്ന് വിശേഷി പ്പിച്ചുകൊണ്ടാണ് അവതരിപ്പിച്ചത്. എന്നാൽ അതൊരു ഇസമായി പരി ണമിച്ചു. കാരണം, വൈരുധ്യാത്മക ഭൗതികവാദമാണ് പ്രകൃതിയെ ഭരി ക്കുന്നതെന്നും അത് ശാശ്വതമാണെന്നും മാർക്സ് വിശ്വസിച്ചു. മാറ്റമി ല്ലാത്തതുമാറ്റം മാത്രമാണെന്നു പ്രഖ്യാപിച്ച മാർക്സ് തന്റെ സ്വന്തം സിദ്ധാന്തത്തെ ഒരു വൃത്തത്തിന്റെ പരിധിയിൽ തളച്ചിടാൻ ശ്രമിച്ചതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഒരു പടികൂടി കടന്ന് മാർക്സിസം സത്യവും അനശ്വരവുമാണെന്ന് ലെനിൻ പ്രഖ്യാപിച്ചതോടെ അതു പൂർണമായും ഒരു ഇസമായി. അതു ഒരു ദൃഢീകരിക്കപ്പെട്ട യാഥാസ്ഥിതിക വിശ്വാസപ്രമാണമായി മാറി. കമ്യൂണിസ്റ്റ്കാർ മാർക്സി സത്തെ ശാശ്വതസത്യമായി വിശ്വസിച്ചു. മാർക്സിസം ഒരു ഇസമായ തുകൊണ്ടാണ് അതിന്റെ രാഷ്ട്രീയവ്യവസ്ഥയായ കമ്യൂണിസം സോവി യറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്പിലും തകർന്നതും മറ്റ് രാജ്യങ്ങ ളിൽ പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്നതും. ഒന്നര നൂറ്റാണ്ടിന് മുമ്പ് യൂറോ പ്പിൽ നിലനിന്നിരുന്ന തത്വശാസ്ത്രത്തിന്റെയും ഭൗതികശാസ്ത്രസിദ്ധാ ന്തങ്ങളുടെയും പശ്ചാത്തലത്തിൽ ആവിഷ്ക്കരിക്കപ്പെട്ട മാർക്സിസം ഇന്നും പൂർണമായി ശരിയാണെന്നു പറയുന്നത് തികച്ചും അശാസ്ത്രീ യവും അയുക്തികവുമാണ്.

സങ്കുചിതമോ സാങ്കേതികമോ ആയ അർഥത്തിൽ ഗാന്ധിസം എന്നൊന്നില്ല എന്ന് ഗാന്ധിജി പറയുകയുണ്ടായിട്ടുണ്ട്. 1936 ൽ ഗാന്ധി ജിയുടെ ഏതാനും സഹപ്രവർത്തകർ 'ഗാന്ധിസേവാസംഘം' എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കുവാൻ ശ്രമിച്ച അവസരത്തിൽ ഗാന്ധിജി എഴുതി: 'ഗാന്ധിസം എന്ന ഒന്നില്ല; എന്റെ കാലശേഷം ഏതെ ങ്കിലും 'വ്യവസ്ഥ' അവശേഷിപ്പിച്ചു പോകണമെന്ന് എനിക്ക് ആഗ്രഹമി ല്ല. ഏതെങ്കിലും പുതിയ തത്വത്തിനോ സിദ്ധാന്തത്തിനോ തുടക്കംകുറി ച്ചതായി ഞാൻ അവകാശപ്പെടുന്നില്ല. 'സത്യത്തെ' നമ്മുടെ നിത്യജീവി തത്തിലും പ്രശ്നങ്ങളിലും പ്രയോഗിച്ചുനോക്കുവാൻ മാത്രമെ, എന്റെ സ്വന്തം നിലയിൽ ഞാൻ ശ്രമിച്ചിട്ടുള്ളു. അതിനാൽ മനുസ്മൃതിപോലെ ഏതെങ്കിലും 'സ്മൃതി' ഭാവി തലമുറക്കുവേണ്ടി ഞാൻ വിട്ടുപോകുക യെന്ന പ്രശ്നമില്ല. മഹാനായ സ്മൃതികാരനും എനിക്കും തമ്മിൽ ഒരു സാമ്യവും ഉണ്ടാകാൻ തരവുമില്ല. ഞാൻ രൂപീകരിച്ച അഭിപ്രായങ്ങളും എത്തിച്ചേർന്ന നിഗമനങ്ങളും പര്യന്തികങ്ങളല്ല; നാളെ അവയെ ഞാൻ മാറ്റിയേക്കാം. ലോകത്തെ പുതിയതായി പഠിപ്പിക്കാൻ ഒന്നും എന്റെ കൈവശമില്ല, പർവതങ്ങളെപോലെ പഴക്കമുള്ളവയാണ് സത്യവും അഹിംസയും. ഇവ രണ്ടിലും എനിക്ക് സാധ്യമായതുമായത്ര വ്യാപക

മായ തോതിൽ പരീക്ഷണങ്ങൾ നടത്തിനോക്കുകമാത്രമാണ് ഞാൻ ചെയ്തിട്ടുള്ളത്. അങ്ങനെ ചെയ്യുമ്പോൾ എനിക്ക് തെറ്റുകൾപറ്റിയിട്ടുണ്ട്. തെറ്റുകളിൽ നിന്നും ഞാൻ പഠിച്ചിട്ടുമുണ്ട്. ഈ വിധത്തിൽ, ജീവിതവും അതിന്റെ പ്രശ്നങ്ങളും എന്നെ സംബന്ധിച്ചിടത്തോളം സത്യത്തിന്റെയും അഹിംസയുടെയും പരീക്ഷണങ്ങൾ ആയിത്തീർന്നിരിക്കുന്നു. എന്റെ കാഴ്ചപ്പാടിനെ ഗാന്ധിസം എന്നു വിളിച്ചുകൂടാ, കാരണം ഇതിൽ 'ഇസം' ഇല്ല. ഇതിന് വ്യാപകമായ സാഹിത്യമോ പ്രചാരവേലയോ ആവശ്യമില്ല;

ഗാന്ധിജിയുടെ ചിന്തകൾ മാർക്സിസംപോലെയോ മറ്റിതരയിസങ്ങൾ പോലെയോ ഒരു ഇസമല്ല. ഗാന്ധിജി അങ്ങനെയൊരു അടഞ്ഞ സിദ്ധാന്തവ്യവസ്ഥ അവതരിപ്പിച്ചിട്ടില്ല. അതുകൊണ്ടാണ് ഗാന്ധിസം എന്നൊന്നില്ലെന്ന് അദ്ദേഹം പറഞ്ഞത്. ചില സനാതനമൂല്യങ്ങളുടെയും സങ്കൽപ്പങ്ങളുടെയും ഒരുചട്ടക്കൂടു നൽകുകമാത്രമാണ് ഗാന്ധിജി ചെയ്തത്. ആ മൂല്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിന് ഒരു മാർഗവും അദ്ദേഹം നിർദ്ദേശിച്ചു. 'ഇതാണ് സത്യം' എന്നോ ഇതാണ് 'ശാസ്ത്രീയം' എന്നോ ഗാന്ധിജി ഒരു സംവൃതവ്യവസ്ഥയെ ചൂണ്ടി പറഞ്ഞില്ല. നേരെ മറിച്ച് താൻ സത്യത്തിൽനിന്നും പുരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ശാസ്ത്രീയം എന്നാൽ യഥാർഥത്തിൽ ഈ മനോഭാവമാണ്, പരീക്ഷണങ്ങളാണ്, നിരന്തരമുള്ള പരീക്ഷണങ്ങളാണ്, ഒരു വ്യക്തിയെ ശാസ്ത്രകാരനാക്കുന്നത്. ഗാന്ധിജിയുടെ ചിന്തകൾ നിർജീവങ്ങളായ കുറെ സിദ്ധാന്തങ്ങളുടെ കൂമ്പാരമല്ല, ക്രമാനുഗതമായി ഉരുതിരിഞ്ഞുവന്നുകൊണ്ടിരിക്കുന്ന സത്യാംശങ്ങളുടെ ആപേക്ഷികസത്യങ്ങളുടെ ആകെ തുകയാണ്. ഇതായിരുന്നു ഗാന്ധിജിയുടെ ശാസ്ത്രത്തെക്കുറിച്ചുള്ള സങ്കൽപ്പം. ഈഅർഥത്തിലാണ് ഗാന്ധിജിയുടെ ചിന്തകൾ ശാസ്ത്രീയമാകുന്നതും.

## ആറ്

# ഗാന്ധിദർശനം ആധുനികവീക്ഷണം

ഇരുപതാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ ഗാന്ധിജി അവതരിപ്പിച്ച ആശയങ്ങളുടെ പ്രശസ്തി ആഗോളവ്യാപകമായിതന്നെ ഇന്ന് വർധിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം തന്റെ ആശയങ്ങൾ അവതരിപ്പിച്ച കാലത്ത് അതിനെ അനുകൂലിച്ചും പ്രതികൂലിച്ചും വിലയിരുത്തിയവരുണ്ട്. ആചാര്യകൃപലാനിയുടെ അഭിപ്രായത്തിൽ ഗാന്ധിജി ആധുനികനും ജനാധിപത്യവാദിയും സമത്വവാദിയുമായിരുന്നു. ഗാന്ധിജിയുടെ കാഴ്ചപ്പാടുകളെ അംഗീകരിച്ചവരായിരുന്നു ലിയോടോൾസ്റ്റോയിയും മഹാകവി രവീന്ദ്രനാഥടാഗോറും, മഹർഷി അരവിന്ദനും, വിനോബാ ഭാവയും, ജയപ്രകാശ്നാരായണനും, ഡോ.എസ്. രാധാകൃഷ്ണനും. ലോകപ്രശസ്തരായ റൊമയിൻ റോളണ്ടും ലൂയിഫിഷറും, ഐൻസ്റ്റിനും അൽഭുതത്തോടെയാണ് ഗാന്ധിജിയെന്ന പ്രതിഭാസത്തെവീക്ഷിച്ചത്. ഐൻസ്റ്റിൻ പറഞ്ഞു: ധാർമികാധപ്പതനത്തിന്റെതായ നമ്മുടെ കാലത്ത് ഇത്തരത്തിലൊരാൾ ഈ ഭൂമുഖത്ത് ജീവിച്ചിരുന്നുവെന്ന് വരും തലമുറകൾക്ക് വിശ്വസിക്കാൻ പ്രയാസമാണ്! മാർട്ടിൻ ലൂതർകിങ് ഗാന്ധിജിയുടെ സിദ്ധാന്തങ്ങൾ പ്രയോഗവുമായി പൊരുത്തപ്പെടുന്നതുകൊണ്ട് അവ ശാസ്ത്രീയവും പുരോഗമനപരവുമാണെന്ന് അഭിപ്രായപ്പെട്ടു. ഗാന്ധിജിയുടെ ചിന്തകളെ അംഗീകരിക്കുന്നവരാണ് ജീവിച്ചിരിക്കുന്ന ലോകനേതാക്കൻമാരായ നെൽസൺമണ്ടേല, ലേവലേസ, വാക്ലാവ്ഹാവേൽ, ആങ്സാൻ സൂക്കി, ഒബാമ, ലിയുസിയാവോബോ എന്നിവർ. ഗാന്ധിജി ജീവിച്ചിരുന്നപ്പോൾതന്നെയുള്ള വിമർശകരിൽ പ്രമുഖനായിരുന്നു എം.എൻ.റോയി. ഗാന്ധിനിന്ദ അദ്ദേഹത്തിന്റെ ജീവിതവ്രതമായിരുന്നു. റോയിയുടെ അഭിപ്രായത്തിൽ ഗാന്ധിജിയുടെ ദർശനം പഴഞ്ചനും, പിൻതിരിപ്പനും, അശാസ്ത്രീയവുമായിരുന്നു. കേരളത്തിൽ ഗാന്ധിജിയുടെ വിമർശകരിൽ ഏറ്റവും പ്രമുഖൻ ഇ.എം.എസ് നമ്പൂതിരിപ്പാടായിരുന്നു. ചരിത്രംതിരസ്ക്കരിച്ച 'ഗാന്ധിയും ഗാന്ധിസവും' എന്ന തന്റെ ആദ്യപുസ്തകത്തിൽ ഇ.എം.എസ് എഴുതി:

'മനുഷ്യസംസ്കാരത്തിലെ ആധുനികവും ശാസ്ത്രീയവും പുരോഗമനപരവുമായിട്ടുള്ള സർവത്തിനെയും അപഹസിക്കുന്ന ഒരാളാണ് ഗാന്ധി!. ഗാന്ധിദർശനം ശാസ്ത്രീയവും പുരോഗമനപരവുമാണോ? അതോ അശാസ്ത്രീയവും പിൻതിരിപ്പനുമാണോ?

അസ്തിത്വപ്രതിസന്ധിയിൽപ്പെട്ടിരിക്കുന്ന മനുഷ്യന് മോചനമരുളുന്നതാണ് ഗാന്ധിദർശനം. ഇത് ഇരുപത്തിഒന്നാംനൂറ്റാണ്ടിന് അനുയോജ്യമായ ദർശനമാണ്. ഗാന്ധിജിയുടെ ദർശനം കേവലം ധൈഷണികമല്ല. അത് സാധാരണയുക്തിയിൽ മാത്രം അധിഷ്ഠിതമല്ല. അത് നേരിട്ടുള്ള അനുഭവങ്ങളിൽനിന്നും ഉണ്ടായതാണ്. ഭാരതീയ ഋഷിപരമ്പരയിൽപ്പെട്ട ആളാണ് ഗാന്ധിജി. ഗാന്ധിദർശനത്തിൽ ദൈവവും പ്രകൃതിയും രണ്ട് വ്യതിരിക്തഉൺമകളല്ല. ഇതുതന്നെയാണ് ഭാരതീയന്റെ ആധ്യാത്മികതയും. ഗാന്ധിജി പറഞ്ഞു: 'ഈശ്വരനും പ്രപഞ്ചവും രണ്ടല്ല. എല്ലാ വസ്തുക്കളും ഈശ്വരന്റെ ആവാസകേന്ദ്രമാണ്. ഈശ്വരൻ എന്നത് ഈശ്വരസൃഷ്ടിയുടെ ആകെതുകയാണ്. അസ്തിത്വമുള്ളതെല്ലാം ഈശ്വരനാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഈശ്വരനല്ലാതെ മറ്റൊന്നിനും അസ്തിത്വമില്ല, ഉൺമയില്ല: മറ്റൊന്നുംതന്നെ 'സത്' അല്ല; സത്യമല്ല. ഈ സത്യത്തെ അന്വേഷിക്കുകയായിരുന്നു ഗാന്ധിജി. അദ്ദേഹം എഴുതി : 'എനിക്ക്ചുറ്റുമുള്ള എല്ലാംതന്നെ സദാമാറിക്കൊണ്ടിരിക്കുമ്പോൾ മരിച്ചുകൊണ്ടിരിക്കുമ്പോൾ ഈ മാറ്റങ്ങൾക്കെല്ലാം അടിസ്ഥാനമായി മാറ്റമില്ലാത്ത, എല്ലാറ്റിനെയും ഏകോപിപ്പിക്കുന്ന സൃഷ്ടിയും പ്രളയവും പുനഃസൃഷ്ടിയും നടത്തുന്ന ഒരു സജീവശക്തിയെ ഞാൻ അവ്യക്തമായി ദർശിക്കുന്നു. അത് സത്താണ്, ജ്യോതിസ്സാണ്, അമൃതമാണ്. അത് ചൈതന്യമാണ്, സത്യമാണ്, സ്നേഹമാണ്. അതിനെ ഈശ്വരനെന്ന് വിളിക്കാം! ദൈവത്തോടും മനുഷ്യനോടും പ്രകൃതിയോടും സമഞ്ജസമായ ബന്ധം പുലർത്തുന്ന ഒരു സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ വ്യവസ്ഥയാണ് ഗാന്ധിജി സ്വപ്നം കണ്ടത്.

വ്യവസായ വിപ്ലവത്തിന്റെ ഇരട്ടസന്തതികളായ മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും ശക്തനായ എതിരാളിയായിരുന്നു ഗാന്ധിജി. മുതലാളിത്തത്തെയും കമ്യൂണിസത്തെയും ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേക്ക് ജനങ്ങൾ വലിച്ചെറിയുമെന്ന് അദ്ദേഹം പ്രവചിച്ചിരുന്നു. സോവിയറ്റ് യൂണിയന്റെയും കിഴക്കൻയൂറോപ്പിലെയും കമ്യൂണിസ്റ്റ് സ്വേച്ഛാധിപത്യഭരണകൂടങ്ങളുടെ പതനത്തോടെ രണ്ടാമത്തേത് സംഭവിച്ചുകഴിഞ്ഞു. ചത്ത എലിയെ വീട്ടിൽനിന്നും തൂക്കിയെറിയുന്ന ലാഘവത്തോടെയാണ് അവിടങ്ങളിലെ ജനങ്ങൾ കമ്യൂണിസത്തെ ദൂരെ വലിച്ചെറിഞ്ഞത്. വടക്കുനോക്കിയന്ത്രത്തിന്റെ അഭാവത്തിൽ എങ്ങോട്ടാണ് പോകേണ്ടതെന്നറിയാതെ വഴിതെറ്റിഅപകടങ്ങളിൽപ്പെട്ട് ദുരന്തങ്ങൾക്കുപിറകെ ദുരന്തങ്ങൾ വരുത്തിവെച്ചുകൊണ്ട് മുങ്ങിത്താഴുന്ന കപ്പലാണ് മുതലാളിത്തം. ലോകമഹായുദ്ധങ്ങൾ ഉൾപ്പെടെയുള്ള കഴിഞ്ഞ മൂന്നു നാലുനൂറ്റാണ്ടുകളിലെ ഒട്ടുമിക്ക ദുരന്തങ്ങൾക്കും ഉത്തരവാദി മുതലാളി

ത്തമാണ്; സാമ്രാജ്യത്വമാണ്. അമേരിക്കയും യൂറോപ്പിലെ മുതലാളിത്ത രാജ്യങ്ങളും ഗുരുതരമായ സാമ്പത്തികപ്രതിസന്ധിയിലാണിന്ന്. 2008 സെപ്റ്റംബറിൽ അമേരിക്കയിൽ പൊട്ടിപുറപ്പെട്ട സാമ്പത്തികകുഴപ്പം അമേരിക്കയെ മാത്രമല്ല യൂറോപ്പിനെയും പിടിച്ചുകുലുക്കിയിരിക്കുകയാണ്. ലോകത്ത് ഏറ്റവും കൂടുതൽ കടബാധ്യതയുള്ള രാജ്യങ്ങളാണ് അമേരിക്കൻ ഐക്യനാടും (യു.എസ്.എ) ബ്രിട്ടനും, ജർമനിയും, ഫ്രാൻസും. അമേരിക്കയുടെ കടബാധ്യത 14.3 ട്രില്യൻ ഡോളറും ബ്രിട്ടന്റേത് 9 ട്രില്യൻ ഡോളറും ജർമനിയുടേത് 5 ട്രില്യൻ ഡോളറും ഫ്രാൻസിന്റേത് 5 ട്രില്യൻഡോളറുമാണ്. (ട്രില്യൻ എന്നാൽ ഒന്നിനോട് പന്ത്രണ്ട് പൂജ്യം ചേർക്കുമ്പോൾ കിട്ടുന്ന സംഖ്യയാണ്). അമേരിക്കയുടെ കടം അവരുടെ ജി.ഡി.പിയുടെ 94 ശതമാനവും ബ്രിട്ടന്റേത് ജി.ഡി.പിയുടെ 416 ശതമാനവും ജർമനിയുടേത് ജി.ഡി.പിയുടെ 155 ശതമാനവും ഫ്രാൻസിന്റേത് ജി.ഡി.പിയുടെ 188 ശതമാനവുമാണ്. പ്രതിശീർഷകടം അമേരിക്ക 43,000 ഡോളറും, ബ്രിട്ടൻ 147,000 ഡോളറും, ജർമനി 63,000 ഡോളറും, ഫ്രാൻസ് 80,000ഡോളറും മാണ് (ഒരു ഡോളർ 45രൂപ) ഭാരതത്തിന്റെ പ്രതിശീർഷകടം ജി.ഡി.പിയുടെ 20 ശതമാനം മാത്രമാണ്. സമ്പന്നരാജ്യങ്ങളെന്ന് അവകാശപ്പെടുന്ന ഈ രാജ്യങ്ങൾ കടക്കെണിയിൽപ്പെട്ട് മുങ്ങിതാഴ്ന്നുകൊണ്ടിരിക്കുകയാണ്.

അമേരിക്ക ഇന്ന് സാമൂഹ്യവും ധാർമികവുമായ അധഃപതനത്തിലാണ്. അവിടത്തെ സാമൂഹ്യജീവിതത്തിന്റെ ചിത്രം ഭയാനകമാണ്. കുടുംബബന്ധങ്ങൾ ശിഥിലമായികൊണ്ടിരിക്കുന്നു. അറുപതു ശതമാനം വിവാഹബന്ധങ്ങളും വിവാഹമോചനത്തിൽ കലാശിക്കുന്നു. 30 ദശലക്ഷം കുട്ടികൾ ഒന്നുകിൽ അമ്മ അല്ലെങ്കിൽ അച്ഛൻ മാത്രമുള്ള കുടുംബങ്ങളിൽ കഴിയുന്നു. അഞ്ചുദശലക്ഷം പെൺകുട്ടികൾ കൗമാരപ്രായത്തിൽ വിവാഹം കഴിക്കാതെ അമ്മമാരാകുന്നു. ഓരോപത്തുസെക്കൻഡിലും ഒരുമോഷണം നടക്കുന്നു. ഓരോ പത്തു സെക്കൻഡിലും ഒരുകുട്ടിയെ കാണാതാകുന്നു. ഏഴുമിനിട്ട് കൂടുമ്പോൾ ഒരു കൊലപാതകം നടക്കുന്നു.മദ്യപിച്ച് വാഹനമോടിക്കുന്നതിന്റെ ഫലമായി ആണ്ടുതോറും 3 ലക്ഷം പേർ റോഡപകടത്തിൽ മരിക്കുന്നു. രണ്ട് കോളേജ് വിദ്യാർഥികളിലൊരാൾ മയക്കുമരുന്നിന് അടിമയാണ്. പ്രായപൂർത്തിയായ കറുത്തവരിൽ ഒരാൾ വീതം ജയിലിലാണ്. പത്തിലൊരാൾ ജീവിതത്തിൽ ഒരിക്കലെങ്കിലും ഭ്രാന്താശുപത്രിയിൽ ചികിൽസതേടിയിട്ടുള്ള ആളാണ്. കമ്യൂണിസത്തിന്റെ പറുദീസയായിരുന്ന പഴയ സോവിയറ്റ് യൂണിയന്റെ സാമൂഹ്യസ്ഥിതിയും പരിതാപകരമായിരുന്നു. അവിടെയും കുടുംബബന്ധങ്ങൾ തകർച്ചയിലായി. ഉദ്യോഗസ്ഥ മേധാവിത്വം, അഴിമതി, കരിഞ്ചന്ത, മദ്യാസക്തി, മയക്കുമരുന്ന്, വ്യഭിചാരം, എന്നിങ്ങനെയുള്ള സമസ്തവിനകളും നടക്കുന്ന ഒരുസമുദായമാണ് കമ്യൂണിസം അവസാനിക്കുമ്പോൾ സോവിയറ്റ് യൂണിയനിൽ ഉണ്ടായിരുന്നത്. ഇന്ന് ലോകവ്യഭിചാരത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് പഴയസോവിയറ്റ് യൂണിയനിലെ റിപ്പബ്ലിക്കുക

ളിലെ സ്ത്രീകളാണ്. ലോകത്തെ മിക്കപഞ്ചനക്ഷത്രഹോട്ടലുകളിലും വ്യഭിചാരശാലകളിലും ചേക്കേറുന്നത് റഷ്യൻ സുന്ദരിമാരാണ്. പ്രതിവർഷം അഞ്ചു ലക്ഷം റഷ്യൻ പെണ്ണുങ്ങളാണ് പശ്ചിമയുറോപ്യൻ രാജ്യങ്ങളിൽ മാത്രം വ്യഭിചാരത്തിൽ ഏർപ്പെടുന്നത്.

വമ്പിച്ച പുരോഗതിയിലേക്ക് കുതിക്കുന്ന കമ്യൂണിസ്റ്റ് ചൈനയിലെ സമ്പദ്‌വ്യവസ്ഥമുതലാളിത്തത്തിന്റേതും രാഷ്ട്രീയവ്യവസ്ഥകമ്യൂണിസത്തിന്റേതുമാണ്. ചൈന അമേരിക്കയാവാനാണ് ശ്രമിക്കുന്നത്. പഞ്ചനക്ഷത്രഹോട്ടലുകൾ, ചൂതാട്ട കേന്ദ്രങ്ങൾ, അധോലോകപ്രവർത്തനങ്ങൾ എന്നീ കാര്യങ്ങളിലെല്ലാം അമേരിക്കൻ നിലവാരത്തെകടത്തിവെട്ടിയിരിക്കുന്നു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം വർധിച്ചുകൊണ്ടിരിക്കുന്നു. അവിടുത്തെ കമ്യൂണിസ്റ്റ് പാർട്ടിതന്നെ മുന്നോട്ടുവെച്ചിരിക്കുന്ന ഒരു മുദ്രാവാക്യമാണ് പണമുണ്ടാക്കുന്നത് പുണ്യകർമമാണെന്ന്. ചൈനയിലെ ഗ്രാമവാസികളും നഗരവാസികളും തമ്മിലുള്ള വരുമാനാന്തരം ഭാരതത്തിലുള്ളതിനെക്കാൾ കൂടുതലാണ്. അവിടെ പടർന്നു പന്തലിച്ച ഉപഭോഗസംസ്കാരം സാമൂഹ്യധാർമികത ദുർബലപ്പെടുത്തുന്നതിനും അഴിമതിവർധിപ്പിക്കുന്നതിനും കാരണമായി തീർന്നിട്ടുണ്ട്. പാശ്ചാത്യസംസ്കാരം ചൈനയുടെ ഉദാത്തമായ സംസ്കാരത്തെ കീഴ്പ്പെടുത്തികഴിഞ്ഞിരിക്കുന്നു. സ്വാതന്ത്ര്യാനന്തരം ഗാന്ധിജിയെ വിസ്മരിച്ചുകൊണ്ട് ഭരണാധികാരികൾ ഭാരതത്തിൽ നടപ്പാക്കികൊണ്ടിരിക്കുന്ന പാശ്ചാത്യമാതൃകകളിലുള്ള വികസനം ജനസംഖ്യയിൽ ഇരുപതുശതമാനം വരുന്ന ഇടത്തരക്കാരുടെയും പണക്കാരുടെയും വികസനമാണ്. ഇന്റർനാഷണൽ ഫുഡ് പോളിസി റിസർച്ച് ഇൻസ്റ്റിട്യൂട്ട് പുറത്തിറക്കിയ സ്ഥിതിവിവരകണക്കനുസരിച്ച് ഭാരതത്തിൽ 3 കോടി ജനങ്ങൾ ഇപ്പോഴും പട്ടിണിയിലാണ്. ദാരിദ്ര്യപട്ടികയിൽ 122 രാജ്യങ്ങളുടെ ഇടയിൽ 67-ാം മതു സ്ഥാനം ഭാരതത്തിനാണ്. ഭക്ഷണക്കുറവും പോഷകദാരിദ്രവും ഒരു നല്ലവിഭാഗം ജനങ്ങളെ അലട്ടുന്നു. അഴിമതി എല്ലാതലത്തിലും വ്യാപകമായിരിക്കുന്നു. സാംസ്കാരിക ജീർണതയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. പാശ്ചാത്യ അധിനിവേശചിന്തകളുടെ നീരാളിപ്പിടിത്തത്തിലമർന്നുകൊണ്ടിരിക്കുകയാണ് ഭാരതം.

മുതലാളിത്തവും കമ്യൂണിസവും പ്രത്യക്ഷത്തിൽ ശത്രുക്കളാണെന്ന് തോന്നുമെങ്കിലും രണ്ടിന്റെയും അടിത്തറ പാശ്ചാത്യരാജ്യങ്ങളിൽ 'യുക്തിയുടെ യുഗത്തിൽ' (age of reason) വികസിച്ച ഭൗതികവാദമാണ്. ഇരുകൂട്ടരും ദൈവത്തെ ജീവിതത്തിന്റെ പുറംപോക്കിലേക്ക് വലിച്ചെറിഞ്ഞു. ആത്മീയത ഉപേക്ഷിക്കപ്പെട്ടതോടെ സാമൂഹ്യവും ധാർമികവുമായ അധഃപതനം ആരംഭിച്ചു. മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും കീഴിലുള്ള സമൂഹം ജീർണിച്ചു. മുതലാളിത്തവും കമ്യൂണിസവും മനുഷ്യന്റെ ഉപഭോഗതൃഷ്ണ സമാസമം പങ്കിടുകയാണ് ചെയ്തത്. ജീവിതം ജനനത്തോടെ ആരംഭിച്ച് മരണത്തോടെ അവസാനിക്കുമെന്നും അതിന്റെ ലക്ഷ്യം സാധ്യമാകുന്നത്ര തിന്നുകയും കുടിക്കുകയും സുഖിക്കുകയുമാണെന്നാണ് അവയുടെ ദർശനം.

മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും പ്രത്യയശാസ്ത്ര സ്രോതസുകൾ പതിനേഴാംനൂറ്റാണ്ടുമുതൽ പത്തൊമ്പതാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തിൽ രൂപംകൊണ്ട ക്ലാസിക്കൽ ഭൗതികവും ക്ലാസിക്കൽ തത്വശാസ്ത്രവുമാണ്. ആപേക്ഷികതാ സിദ്ധാന്തവും ക്വാണ്ടം സിദ്ധാന്തവും കണ്ടുപിടിക്കുന്നതിനു മുൻപുള്ള ഭൗതികത്തെ (physics) ക്ലാസിക്കൽ ഭൗതികമെന്നും അതിനുശേഷമുള്ളതിനെ ആധുനിക ഭൗതികം എന്നുമാണ് പൊതുവെ പറയുന്നത്. ക്ലാസിക്കൽ ഭൗതികശാസ്ത്രാന്വേഷണരീതികൾക്ക് തുടക്കം കുറിച്ചത് ഫ്രാൻസിസ് ബേക്കൺ (1561 – 1626) ആണ്. അന്നുവരെ നിലവിലിരുന്ന അരിസ്റ്റോട്ടിലിന്റെ നിഗമനിക (deductive) രീതിക്കുപകരം നിരീക്ഷണത്തിലധിഷ്ഠിതമായ ആഗമനിക (inductive) രീതി ശാസ്ത്രാന്വേഷണത്തിൽ അദ്ദേഹം കൊണ്ടുവന്നു. ബേക്കോണിയൻ രീതിയനുസരിച്ച് കാണുന്നതുമാത്രമാണ് സത്യം. ശാസ്ത്രജ്ഞാനം പ്രകൃതിയെ നിയന്ത്രിക്കുന്നതിനും അതിന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്നതിനുമുള്ളതാണെന്ന് അദ്ദേഹം പറഞ്ഞു. പാശ്ചാത്യക്ലാസിക്കൽ തത്വശാസ്ത്രത്തിന്റെ പിതാവ് എന്ന് അറിയപ്പെട്ടിരുന്ന റെനെദെക്കാർത്തേ (ReneDescartes - 1596-1650) ഭൗതികശാസ്ത്രങ്ങളിലും തത്വശാസ്ത്രത്തിലും അപഗ്രഥനാത്മകരീതിക്ക് അടിത്തറയിട്ടു. സങ്കീർണസത്തകളെ അപഗ്രഥിച്ചുപഠിക്കുക എന്ന ശാസ്ത്രീയ രീതിക്ക് തുടക്കമിട്ടത് അദ്ദേഹമായിരുന്നു. ദെക്കാർത്തേയുടെ 'ഞാൻ ചിന്തിക്കുന്നു അതുകൊണ്ട് ഞാനുണ്ട്' എന്ന അടിസ്ഥാനതത്വശാസ്ത്രപ്രസ്താവനയാണ് ശരീരവും മനസ്സും തികച്ചും വ്യത്യസ്ത സത്തകളാണെന്ന വീക്ഷണത്തിലേക്ക് പാശ്ചാത്യതത്വശാസ്ത്രത്തെ നയിച്ചത്. പ്രകൃതിയും മനുഷ്യനും ഭിന്നമാണെന്നും അദ്ദേഹം വിശ്വസിച്ചു. പ്രപഞ്ചം ഒരു ബൃഹദ്‌യന്ത്രമാണെന്നും അത് യാന്ത്രികനിയമങ്ങളാൽ ഭരിക്കപ്പെടുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ഈ നിയമങ്ങൾ കണ്ടുപിടിക്കുകയും അവയെ മനസ്സിലാക്കുകയും ചെയ്യുക എന്നതാണ് പ്രപഞ്ചരഹസ്യങ്ങൾ അറിയാനുള്ള ഒരേയൊരുമാർഗമെന്നും ദെക്കാർത്തേ അഭിപ്രായപ്പെട്ടു. ദെക്കാർത്തേയുടെ വീക്ഷണത്തെ "കാർട്ടീഷ്യൻ" വിഭജനം എന്നാണ് അറിയപ്പെടുന്നത്.

ദെക്കാർത്തേയുടെ പ്രപഞ്ചവീക്ഷണമാണ് ന്യൂട്ടന്റെ ഭൗതികത്തിന് അടിത്തറയായത്. പ്രപഞ്ചത്തിന്റെ അടിസ്ഥാനഘടകം ഭൗതികകണങ്ങൾ അഥവാ അണുക്കൾ (Atoms) ആണെന്നും പ്രപഞ്ചം ഒരു യാന്ത്രികവ്യവസ്ഥയാണെന്നും അതു നിയതമായ ഗണിതശാസ്ത്രനിയമങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നുവെന്നും മാത്രമല്ല, അതിലെ വസ്തുക്കളെയും നിയമങ്ങളെയും സൂക്ഷ്മമായി ഗ്രഹിക്കാനും അതിന്റെ അടിസ്ഥാനത്തിൽ പ്രതിഭാസങ്ങളെ കൃത്യമായി പ്രവചിക്കുവാനും കഴിയുമെന്നും ന്യൂട്ടൺ പ്രസ്താവിച്ചു. ബേക്കന്റെയും ദെക്കാർത്തേയുടെയും ശാസ്ത്രീയാന്വേഷണരീതികളെ സംയോജിപ്പിച്ച് പുതിയൊരു ശാസ്ത്രീയ പരീക്ഷണരീതി ന്യൂട്ടൺ ആവിഷ്കരിച്ചു. ഇത് പിന്നിട് വന്ന ശാസ്ത്രഗവേ

ഷണങ്ങൾക്ക് വഴികാട്ടിയായി. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഫ്രഞ്ച് ഗണിതശാസ്ത്രജ്ഞനായിരുന്ന പിയറി സൈമൺ ലാപ്ലേസ് ന്യൂട്ടോണിയൻ ഭൗതികത്തിന്റെ വിജയത്തിൽ ആവേശഭരിതനായി ന്യൂട്ടോണിയൻ പ്രപഞ്ചത്തെ വിശദീകരിച്ചുകൊണ്ട് ഒരു പുസ്തകമെഴുതി. അവ്യക്തമോ അനിശ്ചിതമോ ആയ ഒന്നും പ്രപഞ്ചത്തിലില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. പ്രപഞ്ചം പൂർണമായും നിർധാര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. പ്രപഞ്ചത്തിൽ നടക്കുന്നതെന്തും ന്യൂട്ടൺനിയമങ്ങൾക്ക് കൃത്യമായി നിർണയിക്കാൻ കഴിയുമെന്ന് ലാപ്ലാസ് പ്രവചിച്ചു. ന്യൂട്ടന്റെ യാന്ത്രിക പ്രപഞ്ചമാതൃകയിൽ ദൈവം പ്രപഞ്ചത്തിന് പുറത്തായി. പ്രപഞ്ചം ഒരു യന്ത്രമാണെന്ന ശാസ്ത്രനിലപാട് നമ്മുടെ ഭൂമിയെ സംബന്ധിച്ചിടത്തോളം ഒരു അഭിശപ്തവീക്ഷണമായി പരിണമിച്ചു. അതൊരു ദുരന്തകഥയുടെ ആരംഭം കുറിക്കുകയും ചെയ്തു. ക്ലാസിക്കൽ ഭൗതികത്തിന്റെ ആഗമനത്തിന് മുൻപ് വരെ ഭൂമിയെപ്പറ്റി ഒരു ജൈവസങ്കൽപ്പമാണ് പാശ്ചാത്യലോകത്തും പൗരസ്ത്യദേശങ്ങളിലും നിലവിലിരുന്നത്. ഗ്രീക്കുകാരും റോമാക്കാരും ഭാരതീയരും ഭൂമിയെ ദേവിയായിട്ടും അമ്മയായിട്ടുമായിരുന്നു സങ്കൽപ്പിച്ചിരുന്നത്. യാന്ത്രിക സങ്കൽപ്പം വ്യവസായവിപ്ലവത്തെതുടർന്ന് വളർന്നുവികസിച്ചുകൊണ്ടിരുന്ന മുതലാളിത്തത്തിന്റെ വികസനമോഹങ്ങൾക്കാവശ്യമായ തത്വശാസ്ത്രപശ്ചാത്തലം ഒരുക്കികൊടുത്തു.

ഭൗതികശാസ്ത്രങ്ങളെ സംബന്ധിച്ചിടത്തോളം ന്യൂട്ടന്റെ സിദ്ധാന്തങ്ങൾ ഏതാണ്ടൊരവസാനവാക്കുതന്നെയായിത്തീർന്നു. ഭൗതികശാസ്ത്രങ്ങളിൽ മാത്രമല്ല, ജൈവശാസ്ത്രങ്ങളിലും ഈ യാന്ത്രികവീക്ഷണം അംഗീകൃതമാകാൻ തുടങ്ങി. ഒരുശാസ്ത്രം ശാസ്ത്രീയമാകുന്നത് ഭൗതികശാസ്ത്രമാനകങ്ങളോട് അതെത്രത്തോളം അടുക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നും വിശ്വസിക്കപ്പെട്ടു. ജോൺഡാൾട്ടന്റെ അണുസിദ്ധാന്തം (Atomic Theory) ന്യൂട്ടോണിയൽ ബലതന്ത്രത്തെ ആധാരമാക്കിയായിരുന്നു. വില്യംഹാർവിയുടെ രക്തചംക്രമണസിദ്ധാന്തവും യാന്ത്രികവീക്ഷണത്തിൽ നിന്നും രൂപംകൊണ്ടതായിരുന്നു. അദ്ദേഹം മനുഷ്യശരീരത്തിലെ ഓരോ അവയവങ്ങളെയും ഒരു യന്ത്രത്തിന്റെ വിവിധഭാഗങ്ങളായിട്ടാണ് കണ്ടത്. ഹൃദയത്തെ അദ്ദേഹം ഒരുപമ്പിനോട് ഉപമിച്ചു. ലാവോസിയർ ശ്വാസോച്ഛ്വാസം ഒരു പ്രത്യേക തരത്തിലുള്ള ഓക്സീകരണമാണെന്ന് അഭിപ്രായപ്പെട്ടു. ജൈവപ്രക്രിയകളെ ഭൗതികത്തിന്റെയും രസതന്ത്രത്തിന്റെയും നിയമങ്ങൾകൊണ്ട് വ്യാഖ്യാനിക്കാമെന്ന വിശ്വാസം ശക്തിപ്പെട്ടു. ശരീരം ഒരുയന്ത്രമാണെന്നും രോഗം ആ യന്ത്രത്തിനുണ്ടാകുന്ന തകരാറുമൂലമാണെന്നും ആ തകരാറ് റിപ്പയർ ചെയ്യാമെന്നും പ്രശസ്തഭിഷഗ്വരനായിരുന്ന ജോർജ് എംഗൽസ് അഭിപ്രായപ്പെടുകയുണ്ടായി. മനുഷ്യനും ഒരു യന്ത്രമാണെന്ന് സങ്കൽപ്പിക്കപ്പെട്ടു. ആത്മാവിനെ ശരീരത്തിൽനിന്നും പുറത്താക്കി. മനസ്സും ശരീരവും വേറിട്ടതാണെന്ന ചിന്തശക്തമായി. മനഃശാസ്ത്രവും

ഭൗതികശാസ്ത്രങ്ങളെപോലെയും പ്രകൃതി ശാസ്ത്രങ്ങളെപോലെയുമുള്ള ഒരു വസ്തുനിഷ്ഠശാസ്ത്രമായിത്തീർന്നു. മനഃശാസ്ത്രജ്ഞനായിരുന്ന ഫ്രോയിഡിന്റെ സിദ്ധാന്തങ്ങളും ന്യൂട്ടോണിയൽ ബലതന്ത്രത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു.

ക്ലാസിക്കൽ ഭൗതികത്തിന്റെ യാന്ത്രികവീക്ഷണവും ന്യൂനീകരണ പ്രവണതയും സാമൂഹ്യവിജ്ഞാനങ്ങളെയും സ്വാധീനിക്കുകയുണ്ടായി. പ്രശസ്തതത്വചിന്തകനായിരുന്ന ജോൺലോക്ക് (John Locke) സാമൂഹിക അണുവാദം (Atomic Theory of Human Society) അവതരിപ്പിച്ചു. സമൂഹത്തിലെ അടിസ്ഥാനപരമായ വ്യക്തിയെ അദ്ദേഹം അണുവിനോട് താരതമ്യപ്പെടുത്തി. രസതന്ത്രജ്ഞന്മാർ വാതകങ്ങളുടെ ഗുണധർമങ്ങൾ തന്മാത്രകളുടെയും അണുക്കളുടെയും ചലനത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിച്ചതുപോലെയാണ് സമൂഹത്തിന്റെ ഗുണധർമങ്ങളെ ലോക്ക് വിവരിച്ചത്. മനുഷ്യന്റെ സ്വഭാവം വാതകങ്ങളിലെ തന്മാത്രകളെയും അണുക്കളെയും പോലെയാണെന്ന് അദ്ദേഹം കരുതി. മനുഷ്യനെ അണുവിന്റെ നിലവാരത്തിലേക്ക് തരംതാഴ്ത്തി. സാമൂഹികപ്രതിഭാസത്തെ രാസപ്രക്രീയകൾക്കു തുല്യമായും, സമൂഹത്തിലെ വ്യക്തികളെ അണുക്കളോടും, വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെ ആകർഷണവികർഷണ ബലങ്ങളോടും ഉപമിച്ചു. തോമസ് ഹോബ്സ് 'ലെവിയത്താൻ' ( Leviathan) എന്ന പ്രശസ്തപുസ്തകത്തിൽ എഴുതി: "സമൂഹത്തിൽ ഓരോരുത്തരും ഓരോരുത്തർക്കെതിരായ യുദ്ധത്തിലാണ്".

ന്യൂട്ടോണിയൽ ഭൗതികം അർഥശാസ്ത്രത്തിലും രാഷ്ട്രമീമാംസയിലും കടന്നുകയറി. ന്യൂട്ടന്റെ സമകാലികനായിരുന്ന സർ വില്യംപെറ്റിയുടെ 'രാഷ്ട്രീയഗണിതം' ( Political Arithamatic) യാന്ത്രികവീക്ഷണത്തെ അടിസ്ഥാനമാക്കി എഴുതിയ അർഥശാസ്ത്രകൃതിയായിരുന്നു. ആദംസ്മിത്തും, ജോൺസ്റ്റുവർട്ട്മില്ലും, റിക്കാഡോയും വില്യം പെറ്റിയുടെ പാതപിൻതുടർന്ന് അർഥശാസ്ത്രത്തെ ഭൗതികശാസ്ത്രത്തിന്റെ പദവിയിലേക്ക് ഉയർത്തി. അർഥശാസ്ത്രത്തെ ശാസ്ത്രീയമാക്കാൻ ശ്രമിച്ച മറ്റൊരു അർഥശാസ്ത്രകാരനായിരുന്നു കാറൽമാർക്സ്. മാർക്സും മറ്റ് അർധശാസ്ത്രജ്ഞന്മാരെപോലെതന്നെ തന്റെ സാമ്പത്തിക സിദ്ധാന്തങ്ങൾക്ക് അടിസ്ഥാനമായി സ്വീകരിച്ചത് കാർട്ടീഷ്യൻ സങ്കൽപ്പത്തെയായിരുന്നു. മാർക്സിന്റെ മിച്ച മൂല്യസിദ്ധാന്തം റിക്കാഡോ വികസിപ്പിച്ച അധ്വാനമൂല്യസിദ്ധാന്തത്തിന്റെ തുടർച്ചയായിരുന്നു. ന്യൂട്ടോണിയൽ ഭൗതികത്തിന്റെ നിശ്ചിതത്വവാദത്തിൽ നിന്നും ഉണ്ടായതായിരുന്നു ശാസ്ത്രീയനിശ്ചിതത്വവാദം. ശാസ്ത്രീയനിശ്ചിതത്വവാദത്തിൽ നിന്നും രൂപംകൊണ്ടതായിരുന്നു ചരിത്രപരമായ നിശ്ചിതത്വവാദം. മാർക്സിന്റെ ചരിത്രപരമായ ഭൗതികവാദമാകട്ടെ ചരിത്രപരമായ നിശ്ചിതത്വവാദത്തോട് കടപ്പെട്ടിരിക്കുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനദശകമായപ്പോഴേക്കും ക്ലാസിക്കൽ ഭൗതികത്തിന്റെ പരികൽപ്പനകൾ പലതും തെറ്റാണെന്ന് തെളിയിക്കപ്പെട്ടു. ക്ലാസിക്കൽ ഭൗതികത്തെ ആധാരമാക്കി

ശക്തിപ്പെട്ട തത്വശാസ്ത്രങ്ങളും മാനവികശാസ്ത്രങ്ങളും അശാസ്ത്രീയമാകാൻ തുടങ്ങി. അതോടെ മുതലാളിത്തവും കമ്യൂണിസവും പ്രത്യയശാസ്ത്രപരമായ പ്രതിസന്ധിയിലകപ്പെട്ടു തുടങ്ങി.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ രൂപംകൊണ്ട ആപേക്ഷികതാസിദ്ധാന്തവും ക്വാണ്ടം ഭൗതികസിദ്ധാന്തവും ശാസ്ത്രത്തെയും തത്വശാസ്ത്രത്തെയും വിപ്ലവകരമായ പരിവർത്തനത്തിനു വിധേയമാക്കി. സ്ഥൂല പ്രപഞ്ചത്തെകുറിച്ച് അതുവരെ ക്ലാസിക്കൽ ഭൗതികത്തിനുണ്ടായിരുന്ന നിഗമനാനുമാനങ്ങളെ ആപേക്ഷികതാസിദ്ധാന്തം തിരുത്തികുറിച്ചു. അത് സ്ഥലം, കാലം എന്നീ സങ്കൽപ്പനങ്ങൾക്കുപകരം പുതിയ സ്ഥല-കാലസങ്കൽപ്പം ശാസ്ത്രത്തിൽ കൊണ്ടുവന്നു. ലോകം ചതുർമാനമാണെന്ന് അത് വ്യക്തമാക്കി. ആപേക്ഷികതാസിദ്ധാന്തം സ്ഥലകാലങ്ങൾ ആപേക്ഷികമാണെന്ന് തെളിയിച്ചു. ദ്രവ്യ - ഊർജസമവാക്യം തത്വശാസ്ത്രത്തിലെ ഭൗതികവാദപരമായ കാഴ്ചപ്പാടുകളെ കീഴ്മേൽ മറിക്കുവാൻ പോകുന്ന ഒരു സത്യത്തിലേക്ക് നമ്മെ നയിച്ചു. അണുവിന്റെ ലോകത്ത് ഭൗതികജ്ഞന്മാർക്കുണ്ടായ അനുഭവവും സവിശേഷമായിരുന്നു. സൂക്ഷ്മലോകത്തെകുറിച്ചുപഠിക്കുന്ന ക്വാണ്ടം ഭൗതികം അണുവിനൊരു ഘടനയുണ്ടെന്ന് വ്യക്തമാക്കി. അണുവിന്റെ കേന്ദ്രത്തിലെ ന്യൂക്ലിയസിനേയും അതിനുചുറ്റും കറങ്ങുന്ന ഇലക്ട്രോണിനെയും കണ്ടെത്തി. ന്യൂക്ലിയസ് പ്രോട്ടോണും ന്യൂട്രോണും അടങ്ങിയതാണ്. പ്രോട്ടോണും ന്യൂട്രോണും ക്വാർക്കുകൾ കൊണ്ട് നിർമിതവും. ഉപആണവകണങ്ങൾ ഊർജപ്രരുപങ്ങളാണെന്ന നിഗമനത്തിൽ പിന്നീട് ഭൗതികശാസ്ത്രജ്ഞൻമാരെത്തി. ലോകപ്രശസ്ത ശാസ്ത്രജ്ഞനായിരുന്ന നീൽസ് ബോർ പറഞ്ഞത് അണുവിന് വസ്തുസ്വഭാവം/ദ്രവ്യസ്വഭാവം ഇല്ലെന്നാണ്. അണുവിനെ വിഭജിക്കുവാൻ പറ്റില്ലെന്ന ക്ലാസിക്കൽ ഭൗതികത്തിന്റെ പരികൽപന തകർന്നടിഞ്ഞു. പ്രശസ്തക്വാണ്ടം ഭൗതികജ്ഞനായിരുന്ന വെർണർഹൈസൻ ബർഗ് അവതരിപ്പിച്ച അനിശ്ചിതത്വതത്വം ( Uncertainity Principle) അണുവിന്റെ ലോകത്ത് കണങ്ങളുടെ വസ്തുനിഷ്ഠവിവരണം സാധ്യമല്ലെന്ന് തെളിയിച്ചു. സൂക്ഷ്മലോകത്ത് പ്രസക്തമായ ഈ നിയമം സ്ഥൂലലോകത്തും സാധുതയുള്ളതായി. ഇത് ക്ലാസിക്കൽ ഭൗതികത്തിന്റെ നിശ്ചിതത്വവാദം പൊളിച്ചു. അനിശ്ചിതത്വതത്വം പ്രപഞ്ചത്തിന്റെ സവിശേഷതയാണെന്നാണ് ലോകപ്രശസ്തശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിങ് പറയുന്നത്. ക്വാണ്ടം ബലതന്ത്രത്തിലെ കണ്ടുപിടിത്തങ്ങൾ ക്ലാസിക്കൽ ഭൗതികത്തിന്റെ യാന്ത്രികപ്രപഞ്ചസങ്കൽപ്പങ്ങളെയാകെ മാറ്റിമറിച്ചു. അവിഭാജ്യമായ ഒരു സാകല്യമാണ് പ്രപഞ്ചം എന്ന് ഇന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. 1964 ൽ സേണിലെ (CERN) ഭൗതികജ്ഞനായ ജോൺ-എസ്-ബെൽ 'ബെൽതിയറം' അവതരിപ്പിക്കുകയുണ്ടായി. ഈ സിദ്ധാന്തമനുസരിച്ച് കോടികണക്കിന് കിലോമീറ്റർ അകലത്തിലിരിക്കുന്ന രണ്ട് കണങ്ങൾ തമ്മിൽ പൊടുന്നനവെ വിവരവിനിമയം നടത്തുന്നു. അവിഭാജ്യമായ 'ക്വാണ്ടം

സംബന്ധം' എന്നാണ് ഇതിനെ ഭൗതികജ്ഞന്മാർ വിളിക്കുന്നത്. ബെൽസിദ്ധാന്തവുമായി ബന്ധപ്പെട്ട് 1978 ൽ ജോൺ ക്ലൗസറും 1982 ൽ അലയിൻ ആസ്പക്ടും നടത്തിയ പരീക്ഷണങ്ങൾ ഇത് ശരിവെച്ചു. പ്രപഞ്ചം അസ്ഥാനീയം (non- local) ആണെന്നാണ് ഈ പരീക്ഷണങ്ങൾ തെളിയിച്ചത്. പ്രപഞ്ചം അസ്ഥാനീയമാണെന്നതിന്റെ അർത്ഥം അതിലെ എല്ലാ പ്രതിഭാസങ്ങൾക്കും ആധാരമായി ഒരു അദൃശ്യയാഥാർഥ്യം (invisible reality) ഉണ്ടെന്നാണ്. ഇതേതത്വം അനേകയായിരം വർഷംമുൻപ് നമ്മുടെ ഋഷിമാർ പറഞ്ഞിട്ടുണ്ട്. അവർ പറഞ്ഞു: "സൂക്ഷ്മപ്രപഞ്ചം എപ്രകാരമാണോ അപ്രകാരമാണ് സ്ഥൂലപ്രപഞ്ചം. അണു എപ്രകാരമാണോ അപ്രകാരമാണ് പ്രപഞ്ചം. ശരീരം എപ്രകാരമാണോ അപ്രകാരമാണ് പ്രപഞ്ചശരീരം. മനസ്സ് എപ്രകാരമാണോ അപ്രകാരമാണ് പ്രപഞ്ചമനസ്സ്''. ക്വാണ്ടം ഭൗതികത്തിൽ നിരീക്ഷകനും നിരീക്ഷിക്കപ്പെടുന്നതും വേർപ്പെട്ടതല്ല. ആധുനിക പ്രപഞ്ചശാസ്ത്രം പരസ്പരാശ്രിതവും പരസ്പരബദ്ധവുമായ ഒരു ചലനാത്മക ജാലം (Cosmic web) ആയിട്ടാണ് പ്രപഞ്ചത്തെ വിവരിക്കുന്നത്. ആധുനികജീവശാസ്ത്രം ജീവജാലം (web of life) എന്ന സങ്കൽപ്പത്തെ പൂർണമായും അംഗീകരിച്ചുകഴിഞ്ഞു. പാശ്ചാത്യക്ലാസിക്കൽ ഭൗതികത്തിൽ നിന്നും തത്വശാസ്ത്രങ്ങളിൽനിന്നും രൂപംകൊണ്ട ഭൗതികവാദവും വൈരുധ്യാത്മകഭൗതികവാദവും തിരസ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും പ്രത്യയശാസ്ത്രങ്ങൾ അശാസ്ത്രീയവും, പഴഞ്ചനും, പുരോഗമനവിരുദ്ധവുമായിരിക്കുന്നു. ഇവയ്ക്ക് ബദൽ എന്ത് എന്ന് ചിന്തിക്കുമ്പോഴാണ് ഗാന്ധിദർശനത്തിന്റെ പ്രസക്തി നമ്മുടെ മുന്നിൽ ഉയർന്നുവരുന്നത്.

ഗാന്ധിദർശനത്തിന് ആധുനികശാസ്ത്രങ്ങളിൽനിന്നും ഉരുത്തിരിഞ്ഞിട്ടുള്ള ഏകാത്മകചിന്തകളുമായി ഉള്ള സാദൃശ്യങ്ങൾ നമ്മെ അൽഭുതപ്പെടുത്തുന്നു. പഴഞ്ചനെന്ന് ചിലർ വിശേഷിപ്പിച്ച ഗാന്ധിദർശനം അത്യന്തം ആധുനികമാണ്. ഗാന്ധിജി പറഞ്ഞു: മനുഷ്യൻ ഈ മഹാപ്രപഞ്ചത്തിന്റെ ഭാഗമാകുന്നു. പ്രപഞ്ചവുമായി പ്രപഞ്ചത്തിലെ മറ്റുസത്തകളുമായി ഒരു ജൈവബന്ധമാണ് അവനുള്ളത്. ഈ ജൈവബന്ധംതന്നെയാണ് പ്രകൃതിയെയും പ്രകൃതിയിലെ മറ്റ് ജീവജാലങ്ങളെയും സ്നേഹിക്കാൻ സ്വാഭാവികമായി മനുഷ്യനെ പ്രാപ്തമാക്കുന്നത്. പ്രകൃതിക്ക് കോട്ടം തട്ടിയാൽ അതു മനുഷ്യന്റെ നഷ്ടമാണ്. മനുഷ്യൻ അടിസ്ഥാനപരമായി സ്വാർഥനാണെന്ന പാശ്ചാത്യഭൗതികവാദതത്വശാസ്ത്രങ്ങളുടെ കാഴ്ചപ്പാട് ഗാന്ധിജിക്ക് അംഗീകാര്യമല്ല. ഗാന്ധിജി എഴുതി: "മനുഷ്യൻ ശരീരവും മനസ്സുമുള്ള വെറുമൊരുയന്ത്രമല്ല. സ്നേഹിക്കുകയും സഹകരിക്കുകയുമാണ് അവന്റെ സ്വഭാവം. സ്നേഹവും അഹിംസയുമില്ലാതെ മനുഷ്യന് ഭൂമുഖത്ത് ജീവിക്കാൻ സാധ്യമല്ല. സ്നേഹത്തിന്റെ നിയമം കണ്ടുപിടിച്ച ഋഷി ന്യൂട്ടനെക്കാൾ വലിയ ശാസ്ത്രജ്ഞനാണ്. വെല്ലിങ്ടനേക്കാൾ വലിയ യോദ്ധാവാണ്. മനുഷ്യനിൽ

സ്നേഹവും അഹിംസയും ഉള്ളത് അവൻ ദൈവത്തിന്റെ അംശമാണെന്നുള്ളതുകൊണ്ടാണ്. അക്രമവും അഹിംസയും ഉണ്ടാകുന്നത് അവന് ദൈവീകത നഷ്ടപ്പെടുമ്പോഴാണ്.

ആധുനികശാസ്ത്രചിന്തയിൽ പൂർണമാണ് (whole) അംശത്തിന്റെ (part) സ്വഭാവം നിർണയിക്കുന്നത്. ഈ നവചിന്തയുമായി ഗാന്ധിദർശനത്തിന് അസാധാരണമായ പൊരുത്തമുണ്ട്. പ്രകൃതിയെയും മനുഷ്യനെയും ഒരു ജൈവസാകല്യം (organic whole) ആയിട്ടാണ് ഗാന്ധിജി കരുതിയത്. ജീവിതത്തെകുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണം ജൈവപരമായിരുന്നു. അദ്ദേഹം ജീവിതത്തെ നോക്കികണ്ടത് വിഭജനാതീതമായിട്ടായിരുന്നു. ജീവിതത്തെ അപഗ്രഥനാത്മകമായി പരിശോധിക്കുന്നതിനോട് അദ്ദേഹം വിയോജിച്ചു. മനുഷ്യൻ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും സാമൂഹ്യപശ്ചാത്തലത്തിലാണ്. മനുഷ്യനെയും അവന്റെ സമൂഹത്തെയും വിശകലനത്തിനും സാമാന്യവൽക്കരണത്തിനും വിധേയമാക്കാൻ പറ്റില്ല. കൂടാതെ ജീവിതത്തിന്റെ അടിസ്ഥാനമൂല്യങ്ങളെ കൈകാര്യം ചെയ്യാൻ ശാസ്ത്രത്തിന് കഴിയുകയുമില്ല. എന്നാൽ ഗാന്ധിജിയുടെ സാകല്യവീക്ഷണം ഈ പരിമിതികളിൽ നിന്നും മുക്തമാണ്. ഗാന്ധിദർശനം അടിസ്ഥാനപരമായി ഏകാത്മകവും ഉൽഗ്രഥനാത്മകവുമാണ്. ഗാന്ധിജി, ലൗകികതയെയും ആത്മീയതയെയും വ്യക്തിജീവിതത്തെയും സാമൂഹ്യജീവിതത്തെയും ഉൽഗ്രഥനത്തിന് വിധേയമാക്കി. കാരണം അവയെല്ലാം പരസ്പരാശ്രിതവും പരസ്പരബദ്ധവുമായ വൈവിധ്യമാർന്ന ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാണ്.

ഗാന്ധിദർശനം അരേഖീയം (non linear) ആണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥനിലനിർത്തുന്നതിന് അനുയോജ്യം ചാക്രികതയിലും വൃദ്ധിക്ഷയങ്ങളിലും അധിഷ്ഠിതമായ അരേഖീയചിന്തകളാണ്. ആധുനിക ശാസ്ത്രചിന്തകളായ വ്യവസ്ഥാചിന്തകളും (Systems Thinking). അഗാധപാരിസ്ഥിതിക (Deep ecology) ചിന്തകളും അരേഖീയമാണ്. എന്നാൽ ക്ലാസിക്കൽശാസ്ത്രങ്ങളുടെ ഇന്ദ്രീയാനുഭവാധിഷ്ഠിതമായ യുക്തിചിന്തകളും അപഗ്രഥനാത്മകരീതികളും രേഖീയം (linear) ആണ്. അത് ബുദ്ധിയുടെ തലത്തിലുള്ളതാണ്. അതിന്റെ സ്വഭാവം വർഗീകരണവും അളക്കലും വേർതിരിക്കലുമാണ്. രേഖീയചിന്തവികസിക്കുന്നത് ഋജുരേഖയിലൂടെമുന്നോട്ടാണ്. ഒരു കേന്ദ്രത്തിനുചുറ്റും വൃത്താകൃതിയിൽ വികസിച്ചുവരുന്നതാണ് അരേഖീയചിന്ത. ഒരു ബിന്ദുവിന് ചുറ്റും കൂടുതൽ വിസ്തൃതിയുള്ള വൃത്തങ്ങൾ വരക്കുന്നത് പോലെ. ഏറ്റവും പുറത്തുള്ള വൃത്തം അനന്തതയോളം വിസ്തൃതിയുള്ളതായിത്തീരുന്നു. അതിന് മുൻപ്വരച്ച ഉള്ളിലുള്ള മറ്റ് സകലവൃത്തങ്ങളെയും അത് ഉള്ളിലാക്കുകയും ചെയ്യുന്നു. ഗാന്ധിജിയുടെ സാമ്പത്തികശാസ്ത്രത്തിന്റെ അടിസ്ഥാനശിലകളിലൊന്ന് പുതുക്കപ്പെടാവുന്ന വിഭവങ്ങളെ മാത്രം ആശ്രയിക്കുകഎന്നതാണ്. അചേതനവിഭവങ്ങൾ എടുക്കുംതോറും കുറഞ്ഞുവരുന്നവയാണ്. ഒഴുകുന്നവെള്ളം, പരിമിതമായതോതിൽ വെട്ടിയെ

ടുക്കുന്നതടി, ധാന്യങ്ങൾ എന്നിവ പ്രകൃതിയുടെ സചേതനചിത്രത്തിന്റെ ഭാഗമായതുകൊണ്ട് അവ വർഷാവർഷം പുതുക്കപ്പെടുന്നു. അവയെ മാത്രം ആശ്രയിക്കുക.

ഗാന്ധിജിയുടെ ജനാധിപത്യസങ്കൽപ്പനങ്ങളും അരേഖീയമാണ്. അതിന്റെ ദിശതാഴെത്തട്ടിൽനിന്നും മുകൾത്തട്ടിലേക്കാണ്. യഥാർഥജനാധിപത്യത്തെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ ധാരണയുണ്ടായിരുന്നു അത് മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും അധികാരകേന്ദ്രീകരണത്തിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥയല്ല. രാജ്യതലസ്ഥാനത്ത്, കേന്ദ്രത്തിൽ കുറച്ച് നേതാക്കൻമാർ ഇരുന്ന് രൂപപ്പെടുത്തുന്ന ഒന്നല്ല ഗാന്ധിജി വിഭാവനം ചെയ്ത ജനാധിപത്യം. ഓരോ ഗ്രാമത്തിലെയും ജനങ്ങൾ താഴെനിന്ന് മേലോട്ട് രൂപപ്പെടുത്തിയെടുക്കേണ്ട ഒന്നാണത്. 1946 ൽ ഹരിജനിൽ അദ്ദേഹം ജനാധിപത്യത്തെക്കുറിച്ച് ഇങ്ങനെയെഴുതി: "അസംഖ്യം ഗ്രാമങ്ങൾ ചേർന്ന ഈ ഘടനയിൽ വികസിച്ചുകൊണ്ടിരിക്കുന്ന നിരവധിവലയങ്ങൾ കാണാം. എല്ലാംഒരേതലത്തിൽ. ഒന്ന് മറ്റേതിന് മേലേയായിരിക്കില്ല. അത് സദാവികസിച്ചുകൊണ്ടിരിക്കുന്ന ജലാശായത്തിലെ ഓളങ്ങൾക്ക് തുല്യം ഒന്നിന് പിന്നാലെ ഒന്ന് എന്ന ക്രമത്തിലായിരിക്കും. ഗോപുരം പോലെയായിരിക്കില്ല ജീവിതം. അതിന്റെ മുകളിലെ ഇടുങ്ങിയ ഭാഗം താഴത്തെ വിശാലമായ താങ്ങിൽ ഉറപ്പിച്ചിരിക്കുകയാണ്. ഇവിടെ സമുദ്രത്തിലെ തിരമാലകൾക്ക് തുല്യം ഒന്നിന് പിറകെ ഒന്ന് എന്ന രീതിയിൽ വലയങ്ങളായി ജീവിതം രൂപം പ്രാപിക്കും. അതിന്റെ മധ്യത്തിൽ നിലകൊള്ളുന്ന വ്യക്തി തന്റെ ഗ്രാമത്തിന് വേണ്ടി ആത്മത്യാഗം ചെയ്യാൻതയാറായിരിക്കും; ഗ്രാമങ്ങൾ രാജ്യത്തിനുവേണ്ടിയും. അങ്ങനെ ശുദ്ധൻമാരായി അന്യരെ ആക്രമിക്കാൻ ഒരുങ്ങാത്ത സദാവിനീതൻമാരായി ജീവിക്കുന്ന വ്യക്തികളെകൊണ്ട് നിറയും സമൂഹം മുഴുവനും. ഈ സമുദ്രതുല്യമായ മണ്ഡലത്തിന്റെ അവിഭാജ്യഘടകങ്ങളായ വ്യക്തികൾ അതിന്റെ ഗാംഭീര്യത്തിന്റെ ഭാഗഭാക്കുകളാകുന്നു. ആകയാൽ ഏറ്റവും പുറമേയുള്ള വലയങ്ങൾക്ക് ഉള്ളിലുള്ള വലയങ്ങളെ ഞെരുക്കുന്നതിന് അധികാരം ഉണ്ടായിരിക്കുകയില്ല. മറിച്ച് ഉള്ളിലുള്ള എല്ലാ വലയങ്ങൾക്കും അത് ശക്തിപകരുന്നു; അവയിൽ നിന്ന് സ്വയം ശക്തിആർജിക്കുന്നു. ഇതൊക്കെ അപ്രായോഗികമായ ഉട്ടോപ്യൻ സങ്കൽപ്പങ്ങളാണെന്നും അതിനാൽ ഒരുതരത്തിലുമുള്ള പരിഗണന അർഹിക്കുന്നില്ലെന്നും നിങ്ങൾ വാദിച്ചേക്കാം. യൂക്ലിഡിന്റെ 'ബിന്ദു' ഒരു മനുഷ്യനാലും രേഖപ്പെടുത്താനാകാത്ത ഒട്ടും സ്ഥലംവേണ്ടാത്ത ഒരു സങ്കൽപ്പനം മാത്രമാണ്. എന്നാൽ അതിന് അതിന്റേതായ അനശ്വരമൂല്യമുണ്ട്. അത്പോലെതന്നെ എന്റെ സങ്കൽപ്പനത്തിനും മാനവരാശിയുടെ ജീവിതത്തെ സംബന്ധിച്ചിടത്തോളം തള്ളിക്കളയാനാവാത്ത മൂല്യമുണ്ട്."

ജീവിതം നിലനിൽപ്പിനുവേണ്ടിയുള്ള സമരമാണെന്നും, അർഹതയുള്ളവൻ മാത്രമെ ജീവിതസമരത്തിൽ അതിജീവിക്കുകയുള്ളുവെ

ന്നുമുള്ള പഴഞ്ചൻപ്രകൃതിശാസ്ത്രകാഴ്ചപ്പാടുകളെ ആധുനികശാസ്ത്രം അംഗീകരിക്കുന്നില്ല. പ്രകൃതിയിൽ നടക്കുന്നത് ജീവികളുടെ സഹ പരിണാമവും സഹവർത്തിത്വവുമാണെന്നാണ് ആധുനികചിന്ത. ഇത് മൽസരത്തിന് പകരം സഹകരണവും ചൂഷണത്തിന് പകരം പരസ്പര സംരക്ഷണവും ഹിംസയ്ക്ക്പകരം അഹിംസയും വളർത്തുന്നു. മനുഷ്യപരിണാമത്തിനും പുരോഗതിക്കും അടിസ്ഥാനം സമരമാണെന്ന് ഗാന്ധിജി ഒരിക്കലും വിശ്വസിച്ചിരുന്നില്ല. ഗാന്ധിജിയുടെ അഭിപ്രായത്തിൽ മനുഷ്യർ തമ്മിലുള്ള സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും ഫലമായിട്ടാണ് മനുഷ്യൻ പുരോഗമിച്ചത്. ഗാന്ധിജി പറഞ്ഞു: 'ചരിത്ര രേഖകൾ ലഭ്യമായിട്ടുള്ള അതിപ്രാചീനകാലം മുതൽ ആധുനിക കാലംവരെ ഒന്നു കണ്ണോടിച്ചു നോക്കുമ്പോൾ മനുഷ്യൻക്രമാനുഗതമായി അഹിംസയിലേക്ക് പുരോഗമിക്കുകയായിരുന്നുവെന്ന് നമുക്ക് കാണാം. നമ്മുടെ അതിപ്രാചീനരായ പിതാമഹൻമാർ നരമാംസഭുക്കുകളായിരുന്നു. കുറെകഴിഞ്ഞ് ആ ജീവിതത്തിൽ മടുപ്പ്തോന്നിയപ്പോൾ വേട്ടയാടി അലഞ്ഞുനടക്കുന്ന ജീവിതത്തെക്കുറിച്ച് ലജ്ജതോന്നി. അങ്ങനെ അവർ കൃഷിയിലേക്ക് ശ്രദ്ധതിരിച്ചു. ആഹാരത്തിനുവേണ്ടി അമ്മയായ ഭൂമിയെ ആശ്രയിച്ചുതുടങ്ങി. അലഞ്ഞുനടക്കുന്ന ജീവിതം ഉപേക്ഷിച്ചു. ഗ്രാമങ്ങളും നഗരങ്ങളും സ്ഥാപിക്കപ്പെട്ടു. ഒരു കുടുംബത്തിലെ അംഗങ്ങളെന്ന നിലയിൽനിന്ന് ഒരു സമൂഹത്തിന്റെയോ ഒരു രാഷ്ട്രത്തിന്റെയോ അംഗങ്ങളെന്നനിലയിലേക്ക് അവർ ഉയർന്നു. ഇവയെല്ലാം അഹിംസയുടെ വികാസത്തെയും ഹിംസയുടെ സങ്കോചത്തെയുമാണ് സൂചിപ്പിക്കുന്നത്.ലോകത്തിന്റെ പുരോഗതി ഹിംസയിൽ കൂടിയല്ല അഹിംസയിൽകൂടിയാണെന്ന് ഗാന്ധിജി ലോകത്തോട് ഉപദേശിച്ചു. യുദ്ധങ്ങളെയും, വർഗസമരങ്ങളെയും, വംശീയകലാപങ്ങളെയും, മതസംഘടനങ്ങളെയും അദ്ദേഹം അപലപിച്ചു.

ഗാന്ധിജി പാശ്ചാത്യഅധിനിവേശവ്യവസ്ഥകളായ മുതലാളിത്തത്തെയും കമ്യൂണിസത്തെയും മാതൃകയായി സ്വീകരിക്കരുതെന്ന് പറഞ്ഞു. അദ്ദേഹം മുന്നറിയിപ്പു നൽകി: "ഭാരതത്തിന്റെ ഭാഗധേയം പാശ്ചാത്യരുടെ രക്തപങ്കിലമായ മാർഗത്തെ ആശ്രയിച്ചല്ല സ്ഥിതിചെയ്യുന്നത്. സരളവും ഗുണാന്വിതവുമായ ഒരു ജീവിതത്തിൽ നിന്നും ഉദയം ചെയ്യുന്ന സമാധാനത്തിന്റെ രക്തരഹിതമാർഗമാണ് ഭാരതത്തിന്റെ ഭാഗധേയം നിർണയിക്കാനുള്ള മാർഗം. അതുകൊണ്ട് ഭാരതം ഉദാസീനയും നിസ്സഹായയുമായി പറയരുത്, 'എനിക്ക്' പടിഞ്ഞാറുനിന്നുള്ള പ്രവാഹത്തിൽനിന്നും ഒഴിഞ്ഞുമാറാൻ നിവൃത്തിയില്ല എന്ന്. സ്വന്തം നന്മയ്ക്കും ലോകത്തിന്റെ നന്മയ്ക്കും വേണ്ടി ഭാരതം അതിനെ ചെറുക്കുവാൻ കെൽപ്പുള്ളതാവണം." പാശ്ചാത്യവ്യവസായ സംസ്കാരം വരുത്തിവയ്ക്കുന്ന വിന ഗാന്ധിജി ചൂണ്ടികാട്ടിയിരുന്നു. അദ്ദേഹം വ്യവസായിക - ഉപഭോഗസംസ്കാരത്തിനെതിരെ പാശ്ചാത്യർക്കും മുന്നറിയിപ്പ് നൽകി. പാശ്ചാത്യരുടെ കാലടികളെ പിൻതുടർന്ന് ഭാരതം നശിക്കരുതെന്ന് വിളി

32-2012 6

ച്ചുപറഞ്ഞു. പക്ഷെ അദ്ദേഹത്തിന്റെ ശബ്ദം വനരോദനമായി ഭവിക്കുകയാണ് ഉണ്ടായത്. സ്വാതന്ത്ര്യാനന്തരം ഭരണാധികാരികൾ ഗാന്ധിജിയുടെ മഹത്തായചിന്തകളെ അവഗണിക്കുകയും അപഹസിക്കുകയാണ് ചെയ്തത്. അവർ പാശ്ചാത്യമാതൃകകളിൽ ആവേശഭരിതരായി. ഈ മാതൃകകളെ പിൻതുടർന്ന് അവർ നടപ്പാക്കികൊണ്ടിരിക്കുന്ന നയങ്ങളാണ് ഭാരതം നേരിടുന്ന വെല്ലുവിളികൾ.

മനുഷ്യനെ അമാനവീകരിക്കുന്ന പാശ്ചാത്യഅധിനിവേശദർശനങ്ങൾക്ക് ബദലായി ഉയർന്നുവന്നതാണ് സനാതനമൂല്യങ്ങളിൽ അധിഷ്ഠിതമായ ഗാന്ധിദർശനം. അത് തികച്ചും ശാസ്ത്രീയവും പുരോഗമനപരവുമാണെന്നാണ് ആധുനികശാസ്ത്രങ്ങളിൽനിന്നും ഉയർന്നുവന്നിട്ടുള്ള നവചിന്തകൾ വ്യക്തമാക്കുന്നത്. ഗാന്ധിദർശനത്തെ ആധാരമാക്കിയുള്ള ഒരു സാമൂഹ്യ - സാമ്പത്തിക - രാഷ്ട്രീയ - സാംസ്കാരിക വ്യവസ്ഥക്കുമാത്രമെ അസ്തിത്വപ്രതിസന്ധിയിൽപ്പെട്ടിരിക്കുന്ന മനുഷ്യനെ രക്ഷിക്കാനാവു.

ഏഴ്

# അർഥശാസ്ത്രദർശനം

മുതലാളിത്തത്തിനും കമ്യൂണിസത്തിനും ബദലായി ഒരു പുത്തൻ അർഥശാസ്ത്ര ദർശനം നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി അവതരിപ്പിക്കുകയുണ്ടായി. ഗാന്ധിജിയുടെ സാമ്പത്തികദർശനത്തിൽ മനുഷ്യനും പ്രകൃതിയും അഭിന്നമാണ്. അദ്ദേഹം മനുഷ്യനെ സാമ്പത്തികജീവിയായിട്ടല്ല കണ്ടത്, തികച്ചും ആധ്യാത്മികമായിരുന്നു മനുഷ്യനോടുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. "ഈശാവാസ്യമിദം സർവം, യത്കിഞ്ച ജഗത്യാം ജഗത് ത്യേനത്യക് തേനഭുഞ്ജീഥാ: മാഗൃധ: കസ്യസ്വിദ്ധനം " (ഈലോകത്തിലുള്ള സകല ജീവജാലങ്ങളും ഈശ്വരനിൽ ആവസിക്കപ്പെട്ടവയാണ്. അതിനാൽ ഈശ്വരന്റെ പേരിൽ ത്യാഗം ചെയ്തുകൊണ്ട് യഥാപ്രാപ്തമായ ഭോഗങ്ങളെ അനുഭവിക്കുക. ആരും ആരുടെയും ധനത്തിൽ ആഗ്രഹം വെയ്ക്കാതിരിക്കുക) എന്ന ഈശാവാസ്യോപനിഷത്തിലെ പ്രഥമ ശ്ലോകമാണ് ഗാന്ധിജിയുടെ അർഥശാസ്ത്രദർശനത്തിന്റെ അടിസ്ഥാനം. ഉൽപാദനത്തെയും ഉപഭോഗത്തെയും മാത്രം അടിസ്ഥാനമാക്കിയുള്ള ഭൗതികവാദപരമായ പാശ്ചാത്യഅർഥശാസ്ത്രത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണിത്. ഗാന്ധിജി ദീർഘദർശനം ചെയ്തു: 'മനുഷ്യന്റെ ആവശ്യങ്ങളെല്ലാം നിറവേറ്റാനുള്ള കഴിവ് ഈ ഭൂമിക്കുണ്ട്. എന്നാലവന്റെ അതിമോഹത്തെ തൃപ്തിപ്പെടുത്താൻ ഭൂമിക്ക് കെൽപ്പില്ല. സമ്പന്നർ അതിമോഹം നിയന്ത്രിക്കുക, ഉള്ളത് എല്ലാവർക്കും ലഭ്യമാക്കുക." ഇതാണ് ഗാന്ധിജിയുടെ സാമ്പത്തികവീക്ഷണം. ഇത് ഭാരതീയ പുരുഷാർഥസങ്കൽപ്പമായ ധർമാർഥകാമ മോക്ഷങ്ങളുമായി ബന്ധപ്പെട്ടതാണ്. ഭൗതികശാസ്ത്രങ്ങളെ പോലെ വസ്തുനിഷ്ഠമായൊരു ശാസ്ത്രമാണ് അർഥശാസ്ത്രമെന്ന പാശ്ചാത്യഅർഥശാസ്ത്രകാരന്മാരുടെ കാഴ്ചപ്പാടിനോട് ഗാന്ധിജി യോജിച്ചില്ല. വില്ല്യംപെറ്റി, ആഡംസ്മിത്ത്, റിക്കാഡോ, മാർക്സ്, കെയിൻസ് എന്നീ അർഥശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങൾ അത്ര ശാസ്ത്രീയമാണെന്ന് ഗാന്ധിജിക്ക് അഭിപ്രായമു

ണ്ടായിരുന്നില്ല. യഥാർഥമായ സാമ്പത്തികശാസ്ത്രം അഥവാ അർഥശാസ്ത്രം ചില ഒറ്റപ്പെട്ട സിദ്ധാന്തങ്ങളുടെ സംഘാതമല്ലെന്നും അതിന് സ്വതന്ത്രമായ അസ്തിത്വമില്ലെന്നും ഗാന്ധിജി പറഞ്ഞു. അദ്ദേഹം എഴുതി: 'ധർമശാസ്ത്രത്തെ വിട്ടിട്ട് അർഥശാസ്ത്രത്തിന് നിലനില്പില്ല. അർഥശാസ്ത്രവും ധർമശാസ്ത്രവും തമ്മിൽ കാര്യമായ അന്തരമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. വ്യക്തിയുടെയോ രാഷ്ട്രത്തിന്റെയോ ക്ഷേമത്തിന് വിഘാതമായിരിക്കുന്ന അർഥശാസ്ത്രം അധാർമികമാണ്. അതുകൊണ്ട് പാപപൂർണമാണ്'

യൂറോപ്പിലെ വ്യവസായവിപ്ലവത്തെ തുടർന്ന് രൂപം കൊണ്ട അർഥശാസ്ത്രം പാശ്ചാത്യക്ലാസിക്കൽ തത്വശാസ്ത്രത്തിന്റെ യാന്ത്രികവും ഭൗതികവാദപരവുമായ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണ് വളർന്ന് വികസിച്ചത്. പാരിസ്ഥിതികവും, സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങളെ സമഗ്രതയിൽ കാണുന്നതിന് അത് പരാജയപ്പെട്ടു. മനുഷ്യനും പ്രകൃതിയും, മനുഷ്യനും മറ്റ് ജീവികളും തമ്മിലുള്ള ജൈവബന്ധം ഈ അർഥശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നില്ല. പ്രകൃതിയുമായുള്ള നിരന്തര സംഘട്ടനത്തിലൂടെയാണ് മനുഷ്യൻ പുരോഗമിക്കുന്നതെന്നും, പ്രകൃതിയെത്തന്നെ കീഴ്പ്പെടുത്തലാണ് അവന്റെ കടമയെന്നും അർഥശാസ്ത്രകാരന്മാർ വിശ്വസിച്ചു. ഉൽപ്പാദനശക്തികളുടെ വളർച്ച ചരക്കുകളുടെ അമിതോൽപ്പാദനത്തിനു വേണ്ടിയാണെന്നാണ് മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും സാമ്പത്തികവിദഗ്ധർ വിശ്വസിക്കുന്നത്. രണ്ടു വ്യവസ്ഥകളിലും ജീവിതനിലവാരം അളക്കുന്നതിനുള്ള സൂചകം വാർഷികോപഭോഗമാണ്. ഉപഭോഗം വർധിപ്പിക്കുന്നതിന് പരമാവധി ഉൽപ്പാദിപ്പിക്കുക എന്നതാണ് രണ്ട് കൂട്ടരുടെയും മുദ്രാവാക്യം. ഉപഭോഗാസക്തിയുടെ കാര്യത്തിൽ മുതലാളിത്തരാജ്യങ്ങളിലെ ജനങ്ങളും കമ്യൂണിസ്റ്റ് രാജ്യങ്ങളിലെ ജനങ്ങളും ഒരുപോലെയാണ്. പരമാവധി ഉൽപ്പാദനത്തിന്റെയും ഉപഭോഗത്തിന്റെയും പിന്നിൽ മറഞ്ഞിരിക്കുന്ന അപകടം രണ്ടു വ്യവസ്ഥകളും കാണുന്നില്ല. ഉൽപ്പാദനവർധനവിനെയും ഉപഭോഗവർധനവിനെയും മാത്രം ലക്ഷ്യമാക്കിയുള്ള അർഥശാസ്ത്രസിദ്ധാന്തങ്ങൾ സാമൂഹികാസമത്വം, പണപ്പെരുപ്പം, തൊഴിലില്ലായ്മ, സമ്പത്തിന്റെ അതികേന്ദ്രീകരണം, ഊർജപ്രതിസന്ധി, പാരിസ്ഥിതികദുരന്തങ്ങൾ എന്നിവ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

ഗാന്ധിജി മനുഷ്യൻമഹാപ്രപഞ്ചത്തിന്റെ ഭാഗമാണെന്നും, പ്രപഞ്ചവും പ്രപഞ്ചത്തിലെ മറ്റ് സത്തകളുമായും അവന് ജൈവബന്ധമുണ്ടെന്നും വിശ്വസിച്ചു. ഈ ജൈവബന്ധം തന്നെയാണ് പ്രകൃതിയെയും പ്രകൃതിയിലെ മറ്റ് ജീവജാലങ്ങളെയും സ്നേഹിക്കാൻ അവനെ പ്രാപ്തമാക്കുന്നത്. സാങ്കേതികമായ അർഥത്തിൽ ഗാന്ധിജി ഒരു അർഥശാസ്ത്രജ്ഞനല്ലായിരുന്നുവെങ്കിലും മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും അർഥശാസ്ത്രസങ്കൽപ്പങ്ങളോട് അദ്ദേഹം അനുകൂലിച്ചില്ല. 1916 ഡിസംബർ 22-ാം തീയതി അലഹബാദിലെ മുയർ സെൻട്രൽ കോളേജ്

എക്കണോമിക്കൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സുപ്രധാനമായൊരു അർഥശാസ്ത്രസമ്മേളനം നടന്നു. പണ്ഡിറ്റ് മദനമോഹൻ മാളവ്യയുടെ അധ്യക്ഷതയിൽ ചേർന്ന ഈ സമ്മേളനത്തിൽ ഗാന്ധിജി ചെയ്ത പ്രസംഗം പിൽക്കാലത്ത് ഒരു 'ക്ലാസിക്കായി' മാറി. അർഥശാസ്ത്രത്തെയും യഥാർഥ പുരോഗതിക്ക് അതുനൽകുന്ന സംഭാവനകളെയും പറ്റിയാണ് ഗാന്ധിജി സംസാരിച്ചത്. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ മനസ്സിലാക്കുന്ന വിധത്തിലുള്ള അർഥശാസ്ത്രത്തെപറ്റി സത്യം പറയട്ടെ എനിക്ക് വളരെയൊന്നും അറിയില്ല. എന്നാൽ എന്റെ അർഥശാസ്ത്രപരമായ കാഴ്ചപ്പാട് ശരിയായ പാതയിലൂടെയാണ് പോകുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. ഇടപതറാതെ, ഞാൻ മുന്നോട്ട് പോകുന്നു. എന്റെ അവസ്ഥ ഇതാണ്.' ഗാന്ധിജിയുടെ സാമ്പത്തികവീക്ഷണം ഇടതോ വലതോ ആയിരുന്നില്ല നേരെയുള്ളതായിരുന്നു. ധാർമികപുരോഗതിയും ഭൗതികപുരോഗതിയും പരസ്പരപൂരിതമായിരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അമിതമായ ഭൗതികപുരോഗതി ധാർമികാധപതനം ഉണ്ടാക്കിയിട്ടുണ്ടെന്ന് ഗാന്ധിജി പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. "ചില ഉദാഹരണങ്ങൾ നോക്കാം. ഭൗതികസുഖഭോഗങ്ങളുടെ ഉച്ചകോടിയിലാണ് റോമാസാമ്രാജ്യം അധഃപതിച്ചത്. ഈജിപ്റ്റിന്റെയും അനുഭവം ഇതുതന്നെ. നമുക്കറിയാവുന്ന എല്ലാ രാജ്യങ്ങളുടെയും സ്ഥിതി ഇതാണ്. ദക്ഷിണാഫ്രിക്കയിൽ വച്ച് അനേകായിരം ഇന്ത്യക്കാരുമായി ബന്ധം പുലർത്താൻ എനിക്ക് അവസരമുണ്ടായി. അവിടെയും സാമ്പത്തികോന്നമനത്തോടുകൂടി ധാർമികാധഃപതനവുമുണ്ടായി എന്നാണ് എനിക്കറിയാൻ കഴിഞ്ഞത്. ഈ പ്രശ്നം പുത്തനല്ല. രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് യേശുപറഞ്ഞു: 'ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതാണ് ' എന്ന്. യേശുക്രിസ്തുവും, മുഹമ്മദ് നബിയും, ശ്രീബുദ്ധനും, ഗുരുനാനക്കും, കബീറും, ചൈതന്യനും, ശ്രീശങ്കരനും, ദയാനന്ദനും, ശ്രീരാമകൃഷ്ണനും അനേകായിരം ആളുകളുടെമേൽ സ്വാധീനം ചെലുത്തുകയും അവരുടെ സ്വഭാവം രൂപവൽക്കരിക്കുകയും ചെയ്തിട്ടുള്ള മഹാത്മാക്കളാണ്. ഇവരൊക്കെത്തന്നെ ദാരിദ്ര്യം സ്വയം വരിച്ചവരായിരുന്നു.

ആവശ്യം (need)ആർത്തി (greed) എന്നീ രണ്ട് വ്യക്തമായ സംവർഗങ്ങൾ ഗാന്ധിജി വിഭാവനം ചെയ്തിരുന്നു. മുതലാളിത്തവും കമ്യൂണിസവും ഇവ രണ്ടു വ്യത്യസ്ത സംവർഗങ്ങൾ ആണെന്ന് അംഗീകരിച്ചിരുന്നില്ല. ഒരിക്കലും തൃപ്തിപ്പെടുത്താനാകാത്ത ദുരാഗ്രഹങ്ങൾ, ആർത്തിയാണ് മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും ചാലകശക്തി. കാരണം ഇവരണ്ടും ഭൗതികവാദത്തിൽ അധിഷ്ഠിതമാണ്. ആർത്തിയെയും ആവശ്യത്തെയും ലോകത്താദ്യമായി സുവ്യക്തമായി നിർവചിച്ചത് ഗാന്ധിജിയായിരുന്നു. സാർവത്രികമൽസരവും ഉപഭോഗതൃഷ്ണയും സീമാതീതമായി വളർത്തുന്ന വ്യവസ്ഥകളാണ് മുതലാളിത്തവും കമ്യൂണിസവും. ഗാന്ധിജിയുടെ ജീവിതംതന്നെ ഉപഭോഗതൃഷ്ണ

ക്കെതിരായ സമരമായിരുന്നു. മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും അർഥശാസ്ത്രങ്ങൾ തമ്മിൽ അസാധാരണമായ സമാനതയാണുള്ളത്. സാങ്കേതികവും സാമ്പത്തികവുമായ വികസനം മാത്രമാണവർ ലക്ഷ്യമിടുന്നത്. സാർവത്രികമായ വളർച്ചയോടും വികസനത്തോടുമുള്ള ആസക്തി മറ്റ് പ്രത്യയശാസ്ത്രങ്ങളെ അപേക്ഷിച്ച് മുതലാളിത്തത്തിലും കമ്യൂണിസത്തിലും വളരെ ശക്തമാണ്. ഇന്ന് നേരിടുന്ന ഏറ്റവും മുഖ്യമായ പ്രശ്നം അന്തമില്ലാത്ത ആവശ്യങ്ങളും (Unlimited wants) പരിമിതമായ വിഭവസമ്പത്തും (limited resources) ആണ്. പരിമിതമായ ഒന്നിനെ അപരിമിതമാക്കാൻ അസാധ്യമാണ്. ആധുനിക അർഥശാസ്ത്രം മാർക്സിസ്റ്റായാലും മാർക്സിസ്റ്റേതരമായാലും പരിമിതമായതിനെ (finite) അപരിമിതം (infinite) ആക്കാനാണ് ശ്രമിക്കുന്നത്. ഭൂമിയിലെ പ്രകൃതിവിഭവങ്ങൾക്ക് പരിമിതിയുള്ളതുകൊണ്ട് അനിയന്ത്രിതവും അതിരില്ലാത്തതുമായ സാമ്പത്തികവളർച്ച സാധ്യമല്ലെന്ന് ഇന്ന് വ്യക്തമാണ്. മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും വികസനകാഴ്ചപ്പാട് സ്ഥലവും കാലവും അനന്തമാണെന്നുള്ള പഴയ ന്യൂട്ടോണിയൻ സങ്കൽപത്തിൽനിന്നും ഉണ്ടായതാണ്. ആധുനികഭൗതികത്തിൽ (Modern physics) സ്ഥലവും കാലവും കേവലവും അനന്തവുമല്ല. മുതലാളിത്തം ലാഭത്തിനും ചൂഷണത്തിനും വേണ്ടി ഉൽപ്പാദനശക്തികളെ കെട്ടഴിച്ചുവിടുന്നു. ഓരോരുത്തർക്കും അവനവന്റെ ആവശ്യത്തിനനുസരിച്ചുള്ള കമ്യൂണിസ്റ്റ് വ്യവസ്ഥ വരണമെങ്കിലും ഉൽപ്പാദനശക്തികൾ അതിനനുസരിച്ച് വികസിക്കണം. അമേരിക്കയുടെയും പഴയ സോവിയറ്റ് യൂണിയന്റെയും വികസനകാഴ്ചപ്പാട് ഒന്നായിരുന്നു. രണ്ടു കൂട്ടരും വൻകിടവ്യവസായത്തോടും സാങ്കേതിക വിദ്യയോടും അനാവശ്യമായ ആഭിമുഖ്യം പുലർത്തി. ഇരുകൂട്ടർക്കും വളർച്ചയും വികസനവും ലഹരിപോലെയായിരുന്നു. ഗാന്ധിജി എഴുപത്തിയഞ്ചുവർഷം മുമ്പ് എഴുതി: 'സാമ്പത്തികവളർച്ച ആവശ്യമാണ്. അത് ജീവിതപുരോഗതിക്ക് ഒഴിവാക്കാൻ പറ്റുന്നതല്ല. എന്നാൽ എങ്ങനെയും വളരുകയും വികസിക്കുകയും ചെയ്യുക എന്ന കാഴ്ചപ്പാട് പ്രകൃതിക്കിണങ്ങിയതല്ല. വളർച്ചയും ശോഷണവും തമ്മിൽ ചലനാത്മകമായ സന്തുലനമുണ്ട്. ഉൽപ്പാദനവും ഉപഭോഗവും പ്രകൃതിയോട് പൊരുത്തപ്പെടുന്നതാവണം.' അനിയന്ത്രിതമായ ഉൽപാദനത്തിന്റെയും ഉപഭോഗത്തിന്റെയും പ്രത്യാഘാതങ്ങൾ നമ്മുടെ ഗ്രഹത്തിൽ അനുഭവപ്പെടാൻ തുടങ്ങിയിട്ടുണ്ട്. പ്രകൃതി വിഭവങ്ങളുടെ സ്രോതസ്സുകൾ ശോഷിച്ചുകൊണ്ടിരിക്കുന്നു. പരിസ്ഥിതിത്തകർച്ച ഗുരുതരമായിരിക്കുന്നു.

പ്രകൃതിവിഭവങ്ങളുടെ ശോഷണത്തെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ശാസ്ത്രജ്ഞന്മാർ വ്യക്തമാക്കിയുട്ടുണ്ട്. ലോകപെട്രോളിയം ഉൽപ്പാദനം ഈ നൂറ്റാണ്ടിന്റെ മധ്യമാകുമ്പോഴേക്കും നിലക്കും. കൽക്കരിയുടെ ഉൽപ്പാദനം ഈ നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കും ഇല്ലാതാകും. പ്രകൃതിവാതകവും ലോഹങ്ങളും വനവും മൽസ്യസ

മ്പത്തും ഓക്സിജൻപോലും ഇല്ലാതാകുന്ന കാലംവരും. ഫോസിൽ ഇന്ധനങ്ങൾക്ക് ബദൽ മാർഗങ്ങൾ കണ്ടുപിടിച്ചാലും മറ്റ് വിഭവങ്ങളുടെ ശോഷണം ഇല്ലാതാകില്ല. നമ്മൾ ഇപ്പോൾ തുടരുന്ന വകതിരിവില്ലാത്ത വികസനം നമ്മുടെ നിലനിൽപ്പിന് ആവശ്യമായ ലോഹം, ആഹാരം, ഒക്സിജൻ, ഓസോൺ എന്നിവയുടെ സ്രോതസ്സുകളെ ഉൻമൂലനം ചെയ്യും. ജലമലിനീകരണവും ജലത്തിന്റെ അമിതോപഭോഗവും ചൂഷണവും ഇന്നത്തെ രീതിയിൽ തുടർന്നാൽ ഈനൂറ്റാണ്ടിന്റെ മധ്യമാകുമ്പോഴേക്കും ശുദ്ധജലസ്രോതസ്സുകൾ വറ്റിവരണ്ടുപോകും. ഭാവിയിൽ യുദ്ധം കുടിനീരിനുവേണ്ടിയായിരിക്കും.

അതിരില്ലാത്ത സാമ്പത്തികപുരോഗതി യഥാർഥപുരോഗതിക്ക് വിഘാതമാണെന്ന് ഗാന്ധിജി പറഞ്ഞു. ഒരു പരിധി കഴിഞ്ഞാൽ ഭൗതികപുരോഗതി ധാർമിക പുരോഗതിക്ക് തടസ്സമാണ്. വികസനം എന്നാൽ സമ്പത്തിന്റെയും ഉപഭോഗവസ്തുക്കളുടെയും അമിതമായ വർധനയാണെന്ന ധാരണ ഗാന്ധിജി തിരുത്തി. അദ്ദേഹം പറഞ്ഞു: 'സമ്പത്തു കുന്നുകൂട്ടാനുള്ള ഭ്രാന്തുപിടിച്ച മൽസരം ആരെയും എവിടെയും കൊണ്ടുചെന്ന് എത്തിക്കുകയില്ല. രണ്ടു വിധത്തിൽ ഇത് അപകടകരമാണ്. ഒന്ന്, അമിതമായ ഭൗതിക സുഖസൗകര്യങ്ങൾ ധാർമികവും ആത്മീയവുമായ പുരോഗതിയെ തടസ്സപ്പെടുത്തും. രണ്ട്, ജനസംഖ്യ കൂടുന്നതിനനുസരിച്ച് ഭൗതികവിഭവങ്ങളും ഉപഭോഗസാധനങ്ങളും കൂടാൻ സാധ്യമല്ലാത്തതിനാൽ ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് വർധിക്കുകയും ധാർമികവും ആത്മീയവുമായ ജീവിതം മാത്രമല്ല ജനസാമാന്യത്തിന്റെ ഭൗതികജീവിതം പോലും താറുമാറാകുകയും ചെയ്യും. ജീവിതത്തിന്റെ എല്ലാ മേഖലകളിലും മിതത്വം ശീലിക്കുന്നില്ലെങ്കിൽ സമൂഹത്തിന്റെ പുരോഗതി മാത്രമല്ല, അസ്തിത്വം പോലും അപകടത്തിലാകും".

യൂറോപ്പിലെ വ്യവസായ വിപ്ലവത്തിന്റെ ഇരട്ട രാഷ്ട്രീയവ്യവസ്ഥകളായ മുതലാളിത്തവും കമ്യൂണിസവും ഇന്ത്യക്ക് അനുയോജ്യമല്ലെന്ന് ഗാന്ധിജി തിരിച്ചറിഞ്ഞിരുന്നു. രണ്ടു നൂറ്റാണ്ടിലേറെകാലം ഇന്ത്യയിൽ നീണ്ടുനിന്ന ബ്രിട്ടീഷ് കൊളോണിയൻ ഭരണമാണ് വ്യവസായവിപ്ലവത്തെ തുടർന്ന് രൂപം കൊണ്ട അർഥശാസ്ത്രസിദ്ധാന്തങ്ങൾ ഇവിടെ നടപ്പാക്കിയത്. കഴുത്തറപ്പൻ മൽസരത്തിൽ അധിഷ്ഠിതമായ കമ്പോള വ്യവസ്ഥയിൽ ഇന്ത്യയെ ഉൾപ്പെടുത്തിയത് ബ്രിട്ടീഷ് കോളനി ഭരണമായിരുന്നു. പ്രാചീന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ പലിശ ഈടാക്കുന്നത് അധർമമായിട്ടാണ് കരുതിയിരുന്നത്. ഉൽപ്പന്നങ്ങൾക്ക് നീതിപൂർവമായ വില ഉറപ്പുവരുത്തിയിരുന്നു. കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും സാമൂഹിക ദ്രോഹമായിരുന്നു. കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവെയ്പ്പുകാർക്കും കടുത്ത ശിക്ഷയായിരുന്നു നൽകിയിരുന്നത്. അക്കാലത്തെ ഉൽപ്പാദന വ്യവസ്ഥ സാമൂഹ്യാവശ്യങ്ങൾക്കായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. സമൂഹത്തിന്റെ മൊത്തം ആവശ്യങ്ങൾ സമൂഹത്തിന്റെയാകെ പങ്കാളിത്തത്തോടെ നിർവഹിക്കുക എന്നതായിരുന്നു അതിന്റെ രീതി. ആഹാരം,

വസ്ത്രം, വീട് മറ്റ് വിഭവങ്ങൾഎന്നിവക്ക് ഉപയോഗമൂല്യം മാത്രമായിരുന്നു ഉണ്ടായിരുന്നത്. അന്ന് ചരക്കുകൾ കൈമാറാനുള്ള പ്രാദേശിക സംവിധാനം മാത്രമായിരുന്നു കമ്പോളം. ഇന്നത്തെ രൂപത്തിലുള്ള കമ്പോളം എന്ന പ്രതിഭാസം ആരംഭിച്ചത് ബ്രിട്ടീഷ് ഭരണത്തോടെയായിരുന്നു. ബ്രിട്ടീഷ് ഭരണത്തിന് മുമ്പ് ഇന്ത്യയിലെ ഓരോ ഗ്രാമങ്ങളും സ്വയം സംപൂർണമായിരുന്നു.

പാശ്ചാത്യഅർഥശാസ്ത്രജ്ഞന്മാരായിരുന്ന സർ.വില്യം പെറ്റി, ആദംസ്മിത്ത്, മാർഷൽ, ഡേവിഡ് റിക്കാഡോ, മാർക്സ് എന്നിവരുടെ അർധശാസ്ത്രസിദ്ധാന്തങ്ങളെ ഗാന്ധിജി അംഗീകരിച്ചിരുന്നില്ല. ആദം സ്മിത്ത്, റിക്കാഡോ എന്നിവരുടെ 'അധ്വാനമൂല്യ' സിദ്ധാന്തത്തിന്റെ തുടർച്ചമാത്രമായിരുന്നു മാർക്സിന്റെ 'മിച്ചമൂല്യസിദ്ധാന്ത'മെന്ന് ഗാന്ധിജി മനസ്സിലാക്കിയിരുന്നു. ഇവരുടെ സിദ്ധാന്തങ്ങളിൽ പ്രകൃതിയുടെ മൂല്യം കണക്കിലെടുക്കുന്നില്ലെന്ന് ഗാന്ധിജി നിരീക്ഷിച്ചു. ഗാന്ധിജിയുടെ ആരാധകനായ ഡോ.ഇ.എഫ്.ഷുമാക്കർ മാർക്സിന്റെ മിച്ചമൂല്യസിദ്ധാന്തത്തെ ചോദ്യം ചെയ്യുകയുണ്ടായി. മുതലാളിവർഗം സ്വന്തമാക്കുന്ന മൂലധനം തൊഴിലാളികൾക്കവകാശപ്പെട്ട മിച്ചമൂല്യം കുന്നുകൂടിയതാണെന്നാണ് മാർക്സിന്റെ സാമ്പത്തികസിദ്ധാന്തത്തിന്റെ അടിസ്ഥാനം. ഇത് തെറ്റാണെന്ന് ഷുമാക്കർ പറഞ്ഞു: "വൻകിടവ്യവസായങ്ങളിൽ ഊർജത്തിനു വേണ്ടി ഉപയോഗിക്കുന്ന കൽക്കരി, എണ്ണ തുടങ്ങിയ ഇന്ധനങ്ങൾ ഉൽപ്പാദനഘടകങ്ങളാണ്. ഇന്ധനത്തിന്റെ ഉൽപ്പാദനചെലവേ സാധാരണ കണക്കിലെടുക്കാറുള്ളു. ഇന്ധനങ്ങളുടെ ആകെ നിക്ഷേപത്തിന് ഭൂമിക്കടിയിൽ ഒരു പരിധിയുണ്ട്. വികസിതരാജ്യങ്ങൾ ഇന്നോളം ഉപയോഗപ്പെടുത്തിയ ഇന്ധനങ്ങൾ അതേ തോതിൽ വികസ്വരരാജ്യങ്ങൾ കൂടി ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ ഇന്ധനനിക്ഷേപം ഇതിനകം തീർന്നുപോകുമായിരുന്നു. അപരിമിതമായ സുഖഭോഗവസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് മനുഷ്യൻ പരിമിതമായി മാത്രം നിക്ഷേപമുള്ള പ്രകൃതിവിഭവങ്ങളാണ് ഉപയോഗിച്ച് തീർത്തുകൊണ്ടിരിക്കുന്നത്. എവിടെ ആവശ്യവസ്തുക്കളുടെ ലഭ്യത പരിമിതപ്പെടുന്നുവോ, അവിടെ വില നിശ്ചയിക്കേണ്ട ആവശ്യം വന്നു കൂടുന്നു. ഉൽപ്പാദനഘടകങ്ങൾക്ക് വില നിശ്ചയിച്ചപ്പോൾ പ്രകൃതിയിൽ നിന്നും ലഭ്യമായ ഇന്ധനത്തിനു നൽകേണ്ട മൂല്യം മാർക്സ് പരിഗണിച്ചില്ല." ആ വില തൊഴിലാളിക്കുള്ളതല്ല ഭാവിക്കുള്ളതാണെന്ന് ഷുമാക്കർ വാദിക്കുകയുണ്ടായി. പുതിയ ഇന്ധന ഗവേഷണത്തിനുള്ള കരുതൽ ധനമായി മാത്രമേ ആ മൂല്യം ഉപയോഗപ്പെടുത്താവൂ എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഗാന്ധിജി പറഞ്ഞു: "പാശ്ചാത്യരുടെ മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും അടിസ്ഥാനം നമ്മുടെ ആശയങ്ങളിൽനിന്നും മൗലികമായി വ്യത്യാസപ്പെട്ടതാണ്. അവയിലൊന്ന്, മനുഷ്യപ്രകൃതി അവശ്യം സ്വാർഥപരമാണെന്ന വിശ്വാസമത്രെ. ഞാൻ അതിനോട് യോജിക്കുന്നില്ല. കാരണം മനുഷ്യനും മൃഗവും തമ്മിലുള്ള മുഖ്യവ്യത്യാസം എന്താണെ

ന്നെനിക്കറിയാം. മനുഷ്യന് തന്റെ അന്തരാത്മാവിന്റെ ആഹ്വാനത്തോട് പ്രതികരിക്കാൻ കഴിയും. മൃഗസാധാരണമായ വികാരങ്ങൾക്കുപരിയായി ഉയരാനും തന്നിമിത്തം സ്വാർഥതക്കും അക്രമത്തിനും ഉപരിയായി ഉയരാനും അവനു കഴിയും. സ്വാർത്ഥതയും അക്രമവും മൃഗപ്രകൃതിക്കുള്ളതാണ്. മനുഷ്യന്റെ അനശ്വരാത്മാവിനുള്ളതല്ല." ജീവിതം നിലനിൽപിനുവേണ്ടിയുള്ളതാണെന്നും അർഹതയുള്ളവൻ മാത്രമെ ജീവിതസമരത്തിൽ വിജയിക്കൂവെന്നുമുള്ള പാശ്ചാത്യവീക്ഷണങ്ങളോട് ഗാന്ധിജി വിയോജിച്ചു. ഏതു വ്യവസ്ഥയായാലും അക്രമരാഹിത്യത്തിലും സഹകരണത്തിലും അധിഷ്ഠിതമായിരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. കമ്യൂണിസത്തിന്റെ വർഗസമര സിദ്ധാന്തത്തിനെതിരായിരുന്നു ഗാന്ധിജി. അദ്ദേഹം പറഞ്ഞു: "വർഗസമരം എന്ന ആശയം എനിക്ക് ബോധ്യമാകുന്നില്ല. ഇന്ത്യയിൽ ഒരു വർഗസമരം അനിവാര്യമല്ലെന്നുമാത്രമല്ല, അഹിംസാസിദ്ധാന്തം നാം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ വർഗസമരം നമുക്ക് ഒഴിവാക്കാവുന്നതാണ്. വർഗസമരം ഇന്ത്യയുടെ ആത്മസത്തക്ക് എതിരാണ്. തുല്യനീതിപാലിച്ചും സകലരുടെയും മൗലികാവകാശങ്ങളെ ആധാരമാക്കിയും കമ്യൂണിസം വികസിപ്പിച്ചുകൊണ്ടുവരുവാൻ ഇന്ത്യക്ക് കഴിയും. എന്റെ സങ്കൽപ്പത്തിലുള്ള രാമരാജ്യം രാജാവിന്റെയും ദരിദ്രന്റെയും അവകാശങ്ങൾ ഒന്നുപോലെ ഉറപ്പുനൽകുന്നതാണ്. നമുക്ക് നമ്മുടേതായ രീതിയിൽ സ്ഥിതിസമത്വം സ്ഥാപിക്കാം. ബഹുജനങ്ങളുടെ ദാരിദ്ര്യപ്രശ്നം സംബന്ധിച്ച അവസാനവാക്കുകളാണ് പാശ്ചാത്യരാഷ്ട്രീയവ്യവസ്ഥകളെന്ന് വിചാരിക്കുന്നതു തീർച്ചയായും അബദ്ധമാണ്."

മനുഷ്യാധ്വാനകേന്ദ്രീകൃതവും പ്രകൃതിക്കിണങ്ങിയതുമായ ഒരു സമ്പദ്വ്യവസ്ഥയാണ് ഇന്ത്യക്കുവേണ്ടി ഗാന്ധിജി വിഭാവനചെയ്തത്. ഊർജത്തെയും പ്രകൃതിവിഭവങ്ങളെയും അമിതമായി ആശ്രയിച്ചുള്ള സമ്പദ്വ്യവസ്ഥകൾ മൂലധനപ്രധാനമാണ്. മൂലധനം പ്രകൃതിവിഭവചൂഷണത്തിൽനിന്നും ഊറ്റിയെടുക്കുന്നതാണ്. പ്രകൃതിവിഭവങ്ങൾ കുറയുംന്തോറും മൂലധനം ഉണ്ടാകുന്ന സ്രോതസ്സുകൾ ഇല്ലാതാകും. മൂലധനപ്രധാനമായവ്യവസായങ്ങൾ കൂടുതൽ യന്ത്രവൽകൃതമാകുന്നതോടെ തൊഴിൽസാധ്യത കുറയും. മൂലധനം അധ്വാനത്തിന് പകരം വെയ്ക്കപ്പെടും. ഇത്തരം ഒരു സാമ്പത്തികവ്യവസ്ഥ ഇന്ത്യയെപ്പോലെ വമ്പിച്ച ജനസംഖ്യയുള്ള ഒരു രാജ്യത്തിന് അനുയോജ്യമല്ലെന്ന് ഗാന്ധിജി പറഞ്ഞു. ഊർജപ്രകൃതിവിഭവകേന്ദ്രീകൃത സമ്പദ്വ്യവസ്ഥ ഊതിവീർപ്പിച്ചതാണ്. അത് ദീർഘകാലാടിസ്ഥാനത്തിൽ സമ്പത്തുൽപ്പാദിപ്പിക്കില്ല. പാരിസ്ഥിതികമായും സാമൂഹ്യമായും ദോഷം ചെയ്യുന്നതാണത്. ഇതിന് ഒരു ഉദാഹരണമാണ് മൂലധനപ്രധാനമായ കൃഷി. മൂലധന പ്രധാനമായ കൃഷി യന്ത്രവൽക്കൃതമാണ്. ഇതിന് ഊർജോപഭോഗം വളരെ കൂടുതലായിരിക്കും. കാർഷികോൽപ്പാദനം വർധിപ്പിക്കാൻ രാസവളങ്ങളും കീടനാശിനികളും അമിതമായി ഉപയോഗിക്കുന്നു. താൽക്കാലികമായി ഈ കൃഷിരീതി ഉൽപ്പാദനവർധന നൽകും. എന്നാൽ ഇത് പ്രകൃതിക്കിണ

ങ്ങാത്തതും മണ്ണിന്റെ ഉർവരതയും ജൈവവൈവിധ്യവും നശിപ്പിക്കുന്നതുമാണ്. ഇത് അധ്വാനത്തിന്റെ പങ്ക് കുറച്ച് തൊഴിലില്ലായ്മ സൃഷ്ടിക്കുന്നു. കൃഷിക്കുപയോഗിക്കുന്ന രാസപദാർഥങ്ങൾ ആഹാരത്തിലൂടെ നമ്മുടെ ശരീരത്തിൽ എത്തിച്ചേർന്ന് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ആഹാരവും മണ്ണും വായുവും വെള്ളവും വിഷലിപ്തമായിത്തീരുന്നു. ഒടുവിൽ കൃഷിതന്നെ ഇല്ലാതാവും. ഗാന്ധിജി എഴുതി: 'പ്രകൃതിയോടിണങ്ങിയ കൃഷിയാണ് വേണ്ടത്. കൃഷി ചെയ്യുന്നത് പ്രകൃതിയെ ചൂഷണം ചെയ്യാനല്ല മറിച്ച് പ്രകൃതിയെ സമ്പന്നമാക്കാനാണ്. രാസവളങ്ങളും കീടനാശിനികളും അപകടകാരികളാണെന്ന കാര്യത്തിൽ എനിക്കശേഷം സംശയമില്ല."

മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും യന്ത്രവൽകൃത വൻകിട ഉൽപ്പാദനവ്യവസ്ഥയുടെ നിയമങ്ങളിലൊന്ന് അത് കഴിയുന്നത്ര വലിയതോതിലായിരിക്കണമെന്നുള്ളതാണ്. ഈ രണ്ടു വ്യവസ്ഥകളും വ്യവസായപ്രധാനമായ സമൂഹത്തെയാണ് വളർത്തുന്നത്. പരമ്പരാഗത കൃഷിരീതികളും കാർഷിക സംസ്കൃതിയെതന്നെയും അവ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. സ്വന്തം ഭക്ഷ്യാവശ്യങ്ങൾക്കുപോലും കൃഷിയെ ഊന്നിനിൽക്കാത്ത സമൂഹങ്ങളെയാണ് അവ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. വ്യവസായ സമൂഹത്തിന്റെ ലക്ഷ്യം വൻകിടഉൽപാദനവും ലാഭവും മാത്രമാണ്. യന്ത്രവൽകൃത വൻകിടഉൽപ്പാദനവ്യവസ്ഥയിൽ ഓരോ രാജ്യങ്ങളും ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിച്ചേ മതിയാകൂ. അതിന് വിപണി ഉണ്ടായേ പറ്റൂ. ഇങ്ങനെ രാജ്യങ്ങൾ അന്യരാജ്യങ്ങളിൽ - പ്രത്യേകിച്ച് അവികസിതരാജ്യങ്ങളിൽ - വിപണി കണ്ടുപിടിക്കുന്നതിനുള്ള ശ്രമത്തിലേർപ്പെടുന്നു. ആ ശ്രമം ഫലിക്കുന്നതിനുള്ള പരിശ്രമത്തിലേർപ്പെടുകയും ആ ശ്രമം ഫലിക്കുന്നതിന് ആ പ്രദേശങ്ങൾതന്നെ തങ്ങളുടെ രാഷ്ട്രീയനുകത്തിൻ കീഴിൽ കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്യുന്നു. പ്രസ്തുത അവികസിത പ്രദേശങ്ങളെ കീഴടക്കുന്നതോടെ അവിടെയുള്ള പ്രകൃതി വിഭവങ്ങൾ കൊള്ളചെയ്യാൻ കഴിയുന്നു. ഉയർന്ന ശാസ്ത്രസാങ്കേതികവിദ്യയും വൻകിട ഉൽപ്പാദനവ്യവസ്ഥയും ഉള്ള രാജ്യങ്ങൾ ശക്തി കുറഞ്ഞ രാജ്യങ്ങളെ ചൂഷണം ചെയ്യുന്നു. ഇതാണ് അന്താരാഷ്ട്രകലഹങ്ങൾക്കു കാരണം. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ വിപണിക്കും പ്രകൃതിവിഭവങ്ങൾക്കും വേണ്ടി വികസിത രാജ്യങ്ങൾ തമ്മിൽ നടത്തിയ യുദ്ധങ്ങളായിരുന്നു. അടുത്ത കാലത്ത് നടന്ന ഇറാക്ക് യുദ്ധവും വിപണിക്കും പെട്രോളിനും വേണ്ടി അമേരിക്ക നടത്തിയ യുദ്ധമായിരുന്നു. അതുകൊണ്ടാണ് വൻകിട യന്ത്രവൽക്കൃത ഉൽപ്പാദനവ്യവസ്ഥയെ നിരുൽസാഹപ്പെടുത്തി ഇത്തരം ചെറുകിട ഉൽപാദനവ്യവസ്ഥയെ പ്രോൽസാഹിപ്പിക്കണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടത്. ലളിതവും അനാഡംബരവുമായ ജീവിതവും ഗ്രാമീണസ്വയം പര്യാപ്തയും കൊണ്ടല്ലാതെ യഥാർഥ ലോകസമാധാനം സംസ്ഥാപിക്കാൻ കഴിയില്ലെന്ന് ഗാന്ധിജി വിശ്വസിച്ചു.

ഗാന്ധിജിയുടെ അർഥശാസ്ത്രസിദ്ധാന്തങ്ങളുടെ പ്രയോഗമാണ് 'ട്രസ്റ്റിഷിപ്പും' 'സർവോദയവും'. സമ്പത്തിന്റെ ന്യായമായ വിതരണമാണ് ട്രസ്റ്റിഷിപ്പിന്റെ ലക്ഷ്യം. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ട്രസ്റ്റിഷിപ്പ് ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രസക്തമാണ്. ഉദാഹരണത്തിന്, മാതാപിതാക്കൾ കുഞ്ഞുങ്ങളെ സംബന്ധിച്ചിടത്തോളം ട്രസ്റ്റികളാണ്. ഗവൺമെന്റ് ജനങ്ങളുടെ ട്രസ്റ്റിയാണ്. ഗാന്ധിജി പറഞ്ഞു: "എനിക്ക് സാമാന്യം നല്ല സ്വത്ത്, ഒസ്യത്തവകാശം മുറക്കോ കച്ചവടംമുഖേന യോ, വ്യവസായത്തിലൂടെയോ കിട്ടിയെന്നിരിക്കട്ടെ, ആ സ്വത്തുമുഴുവൻ എനിക്കുള്ളതല്ലെന്ന് ഞാൻ അറിയണം. മാന്യമായ ജീവിതത്തിനുള്ള അവകാശം മാത്രമാണ് എനിക്കുള്ളത്. ബാക്കിവരുന്ന സ്വത്ത് സമൂഹ ത്തിന്റെ വകയാണ്. അത് സമൂഹത്തിനായി ഉപയോഗപ്പെടുത്തുകയും വേണം. നാടുവാഴികളും, ജമീന്ദാർമാരും, മുതലാളിമാരും ദുരാശയ്ക്കും, തങ്ങൾ ഉടമസ്ഥരാണെന്ന ചിന്തക്കും ഉപരിയായി വളരണം. സ്വത്ത് കൈവശമുണ്ടെങ്കിലും പ്രയത്നിച്ച് കാലായാപനം ചെയ്യുന്നവരുടെ നില യിലേക്ക് ഇറങ്ങണം. തൊഴിലാളി എത്രത്തോളം തന്റെ ധനമായ അധ്വാ നശേഷിയുടെ ഉടമയാണോ, അതിൽ കുറച്ചേ ധനവാൻ അയാളുടെ ധന ത്തിന്റെ ഉടമയാകുന്നുള്ളു." മുതലാളിമാർ തങ്ങൾക്കാവശ്യമുള്ളതിൽ കവിഞ്ഞുള്ള സ്വത്തിന്റെ സൂക്ഷിപ്പുകാർ മാത്രമായിരിക്കും. മുതലാളി മാർ തങ്ങൾക്കുമാത്രമായുള്ള ഉടമാവകാശം ത്യജിക്കണമെന്നും തങ്ങൾ മുതൽ കൈവശം വച്ചുകൊണ്ടിരിക്കുന്നത് ജനങ്ങളുടെ ട്രസ്റ്റികൾ എന്ന നിലയിൽ മാത്രമായിരിക്കണമെന്നും ഗാന്ധിജി പറഞ്ഞു. ട്രസ്റ്റിഷിപ്പിന്റെ അടിസ്ഥാനം ഇതാണ്. ഗാന്ധിജിയുടെ ട്രസ്റ്റിഷിപ്പിന്റെ അടിസ്ഥാനത്തി ലുള്ള സ്ഥിതിസമത്വത്തിന് മറ്റൊരു മാനംകൂടിയുണ്ട്. സമ്പത്തിന്റെ ന്യായ മായവിതരണം മാത്രമല്ല, അത്. അതുമാത്രംപോരെന്ന് ഗാന്ധിജി കരു തി. കാരണം, മനുഷ്യൻ അപ്പംകൊണ്ടുമാത്രം ജീവിക്കുന്നില്ല. ഭൗതിക പുരോഗതിക്കപ്പുറം മറ്റ് ചിലകാര്യങ്ങൾകൂടിയുണ്ട്. ലൂയിഫിഷറുടെ ഒരു ചോദ്യത്തിന് മറുപടിനൽകിക്കൊണ്ട് ഗാന്ധിജി പറഞ്ഞു: 'എന്റെ വ്യക്തി ത്വത്തിന്റെ പൂർണമായ വികസനത്തിന് എനിക്ക് സ്വാതന്ത്ര്യമുണ്ടായിരി ക്കണം. പാശ്ചാത്യ കമ്യൂണിസത്തിലും മുതലാളിത്തത്തിലും വ്യക്തി സ്വാതന്ത്ര്യമില്ല.

ഭഗവദ് ഗീതക്കും ഉപനിഷത്തുക്കൾക്കും പുറമെ ഗാന്ധിജിയുടെ സാമ്പത്തിക ദർശനം രൂപപ്പെടുത്തുന്നതിന് സഹായിച്ചത് ജോൺ റസ്കിന്റെ സാമ്പത്തികചിന്തകളായിരുന്നു. ജോൺ റസ്കിന്റെ "അൺടു ദിസ് ലാസ്റ്റ്" എന്ന കൃതിയുടെയും സ്വാധീനം ഗാന്ധിജിയുടെ 'സർവോ ദയ' സങ്കൽപ്പത്തിൽ കാണാം. ഓരോരുത്തർക്കും അവരവരുടെ ആവശ്യത്തിനനുസരിച്ച് ലഭിക്കണമെന്നാണ് സർവോദയത്തിന്റെ സങ്കൽപം. ഇതു നടപ്പാക്കേണ്ടത് അഹിംസാ മാർഗത്തിലൂടെയാണ്. ഗാന്ധിജി എഴുതി: "സകലരുടെയും നന്മയിൽ നമ്മുടെ നന്മയും അട ങ്ങിയിരിക്കുന്നു. വക്കീലിന്റെയും ക്ഷുരകന്റെയും അധ്വാനത്തിന് ഒരു

പോലെ വിലയുണ്ടായിരിക്കണം. കാരണം, ജീവിതമാർഗം കണ്ടെത്താൻ സകലർക്കും സമാനമായ അവകാശമാണുള്ളത്." ഗാന്ധിജിയുടെ സർവോദയം എന്ന സംവിധാനത്തിൽ ഓരോരുത്തർക്കും സമീകൃതാഹാരം, താമസിക്കാൻ വൃത്തിയും വെടിപ്പുമുള്ള വീട്, കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സൗകര്യം, ചികിൽസയ്ക്കും ഔഷധങ്ങൾക്കും സഹായം-എല്ലാം കിട്ടണം. സാമ്പത്തികസമത്വത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം ഇതായിരുന്നു. ഗാന്ധിജിയുടെ ഭാവനയിലുണ്ടായിരുന്ന സർവോദയം ഒരിക്കലും യാഥാർഥ്യവൽക്കരിക്കാനാവാത്ത ഒരു ആദർശമായിട്ടായിരുന്നു പലരും കരുതിയത്. എന്നാൽ സാക്ഷാൽക്കരിക്കാനാവുന്ന ഒരു ലക്ഷ്യമായിട്ടാണ് ഗാന്ധിജി ഇതിനെ കരുതിയത്. സമൂഹത്തിലെ ഓരോ വ്യക്തിയും സത്യത്തിലും അഹിംസയിലും അടിയുറച്ചുനിന്നുകൊണ്ട് പ്രവർത്തിച്ചാൽ സർവോദയം സാധ്യമാണെന്ന കാര്യത്തിൽ അദ്ദേഹത്തിന് സംശയമുണ്ടായിരുന്നില്ല. തുല്യരും സ്വതന്ത്രരുമായ ഒരു സമൂഹം-ഗവൺമെന്റ് ഇല്ലാത്തതോ ഉണ്ടെങ്കിൽത്തന്നെ അധികാര വികേന്ദ്രീകരണത്താൽ നാമമാത്രമായതും ജനങ്ങളാൽതന്നെ അവരുടെ കാര്യങ്ങൾ നിർവഹിക്കുന്നതുമായ ഒരു സമൂഹം - സ്വതന്ത്ര രാഷ്ട്രസമുച്ചയത്തിൽ തുല്യപദവി കാംക്ഷിക്കുന്ന ഒരു സമൂഹം - കടമകൾക്ക് പ്രഥമസ്ഥാനവും അവകാശങ്ങൾക്ക് ദ്വിതീയസ്ഥാനവും കൊടുക്കുന്നതും അവകാശങ്ങൾ ആരംഭിക്കുന്നതു കടമകളുടെ നിർവഹണത്തിൽ നിന്നാണെന്ന് ബോധ്യമുള്ളവരായ വ്യക്തികളുൾക്കൊള്ളുന്ന ഒരു സമൂഹം - ഒരുവൻ എല്ലാവർക്കും വേണ്ടിയും എല്ലാവരും ഒരുവനുവേണ്ടിയും ജീവിക്കുന്ന ഒരു സമൂഹം - ഇങ്ങനെയുള്ള ഒരു സമൂഹസൃഷ്ടി - എത്രതന്നെ വിദൂരമായിക്കൊള്ളട്ടെ - അതായിരുന്നു സർവോദയമെന്ന പദംകൊണ്ട് ഗാന്ധിജി അർഥമാക്കിയത്.

ഗാന്ധിജിയുടെ സാമ്പത്തികദർശനം ലോകം ഇന്ന് അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു. ധാർമികവും സാമൂഹ്യവും പാരിസ്ഥിതികവുമായ യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെടാത്തതാണ് പാശ്ചാത്യഅർഥശാസ്ത്രമാതൃകകളെന്ന് വ്യക്തമായിട്ടുണ്ട്. ഗാന്ധിജിയുടെ ചിന്തകളുടെ ശക്തമായ സ്വാധീനം ഗുന്നാർ മൈർഡലുടെ (Gunnar Myrdal) 'ഏഷ്യൻ ഡ്രാമ', ഷുമാക്കറുടെ 'ചെറുതാണ്സുന്ദരം' റെയ്ച്ചൽ കഴ്സന്റെ 'സൈലന്റ് സ്പ്രിങ്ങ്'ഫ്രിജോഫ് കാപ്രായുടെ 'ഗ്രീൻപൊളിറ്റിക്സ്' എന്നീ കൃതികളിൽ ദൃശ്യമാണ്. അളവല്ല ഗുണമാണ് പ്രധാനമെന്ന ഗാന്ധിജിയുടെ സാമ്പത്തികദർശനത്തിന്റെ അടിസ്ഥാനപ്രമാണം ഇവരെല്ലാം അംഗീകരിക്കുന്നു. ശരിയായ ജീവിതരീതിയിലൂടെ,ചെറിയ ഉപഭോഗത്തിലൂടെ പരമാവധി ജീവിതഗുണത എന്നതാണ് ഗാന്ധിജിയുടെ സാമ്പത്തികദർശനം.

## എട്ട്

# പാരിസ്ഥിതിക ചിന്തകൾ

ഗാന്ധിജിയുടെ പാരിസ്ഥിതികചിന്തകൾ പ്രവചനാത്മക സ്വഭാവമുള്ളവയായിരുന്നു. ഒരു നൂറ്റാണ്ടിന് മുമ്പ് 'ഹിന്ദുസ്വരാജിൽ' ഗാന്ധിജി വെളിപ്പെടുത്തിയ പാരിസ്ഥിതിക ചിന്തകൾ ഇന്ന് വളരെയേറെ പ്രസക്തമാണെന്ന് തെളിഞ്ഞുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പാരിസ്ഥിതിക കാഴ്ചപ്പാടുകളുടെ അടിസ്ഥാനം പ്രകൃതിയും മനുഷ്യനും ഒന്നാണെന്നുള്ളതാണ്. വികസനവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ ദാർശനികവീക്ഷണങ്ങൾ ഉണ്ടായിരുന്നു.

നമ്മൾ ഇന്ന് ആഗോളവും പ്രാദേശികവുമായ പരിസ്ഥിതിതകർച്ചക്ക് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ മണ്ണും ജലവും അന്തരീക്ഷവും മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ കൊല്ലവും ലോകത്തൊട്ടാകെ ഇരുപത് കോടി ടൺ കാർബൺ മോണോക്സയിഡ് അന്തരീക്ഷത്തിൽ തള്ളുന്നു. ഇതോടൊപ്പം അഞ്ചുകോടി ടണ്ണിലധികം വിവിധ ഹൈഡ്രോകാർബണുകളും ഏതാണ്ട് പതിനഞ്ചുകോടി ടൺ സൾഫർ ഡൈ ഓക്സൈഡും ഉൽസർജിക്കപ്പെടുന്നു. ഇതിന് പുറമെ പന്ത്രണ്ട് കോടി ടൺചാരവും നാം പറത്തിവിടുന്നു. മിനിട്ടിന് ഇരുപതു ഹെക്ടർ എന്ന കണക്കിന് വനങ്ങൾ തിരോഭവിക്കുന്നു. പ്രാണവായുവിന്റെ മുഖ്യ സ്രോതസ്സുകളിൽ ഒന്നായ ഉഷ്ണമേഖലാവനങ്ങൾ പ്രതിവർഷം ഒരുശതമാനംകണ്ട് ചുരുങ്ങിവരുന്നു. അന്തരീക്ഷത്തിൽ പ്രാണവായുവിന്റെ അളവ് പ്രതിവർഷം ആയിരംകോടി ടൺ കുറയുന്നുവെന്നാണ് കണക്ക്. ഇതിങ്ങനെ പോയാൽ ഈ നൂറ്റാണ്ടിന്റെ മധ്യമാകുമ്പോഴേക്കും പ്രാണവായുവിന്റെ ദൗർലഭ്യം ഉണ്ടാകും. വിഷവാതകപടലങ്ങൾ പട്ടണാന്തരീക്ഷത്തെ മലിനപ്പെടുത്തുക മാത്രമല്ല, അത് ഭൗമാന്തരീക്ഷത്തിൽ മുഴുവൻ വ്യാപിച്ച് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കും.

പ്രകൃതിവിഭവങ്ങളുടെ ലക്കും ലഗാനുമില്ലാത്ത ഉപഭോഗമാണ് ഇന്ന് നടക്കുന്നത്. ഊർജ്ജ സ്രോതസ്സുകൾ ഇല്ലാതായിക്കൊണ്ടിരിക്കുന്നു.

പെട്രോളിന്റെ ഉൽപാദനം ഇന്ന് പരമാവധിയിൽ എത്തിനില്ക്കുകയാണ്. പെട്രോളിന്റെ ഇന്നത്തെ നിരക്കിലുള്ള ഉപഭോഗം തുടർന്നാൽ ഈ നൂറ്റാണ്ടിന്റെ മധ്യമാകുമ്പോഴേക്കും അത് ഇല്ലാതാകും. കൽക്കരിയുടെ ഉൽപ്പാദനം ഈ നൂറ്റാണ്ടിന്റെ അവസാനം നിലയ്ക്കും. അമിതോപഭോഗം തുടർന്നാൽ പ്രകൃതിവാതകങ്ങളും ലോഹങ്ങളും വനവും മൽസ്യസമ്പത്തും, ഓക്സിജൻപോലും ഇല്ലാത്തകാലം വരും. ഫോസിൽ ഇന്ധനങ്ങൾക്കുപകരം ബദൽ മാർഗങ്ങൾ കണ്ടുപിടിച്ചാലും മറ്റ് വിഭവങ്ങളുടെ ശോഷണം സംഭവിക്കും. നമ്മൾ ഇപ്പോൾ തുടരുന്ന വകതിരിവില്ലാത്ത വികസനം നമ്മുടെ നിലനിൽപിന് ആവശ്യമായ ലോഹങ്ങൾ, ആഹാരം, ഓക്സിജൻ, ഓസോൺ എന്നിവയുടെ സ്രോതസ്സുകളെ ഉൻമൂലനം ചെയ്യും. ഇന്നത്തെ രീതിയിലുള്ള ജലത്തിന്റെ അമിതോപഭോഗവും, ചൂഷണവും, മലിനീകരണവും തുടർന്നാൽ ഈ നൂറ്റാണ്ടിന്റെ മധ്യമാകുമ്പോഴേക്കും ശുദ്ധജലസ്രോതസ്സുകൾ ഇല്ലാതാകും. ഭാവിയിൽ യുദ്ധം കുടിനീരിനുവേണ്ടിയായിരിക്കും. അനിയന്ത്രിതമായ വ്യവസായവികസനത്തിനുവേണ്ടി നടത്തുന്ന വിഭവചൂഷണവും അങ്ങനെ ദരിദ്രയാകുന്ന ഭൂമിക്കു താങ്ങാനാവാത്തവിധം വ്യവസായങ്ങൾ വിസർജിക്കുന്ന മാരകമാലിന്യങ്ങളും കാരണം, ജീവൻ നിലനിർത്തുന്നതിനുള്ള ഭൂമിയുടെ കഴിവ് ഈ നൂറ്റാണ്ടിന്റെ അന്ത്യത്തിനുമുമ്പ് ഇല്ലാതാകുമെന്ന് 1973 ൽ പ്രസിദ്ധീകരിച്ച ക്ലബ് ഓഫ് റോമിന്റെ “വളർച്ചയുടെ പരിമിതി” എന്ന റിപ്പോർട്ട് വ്യക്തമാക്കുകയുണ്ടായി. ഗാന്ധിയൻ, സാമ്പത്തികശാസ്ത്രജ്ഞനായ ഇ.എഫ്.ഷുമാഹറുടെ ‘ചെറുത് സുന്ദരം’ റേച്ചൽ കാഴ്സന്റെ ‘നിശ്ശബ്ദവസന്തം’ എന്നീ കൃതികൾ ഭൂമിയിലെ വിഭവങ്ങൾ അനന്തമല്ലെന്നും അതിന് പരിമിതിയുണ്ടെന്നും ഉള്ള ധാരണ ഉണ്ടാക്കിയിട്ടുണ്ട്. ഇതിന്റെയൊക്കെ പരിണതഫലമായിരുന്നു 1972 ലെ സ്റ്റോക് ഹോം കോൺഫ്രൻസും 1982 ലെ നെയ്റോബി സമ്മേളനവും 1992 ലെ റിയോദ് ജനീറോവിൽ നടന്ന ഭൗമ ഉച്ചകോടിയും 2002ലെ ജോഹന്നാസ്ബർഗ് ഉച്ചകോടിയും 2009 ലെ കോപ്പൻഹേഗൻ പരിസ്ഥിതി സമ്മേളനവും. നമ്മുടെ വംശത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ഈ സമ്മേളനങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ആഗോളതാപനം.

കഴിഞ്ഞ 50 വർഷങ്ങളായി ഭൂമിയുടെ താപനിലവർധിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽത്തന്നെ 1980 മുതലുള്ള 30 വർഷങ്ങളിൽ 25 എണ്ണം ഏറ്റവും ചൂടുള്ള വർഷങ്ങളായിരുന്നു. ഭൂമിയുടെ താപനില ഉയരുന്നതിനാണ് ‘ആഗോള താപനം’ എന്നുപറയുന്നത്. ഇതിനു കാരണം ഹരിതഗൃഹപ്രഭാവമാണ്. സൂര്യനിൽനിന്നും എത്തുന്ന താപോർജവും പ്രകാശവും കരയേയും കടലിനെയും വായുവിനെയും ചൂടാക്കുന്നു. ഭൂമിയുടെ ഉപരിതലം ചൂടാകുമ്പോൾ ഉണ്ടാകുന്ന താപവികിരണങ്ങൾ ആകാശത്തേയ്ക്ക് ഉയരുന്നു. അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളായ ജലകണങ്ങൾ, കാർബൺ ഡൈ ഓക്സൈഡ്, മീതയിൻ, ഓസോൺ

എന്നിവ ഈ താപത്തെ ആഗിരണം ചെയ്ത് അത് അന്തരീക്ഷത്തിനു പുറത്തുള്ള സ്ഥലത്തിലേക്ക് രക്ഷപ്പെടുന്നത് തടയുന്നു. ഹരിതഗൃഹ വാതകങ്ങളാണ് എല്ലാജീവികളുടെയും നിലനിൽപ്പിന് ആവശ്യമായ ചൂട് ഭൂമിയ്ക്ക് നൽകുന്നത്. എന്നാൽ ഹരിതഗൃഹവാതകങ്ങളുടെ വിതാനം അമിതമായി വർധിക്കുമ്പോൾ അത് കൂടുതൽ ചൂടാകുന്നു. അത് ക്രമേണ ഭൂമിയുടെ താപം വർധിപ്പിക്കുന്നു. ഇതിനെയാണ് ഹരിതഗൃഹപ്രഭാവം എന്നുപറയുന്നത്.

കുറെ വർഷങ്ങളായി മനുഷ്യൻ ഫോസിൽ ഇന്ധനങ്ങളായ കൽക്കരി പെട്രോൾ എന്നിവ ഫാക്ടറികളിലും, പ്ലാന്റ് കളിലും, വ്യവസായങ്ങളിലും, വാഹനങ്ങളിലും അമിതമായി കത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമൂലം ടൺകണക്കിന് കാർബൺ ഡൈ ഓക്സൈഡ്, മീതയിൻ തുടങ്ങിയ വാതകങ്ങളാണ് അന്തരീക്ഷത്തിൽ എത്തിച്ചേരുന്നത്. ഇതിന്റെ ഫലമായി അന്തരീക്ഷത്തിൽ ചൂടിനെ കുടുക്കുന്ന ഹരിതഗൃഹവാതകവിതാനം അമിതമായി വർധിക്കുന്നു. തൻമൂലം ഭൂമിയുടെ താപനില അപകടകരമായ നിലയിൽ വർധിക്കുന്നു. ആഗോള താപനം മൂലം ശിശിരസുഷുപ്തിയിലാകുന്ന അതിശൈത്യമേഖലകളിലെ അണ്ണാനും കരടികളും നേരത്തെ ഉണരുന്നു. വൃക്ഷങ്ങളും ചെടികളും പൂവിടുന്നകാലം തെറ്റുന്നു. ആർട്ടിക്കിലെ മഞ്ഞ് 2040 ആകുമ്പോഴേക്കും ഉരുകിത്തീരും. അതിശീതകാലാവസ്ഥയിൽ ജീവിക്കുന്ന ധ്രൂവകരടികൾ ഇല്ലാതാകും. 2030 ആകുമ്പോഴേക്കും കാലാവസ്ഥാവ്യതിയാനവും വനശോഷണവും ആമസോൺ വനങ്ങളെ തുടച്ചുനീക്കും. 2050 ആകുമ്പോഴേക്കും ഭൂമിയിലെ 25% ജീവിവർഗങ്ങൾ അപ്രത്യക്ഷമാകും. ഹിമാലയത്തിലെ ഹിമാനികളാണ് ഏഷ്യയിലെ മഹാനദികളുടെ സ്രോതസ്സ്. അവ ലോകജനസംഖ്യയുടെ 1/3 ഭാഗത്തിന് വെള്ളം നൽകുന്നു. ഇപ്പോൾ ഹിമാലയത്തിലെ ഹിമപാളികൾ അതിവേഗത്തിൽ ഉരുകിക്കൊണ്ടിരിക്കുകയാണ്. കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുള്ള അന്താരാഷ്ട്രപാനലിന്റെ റിപ്പോർട്ടനുസരിച്ച് ഹിമപാളികളുടെ ഉരുകൽ ഹിമാലയം - ഹിന്ദുകുഷ് മേഖലയിലെ 50 കോടി മനുഷ്യരുടെ ജീവിതത്തെ ബാധിക്കും. ഫലഭൂയിഷ്ഠമായ ഹിമാലയൻനദികളുടെ സമതലങ്ങൾ ഊഷർമാകും. താപനം വായുവിന്റെയും ജലത്തിന്റെയും മലിനീകരണം വർധിപ്പിക്കും. താപനിലയിൽ ഉണ്ടായ $2^{o}C$ വർധനവ് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കും. ലോകാരോഗ്യ സംഘടന പറയുന്നത് കാലാവസ്ഥാവ്യതിയാനം 50 ലക്ഷം രോഗികളെ ഓരോവർഷവും സൃഷ്ടിക്കുമെന്നാണ്. സമുദ്രങ്ങളിലെ താപനിലവർധിച്ചാൽ മൽസ്യങ്ങൾക്ക് ശ്വാസോച്ഛ്വാസം അസാധ്യമാകും. ഇതിനൊക്കെ പുറമേയുള്ള ആഗോളപാരിസ്ഥിതിക പ്രശ്നങ്ങളാണ് ഓസോൺ പാളികളുടെ വിള്ളലും, ന്യൂക്ലിയർ യുദ്ധങ്ങളുടെയും മാലിന്യങ്ങളുടെയും ഭീഷണി.

പാരിസ്ഥിതിക ചിന്തകളെ വെറും പ്രകൃതിസംരക്ഷണത്തിൽനിന്ന് നഗര ഗ്രാമ സന്തുലനം, പ്രകൃതിമനുഷ്യസന്തുലനം, ദരിദ്രധനികസന്തുലനം എന്നിവയടങ്ങുന്ന സാമൂഹ്യതലത്തിലേക്ക് ഗാന്ധിജി ഉയർത്തി.

പ്രകൃതിയെ ചൂഷണം ചെയ്യുന്നതിനോട് അദ്ദേഹം യോജിച്ചില്ല. പ്രകൃതിയുടെ ആധാരത്തിലാണ് സമൂഹം നിലനിൽക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കി. പ്രകൃതിചൂഷണത്താൽ അത് നശിക്കും. പിന്നെ മാനവ സമൂഹത്തിന് നിലനിൽപ്പില്ല. ലോകത്ത് ജീവിക്കേണ്ടത് മനുഷ്യൻ മാത്രമല്ല, പക്ഷികളും മൃഗങ്ങളും വൃക്ഷങ്ങളുമെല്ലാം ജീവിക്കണം. പ്രകൃതിക്ക് അളവില്ലാതെ വിഭവങ്ങൾ പ്രദാനം ചെയ്യാൻ കഴിയില്ല. വിഭവങ്ങൾ പരിമിതമാണ്. അതുകൊണ്ട് അപരിമിതമായ ഉപയോഗം തുടർന്നുകൂടാ. നിലനിൽപിന് ഒഴിച്ചുകൂടാൻ വയ്യാത്തത്രയെ ഉപയോഗിക്കാവൂ. ഗാന്ധിജി പറഞ്ഞു: 'ഈ ഭൂമുഖത്ത് എല്ലാ മനുഷ്യരുടെയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ വേണ്ട വിഭവങ്ങൾ ഉണ്ട്. എന്നാൽ ഒരാളുടെ ദുരപോലും തൃപ്തിപ്പെടുത്താൻ അത് മതിയാകില്ല." ഗാന്ധിജി ആവശ്യത്തെയും (Need)ആർത്തിയെയും (Greed) വ്യക്തമായി നിർവചിച്ചു. ആർത്തിയെ അടിസ്ഥാനമാക്കിയ വികസനമാണ് ആഗോളവും പ്രാദേശികവുമായ എല്ലാ പരിസ്ഥിതികവും സാമ്പത്തികവുമായ തകർച്ചയ്ക്ക് കാരണം.

പാശ്ചാത്യമാതൃകയിലുള്ള വികസനത്തെ അദ്ദേഹം എതിർത്തത് അതിന്റെ സാമ്പത്തികവും,പാരിസ്ഥിതികവും, സാമൂഹ്യവും സാംസ്കാരികവുമായ അപകടങ്ങളെ മനസ്സിലാക്കിയിട്ടായിരുന്നു. യൂറോപ്പിൽ രൂപം കൊണ്ട മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും വികസന മാതൃകകൾ തമ്മിൽ സമാനതയുണ്ട്. രണ്ട് വ്യവസ്ഥകളുടെയും വികസനമാതൃകകളിലുള്ള വൻകിടഉൽപ്പാദനത്തിന്റെ അടിസ്ഥാനം പ്രകൃതിവിഭവങ്ങൾ അനന്തമാണെന്ന കാഴ്ചപ്പാടിൽനിന്നും രൂപംകൊണ്ടതാണ്. ഉപഭോഗത്തോടുള്ള അവയുടെ ആസക്തിയും വളരെ ശക്തമാണ്. ഇന്ന് ലോകം അഭിമുഖീകരിക്കുന്ന ഏറ്റവും മുഖ്യമായ പ്രശ്നമാണ് അന്തമില്ലാത്ത ആവശ്യങ്ങളും (Unlimited wants) പരിമിതമായ വിഭവസമ്പത്തും (Limited resources). പരിമിതമായ ഒന്നിനെ അപരിമിതമാക്കാൻ സാധ്യമല്ല. മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും വികസന മാതൃകകൾ പരിമിതമായതിനെ അപരിമിതമാക്കാനാണ് ശ്രമിക്കുന്നത്. ഈ യാഥാർഥ്യം ഗാന്ധിജി മനസ്സിലാക്കിയിരുന്നു. ഗാന്ധിജി വ്യവസായവൽക്കരണത്തിന് എതിരായിരുന്നുവെന്ന പ്രചരണം തികച്ചും തെറ്റാണ്. വിഭവങ്ങളുടെയും ഊർജത്തിന്റെയും അമിതോപഭോഗം പാടില്ലെന്നും, ചെറുകിടവ്യവസായങ്ങളും തൊഴിലും സംരക്ഷിക്കപ്പെടണമെന്നുമായിരുന്നു അദ്ദേഹം ആവശ്യപ്പെട്ടത്. പ്രകൃതിസന്തുലനം നിലനിർത്താത്ത സാമ്പത്തികവികസനം അശാസ്ത്രീയമാണ്. സുസ്ഥിരവും ശക്തവുമായ സാമ്പത്തികവ്യവസ്ഥ നിലനില്ക്കുന്നത് സുസ്ഥിരമായ ആവാസവ്യവസ്ഥയിലാണ്. പാരിസ്ഥിതിക സുരക്ഷിതത്വം സാമ്പത്തിക സുരക്ഷിതത്വത്തെക്കാൾ പ്രധാനമാണ്. ആവാസവ്യവസ്ഥകൾ തകർന്നാൽ സാമ്പത്തിക സുരക്ഷിതത്വം അപകടത്തിലാകും.

പ്രതിവർഷം ഭാരതത്തിനുണ്ടാകുന്ന പാരിസ്ഥിതികനാശം 5,00,000 കോടി രൂപായുടേതാണ്. ഇത് ജി.ഡി.പി.യുടെ 4.5 ശതമാനംവരും. നഗ

രങ്ങളിൽ വായു മലിനീകരണത്തിന്റെ ഫലമായുള്ള സാമ്പത്തികനഷ്ടം പ്രതിവർഷം 6500 കോടിരൂപായാണ്. ജലമലിനീകരണം മൂലമുള്ള ജല ജന്യരോഗങ്ങൾക്ക് ഓരോ വർഷവും 28500 കോടി രൂപാ ഭാരതം ചെല വിടുന്നു. കഴിഞ്ഞകാലങ്ങളിൽ മണ്ണൊലിപ്പുമൂലം 83 - 163 ദശലക്ഷം ഹെക്ടർ ഭൂമി കൃഷിയോഗ്യമല്ലാതായിട്ടുണ്ട്. പാരിസ്ഥിതിക കാരണങ്ങ ളാൽ ഭൂമിയുടെ ഉർവരത നഷ്ടപ്പെട്ടതിന്റെ ഫലമായി പ്രതിവർഷം 5250 -8500 കോടിയുടെ കാർഷികോൽപ്പാദനം കുറയുന്നുവെന്നാണ് കണക്കാ ക്കിയിരിക്കുന്നത്. മണ്ണൊലിപ്പ് തടയുന്നതിനും ഭൂമിയുടെ ഉർവ്വരത വീണ്ടെ ടുക്കുന്നതിനും ഒൻപതാം പദ്ധതിയിൽ 10149 കോടി രൂപാ വകയിരുത്തു കയുണ്ടായി. വായു, ജലം, മണ്ണ് എന്നിവ മലിനീകരിക്കുന്നതിനെതിരായി ഗാന്ധിജി ശക്തമായി പ്രതികരിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: 'വായു, ജലം, ധാന്യങ്ങൾ എന്നിവ ജീവന്റെ നിലനിൽപ്പിന് അനിവാര്യ മാണ്. ഇതിൽ എറ്റവും പ്രധാനപ്പെട്ടത് വായുവാണ്. ഭക്ഷണമില്ലാതെ മനുഷ്യന് നിരവധി ദിവസങ്ങൾ ജീവിക്കാൻ കഴിയും. എന്നാൽ ശുദ്ധ വായുവില്ലാതെ ഏതാനും നിമിഷങ്ങൾപോലും ജീവിക്കാൻ പറ്റില്ല. മലി നീകരിക്കപ്പെട്ട വായു അശുദ്ധജലത്തേക്കാൾ അപകടകാരിയാണ്. വായുവും, ജലവും, ആഹാരവും ശുദ്ധമാണെങ്കിൽ പ്ലേഗ്, കോളറ, മഞ്ഞ പ്പിത്തം എന്നിവ പോലുള്ള രോഗങ്ങൾ പ്രത്യക്ഷപ്പെടുകയില്ല." 1925- ൽ യംങ് ഇന്ത്യയിൽ ഗാന്ധിജി എഴുതി: " രാസവളങ്ങളും കീടനാശിനി കളും അപകടകാരികളാണെന്ന കാര്യത്തിൽ എനിക്കശേഷം സംശയ മില്ല." പ്രകൃതിക്കനുയോജ്യമായ കൃഷിരീതികൾ അവലംബിക്കണമെന്ന് അദ്ദേഹം ഭാരതീയരോട് ഉപദേശിച്ചു. മനുഷ്യവിസർജ്യം ഉൾപ്പെടെയുള്ള എല്ലാ ജൈവമാലിന്യങ്ങളും ശാസ്ത്രീയമായ രീതിയിൽ വളമാക്കി മാറ്റ ണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ജൈവകൃഷിയുടെ പ്രാധാന്യം ഗാന്ധി ജിയെപ്പോലെ മനസ്സിലാക്കിയിട്ടുള്ള നേതാക്കൾ അപൂർവമാണ്.

പ്രകൃതി വിഭവങ്ങളുടെ ആഗോള ഉപഭോഗത്തിന്റെ കാര്യത്തിൽ നില നില്ക്കുന്ന അസന്തുലിതാവസ്ഥ പരിഹരിക്കണമെന്ന് ഗാന്ധിജി ആവ ശ്യപ്പെടുകയുണ്ടായി. ലോകജനസംഖ്യയിൽ ഒരു ചെറിയ ശതമാനമാണ് വിഭവങ്ങളുടെ മുഖ്യപങ്കും ഉപയോഗിക്കുന്നത്. ലോകവിഭവങ്ങളുടെ വള രെക്കുറച്ചു ഭാഗമേ വികസ്വര രാജ്യങ്ങളും അവികസിതരാജ്യങ്ങളും ഉപ യോഗിക്കുന്നുള്ളു. ലോകജനസംഖ്യയുടെ 6 ശതമാനം മാത്രം വരുന്ന അമേരിക്കയാണ് ലോകവിഭവങ്ങളുടെ 30 ശതമാനവും ഉപയോഗിക്കു ന്നത്. ലോകജനസംഖ്യയുടെ 16 ശതമാനം വരുന്ന ഇന്ത്യ ലോകവിഭവ ങ്ങളുടെ 4 ശതമാനം മാത്രമാണ് ഉപയോഗിക്കുന്നത്. പ്രകൃതിവിഭവങ്ങ ളുടെ അമിതോപഭോഗത്തിൽ മുന്നിൽ നില്ക്കുന്ന വികസിത രാജ്യ ങ്ങളാണ് ആഗോളപരിസ്ഥിതി തകർച്ചയ്ക്ക് മുഖ്യ കാരണക്കാർ. വിക സിതരാജ്യങ്ങൾ പ്രകൃതിവിഭവങ്ങളുടെ ഉപയോഗത്തിൽ മിതത്വം പാലി ക്കണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടിരുന്നു. ലോക വിഭവങ്ങളുടെ ഉപ യോഗത്തിൽ യാതൊരു തുല്യതയും നീതിയും ഇല്ലാത്തതുകൊണ്ടു

തന്നെ ആഗോളസമ്പദ് വ്യവസ്ഥ അസന്തുലിതമാണ്. അതുകൊണ്ടു തന്നെ അത് നിരന്തരം പ്രതിസന്ധിയിലുമാണ്.

ഗാന്ധിജിയുടെ പാരിസ്ഥിതികചിന്തകളും പ്രവൃത്തിയും തമ്മിൽ പൊരുത്തമുള്ളതായിരുന്നു. സ്വന്തം പ്രവൃത്തിയിലൂടെയാണ് ഗാന്ധിജി ജനങ്ങൾക്കിടയിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കാൻ ശ്രമിച്ചത്. ലളിതജീവിതം നയിച്ചുകൊണ്ട് ഉപഭോഗതൃഷ്ണക്കെതിരെ അദ്ദേഹം പോരാടി. സുഖഭോഗങ്ങൾക്കുവേണ്ടി പ്രകൃതിയെ ചൂഷണം ചെയ്യുന്ന കാഴ്ചപ്പാടിനെ അദ്ദേഹം എതിർത്തു. പരിസ്ഥിതിക്ക് ഇണങ്ങിയതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഗാന്ധിജി തന്റെ ആശ്രമത്തിൽ ഉപയോഗിച്ച കവറുകളും പേപ്പറുകളും വീണ്ടും ഉപയോഗിക്കുമായിരുന്നു. ഇത് പണം ലാഭിക്കാൻവേണ്ടി മാത്രമായിരുന്നില്ല. ഇതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത് അഗാധപാരിസ്ഥിതികാവബോധമായിരുന്നു. പേപ്പറിന്റെയും കവറിന്റെയും പുനരുപയോഗത്തിലൂടെ വനനശീകരണം കുറയ്ക്കാൻ കഴിയുമെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. പേപ്പർ ഉണ്ടാക്കുന്നത് മരങ്ങളുടെ പൾപ്പിൽ നിന്നാണല്ലോ. ഇന്ന് നമുക്ക് മരങ്ങളുടെ മൂല്യം ശാസ്ത്രീയമായി തിട്ടപ്പെടുത്താനറിയാം. 50 വർഷം പ്രായമുള്ള വൃക്ഷത്തിന് 30 ലക്ഷം രൂപായുടെ മൂല്യമുണ്ട്. അത് 5 ലക്ഷം രൂപാവിലവരുന്ന ഓക്സിജൻ പുനഃചക്രമണത്തിലൂടെ ഉൽപ്പാദിപ്പിക്കുന്നു. 6 ലക്ഷം രൂപായുടെ വളമാണ് 50 വയസ്സിനിടയിൽ അത് നമുക്ക് തരുന്നത്. അതിന്റെ വേരുകൾ മണ്ണൊലിപ്പ് തടയുന്നു. അത് വായുമലിനീകരണം തടയുന്നതിലൂടെ 15 ലക്ഷം രൂപായുടെ സംഭാവന നൽകുന്നുണ്ട്. പക്ഷിമൃഗാദികൾക്ക് അത് സംരക്ഷണം നൽകുന്നു. വാർധആശ്രമത്തിൽവെച്ച് ഒരിക്കൽ ഒരു അന്തേവാസിയോട് കരുവേലത്തിന്റെ കുറച്ച് ഇലകൾ കൊണ്ടുവരാൻ ഗാന്ധിജി ആവശ്യപ്പെട്ടു. അയാൾ കരുവേലത്തിന്റെ ഇലകളും കായ്കളുമുള്ള ഒരു വലിയശാഖ മുറിച്ചുകൊണ്ടുവന്ന് കൊടുത്തു. ആവശ്യത്തിൽ കൂടുതൽ ഇലകൾ കൊണ്ടുവന്നതിന് അയാളെ അദ്ദേഹം കുറ്റപ്പെടുത്തി. ഗാന്ധിജി പറഞ്ഞു: "മരങ്ങൾ നമ്മെ പോലുള്ള ജീവികളാണ്. അവ ശ്വസിക്കുന്നുണ്ട്, ആഹാരം കഴിക്കുന്നുണ്ട്, കുടിക്കുന്നുണ്ട് നമ്മളെപ്പോലെ. ആവശ്യത്തിൽ കൂടുതലൊന്നും അവയിൽ നിന്നും എടുക്കാൻ പാടില്ല''. പൂമാലകൾകൊണ്ടും ബൊക്കേകൾ കൊണ്ടും സ്വീകരിക്കുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല.

വെള്ളം പോലും പരിമിതമായിട്ടേ ഉപയോഗിക്കാവൂ എന്നതായിരുന്നു ഗാന്ധിജിയുടെ നിലപാട്. പ്രയാഗിൽ അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി നടക്കുകയായിരുന്നു. കമ്മിറ്റികഴിഞ്ഞ് എല്ലാവരും ഭക്ഷണം കഴിച്ചു. ആഹാരം കഴിച്ചതിനുശേഷം ഗാന്ധിജി കൈകഴുകാൻ പോയി. ജവർഹർലാൽ നെഹ്റുവും കൂടെയുണ്ടായിരുന്ന. നെഹ്റു പാത്രത്തിൽ വെള്ളമെടുത്ത് ഗാന്ധിജിയുടെ കൈയിൽ ഒഴിച്ചുകൊടുത്തുകൊണ്ടിരുന്നു. ഗാന്ധിജി മറ്റാരോടൊ എന്തോ സംസാരിച്ചുകൊണ്ടിരുന്നതുകൊണ്ട് കൈകഴുകുന്നതിൽ ശ്രദ്ധയില്ലായിരുന്നു. ഇടയ്ക്ക് വെള്ളം തീർന്നു.

നെഹ്റു വീണ്ടും വെള്ളമെടുക്കാൻ പോയി. വെള്ളം വീഴുന്നത് നിന്നപ്പോൾ ഗാന്ധിജി മനസ്സിലാക്കി 'ഒരു പാത്രം വെള്ളം കൊണ്ട് എന്റെ കൈ കഴുകാൻ കഴിഞ്ഞില്ല. ഞാൻ വെള്ളം പാഴാക്കിക്കളഞ്ഞു.' അദ്ദേഹത്തിന് വിഷമമായി. അപ്പോൾ നെഹ്റു പറഞ്ഞു: "ബാപ്പു എന്തിനിത്ര വ്യസനിക്കുന്നു? നാം പ്രയാഗിലാണ്. ഇവിടെ ഗംഗയും യമുനയും ഒഴുകുന്നു. ഇനിയൊരു പാത്രം വെള്ളം കൂടി ഉപയോഗിച്ചാൽ എന്തു ദോഷം". അപ്പോൾ ഗാന്ധിജി പറഞ്ഞു: "ഗംഗയും യമുനയും ഇവിടെ നിത്യമായൊഴുകുന്നുവെന്നത് ശരിയാണ്. എന്നാലവ എന്റെ ആവശ്യത്തിനു മാത്രമല്ല ഒഴുകുന്നത്. കോടിക്കണക്കിനാളുകൾക്ക് ഇതാണ് ജീവനം. എത്രയെത്ര പക്ഷികളും മൃഗങ്ങളും വൃക്ഷങ്ങളും ജീവസന്ധാരണത്തിന് ആ വെള്ളത്തെ ആശ്രയിക്കുന്നു. ഞാൻ ആവശ്യത്തിലധികം എടുത്താൽ എവിടെയെങ്കിലും കിട്ടാതെവന്നേയ്ക്കും".

ഗാന്ധിജി എല്ലാ ചരാചരങ്ങളിലും ദിവ്യത്വം ദർശിച്ചു. ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വളരെ ലളിതമാണ്. അദ്ദേഹം പറഞ്ഞു:"മനുഷ്യന് ജീവനെ സൃഷ്ടിക്കാനുള്ള കഴിവില്ലാത്തതുകൊണ്ട്, ജീവനെ നശിപ്പിക്കാനുള്ള അവകാശമില്ല." അഹിംസ ജീവിതത്തിൽ പ്രാവർത്തികമാക്കാതെ പ്രകൃതിചൂഷണം അവസാനിപ്പിക്കാൻ കഴിയില്ലെന്ന് അദ്ദേഹം പറഞ്ഞു. ഗാന്ധിജി പാരിസ്ഥിതിക ശാസ്ത്രപ്രബന്ധങ്ങളൊന്നും അവതരിപ്പിച്ചിട്ടില്ലെങ്കിലും അദ്ദേഹം തന്റെ ജീവിതത്തിലുടനീളം പാരിസ്ഥിതികാവബോധം കാത്തുസൂക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ പാരിസ്ഥിതിക ദർശനം പ്രകൃതിയെയും പാവങ്ങളെയും സംരക്ഷിക്കുന്നതായിരുന്നു. ഗാന്ധിജി പറഞ്ഞു: 'പരിസ്ഥിതിയുടെ ശത്രുക്കൾ നമ്മുടെ ഉള്ളിലാണുള്ളത്.എന്തുകൊണ്ടെന്നാൽ പ്രകൃതിയുടെ ചെലവിൽ നമ്മൾ കൂടുതൽ കൂടുതൽ ആവശ്യപ്പെടുന്നു. നമ്മൾ പ്രകൃതിയുമായി യുദ്ധത്തിലാണ്." യോഗിയാണെന്ന് സ്വയം അവകാശപ്പെടാതെ യോഗിയായി ജീവിച്ച മഹാത്മാവായിരുന്നു ഗാന്ധിജി. 'യോഗം' എന്നതിന്റെ ലളിതമായ അർഥം ശരീരത്തിന്റെയും മനസ്സിന്റെയും മേലുള്ള നിയന്ത്രണമാണ്. യോഗശാസ്ത്രത്തിൽ മനുഷ്യൻ പ്രകൃതിയുടെ അവിഭാജ്യഘടകമാണ്. യോഗശാസ്ത്രത്തിലെ യമവും നിയമവും പരിസ്ഥിതിയേയും വിഭവോപഭോഗത്തെയും കുറിച്ചുള്ളതാണ്. ഗാന്ധിജി യമനിയമങ്ങൾക്കനുസൃതമായിട്ടാണ് ജീവിച്ചത്. പരിസ്ഥിതിസംരക്ഷണത്തിന് നമ്മുടെ കാലഘട്ടം ആവശ്യപ്പെടുന്നത് താടിയും മുടിയും നീട്ടി വളർത്തി സഞ്ചിയും തൂക്കിപ്പിടിച്ചു നടക്കലും പ്രസംഗിക്കലുമല്ല. ഗാന്ധിജിയുടെ പാരിസ്ഥിതികദർശനങ്ങൾക്ക് അനുസരിച്ച് ജീവിക്കലാണ് ; പ്രവർത്തിക്കലാണ്. നമ്മളെയും ലോകത്തെയും രക്ഷിക്കാനുള്ള ഏക മാർഗം ഗാന്ധിജിയിലേക്ക് മടങ്ങുക എന്നതാണ്.

## ഒൻപത്

# ജനാധിപത്യസങ്കൽപ്പം

ജനാധിപത്യത്തെക്കുറിച്ച് ഗാന്ധിജിയെപോലെ ചിന്തിച്ച മറ്റൊരു മഹാൻ ലോകത്തില്ല. അദ്ദേഹത്തിന്റെ ജനാധിപത്യചിന്തകൾക്ക് ആധാരം പ്രാചീനകാലം മുതൽ ഭാരതത്തിൽ നിലനിന്നിരുന്ന വികേന്ദ്രീകൃതവും സ്വയംപര്യപ്തവും ലളിതവുമായ ജനാധിപത്യസംവിധാനവും ഉൽപ്പാദനപ്രക്രിയയുമായിരുന്നു. പത്തൊൻമ്പതാം നൂറ്റാണ്ടിൽ പോലും ഭാരതത്തിൽ നിലനിന്നിരുന്ന ഗ്രാമീണജനാധിപത്യസ്ഥാപനങ്ങൾ കാറൽ മാർക്സിനെ പോലും അൽഭുതപ്പെടുത്തിയിരുന്നു. ഗ്രാമങ്ങളുടെ വികേന്ദ്രീകൃതസ്വയംപര്യാപ്തത മൂലം ദേശീയതലത്തിൽ നടന്ന രാഷ്ട്രീയഗതിവിഗതികളൊന്നും ഗ്രാമീണജീവിതത്തെ ഒരു തരത്തിലും സ്വാധീനിച്ചില്ല. ഋഗ്വേദകാലത്തെ സമിതി മുതൽ ഇന്നത്തെ പഞ്ചായത്തുവരെ ഈ വികേന്ദ്രീകൃതവ്യവസ്ഥയുടെ രൂപങ്ങളാണ്. ബ്രിട്ടീഷുകാർ ഭാരതത്തിൽ ഭരണമാരംഭിക്കുമ്പോൾ ഭാരതീയ ഗ്രാമങ്ങളുടെ സ്വയംപര്യാപ്തവികേന്ദ്രീകൃതവ്യവസ്ഥയെകുറിച്ച് കളക്ടറുമാർ ലണ്ടനിലേക്ക് അൽഭുതത്തോടെ റിപ്പോർട്ടുകൾ തയ്യാറാക്കി അയ്ക്കുകയുണ്ടായി.

ആർഷഭാരതദർശനത്തിൽ അധിഷ്ഠിതമായിരുന്നു ഗാന്ധിജിയുടെ ജനാധിപത്യസങ്കൽപ്പം. പാശ്ചാത്യരാജ്യങ്ങളുടെ ജനാധിപത്യസമ്പ്രദായങ്ങളെ ഗാന്ധിജി അംഗീകരിച്ചിരുന്നില്ല. മുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെ കപടജനാധിപത്യത്തെ അദ്ദേഹം എതിർത്തു. ഇവരുടെ രാഷ്ട്രമീമാംസയിലെ പദാവലികളായ ഭരണകൂടം, ഭരണയന്ത്രം, ഭരണചക്രം എന്നിവ തന്നെ ഏകാധിപത്യത്തെയാണ് സൂചിപ്പിക്കുന്നത്. രണ്ടു വ്യവസ്ഥകളിലും ഭരണകൂടം (State) മർദനോപകരണമാണ്. ഭൗതികവാദത്തെ ആധാരമാക്കിയുള്ള മുതലാളിത്തവും കമ്യൂണിസവും യൂറോപ്പിൽ അരങ്ങേറിയ വ്യവസായവിപ്ലവത്തിന്റെ സന്തതികളാണ്. അവയുടെ ഭരണകൂടസ്വഭാവവും അടിസ്ഥാനപരമായി ഒന്നാണ്. അതുകൊണ്ടാണ് അവയെ മുതലാളിത്തഭരണകൂടം (Capitalist State) എന്നും ഭരണകൂട

മുതലാളിത്തം (State Capitalism) എന്നും യഥാക്രമം വിശേഷിപ്പിക്കുന്നത്. ഈ രണ്ട് വ്യവസ്ഥകളിലും ജനങ്ങൾക്ക് യാതൊരധികാരവുമില്ല. രണ്ടിലും സമ്പത്തും അധികാരവും അതികേന്ദ്രീകൃതമാണ്. മുതലാളിത്തപാർട്ടികളുടെയും കമ്യൂണിസ്റ്റ് പാർട്ടികളുടെയും പരമാധികാരം ഏറ്റവും മുകൾത്തട്ടിലാണ്. അമിതാധികാരകേന്ദ്രീകരണത്തെ ജനങ്ങളിൽ നിന്നും മറച്ചുപിടിക്കാനുള്ള പദാവലികൾ മാത്രമാണ് മുതലാളിത്തത്തിന്റെ സ്വതന്ത്രജനാധിപത്യവും കമ്യൂണിസത്തിന്റെ ജനാധിപത്യകേന്ദ്രീകരണതത്വങ്ങളും. മുതലാളിത്തസാമൂഹ്യവ്യവസ്ഥയുടെ സ്വതന്ത്രജനാധിപത്യം പ്രത്യക്ഷത്തിൽ സമത്വാധിഷ്ഠിതമെന്ന് തോന്നുമെങ്കിലും അതൊരു ക്രൂരമായ ചൂഷണസമ്പ്രദായമാണ്. സ്ഥിതിസമത്വം പ്രഖ്യാപിച്ച കമ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെ ജനാധിപത്യകേന്ദ്രീകരണം അവസാനിച്ചതു സ്വേച്ഛാധിപത്യത്തിലും സമഗ്രാധിപത്യത്തിലുമാണ്. മുതലാളിത്തത്തിൽ അധികാരവും സമ്പത്തും കൈയാളുന്നത് കോർപ്പറേറ്റുകളും അവരുടെ പ്രതിനിധികളായ നേതാക്കളുമാണ്. കമ്യൂണിസത്തിലാകട്ടെ സമ്പത്തും അധികാരവും പാർട്ടിയുടെയും അതിന്റെ തലപ്പത്തുള്ള നേതാക്കളുടെ അധീശത്വത്തിൻ കീഴിലും. രണ്ട് വ്യവസ്ഥകളിലും മുകൾതട്ടിലെ അധികാരം കീഴോട്ട് കിനിഞ്ഞിറങ്ങി ഗ്രാമതലത്തിലേക്കോ ജനങ്ങളിലേക്കോ എത്താറില്ല.

ധാർമികാധികാരത്തിൽ അടിസ്ഥാനമൂന്നിയിട്ടുള്ള ജനങ്ങളുടെ പരമാധികാരത്തിലും സാമൂഹ്യനിയന്ത്രണത്തിലുമുള്ള ഒരു ഭരണസംവിധാനത്തെയാണ് ഗാന്ധിജി വിഭാവന ചെയ്തത്. ബ്രിട്ടീഷ് പാർലമെന്റിനെ അദ്ദേഹം 'വേശ്യ'യെന്നും 'ബഹളമുണ്ടാക്കുന്ന പീടികയെന്നും' വിളിച്ചു. ബ്രിട്ടീഷ് സമ്പ്രദായത്തിലുള്ള പാർലമെന്ററി സമ്പ്രദായം ഇന്ത്യയിൽ നടപ്പാക്കാൻ പാടില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. കമ്യൂണിസ്റ്റ് രാജ്യങ്ങളിലെ സർവാധിപത്യഭരണകൂടങ്ങൾക്കും ഗാന്ധിജി എതിരായിരുന്നു. ഗാന്ധിജി എഴുതി: അവിടെ നിങ്ങൾ നിങ്ങളുടെ ശരീരത്തിനുപോലും ഉടമയല്ല. സമ്പന്നമാണെന്ന് അവകാശപ്പെടുന്ന റഷ്യയിലെ ജീവിതം എനിക്കശേഷം രുചിക്കുന്നില്ല. അധികാരം നന്മ ചെയ്യുന്നതിന് ആവശ്യമാണ്. എന്നാൽ അധികാരം തിന്മ ചെയ്യുന്നതിനും ഉപയോഗിക്കാം. നല്ല മനുഷ്യരെപോലും അധികാരം മദ്യത്തെ പോലെ ഉൻമത്തരാക്കാറുണ്ട്. അധികാരം അഴിമതി സൃഷ്ടിക്കുന്നു. കേവലമായ അധികാരം അഴിമതി കേവലവൽക്കരിക്കുന്നു എന്നാണല്ലോ മഹദ് വചനം. അധികാരം നന്മയ്ക്കോ തിന്മയ്ക്കോ എന്ന ചോദ്യത്തിന് ഗാന്ധിജി ശരിയായ ഉത്തരം നൽകി. ഗാന്ധിജി 1931 ൽ തന്നെ യംങ് ഇന്ത്യയിൽ എഴുതി: രാഷ്ട്രീയാധികാരം എന്റെ ലക്ഷ്യമല്ല, ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗമാണ്. ഭരണകൂടങ്ങളുടെ അമിതാധികാരങ്ങൾ വ്യക്തിസ്വാതന്ത്ര്യം ഹനിക്കുന്നതായി അദ്ദേഹം നിരീക്ഷിച്ചു. ഗാന്ധിജി പറഞ്ഞു: വ്യക്തികൾക്ക് ആത്മാവുണ്ട്, എന്നാൽ ഭരണകൂടങ്ങൾ ആത്മാവില്ലാത്ത യന്ത്രങ്ങളാണ്. അതുകൊണ്ട് അതിന് ഹിംസ ഉപേക്ഷിക്കാൻ കഴിയില്ല.

ഭരണകൂടത്തോട് പരിമിതവും ആപേക്ഷികവുമായ കൂറുമാത്രമേ ഓരോ പൗരനും ഉണ്ടാകാൻ പാടുള്ളുവെന്നും ഗാന്ധിജി നിഷ്കർഷിച്ചിരുന്നു. അദ്ദേഹത്തിന്റെ ഈ കാഴ്ചപ്പാടാണ് ബ്രിട്ടീഷ് ഭരണകൂടത്തിന്റെ നീതി രഹിതമായ നിയമങ്ങൾക്കെതിരെ പ്രതികരിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഭരണകൂടങ്ങളുടെ അധാർമികതയ്ക്കെതിരെ പോരാടാനുള്ള ആയുധമായിരുന്നു ഗാന്ധിജിക്ക് സത്യഗ്രഹം. സത്യഗ്രഹത്തെ അടിസ്ഥാനമാക്കിയുള്ള നിയമലംഘനം ജനാധിപത്യത്തിൽ അനിവാര്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. നിയമലംഘനം അരാജകത്വത്തിലേക്ക് വഴുതിവീഴാതിരിക്കാനുള്ള സുരക്ഷാകവചമായിരുന്നു അദ്ദേഹത്തിന് അഹിംസ. ജനങ്ങളെ ഏറ്റവും കുറച്ച് ഭരിക്കുന്ന സർക്കാരാണ് പൂർണവും അഹിംസാത്മകവുമായ സർക്കാർ എന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

നമ്മുടെ പാർലമെന്ററി ജനാധിപത്യം മൂല്യച്യുതിയിൽ പെട്ടിരിക്കുന്ന ഈ കാലത്ത് ഗാന്ധിജിയുടെ ജനാധിപത്യസങ്കൽപ്പങ്ങളുടെ പ്രസക്തി ഏറെ വർധിച്ചിരിക്കുകയാണ്. ഗാന്ധിജിയുടെ ജനാധിപത്യസങ്കൽപ്പങ്ങളാണ് സ്വരാജ്, പൂർണസ്വരാജ്, രാമരാജ്യം, സ്വരാജ്യം എന്നിവ. ഗാന്ധിജിയുടെ സ്വരാജ് എന്നാൽ ബ്രീട്ടീഷ് ഭരണത്തിൽ നിന്നുള്ള മോചനം മാത്രമായിരുന്നില്ല. അത് വെറും രാഷ്ട്രീയസ്വാതന്ത്ര്യം മാത്രമായിരുന്നില്ല. സ്വരാജിനെപറ്റി ഗാന്ധിജി പറഞ്ഞു: ബ്രിട്ടീഷുകാരുടെ നുകത്തിന് കീഴിൽ നിന്നും ഇന്ത്യയെ മോചിപ്പിക്കുക എന്നതുമാത്രമല്ല എന്റെ ലക്ഷ്യം. എല്ലാത്തരം അടിമത്തത്തിൽ നിന്നും രാജ്യത്തെ മോചിപ്പിക്കാൻ ഞാൻ ദൃഢപ്രതിജ്ഞ ചെയ്തിരിക്കുകയാണ്. ഒരു രാജഭരണത്തിനു പകരം മറ്റൊരു രാജഭരണം ഏർപ്പെടുത്തുന്നതിൽ എനിക്ക് താൽപ്പര്യമില്ല. രാജ്യത്തിലെ ഏറ്റവും എളിയവൻ പോലും സ്വതന്ത്രനാവുക, എല്ലാവിധത്തിലും സ്വതന്ത്രനാവുക എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം സ്വരാജിന്റെ അർഥം. 1925 ൽ അദ്ദേഹം എഴുതി : രാഷ്ട്രീയാധികാരം ലഭിക്കുന്നതുകൊണ്ടുമാത്രം ഞാൻ തൃപ്തനാവുകയില്ല. ഇന്ത്യൻ ദേശീയജീവിതത്തിന് രാഷ്ട്രീയസ്വാതന്ത്ര്യം അത്യന്താപേക്ഷികമാണ്. പക്ഷെ, അതുമാത്രം പോര. യൂറോപ്യൻ രാജ്യങ്ങളിൽ രാഷ്ട്രീയസ്വാതന്ത്ര്യമുണ്ട്. എന്നാൽ അവിടെ സ്വരാജ് ഇല്ല. തങ്ങളുടെ ഗുണത്തിന് വേണ്ടി യൂറോപ്യന്മാർ ഏഷ്യാക്കാരെയും ആഫ്രിക്കക്കാരെയും ചൂഷണം ചെയ്യുന്നു. യൂറോപ്യൻ രാജ്യങ്ങളിലെ ജനങ്ങളെയും ജനാധിപത്യത്തിന്റെ പേരിൽ ചൂഷണം ചെയ്യപ്പെടുന്നു. അവരെ ചൂഷണം ചെയ്യുന്നത് ഭരിക്കുന്ന പാർട്ടിയോ, സംഘമോ ആകുന്നു. അക്രമത്തിലൂടെയാണ് അവരത് ചെയ്യുന്നത്. പാശ്ചാത്യരാജ്യങ്ങളിലും ജനാധിപത്യമില്ലെന്ന് ഗാന്ധിജിയ്ക്ക് ബോധ്യമുണ്ടായിരുന്നു. ഗാന്ധിജിയുടെ സ്വപ്നത്തിലുള്ള സ്വരാജ് വർഗവൈരുധ്യങ്ങളോ ജാതിമതവ്യത്യാസങ്ങളോ അംഗീകരിക്കുന്നില്ല.

സ്വരാജിനുമപ്പുറമുള്ള ഗാന്ധിജിയുടെ ജനാധിപത്യസങ്കൽപ്പമാണ് പൂർണസ്വരാജ്. അതിനെ ഗാന്ധിജി ഇങ്ങനെ വിശദീകരിക്കുന്നു: പൂർണ

സ്വരാജ് രാജാവിനും കർഷകനും ജന്മിക്കും കുടിയാനുമുള്ള സ്വരാജാണ്. മുസൽമാനും, ഹിന്ദുവിനും, പാഴ്സിക്കും, ജൈനനും, ജൂതനും, സിക്കുകാരനും ഉള്ള സ്വരാജാണ്. പൂർണസ്വരാജ് ഭൂരിപക്ഷസമുദായമായ ഹിന്ദുക്കളുടെ ഭരണമാണെന്ന് ചിലർ പറയുന്നു. ഇതേക്കാൾ വലിയൊരു അബദ്ധമില്ല. ഇതു ശരിയാണെങ്കിൽ എന്റെ എല്ലാ ശക്തിയുമുപയോഗിച്ച് ഞാൻ ഇതിനെ എതിർക്കും. എന്നെ സംബന്ധിച്ചിടത്തോളം പൂർണസ്വരാജ് എല്ലാവരുടെയും ഭരണമാണ്. നീതിയുടെയും ന്യായത്തിന്റെയും ഭരണമാണ്. അടിമത്തത്തിൽനിന്നുള്ള സ്വാതന്ത്ര്യമാണ്. തന്റെ സ്വരാജ് സങ്കൽപ്പത്തെ ഗാന്ധിജി ഇങ്ങനെ വീണ്ടും വ്യക്തമാക്കുന്നു: സംശയമേ വേണ്ട അത് വിദേശാധിപത്യത്തിൽ നിന്നുള്ള പൂർണസ്വാതന്ത്ര്യമാണ്. പൂർണമായ സാമ്പത്തികസ്വാതന്ത്ര്യമാണ്. പൂർണമായ നൈതിക-സാമൂഹ്യസ്വാതന്ത്ര്യമാണ്.

ഗാന്ധിജി തന്റെ ആദർശരാഷ്ട്രത്തെ രാമരാജ്യം എന്നു വിളിച്ചു. രാമരാജ്യം എന്നാൽ , ദൈവരാജ്യം എന്നേ ഗാന്ധിജി അർഥമാക്കിയുള്ളൂ. രാഷ്ട്രീയമായ ശൈലിയിലാണെങ്കിൽ പൂർണ ജനാധിപത്യം എന്നായിരിക്കും അതിനെ പറയേണ്ടത്. ഗാന്ധിജി ഒരു ആദർശവാദിയായിരുന്നു. അതേ സമയം തന്നെ പ്രായോഗികബുദ്ധിയുമായിരുന്നു. ഗാന്ധിജിയുടെ സങ്കൽപ്പത്തിലുള്ള ആദർശരാഷ്ട്രം പടിപടിയായി സ്ഥാപിക്കാനായിരുന്നു അദ്ദേഹം ആഗ്രഹിച്ചത്. ഗാന്ധിജിക്ക് വ്യക്തി പരമപ്രധാനവും രാഷ്ട്രം മനുഷ്യന്റെ ധർമബോധത്തിന്റെ പരിണാമത്തിനനുസരിച്ച് രൂപം കൊള്ളേണ്ടതുമായിരുന്നു. ഗാന്ധിജി വിഭാവന ചെയ്ത ആദർശരാഷ്ട്രത്തിൽ യാതൊരുവിധത്തിലുള്ള അസമത്വങ്ങളും ഉണ്ടായിരിക്കുകയില്ല. വർണവർഗങ്ങളുടെ അടിസ്ഥാനത്തിലോ, ജാതിമതങ്ങളുടെ അടിസ്ഥാനത്തിലോ യാതൊരു വിധം അസമത്വവുമുണ്ടായിരിക്കുകയില്ല. സ്ത്രീ പുരുഷഭേദമന്യേ പൂർണമായ സമത്വമായിരിക്കും. ഭൂമി ജനങ്ങളുടേതായിരിക്കും. നീതിന്യായനടത്തിപ്പ് സത്വരമായിരിക്കും. ആരാധനാസ്വാതന്ത്ര്യവും, പ്രസംഗസ്വാതന്ത്ര്യവും പൂർണമായിരിക്കും. ഓരോരുത്തരും അവരവരുടെ തന്നെ ഭരണാധികാരികളായിരിക്കും. അതായത്, ധാർമികനിയമത്തിലധിഷ്ഠിതമായ ആത്മനിയന്ത്രണം മാത്രമായിരിക്കും ഒരെയൊരു നിയന്ത്രണം. ഒരു ആദർശസംവിധാനത്തിൻ കീഴിൽ യഥാർഥത്തിൽ രാഷ്ട്രമെന്നൊന്നുണ്ടായിരിക്കുകയില്ല. ഗാന്ധിജി പറഞ്ഞു: സത്യത്തിലും അഹിംസയിലും അടിയുറച്ച ഈ രാഷ്ട്രം (ആദർശരാഷ്ട്രം) സമൃദ്ധവും സന്തുഷ്ടവും സ്വയം സമ്പൂർണവുമായ ഗ്രാമങ്ങളെയും, ഗ്രാമീണസമൂഹങ്ങളെയും ഉൾകൊണ്ടിരിക്കും. ഒരു പക്ഷെ സാക്ഷാൽക്കരിക്കാനാകാത്ത ഒരു സ്വപ്നമായിരിക്കാം ഇത്. അതിന്റെ സാക്ഷാൽക്കാരണത്തിനു സദാശ്രമം നടത്തിക്കൊണ്ട് ഈ സ്വപ്നഭൂമിയിൽ വിഹരിക്കുന്നത് ഒരാനന്ദമാണ്.

ഒരാദർശരാഷ്ട്രത്തെ സങ്കൽപ്പിച്ചുകൊണ്ടുതന്നെ പ്രായോഗികമായി എന്തുനേടാൻ കഴിയുമെന്ന് ഗാന്ധിജി ചിന്തിച്ചിരുന്നു. അതിന്റെ ഫലമാ

യിട്ടാണ് സ്വരാജ്യം എന്ന അദ്ദേഹത്തിന്റെ രാഷ്ട്രസങ്കൽപം ഉടലെടുത്തത്. ഗാന്ധിജി തന്റെ ആദർശരാഷ്ട്രത്തെ രാമരാജ്യം എന്നും, നിലവിലുള്ള പരിമിതികൾക്കകത്തുനിന്നുകൊണ്ട് രൂപം കൊടുക്കാൻ കഴിയുന്ന ഏറ്റവും നല്ല രാഷ്ട്രീയസംവിധാനത്തെ സ്വരാജ്യം എന്നും വിളിച്ചു. രാമരാജ്യം അടുത്തകാലത്തെങ്ങും പ്രായോഗികമാകില്ലെന്ന് ഗാന്ധിജിക്ക് അറിയാമായിരുന്നു. രാഷ്ട്രവും രാഷ്ട്രീയസ്വാതന്ത്ര്യവും ഉണ്ടായിരിക്കാതെ വയ്യ. പക്ഷെ അദ്ദേഹം പറഞ്ഞു:

രാഷ്ട്രീയസ്വാതന്ത്ര്യമെന്നതുകൊണ്ട് ഞാനുദ്ദേശിക്കുന്നത് ബ്രിട്ടീഷ് കോമൺസഭയോ, റഷ്യയിലെ സോവിയറ്റ് ഭരണത്തിന്റെയോ, ജർമനിയിലെ നാസി ഭരണത്തിന്റെയോ, ഇറ്റലിയിലെ ഫാസിസ്റ്റ് ഭരണത്തിന്റെയോ അനുകരണമല്ല. നമുക്ക് അനുയോജ്യമായ ഒരു ഭരണം ഉണ്ടായെ തീരൂ. സ്റ്റേറ്റിന്റെ ശക്തി അമിതമായി വർധിച്ച് പുരോഗതിയുടെ അടിസ്ഥാനമായ വ്യക്തിത്വം നശിക്കാൻ പാടില്ല. സ്റ്റേറ്റിന്റെ അധികാരം കേന്ദ്രീകരിക്കാൻ പാടില്ല. ഇന്ത്യ അക്രമരഹിതമാർഗത്തിലൂടെ മുന്നേറണമെങ്കിൽ വികേന്ദ്രീകരണം നടപ്പിലാക്കേണ്ടിവരുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കേന്ദ്രീകരണം ശക്തി ഉപയോഗിക്കാതെ നിലനിർത്തുവാനോ, സംരക്ഷിക്കുവാനോ കഴിയുകയില്ല.

ഗാന്ധിജിയുടെ സങ്കൽപ്പത്തിലുള്ള ജനാധിപത്യത്തിൽ പാർലമെന്റിലോ, നിയമസഭകളിലോ മാത്രമല്ല അധികാരം ഉണ്ടായിരിക്കുക. മറിച്ച് അധികാരത്തിന്റെ വികേന്ദ്രീകരണവുമുണ്ടാവും. അതിന്റെ ഏറ്റവും താഴെ തലത്തിലെ യൂണിറ്റുകളിലൂടെ, ഗ്രാമങ്ങളിലൂടെ ജനങ്ങളുടെ സ്വരാജ്യം സ്ഥാപിതമാകും. ഗ്രാമസ്വരാജിനെ അദ്ദേഹം ഇങ്ങനെ വിവരിച്ചു:

ഗ്രാമസ്വരാജ് പദ്ധതിയെകുറിച്ചുള്ള എന്റെ ധാരണ ഇപ്രകാരമാണ്. അതൊരു പൂർണജനാധിപത്യമായിരിക്കും. പ്രധാനപ്പെട്ട യാതൊരു കാര്യങ്ങൾക്കും അയൽഗ്രാമങ്ങളെപ്പോലും ആശ്രയിക്കുകയില്ല. എന്നാലും അന്യരുടെ സഹകരണം അനിവാര്യമായ ഒട്ടേറെ കാര്യങ്ങൾ പരസ്പരസഹകരണത്തോടുകൂടി തന്നെ നടത്തും. ഇങ്ങനെ, ഓരോ ഗ്രാമത്തിന്റെയും പ്രഥമ കർത്തവ്യം, സ്വന്തം ആവശ്യത്തിനുള്ള മുഴുവൻ ഭക്ഷ്യധാന്യങ്ങളും വസ്ത്രങ്ങൾക്കാവശ്യമായ മുഴുവൻ പരുത്തിയും സ്വയം ഉൽപ്പാദിപ്പിക്കുകയാണ്. ഗ്രാമത്തിലെ കന്നുകാലികൾക്കു മേയാനും മുതിർന്നവർക്കും കുട്ടികൾക്കും മനോവിനോദത്തിനുള്ള മാധ്യമങ്ങൾക്കും കളിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന് വേണ്ടത്ര അധികഭൂമിയും ഉണ്ടായിരിക്കേണ്ടതുണ്ട്. ഓരോ ഗ്രാമത്തിലും ഗ്രാമത്തിന്റേതായ നാടകവേദിയും വിദ്യാലയവും, ആഡിറ്റോറിയവും ഉണ്ടായിരിക്കണം. ശുദ്ധജലവിതരണത്തിന് സ്വന്തം ഏർപ്പാടുണ്ടായിരിക്കും. അതിൽ നിന്നും ഗ്രാമീണർക്ക് മുഴുവൻ ശുദ്ധജലം ലഭിക്കും. കിണറുകളിലും കുളങ്ങളിലും ഗ്രാമത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി ഇത് നടപ്പാക്കാവുന്നതേയുള്ളൂ. അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ അവസാന ക്ലാസ് വരെക്കും വിദ്യാഭ്യാസം സകലർക്കും അനിവാര്യമായിരിക്കും. ഗ്രാമത്തിലെ സകലപ്രവൃത്തികളും സഹകരണത്തോടെ നിർവഹിക്കും.

ജനാധിപത്യത്തിൽ ഉന്നതപദവിയിലിരിക്കുന്ന നേതാക്കൾ ലളിത ജീവിതം നയിക്കണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടു. ഇന്ത്യ സ്വതന്ത്രമായപ്പോൾ ഗാന്ധിജി ഒരു കത്തിൽ ജവഹർലാൽ നെഹ്റുവിന് എഴുതി നാം ബ്രിട്ടീഷുകാരുടെ വ്യർഥചെലവുകൾ സ്വീകരിക്കുകയാണ്. അതു താങ്ങാൻ നമ്മുടെ രാജ്യത്തിന് ശക്തിയില്ല. ഏതാനം ദിവസങ്ങൾക്ക് ശേഷം അദ്ദേഹം വൈസ്രോയി മൗണ്ട് ബാറ്റൺ പ്രഭുവിന് എഴുതി വൈസ്രോയി ഏതെങ്കിലും സാധാരണ കെട്ടിടത്തിലേക്ക് മാറി താമസിക്കാൻ തയ്യാറാകണം. നിലവിലുള്ള മന്ദിരം അധികം പ്രയോജനപ്രദമായ മറ്റെന്തെങ്കിലും കാര്യത്തിന് ഉപയോഗപ്പെടുത്തണം. മുദ്രാവാക്യങ്ങൾ ഗൃഹഭിത്തികളെ അലങ്കരിക്കാൻ വേണ്ടിയാകരുതെന്ന് ഗാന്ധിജി പറഞ്ഞു. ഭരിക്കുന്നവരെ പ്രതിനിധാനം ചെയ്യുന്ന ഗവർണർ എങ്ങനെ ജീവിക്കണമെന്ന് ഏതാണ്ട് വിശദമായി തന്നെ ഗാന്ധിജി വിവരിച്ചിട്ടുണ്ട്. ഭരണാധിപൻ നന്മയുടെ പ്രതീകമായിരിക്കണം. ഭാരതീയപൗരനെന്ന നിലയിൽ ലോകപൗരനായിരിക്കണം. അത്യന്തം ലളിതമായി ജീവിക്കണം. താമസിക്കുന്നത് ചെറിയ വീട്ടിലായിരിക്കണം. എന്നാൽ മറ്റ് രാജ്യങ്ങളിലെ തലവന്മാരെയും നയതന്ത്രപ്രതിനിധികളെയും മറ്റും സ്വീകരിക്കാൻ വലിയ സൗധങ്ങൾ ഉപയോഗിക്കാം. തികഞ്ഞ മദ്യവിരോധിയായിരിക്കണം. ജാതിമതവർഗവർണവിവേചനം തീണ്ടിയിട്ടുപോലുമില്ലാത്തയാളായിരിക്കണം. സ്വാതന്ത്ര്യാനന്തരം ഇതൊന്നും ഭരണാധികാരികൾ പാലിച്ചില്ല. അവർ ആർഭാടജീവിതം നയിച്ചു.

ഒരു യഥാർഥജനാധിപത്യരാഷ്ട്രം എങ്ങനെ രൂപപ്പെടണം എന്നുള്ളതിനെപറ്റി മാർഗനിർദേശങ്ങൾ നൽകുക മാത്രമായിരുന്നു ഗാന്ധിജിയുടെ ഉദ്ദേശം. ജനാധിപത്യത്തെകുറിച്ച് ബ്രഹത്തായ ഗ്രന്ഥങ്ങളൊന്നും അദ്ദേഹം രചിച്ചില്ല. അദ്ദേഹത്തിന്റെ ജനാധിപത്യസങ്കൽപ്പങ്ങളെല്ലാം അദ്ദേഹത്തിന്റെ അനുഭവങ്ങളിൽ നിന്നും പ്രായോഗികപ്രവർത്തനങ്ങളിൽ നിന്നും ഉരുതിരിഞ്ഞവയായിരുന്നു. പാശ്ചാത്യമാതൃകയിലുള്ള ഭരണകൂടങ്ങൾ നൈതികവും ആധ്യാത്മികവുമായ മൂല്യങ്ങളെ തകർക്കുന്നതാണെന്ന് അദ്ദേഹം മനസ്സിലാക്കി. പാശ്ചാത്യരാഷ്ട്രീയവ്യവസ്ഥകളായ മുതലാളിത്തവും കമ്യൂണിസവും അധികാരകേന്ദ്രീകരണത്തിലും അസന്മാർഗികവ്യവഹാരങ്ങളിലും അടിയുറച്ചതാണെന്നും കണ്ടു. അവ രണ്ടും ജനങ്ങളുടെ ഉപഭോഗതൃഷ്ണയെ വളർത്തുന്നതാണെന്നും അദ്ദേഹം നിരീക്ഷിച്ചു. ഇവക്കെതിരെ ഇന്ത്യയ്ക്ക് അനുയോജ്യമായ സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ ഒരു നൈതികവ്യവസ്ഥ രാഷ്ട്രീയത്തിലുണ്ടാകണമെന്നാണ് ഗാന്ധിജി ആഗ്രഹിച്ചത്. നിർഭാഗ്യകരമെന്നു പറയട്ടെ ഗാന്ധിജി വിഭാവന ചെയ്ത ജനാധിപത്യത്തിനാവശ്യമായ മൂല്യബോധവും നൈതികസംസ്കാരവും അദ്ദേഹത്തിന്റെ അനുയായികൾ എന്ന് അവകാശപ്പെടുന്നവർക്കുണ്ടായില്ല. സ്വാതന്ത്ര്യാനന്തരം രൂപം കൊണ്ട ഇന്ത്യൻ ഭരണഘടന തന്നെ പാശ്ചാത്യമാതൃകകളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഗാന്ധിജിയുടെ ജനാധിപത്യസങ്കൽപ്പങ്ങളെല്ലാം ഗാന്ധി ശിഷ്യന്മാർ ഉപേക്ഷിച്ചു.

പത്ത്

# അധികാരവികേന്ദ്രീകരണം

ഗാന്ധിജിയുടെ രാഷ്ട്രീയവും സാമ്പത്തികവുമായ ആശയങ്ങൾ അദ്ദേഹത്തിന് ജീവിതത്തെക്കുറിച്ചുണ്ടായിരുന്ന സമഗ്രദർശനത്തിന്റെ ഭാഗമായിരുന്നു. ജീവിതത്തിൽനിന്നും വേറിട്ടുള്ള ഒരാശയവും ഗാന്ധിജിയുടേതായിട്ടില്ല. വ്യവസ്ഥാപിതാർഥത്തിൽ അദ്ദേഹം ഒരു തത്വചിന്തകനായിരുന്നില്ല; ഒരു കർമയോഗിയായിരുന്നു. സാഹസികമായ ജീവിതത്തിനിടയിൽ നടത്തിയ സത്യാന്വേഷണപരീക്ഷണങ്ങളായിരുന്നു അദ്ദേഹത്തിന്റെ ആശയങ്ങൾക്ക് രൂപം നൽകിയത്. അദ്ദേഹത്തിന്റെ ആശയങ്ങൾ പ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും കത്തുകളിലൂടെയുമാണ് പ്രകാശിപ്പിച്ചിട്ടുള്ളത്. സത്യാന്വേഷണപരീക്ഷണങ്ങൾ അദ്ദേഹം ജീവിതാന്ത്യം വരെ തുടർന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ മഹത്തായ പല ആശയങ്ങളും സ്വതന്ത്രഭാരതത്തിൽ പ്രയോഗത്തിൽ വരുത്താൻ കഴിഞ്ഞില്ല. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ച് ആറുമാസം തികയുന്നതിനു മുമ്പ് ഗാന്ധിജി കൊലചെയ്യപ്പെട്ടു. അദ്ദേഹം ജീവിച്ചിരുന്നെങ്കിൽ തന്റെ ചിന്തകൾ പ്രയോഗത്തിൽ വരുത്തുവാനുള്ള സമരങ്ങൾക്ക് നിശ്ചയമായും അദ്ദേഹം നേതൃത്വം കൊടുക്കുമായിരുന്നു.

ഗാന്ധിജിയുടെ ദർശനങ്ങൾ നടപ്പാക്കിയിരുന്നെങ്കിൽ ഭാരതം ലോകത്തിനുതന്നെ മാതൃകയാകുമായിരുന്നു. യുക്തിക്കുനിരക്കാത്തതും അനുഭവാധിഷ്ഠിതവുമല്ലാത്തതുമായ ഒന്നും അദ്ദേഹം അംഗീകരിച്ചിരുന്നില്ല. സത്യത്തിന്റെയും അഹിംസയുടെയും അടിത്തറയിൻമേൽ കെട്ടിപ്പൊക്കിയതായിരുന്നു അദ്ദേഹത്തിന്റെ എല്ലാ ചിന്തകളും പ്രവർത്തനങ്ങളും. ഗാന്ധിയൻ ചിന്തകളുടെ പരിണാമത്തെ പഠിക്കുന്ന ആർക്കും ഇത് ബോധ്യമാകും. എന്തിനേയും ചോദ്യം ചെയ്യുന്നതായിരുന്നു അദ്ദേഹത്തിന്റെ മനസ്സ്. എല്ലാ കാര്യങ്ങളും അദ്ദേഹം പരീക്ഷണങ്ങൾക്ക് വിധേയമാക്കി. ബാല്യകാലത്തുണ്ടായ വിശ്വാസങ്ങൾപോലും യുക്തിക്ക് അദ്ദേഹം വിധേയമാക്കികൊണ്ടിരുന്നു. ഗാന്ധിജി തന്റെ ആദ്യകാല ദൈവ

സങ്കൽപങ്ങളിൽ നിന്നും മാറി പിന്നീട് ദൈവത്തെ 'സച്ചിദാനന്ദ'മായി സങ്കൽപിച്ചു. ചിന്താ പരിണാമത്തിന്റെ മറ്റൊരു ഘട്ടത്തിൽ ദൈവം സത്യമാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. പിന്നീട് അദ്ദേഹം സത്യമാണ് ദൈവം എന്ന ഏറ്റവും ഉദാത്തമായ സങ്കൽപ്പത്തിലെത്തി. സത്യം കഴിഞ്ഞാൽ ഗാന്ധിജിക്ക് ഏറ്റവും പ്രിയപ്പെട്ട തത്വം അഹിംസയായിരുന്നു.അഹിംസയേയും അദ്ദേഹം പരീക്ഷണവിധേയമാക്കി. അഹിംസാപരീക്ഷണങ്ങൾ അദ്ദേഹം ആരംഭിച്ചത് ദക്ഷിണാഫ്രിക്കയിലായിരുന്നു. ദക്ഷിണാഫ്രിക്കയിൽവച്ച് അദ്ദേഹം അഹിംസയെ ബോവർയുദ്ധത്തിൽ പരീക്ഷിച്ചു. ഭാരതത്തിൽ മടങ്ങിയെത്തിയതിനുശേഷം തന്റെ അഹിംസാസിദ്ധാന്തങ്ങൾ പരീക്ഷിക്കുന്നതിന്റെ ഭാഗമായി ഒന്നാം ലോകമഹായുദ്ധത്തിൽ ബ്രിട്ടന്റെ ഇന്ത്യൻ പട്ടാളത്തിൽ ചേരാൻ ഭാരതീയരോട് അദ്ദേഹം അഭ്യർഥിച്ചു. അസാധാരണ ധീരതയുള്ളവർക്കുമാത്രമെ അഹിംസാനിഷ്ഠനാകാനൊക്കൂ എന്ന് ഗാന്ധിജി പറഞ്ഞു. അഹിംസ ഭീരുവിന്റെ ആയുധമല്ല. അദ്ദേഹം പറഞ്ഞു: 'അഹിംസാവാദിയുടെ ധീരത ഹിംസാവാദിയുടെതിനേക്കാൾ പതിൻ മടങ്ങ് ശ്രേഷ്ഠമാണ്. ഹിംസാവാദിയുടെ മുദ്ര അയാളുടെ ആയുധമാണ്. അഹിംസാവാദിയുടെ കവചമാകട്ടെ ഈശ്വരനും.'ഗാന്ധിജിക്ക് അഹിംസലക്ഷ്യമായിരുന്നില്ല മാർഗമായിരുന്നു. മനുഷ്യനായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അവന്റെ ഭൗതികവും മാനസികവും ധാർമികവുമായ വളർച്ച. അദ്ദേഹം എഴുതി: പരമമായ പരിഗണന മനുഷ്യനാണ്. ലക്ഷ്യം അവന്റെ ഭൗതികവും ആത്മീയവുമായ പുരോഗതിയാണ്. ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് സത്യത്തെ മുറുകെപ്പിടിക്കണം. വ്യക്തിയുടെ സന്തോഷത്തിനും ധാർമികപുരോഗതിക്കും സ്വാതന്ത്ര്യവും അവസരസമത്വവും അനിവാര്യമാണ്. ഇത് സാധ്യമാകണമെങ്കിൽ വ്യക്തിയും സമുഹവും അഹിംസ പാലിക്കണം. പൂർണമായി അഹിംസപാലിക്കാൻ പ്രയാസമാണ്. എന്നാൽ എത്രത്തോളം വ്യക്തിയും സമൂഹവും അത് പാലിക്കപ്പെടുന്നുവോ അത്രത്തോളം സുഖവും സന്തോഷവും സമാധാനവും ധാർമികപുരോഗതിയും ഉണ്ടാവും'.

ഗാന്ധിജി വ്യക്തിയെ സമുഹത്തിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിച്ചു. ഇത് പാശ്ചാത്യരാജ്യങ്ങളിൽ ഉയർന്നുവന്ന വ്യക്തി വാദമായിരുന്നില്ല. വ്യക്തിത്വവികാസത്തെയും വ്യക്തി സ്വാതന്ത്ര്യത്തെയും അങ്ങേയറ്റം വിലമതിച്ചിരുന്ന അദ്ദേഹം വ്യക്തി ജീവിക്കുന്നത് സമൂഹത്തിലാണെന്നും അയാളെ വ്യക്തിയാക്കുന്നത് സമൂഹമാണെന്നും പറഞ്ഞു. വ്യക്തിക്കു നൽകുന്നത്രതന്നെ പ്രാധാന്യം സമുഹത്തിനും നൽകേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ദേഹം എഴുതി: 'മനുഷ്യൻ മുഖ്യമായി സാമൂഹ്യജീവിയാണെന്ന് നിങ്ങൾ മറക്കരുത്. തന്റെ വ്യക്തിത്വത്തെ സാമൂഹ്യപുരോഗതിയുടെ ആവശ്യങ്ങൾക്കനുസരിച്ച് ഒതുക്കി നിർത്തുവാൻ പഠിച്ചതുകൊണ്ടാണ് ഇന്നത്തെ പദവിയിലേക്ക് അവൻ ഉയർന്നത്. അനിയന്ത്രിത വ്യക്തിത്വം കാട്ടിലെ മൃഗത്തിന്റെ ധർമമാണ്. വ്യക്തി

സ്വാതന്ത്ര്യത്തിന്റെയും സാമൂഹ്യനിയന്ത്രണത്തിന്റെയും ഇടയിൽ ഒരു മധ്യപ്രമാണം ഉണ്ടാക്കാൻ നാം പഠിക്കണം. മുഴുവൻ സമുദായത്തിന്റെയും ക്ഷേമത്തിനുവേണ്ടി സ്വമനസ്സാലെ സാമൂഹ്യനിയന്ത്രണത്തിനു വഴങ്ങുക എന്നത് വ്യക്തിയേയും അവൻ അംഗമാകുന്ന സമൂഹത്തെയും ധന്യമാക്കും.' വ്യക്തിയും സമൂഹവും പരസ്പരാശ്രിതവും പരസ്പരബദ്ധവുമായ ഒരു സാകല്യമായിരുന്നു ഗാന്ധിജിക്ക്. വ്യക്തിക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുമ്പോൾതന്നെ അവൻ സ്വയം അച്ചടക്കമുള്ളവനും മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിൽ കൈകടത്താത്തവനുമായിരിക്കണം. മറ്റുള്ളവർക്കും സമുഹത്തിനാകെയും സേവനമനുഷ്ഠിക്കുന്നവനാകണം. ബോധപൂർവമുള്ള വ്യക്തിയുടെ അച്ചടക്കമുള്ള പ്രവൃത്തികൾ സമൂഹത്തെയാകെ സമ്പന്നമാക്കുന്നു. സമൂഹം എല്ലാ മനുഷ്യാവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് വ്യക്തിക്കുവേണ്ടി പ്രവർത്തിക്കണം. മനുഷ്യനെ ചതുരംഗപലകയിലെ കാലാളായിട്ടു കരുതുന്ന സാമൂഹ്യകാഴ്ചപ്പാടിനെ ഗാന്ധിജി എതിർത്തു. വ്യക്തിസ്വാതന്ത്ര്യം ഹനിക്കുന്ന സാമൂഹ്യവ്യവസ്ഥകളെയൊന്നും അദ്ദേഹം അംഗീകരിച്ചില്ല. പാശ്ചാത്യമുതലാളിത്തത്തിന്റെയും കമ്യൂണിസത്തിന്റെയും ഭരണകൂടവ്യവസ്ഥകളോട് അദ്ദേഹത്തിന് യോജിക്കാൻ കഴിഞ്ഞില്ല. ലോകം 'വസുദേവകുടുംബകം' ആയിരിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. വ്യക്തി കുടുംബത്തിനുവേണ്ടിയും, കുടുംബം ഗ്രാമത്തിനുവേണ്ടിയും, ജില്ല സംസ്ഥാനത്തിനു വേണ്ടിയും സംസ്ഥാനം രാജ്യത്തിനുവേണ്ടിയും രാജ്യം ലോകത്തിനു വേണ്ടിയും സ്വയം ഇല്ലാതാകാൻ തയാറാവണമെന്ന് ഗാന്ധിജി പറഞ്ഞു. അദ്ദേഹം എഴുതി: 'മനുഷ്യരുടെ ലോകസമൂഹം മഹാസമുദ്രത്തിലെ വൃത്തത്തിലുള്ള തിരമാലപോലെയായിരിക്കണം. ഒരോ വൃത്തത്തിന്റെയും കേന്ദ്രം വ്യക്തിയായിരിക്കണം. വ്യക്തി ഗ്രാമത്തിനുവേണ്ടിയും ഗ്രാമങ്ങൾ രാജ്യത്തിനുവേണ്ടിയും രാജ്യം ലോകത്തിനുവേണ്ടിയും എല്ലാം ത്യജിക്കാൻ തയ്യാറാവണം.'

ഗാന്ധിജിയുടെ ആശയങ്ങൾ പ്രയോഗത്തിൽവരുത്തുന്നതിനുള്ള അദ്ദേഹത്തിന്റെ ഉപകരണമായിരുന്നു അഹിംസ. അതുതന്നെയായിരുന്നു സമൂഹത്തിന്റെ അധികാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള മാർഗവും. അധികാരം, ഉൽപാദനം, സമ്പത്ത് എന്നിവ സംപൂർണമായി വികേന്ദ്രീകരിക്കുന്നതിലൂടെ മനുഷ്യരുടെ വ്യക്തിപരവും സാമൂഹ്യവുമായ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചു. അഹിംസാത്മകമായ ഒരു സമൂഹത്തിലെ ഇത് സാധ്യമാകുവെന്ന് അദ്ദേഹം വ്യക്തമാക്കി. അദ്ദേഹം പറഞ്ഞു: 'കേന്ദ്രീകൃതവും സംഘടിതവുമായ ഹിംസയുടെ പ്രതീകമാണ് ഭരണകൂടം. (state). വ്യക്തികൾക്ക് ആത്മാവുണ്ട്. എന്നാൽ ഭരണകൂടം ആത്മാവില്ലാത്ത ഒരു യന്ത്രമായതിനാൽ അതിൽനിന്ന് ഹിംസയെ ഒഴിവാക്കാൻ ഒരിക്കലും സാധ്യമല്ല. അതിന്റെ അസ്തിത്വംതന്നെ ഹിംസയെ ആശ്രയിച്ചാണ്; സ്വകാര്യ സ്വത്തുമായി ബന്ധപ്പെട്ട് ട്രസ്റ്റിഷിപ്പ് സിദ്ധാന്തം ചർച്ച

ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞു: 'ഭരണകൂടത്തിന്റെ അമിതാധികാരത്തെ ഭയപ്പാടോടുകൂടിയാണ് ഞാൻ കാണുന്നത്. പരോക്ഷമായി ചൂഷണം അവസാനിപ്പിക്കാനെന്ന വ്യാജേന വ്യക്തികളുടെ സ്വാതന്ത്ര്യം ഹനിക്കുന്നത് വലിയ ദോഷമാണ്. വ്യക്തിത്വമാണ് എല്ലാ പുരോഗതിയുടെയും അടിവേര്.'

ഗാന്ധിജിയുടെ സങ്കൽപ്പത്തിലുള്ള മാതൃകാസമൂഹം 'ഭരണമുക്ത സമൂഹ'മായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വളരെയേറെ ക്ലേശകരമാണ് അതിന്റെ ലക്ഷ്യ പ്രാപ്തി. ഈ വിധത്തിലുള്ള സമൂഹത്തിലേക്കുള്ള പുരോഗതി പടിപടിയായി, ഒരു ദീർഘകാലയളവിൽ സാധിച്ചേക്കാം. സമൂഹത്തിലെ മുഴുവൻ വ്യക്തികളും ആധ്യാത്മികമായി ഉണരുകയും സ്വയം സദാചാരനിയമങ്ങൾ അനുഷ്ഠിക്കുകയും വേണം. സ്വാർഥതാൽപ്പര്യങ്ങൾ നേടുന്നതിന് ശക്തി ഉപയോഗിക്കുന്നവരാകരുത്. ഓരോ വ്യക്തിയുടെയും ഉന്നമനത്തിന് സമൂഹം പ്രവർത്തിക്കണം. അത്തരം സമൂഹത്തിൽ ജീവിതം സ്വയം നിയന്ത്രിതമാണ്. ഓരോരുത്തരും അവരവരുടെ ഭരണകർത്താവായിരിക്കും. മാതൃകാസമൂഹം ഭരണമുക്തമായതുകൊണ്ട് ഭരണകൂടം ഉണ്ടായിരിക്കുകയില്ല. അവിടെ രാഷ്ട്രീയാധികാരം ആർക്കും ഉണ്ടാവില്ല. ജനങ്ങളുടെ സ്വരാജ് എന്നാൽ വ്യക്തികളുടെ മൊത്തം സ്വരാജാണ്. ഗാന്ധിജി ഗ്രാമസ്വരാജിനെപ്പറ്റി 'എന്റെ സ്വപ്നത്തിലെ ഭാരതം' എന്ന ലേഖനത്തിൽ എഴുതി: 'ഭാരതത്തെ എല്ലാത്തരത്തിലുമുള്ള അടിമത്തത്തിൽനിന്നും നാം മോചിപ്പിക്കും. ഏറ്റവും ദരിദ്രരായവർക്കുപോലും ഇതെന്റെ രാജ്യമാണ് എന്ന് തോന്നിപ്പിക്കുന്ന ഒരു ഭാരതത്തിനുവേണ്ടി ഞാൻ പ്രയത്നിക്കും. ആ ഭാരതത്തെ രൂപപ്പെടുത്തുന്നതിൽ അവർക്ക് നിർണായകമായ പങ്കുണ്ടായിരിക്കും. ആ ഭാരതത്തിൽ എല്ലാ സമുദായങ്ങളും പരസ്പരം സൗഹാർദത്തോടെ വർത്തിക്കും.ആ ഭാരതത്തിൽ ഉയർന്നവരും താണവരും ഉണ്ടായിരിക്കില്ല. ആ ഭാരതത്തിൽ 'അയിത്തം' എന്ന മഹാശാപം ഉണ്ടായിരിക്കില്ല. ആ ഭാരതത്തിൽ സ്ത്രീകൾക്ക് പുരുഷന്മാരുടെ അതേ അവകാശങ്ങൾ ഉണ്ടായിരിക്കും. ആരും ആരെയും ചൂഷണം ചെയ്യാത്തതിനാലും സമാധാനത്തിൽ അധിഷ്ഠിതമായതിനാലും ആ ഭാരതത്തിലെ പട്ടാളം ലോകത്തിൽവച്ച് ഏറ്റവും ചെറുതായിരിക്കും. മൂകലക്ഷങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായ ഒരു താൽപര്യവും ആ ഭാരതത്തിൽ ഉണ്ടായിരിക്കുകയില്ല'.

ഗാന്ധിജിക്ക് രാഷ്ട്രത്തിന്റെ അടിസ്ഥാനം ഗ്രാമങ്ങളായിരുന്നു. ഭാരതം ജീവിക്കുന്നത് ഗ്രാമങ്ങളിലാണെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. അദ്ദേഹം പറഞ്ഞു: 'ഗ്രാമം നശിക്കുകയാണെങ്കിൽ ഭാരതം നശിക്കും എന്നു പറയേണ്ടിയിരിക്കുന്നു. പിന്നെ ഭാരതം ഭാരതമായിരിക്കില്ല. ലോകത്തിനായുള്ള ഭാരതത്തിന്റെ ദൗത്യം നഷ്ടപ്പെടുകയും ചെയ്യും. ഗ്രാമങ്ങളിൽ ചൂഷണമില്ലാതായാൽ മാത്രമെ അവയുടെ പുനരുദ്ധാരണം സാധ്യമാകു.' ഗാന്ധിജിയുടെ സങ്കൽപ്പത്തിലുള്ള ഗ്രാമം ആയിരം പേരുള്ള ഒരു സമൂഹമായിരുന്നു. സാങ്കേതികവിദ്യയുടെയും വിവരസാങ്കേതികവിദ്യയുടെയും

വളർച്ചയുടെ പശ്ചാത്തലത്തിൽ ഗ്രാമത്തിന്റെ അംഗസംഖ്യ നമുക്ക് ഇന്ന് ഉയർത്താൻ കഴിയും. ഗ്രാമങ്ങൾ സ്വയം പര്യാപ്തമായിരിക്കണമെന്ന് ഗാന്ധിജി പറഞ്ഞു. ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയും ജനാധിപത്യ വുമാണ് ഭാരതത്തിന്റെ സ്വയം പര്യാപ്തതയും ജനാധിപത്യവും. സ്വയംപര്യപ്തവും അന്യോന്യാശ്രിതങ്ങളുമായ വില്ലേജ് റിപ്പബ്ലിക്കുക ളെയാണ് സ്വതന്ത്രഭാരതത്തിന്റെ സമഗ്രപുരോഗതിക്കായി ഗാന്ധിജി മുന്നോട്ടുവെച്ചത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ഗ്രാമങ്ങൾ എല്ലാകാ ര്യത്തിലും സ്വയം പര്യാപ്തതയുള്ള സ്വയംഭരണസ്ഥാപനങ്ങളായിരിക്ക ണം. അവിടെ സാമ്പത്തികവികേന്ദ്രീകരണം നടപ്പാക്കിയിരിക്കണം. ഗാന്ധിജിയുടെ ഗ്രാമങ്ങൾ കാർഷികപ്രധാനം മാത്രമായിരുന്നില്ല. ഗ്രാമത്തിനാവശ്യമായ ഗ്രാമീണവ്യവസായങ്ങൾ ഉണ്ടായിരിക്കണമെന്ന് അദ്ദേഹം നിഷ്ക്കർഷിച്ചു. അദ്ദേഹം യഥാർത്ഥത്തിൽ ആഗ്രഹിച്ചത് കാർഷിക - വ്യവസായഗ്രാമസമൂഹത്തിന് രൂപം കൊടുക്കുക എന്നതായി രുന്നു. ഗാന്ധിജി ഒരു സുഹൃത്തിനോടു പറഞ്ഞു: 'ഗ്രാമങ്ങളെ നഗരവ ൽക്കരിക്കുകയും നഗരങ്ങളെ ഗ്രാമവൽക്കരിക്കുകയും വേണം.'

ജനങ്ങൾക്കാണോ പാർലമെന്റിനാണോ പരമാധികാരം എന്ന ചോദ്യ ത്തിന് ഗാന്ധിജി എക്കാലത്തും ജനപക്ഷത്തായിരുന്നു. അദ്ദേഹം 1945 -ൽ നവജീവനിൽ എഴുതി: 'എല്ലാ അധികാരവും നിയമസഭകൾക്കാണു ള്ളതെന്ന് വിശ്വസിക്കാനൊരു പ്രവണത ഏറെക്കാലമായി നമ്മിൽ രൂഢ മൂലമായിട്ടുണ്ട്. നമ്മുടെ ജാഡ്യവും മയക്കവും മൂലമുണ്ടായിട്ടുള്ള ഭീമ മായൊരബദ്ധധാരണയാണിതെന്ന് ഞാൻ കരുതുന്നു. പാർലമെന്റിൽ നിന്നാണ് എല്ലാ അധികാരവും ലഭിക്കുന്നതെന്ന വിശ്വാസം ബ്രിട്ടീഷ് ചരിത്രം ഉപരിപ്ലവമായിമാത്രം മനസ്സിലാക്കിയതിന്റെ ഫലമാകുന്നു. സത്യ മെന്തെന്നോ? അധികാരം ജനങ്ങളിൽ സ്ഥിതിചെയ്യുന്നു. ജനങ്ങളാണ് പരമാധികാരികൾ. തൽക്കാലത്തേക്ക് അതു തങ്ങൾ തെരഞ്ഞെടുത്ത പ്രതി നിധികൾക്ക് അവർ നൽകുന്നുവെന്ന് മാത്രം. പാർലമെന്റുകൾക്ക് ജന ങ്ങളിൽനിന്നും വേറിട്ട അസ്തിത്വമില്ല, ശക്തിയില്ല. ഈ ലളിതമായ സത്യത്തെ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാനാണ് ഈ കാലമ ത്രയും ഞാൻ ശ്രമം നടത്തിയത്. ശക്തിയുടെ കലവറ സിവിൽനിയമ ലംഘനമാകുന്നു. നിയമസഭ നിർമിക്കുന്ന ജനദ്രോഹനിയമങ്ങളെ അംഗീ കരിക്കാതിരിക്കാനും അതിനെ ചെറുക്കാനും ജനങ്ങൾക്ക് അവകാശമു ണ്ട്. നിയമസഭയേയും ഭരണയന്ത്രത്തെയും ആകെ സ്തംഭിപ്പിക്കാൻ അവർക്കു കഴിയും. എത്രതന്നെ ബലം പ്രയോഗിച്ചാലും പോലീസിനും പട്ടാളത്തിനും കുറച്ചാളുകളെ മാത്രമെ അമർച്ച ചെയ്യാനാവൂ. എന്തും സഹിക്കാൻ ദൃഢനിശ്ചയം ചെയ്തിറങ്ങുന്ന ഒരു ജനതയുടെ ഇച്ഛാശ ക്തിയെ തടുക്കാൻ ഒരു പോലീസിനും പട്ടാളത്തിനും ആവില്ല'.

ജനങ്ങൾക്ക് പരമാധികാരമുള്ളതു കൊണ്ട് അവർക്ക് അധികാരം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുമെന്ന് ഗാന്ധിജി വിശ്വസിച്ചിരുന്നു. ഗാന്ധിജി താഴെ തട്ടിലെ അധികാരത്തിനുവേണ്ടി വാദിക്കുമ്പോഴും മുകൾ

തട്ടിലെ അധികാരത്തോട് അസഹിഷ്ണുത പുലർത്തിയിരുന്നില്ല. മുകൾ തട്ടും താഴെതട്ടും പരസ്പരം സൗഹൃദംപൂർവം അധികാരം വിനിയോഗിക്കണമെന്നതായിരുന്നു കാഴ്ചപ്പാട്. സ്വാതന്ത്ര്യാനന്തരമുള്ള ആദ്യനാളുകളിൽ വിഭജനവുമായി ബന്ധപ്പെട്ട സങ്കീർണപ്രശ്നങ്ങളിൽ ഗാന്ധിജിക്ക് മുഴുകേണ്ടിവന്നതു കൊണ്ട് അദ്ദേഹത്തിന്റെ സങ്കൽപ്പങ്ങൾക്കനുയോജ്യമായുള്ള ഒരു രാഷ്ട്രീയഘടനക്ക് രൂപം നല്കാൻ കഴിഞ്ഞില്ല. രക്തസാക്ഷിത്വത്തിന് തൊട്ട്മുമ്പ് ഗാന്ധിജി എഴുതിയ 'ഒസ്യത്ത്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഏറ്റവും ഒടുവിലത്തെ ലേഖനത്തിൽ അദ്ദേഹം പറഞ്ഞു : 'ഭാരതത്തിന് രാഷ്ട്രീയസ്വാതന്ത്ര്യം ലഭിച്ചെങ്കിലും അതിലെ എഴുപതിനായിരം ഗ്രാമങ്ങൾക്ക് സാമൂഹ്യവും ധാർമികവും സാമ്പത്തികവുമായ സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല.' ഈ ലേഖനത്തിലാണ് സാമൂഹ്യപ്രവർത്തനത്തിനും രാഷ്ട്രനിർമാണത്തിനും ഉപകരിക്കുന്ന ഒരു സംഘടയായി ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ പരിവർത്തിപ്പിക്കണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടതും. ഭാരതത്തെയാകെ ഒരു പുതിയ അഹിംസാവിപ്ലവത്തിലൂടെ പുനഃസംഘടിപ്പിക്കണമെന്നതായിരുന്നു ഇതുകൊണ്ട് അദ്ദേഹം ഉദ്ദേശിച്ചത്.

സംപൂർണ ജനാധിപത്യ വിപ്ലവത്തിനുള്ള ആയുധം ഗാന്ധിജിക്ക് അഹിംസയായിരുന്നു. ഗാന്ധിജിയാണ് ലോകത്താദ്യമായി അഹിംസയെ ഒരു രാഷ്ട്രീയസമരായുധമായി ഉപയോഗിച്ചത്. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിന് മുമ്പ് ലോകചരിത്രത്തിൽ നടന്നിട്ടുള്ള എല്ലാ സ്വാതന്ത്യസമരപോരാട്ടങ്ങളും ഹിംസാത്മകമായിരുന്നു. അഹിംസാധിഷ്ഠിതസമരങ്ങളിൽ ലക്ഷ്യവും മാർഗവും തമ്മിൽ പൊരുത്തമുണ്ടായിരിക്കണം. ലക്ഷ്യം പൂർണമായും ഹിംസാരഹിതസമൂഹമാണെങ്കിൽ മാർഗം അഹിംസയായിരിക്കണം. ഹിംസാരഹിതസമൂഹത്തിന്റെ ലക്ഷ്യം മനുഷ്യന്റെ പരിപൂർണമായ സ്വാതന്ത്ര്യമാണ്. ഇത്തരം ഒരു സമൂഹത്തിൽ ബലപ്രയോഗം നിഷിദ്ധമാണ്. അവനവൻ തന്നെയാണ് ലക്ഷ്യവും മാർഗവും. സത്യമാണ് സാമൂഹ്യജീവിത്തിന്റെ അടിസ്ഥാനമെങ്കിൽ അസത്യം അംഗീകരിക്കപ്പെടാൻ സാധ്യമല്ല. ഇത്തരം ഒരു സമൂഹത്തിൽ എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടായിരിക്കണം. എല്ലാവർക്കും സ്വാതന്ത്ര്യമുള്ള ഒരു രാഷ്ട്രത്തിന്റെ ലക്ഷ്യം അധികാരവികേന്ദ്രീകരണമാണ്. ലക്ഷ്യം അധികാരവികേന്ദ്രീകരണമാണെങ്കിൽ മാർഗം കേന്ദ്രീകൃതാധികാരമാകാൻ പറ്റില്ല. സമൂഹത്തിൽ വിപ്ലവം നടത്തുന്നതിനും അതിലെ തിന്മകളെ ദുരീകരിക്കുന്നതിനുമുള്ള മാർഗമാണ് അഹിംസ. ഭരണകൂടത്തിന്റെ സംഘടിത ഹിംസക്കെതിരായി സമരം ചെയ്യുന്നതിനുള്ള രക്ഷാകവചവും അഹിംസയാണ്. അഹിംസയുടെ വിപുലമായ സാധ്യതകൾ ഗാന്ധിജി നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ ഫലപ്രദമായി ഉപയോഗിക്കുകയുണ്ടായി.

ഗാന്ധിജിയുടെ സ്വപ്നപദ്ധതിയായിരുന്നു ഗ്രാമസ്വരാജ്. അദ്ദേഹത്തിന് ഗ്രാമം എന്നത് ഒരു ചെറുഭൂവിഭാഗമായിരുന്നില്ല. അതൊരു മൂല്യ

സംഹിതയായിരുന്നു. സത്യം, അഹിംസ, സ്നേഹം, സ്വാതന്ത്ര്യം, സമാധാനം, നീതി, സമത്വം സാഹോദര്യം നിർഭയത, സ്വാശ്രയത്വം, അന്തസ്സ്, സർഗാത്മകത എന്നിവയൊക്കെയാണ് മൂല്യങ്ങൾ. ഗാന്ധിജിയുടെ സുഹൃത്തും ജീവചരിത്രകാരനുമായിരുന്ന ലൂയി ഫിഷറോട് അദ്ദേഹം പറഞ്ഞു: 'ഭാരതത്തിൽ അധികാരം കേന്ദ്രീകരിച്ചിരിക്കുന്നത് ഡെൽഹിയിലും കൊൽക്കത്തയിലും മുംബയിലുമാണ്. ഞാൻ അത് എഴുപതിനായിരം ഗ്രാമങ്ങളിലേക്ക് വികേന്ദ്രീകരിക്കാൻ ആഗ്രഹിക്കുന്നു . 1931 ഏപ്രിൽ രണ്ടിന് ലണ്ടനിൽ കൂടിയ വട്ടമേശസമ്മേളനത്തിൽ ഗാന്ധിജി നടത്തിയ പ്രസംഗത്തിൽ ഗ്രാമസ്വരാജിനെക്കുറിച്ചും എങ്ങനെയാണ് ഭാരതത്തിൽ തിരഞ്ഞടുപ്പ് നടത്തേണ്ടതെന്നും വിശദീകരിക്കുകയുണ്ടായി. എല്ലാ പ്രായപൂർത്തിയായവർക്കും വോട്ടവകാശം ഉണ്ടായിരിക്കണം. ഭാരതത്തിലെ എഴുപതിനായിരം ഗ്രാമങ്ങളെ അതിലെ പൗരന്മാരുടെ ഇച്ഛക്കനുസരിച്ച് ജനാധിപത്യപരമായി സംഘടിപ്പിക്കണം. ഗ്രാമപഞ്ചായത്തുകൾക്ക് നിയമനിർമാണം, നീതിപാലനം, ഭരണനിർവഹണം സാമ്പത്തികാസൂത്രണം എന്നീ അധികാരങ്ങൾ ഉണ്ടായിരിക്കണം. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഗ്രാമങ്ങൾ സംപൂർണ സ്വയംഭരണ സമിതികളായിരിക്കണം. ഗ്രാമങ്ങളുടെ പ്രതിനിധികൾ ജില്ലാ ഭരണാധികാരികളെ തെരഞ്ഞടുക്കും. ജില്ലാ ഭരണ സമിതികളുടെ പ്രതിനിധികൾ സംസ്ഥാനഭരണസമിതികളെയും സംസ്ഥാനഭരണ സമിതികളുടെ പ്രതിനിധികൾ ദേശീയ ഭരണസമിതിയെയും തെരഞ്ഞെടുക്കും. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ തിരിച്ചുവിളിക്കാനുള്ള അവകാശം ജനങ്ങൾക്കുണ്ടാവും. ഏതെങ്കിലും പ്രത്യേകതരത്തിലുള്ള പ്രാതിനിധ്യം ഭരണസമിതികളിൽ അനുവദിക്കാൻ പാടില്ല. സമിതികളിലെ ഭൂരിപക്ഷ തീരുമാനങ്ങൾ ഒരിക്കലും ന്യൂനപക്ഷതാൽപ്പര്യങ്ങൾക്ക് വിരുദ്ധമാകാൻ പാടില്ല. ഓരോ വ്യക്തിക്കും അനീതിക്കെതിരെ പ്രതിഷേധിക്കാൻ സ്വാതന്ത്ര്യമുണ്ട്. ചില കാര്യങ്ങളിൽ അഭിപ്രായസമന്വയം ഉണ്ടാക്കണമെന്നും അദ്ദേഹം ചിന്തിച്ചു. അധികാരമോഹികളായ വ്യക്തികൾക്കും പാർട്ടികൾക്കും ഗാന്ധിജിയുടെ ജനാധിപത്യത്തിൽ സ്ഥാനമുണ്ടായിരുന്നില്ല. പാർട്ടിയുടെ അധികാരരാഷ്ട്രീയവും ജനങ്ങളുടെ അധികാരരാഷ്ട്രീയവും തമ്മിൽ വൈരുധ്യമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു. സാകല്യേനയാണ് ഗ്രാമം മുതൽ രാഷ്ട്രം വരെ പ്രവർത്തിക്കുന്നത്. സമൂഹത്തിലെ എല്ലാ ഘടകങ്ങളും തമ്മിൽ സംരചനാത്മകമായ പാരസ്പര്യത്തിലാണ് രാഷ്ട്രത്തിൽ.

പ്രാചീനകാലം മുതൽ ഭാരതത്തിൽ ഗ്രാമപഞ്ചായത്തുകൾ ഉണ്ടായിരുന്ന. ഋഗ്വേദത്തിലെ സമിതികൾ ഗ്രാമപഞ്ചായത്തുകളുടെ പ്രാഗ്രൂപമാണ്. ഭാരതം ബ്രിട്ടീഷ്കാരുടെ ഭരണത്തിൽ വരുന്നതുവരെ ഗ്രാമപഞ്ചായത്തുകൾ സംപൂർണ സ്വയംഭരണ സ്ഥാപനങ്ങളായിരുന്നു. ഗ്രാമങ്ങളിൽ നിലനിന്നിരുന്ന ഉൽപ്പാദനപ്രക്രിയ വികേന്ദ്രീകൃതവും സ്വയം പര്യപ്തവുമായിരുന്നു. കീഴ്വഴക്കങ്ങളും കീഴ്നടപ്പുകളും അനുസരിച്ച് ഗ്രാമത്തിലെ പ്രമാണിമാരുടെ ഒരു സഭയായിരുന്നു അക്കാലത്തെ ഗ്രാമ

പഞ്ചായത്തുകൾ. സത്യവും ധർമവും പാലിക്കപ്പെടുന്നതിൽ ഗ്രാമസഭകൾ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അന്നത്തെ രാജാക്കന്മാരും പ്രഭുക്കളും ഇന്നത്തെ മന്ത്രിമാരെയും സെക്രട്ടറിമാരെയും കളക്ടറുമാരെയും തഹസീൽദാർമാരെയും ഒക്കെപ്പോലെ ഈ ഗ്രാമങ്ങളുടെ ദൈനംദിന ജീവിതത്തെ നിയന്ത്രിച്ചിരുന്നില്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ കോളനിഭരണം ഗ്രാമപഞ്ചായത്തുകളുടെ സ്വയംഭരണത്തിൽ ഇടപെടാൻ തുടങ്ങി. 1919 ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിനെ തുടർന്ന് ഗ്രാമപഞ്ചായത്തുകളുടെ പരമ്പരാഗത അധികാരങ്ങൾ നഷ്ടപ്പെട്ടു. അവ കോളനി വാഴ്ചയുടെ കീഴിൽ 'നിയമാനുസൃത' (നിയമവിധേയ) സ്ഥാപനങ്ങളായി മാറി. ഗ്രാമീണ ജനതയുടെ അവകാശാധികാരങ്ങൾ പരിമിതപ്പെടുത്തപ്പെട്ടു. സ്വാതന്ത്ര്യസമരകാലത്ത് കൂടുതൽ വിപുലമായ അധികാരങ്ങളോടു കൂടിയ പഞ്ചായത്തുരാജുകൾ പുനഃസ്ഥാപിക്കപ്പെടണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ 1935 -ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിനെ തുടർന്ന് നിലവിൽവന്ന 'ജനകീയ' ഗവൺമെന്റുകൾ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിൽ കാര്യമായ ഒരു മാറ്റവും വരുത്തിയില്ല. സ്വാതന്ത്ര്യത്തിനുശേഷം 1947 നവംബറിൽ ചേർന്ന അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി, ഗാന്ധിജിയുടെ നിർബന്ധത്തിനു വഴങ്ങി ഗ്രാമപഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ തീരുമാനിച്ചു. എന്നാൽ അന്നുതന്നെ പലരും ഗ്രാമപഞ്ചായത്ത്‌രാജ് സംവിധാനത്തെ 'ഉട്ടോപ്യൻ' 'ഭാവനാപരം' എന്നൊക്കെ പറഞ്ഞ് പുച്ഛിക്കാൻ തുടങ്ങിയിരുന്നു.

നമ്മുടെ ഭരണഘടനയുടെ മുഖ്യശിൽപ്പികളിലൊരാളായ ഡോ: അംബേദ്കർ പഞ്ചായത്തു രാജിനെ വിശേഷിപ്പിച്ചത് "പ്രാദേശികതയുടെ കുപ്പത്തൊട്ടി", "അജ്ഞതയുടെയും സങ്കുചിതത്വത്തിന്റെയും നീർച്ചുഴി" എന്നാണ്. ഭരണഘടനയുടെ കരടിൽ പഞ്ചായത്തുകളെക്കുറിച്ച് ഒരു പരാമർശവും ഉണ്ടായിരുന്നില്ല. ഒരു പത്രലേഖകൻ ഇത് ഗാന്ധിജിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹം ഹരിജനിൽ എഴുതി: "ഇത് ഗുരുതരമായ വീഴ്ചയാണ്. വില്ലേജ് പഞ്ചായത്തുകളിലേക്കുള്ള അധികാരവികേന്ദ്രീകരണം ഭരണഘടനയിൽ ഉൾപ്പെടുത്താതിരുന്നത് ഭാരതത്തിലെ ജനങ്ങളുടെ വികാരത്തിന് എതിരാണ്. എത്രത്തോളം അധികാരം പഞ്ചായത്തുകൾക്ക് നൽകുന്നുവോ അത്രത്തോളം ജനങ്ങളുടെ ജീവിതം മെച്ചപ്പെടും." ഗാന്ധിജിയുടെ മരണശേഷം ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിൽ ഇങ്ങനെ എഴുതിച്ചേർക്കപ്പെട്ടു. (വകുപ്പ് 40): 'ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ വേണ്ട അധികാരങ്ങൾ അവയ്ക്ക് നൽകാനും ഉചിതമായ നടപടികൾ സംസ്ഥാനഗവൺമെന്റ് കൈക്കൊള്ളണം. നിർദേശകതത്വത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച പഞ്ചായത്തുകൾ ഗാന്ധിജിയുടെ ഗ്രാമസ്വരാജ് സങ്കൽപ്പത്തിനനുസൃതമായിരുന്നില്ല. രാജീവ്ഗാന്ധിയുടെ കാലത്ത് പഞ്ചായത്തു രാജ് സംബന്ധിച്ച 64-ാം ഭരണഘടനാ

ഭേദഗതിയെയും നരസിംഹറാവുവിന്റെ കാലത്ത് അവതരിപ്പിച്ച 73, 74 ഭരണഘടനാ ഭേദഗതികളുടെയും അടിസ്ഥാനത്തിൽ രൂപം കൊണ്ട പഞ്ചായത്ത് രാജ് നിയമവും ഫലപ്രദമായി നടപ്പായിട്ടില്ല. സമ്പത്തിന്റെയും അധികാരത്തിന്റെയും യഥാർഥവികേന്ദ്രീകരണം നാളിതുവരെ നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളിലേക്ക് അധികാരവും സമ്പത്തും വികേന്ദ്രീകരിക്കപ്പെടാത്തതിന്റെ ഫലമായി ഭാരതത്തിലെ ഒട്ടുമിക്ക ഗ്രാമങ്ങളും അവികസിതാവസ്ഥയിലാണ്. ഗ്രാമവാസികളും നഗരവാസികളും തമ്മിലുള്ള വരുമാനാന്തരം ഉയർന്നുകൊണ്ടിരിക്കുന്നു. ഭാരതം വൻശക്തിയായി ഉയർന്നുവെന്ന് കേന്ദ്ര ഗവൺമെന്റ് അവകാശപ്പെടുമ്പോഴും ധനികദരിദ്രവിടവ് വർധിച്ചുകൊണ്ടിരിക്കുന്നു. ലോകബാങ്കിന്റെ അടുത്തകാലത്തെ റിപ്പോർട്ട് അനുസരിച്ച് ഭാരതത്തിലെ ജനസംഖ്യയുടെ ഏകദേശം 45 കോടി ഇപ്പോഴും ആഗോള ദരിദ്ര രേഖക്ക് കീഴിൽ ജീവിക്കുന്നു. ലോകത്തിലെ ദരിദ്രരിൽ മൂന്നിൽ ഒന്ന് ഭാരതത്തിലാണെന്ന് ഈ പഠനം വ്യക്തമാക്കുന്നു. ഇന്റർനാഷണൽ ഫുഡ്പോളിസി റിസർച്ച് ഇൻസ്റ്റിട്യൂട്ട് ഈ വർഷം പുറത്തിറക്കിയ സ്ഥിതിവിവരക്കണക്കനുസരിച്ച് മൂന്ന് കോടി ജനങ്ങൾ പട്ടിണിയിലാണ്. ഭക്ഷണക്കുറവും പോഷകാഹാരക്കുറവും ഒരു നല്ല വിഭാഗം ജനങ്ങളെ അലട്ടുന്നു. നാഷണൽ സാമ്പിൾ സർവേയുടെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് അനുസരിച്ച് ഗ്രാമങ്ങളിലെ 60 ശതമാനത്തിന്റെ പ്രതിമാസ പ്രതിശീർഷവരുമാനം ആയിരം രൂപയിൽ താഴെയാണ്. ഗ്രാമങ്ങളിലെ ഏറ്റവും പാവപ്പെട്ട 10% പേരുടെ പ്രതിമാസ പ്രതിശീർഷ വരുമാനം വെറും 450 രൂപ. ഗാന്ധിജി വിഭാവന ചെയ്തതുപോലെ അധികാരവും സമ്പത്തും ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങളിൽ എത്തിച്ചേർന്നിരുന്നെങ്കിൽ ഗ്രാമീണ ജനതയുടെ ജീവിതത്തിൽ ഭൗതികവും ആത്മീയവുമായ വൻപിച്ച മാറ്റങ്ങൾ ഉണ്ടാകുമായിരുന്നു.

കഴിഞ്ഞ 64 വർഷമായി ഭാരതം സ്വീകരിച്ചിട്ടുള്ള പാർലമെന്ററി ജനാധിപത്യ സമ്പ്രദായത്തിന് നിരവധി അപാകതകൾ ഉണ്ടെങ്കിലും അതൊരു പരിധിവരെ വിജയകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഏഷ്യയിലെയും ആഫ്രിക്കയിലെയും നവ സ്വതന്ത്ര രാജ്യങ്ങളിലെ ജനാധിപത്യത്തെക്കാൾ ശക്തമാണ് ഭാരതത്തിന്റേത്. വലിയ ജനസംഖ്യയും, ഭാഷാപരവും മതപരവും ജാതീയവും പ്രാദേശികവുമായ വൈവിധ്യമുള്ള ഭാരതത്തിൽ പാർലമെന്ററി ജനാധിപത്യം വിജയിച്ചത് അംഗീകരിക്കപ്പെടേണ്ട ഒരു വസ്തുതയാണ്. പല പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും പട്ടാളത്തിന് ഭരണകൂടത്തിൽ ഇടപെടാൻ കഴിഞ്ഞിട്ടില്ല. അടിയന്തിരാവസ്ഥക്കാലത്ത് ജനാധിപത്യം അപകടത്തിലായപ്പോൾ അതിനെ രക്ഷിച്ചത് ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ നടന്ന ഗാന്ധിയൻ സമരമായിരുന്നു. ഭാരതത്തിൽ സ്വാതന്ത്ര്യ സമരം നടത്തിയത് പട്ടാളത്തെ ആശ്രയിക്കാതെയായിരുന്നു. ഗാന്ധിജി നയിച്ച അഹിംസാത്മക സത്യഗ്രഹസമരങ്ങളുടെയും ജനകീയപ്രക്ഷോഭണങ്ങളുടെയും പരിണിതഫ

ലമാണ് ഭാരതത്തിന്റെ സ്വാതന്ത്ര്യം. അതുകൊണ്ടാണ് പട്ടാളത്തിനും, സ്വേച്ഛാധിപതികൾക്കും നമ്മുടെ ജനാധിപത്യത്തെ അട്ടിമറിക്കാൻ കഴിയാത്തത്. എന്നാൽ ഗാന്ധിജിയുടെ ജനാധിപത്യ സങ്കൽപ്പങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ അധികാരം ജനങ്ങളിലെത്തിയിട്ടില്ല. അധികാരവികേന്ദ്രീകരണമോ, പങ്കാളിത്തജനാധിപത്യമോ, നേരിട്ടുള്ള ജനാധിപത്യമോ നടപ്പായിട്ടില്ല. അധികാരം ഇന്നും ഡെൽഹിയിലും സംസ്ഥാനതലസ്ഥാനങ്ങളിലുമാണ് കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. അഹിംസാത്മകമായ ജനകീയ പ്രക്ഷോഭണങ്ങളിലൂടെ അധികാരം വികേന്ദ്രീകരിക്കപ്പെടേണ്ടിയിരിക്കുന്നു. അത് ഗാന്ധിജി വിഭാവന ചെയ്തതുപോലെ നടപ്പാക്കിയാൽ ഭാരതം ലോകത്തിന് മാതൃകയാകും.

## പതിനൊന്ന്

# വിദ്യാഭ്യാസദർശനം

ഗാന്ധിജി ഒരു അക്കാദമിക-വിദ്യാഭ്യാസവിചക്ഷണനായിരുന്നില്ല. എന്നാൽ ലോകത്ത് മറ്റാരെക്കാളുമധികം വിദ്യാഭ്യാസത്തെക്കുറിച്ച് ചിന്തിച്ച വ്യക്തിയായിരുന്നു ഗാന്ധിജി. വിദ്യാഭ്യാസത്തെ സംബന്ധിച്ച് അദ്ദേഹത്തിന് ഉണ്ടായിരുന്ന ഉൾക്കാഴ്ച അന്യാദൃശംതന്നെയായിരുന്നു. മൗലികവും ദേശീയവുമായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ. മനുഷ്യനെ മനുഷ്യനാക്കുന്ന വിദ്യാഭ്യാസമായിരുന്നു ഗാന്ധിജിക്ക് വിദ്യാഭ്യാസം. ഗാന്ധിജി പറഞ്ഞു: "മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം (യാ വിദ്യാസാവിമുക്തയെ)"ഈ ആപ്തവാക്യം പണ്ടെന്നപോലെ ഇന്നും അർഥവത്താണ്. വിദ്യാഭ്യാസമെന്നതിന് ഇവിടെ വെറും ആത്മീയ വിദ്യാഭ്യാസമെന്നോ മോചനമെന്നതിന് മരണാനന്തരമുള്ള ആത്മീയമുക്തിയെന്നോ അല്ല അർഥം. അറിവെന്നത് മനുഷ്യവർഗത്തിന്റെ സേവനത്തിന് ഉപയുക്തമായ എല്ലാ ശിക്ഷണവും ഉൾക്കൊള്ളുന്ന ഒന്നാണ്. മോചനമെന്നതിന് ഇന്നത്തെ ജീവിതത്തിലേതുൾപ്പെടെ എല്ലാത്തരം ദാസ്യത്തിൽനിന്നുമുള്ള മോചനമെന്നർഥമാകുന്നു. ദാസ്യം രണ്ടുതരത്തിലാണ്. ബാഹ്യമായ അധീശാധികാരത്തിൻകീഴിലുള്ള അടിമത്തവും, ഒരാളുടെ കൃത്രിമാവശ്യങ്ങൾക്കടിമപ്പെടലും. ഈ ആദർശം സാക്ഷാത്ക്കരിക്കുന്നതിനുള്ള അന്വേഷണത്തിൽനിന്നു സിദ്ധിക്കുന്ന വിജ്ഞാനം മാത്രമാണ് ശരിയായ പഠിപ്പ്." ചരിത്രാതീതകാലം മുതൽ ഭാരതത്തിൽ നിലനിന്നിരുന്ന വിദ്യാഭ്യാസദർശനമായിരുന്നു ഗാന്ധിജിയുടേത്.

വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ മനുഷ്യനെക്കുറിച്ചുള്ള സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. 'ശരീരമാണ് മനുഷ്യൻ' എന്നാണെങ്കിൽ അതിനനുസരിച്ചായിരിക്കും വിദ്യാഭ്യാസം. മനസ്സാണ് മനുഷ്യൻ' എന്നാണെങ്കിൽ അതിനനുസരിച്ചും. ആത്മാവാണ് മനുഷ്യന്റെ സത്ത എന്നാണെങ്കിൽ അതിനനുസരിച്ചും. ഭാരതീയമായ കാഴ്ചപ്പാടിൽ

ശരീരം മനസ്സ് എന്നിവയെ സചേതനങ്ങളാക്കി പ്രവർത്തിക്കുന്ന ചൈതന്യമായ ആത്മാവു കൂടിച്ചേർന്നതാണ് മനുഷ്യൻ. ശരീരം മനസ്സ് എന്നീ ഉപാധികൾക്കാധാരമായ സത്ത ആത്മാവാണെന്നർത്ഥം. ഈ മൂന്നിനെക്കുറിച്ചും അറിയേണ്ടത് അറിഞ്ഞാലെ മനുഷ്യൻ പൂർണനാകൂ. പൂർണ വ്യക്തിത്വത്തിന്റെ ഈ മൂന്നു ഘടകങ്ങളെ കുറിച്ച് അന്വേഷിക്കുന്നതിനും അവയിൽ അനശ്വരമായ ആത്മാവിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും സഹായിക്കുന്ന വിദ്യാഭ്യാസം മാത്രമെ മനുഷ്യനെ അവന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സമർഥനാക്കൂ. ഭാരതീയ വിദ്യാഭ്യാസദർശനങ്ങളുടെ മുഖ്യസ്രോതസ്സുകളിൽ ഒന്ന് ഉപനിഷത്തുക്കളാണ്. വിദ്യാഭ്യാസ ചിന്തകളാൽ സമ്പന്നമാണത്. ഉപനിഷത്തുക്കൾക്ക് വിദ്യാഭ്യാസത്തെക്കുറിച്ച് രണ്ട് ലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്. ഊർജ്ജസ്വലമായി ആരോഗ്യത്തോടെ ജീവിതം നയിക്കുന്നതിന് ശരീരത്തെയും മനസ്സിനെയും ശക്തിപ്പെടുത്തുകയെന്നതാണ് ഒന്നാമത്തേത്. ഉപനിഷദ് ശാസ്ത്രമനുസരിച്ച് മനസ്സും ജ്ഞാനേന്ദ്രീയങ്ങളും ആത്മാവിന്റെ ശക്തിയാണ്. അതുകൊണ്ട് അവയെ ശക്തിപ്പെടുത്തേണ്ടതും വിപുലപ്പെടുത്തേണ്ടതും ശുദ്ധീകരിക്കേണ്ടതും ആവശ്യമാണ്. മാണ്ഡുക്യോപനിഷത്തിന്റെ ശാന്തിമന്ത്രത്തിൽ പ്രാർഥിക്കുന്നു. "ചെവികൾകൊണ്ട് ഞങ്ങൾ മംഗളം കേൾക്കുമാറാകട്ടെ, ഞങ്ങൾ ദൃഢങ്ങളായ അവയവങ്ങളോടു കൂടിയവരാകട്ടെ. ദീർഘായുസുള്ളവരാകട്ടെ. ഞങ്ങൾക്ക് ശാന്തി അനുഭവപ്പെടട്ടെ." ഇതു തന്നെയാണ് പ്രശ്നോപനിഷത്തിന്റെ ശാന്തിമന്ത്രവും. പ്രശ്നോപനിഷത്തിൽ ബ്രഹ്മവിദ്യ അഭ്യസിക്കാനെത്തുന്ന ശിഷ്യനോട് ഗുരു പറയുന്നു: "ഒരു വർഷം നീ എന്നോടൊപ്പം ബ്രഹ്മചര്യത്തോടെയും വൈരാഗ്യത്തോടെയും ഈശ്വരവിശ്വാസത്തോടെയും താമസിച്ചതിനുശേഷം ഏതു ചോദ്യം വേണമെങ്കിലും നിനക്ക് എന്നോട് ചോദിക്കാം." ഗുരു ശിഷ്യ ബന്ധം പരിപാവനമായിട്ടാണ് ഉപനിഷത്തുക്കൾ വിശേഷിപ്പിച്ചത്. ഗുരു ശിഷ്യന്റെ ഉള്ളിലെ ഇരുട്ടിനെ അകറ്റുന്നവനാണ്. ഉപനിഷദ്കാലത്തെ വിദ്യാഭ്യാസത്തിൽ ജ്ഞാനേന്ദ്രിയങ്ങളേയും കർമേന്ദ്രിയങ്ങളേയും ശക്തിപ്പെടുത്തുന്നനതിനുള്ള പരിശീലനമാണ് ആദ്യം വിദ്യാർഥിക്ക് നൽകിയിരുന്നത്. ഇത് വിദ്യാർഥിയുടെ സ്വഭാവശുദ്ധീകരണത്തിനും, ആഗ്രഹങ്ങളെ നിയന്ത്രിക്കാനും, മനസ്സിനെ ഏകാഗ്രമാക്കാനും, ഇച്ഛാശക്തിവർധിപ്പിക്കാനുമാണ്. രണ്ടാമത്തേത് ഈ പരിശീലനത്തിലൂടെ വിദ്യാർഥിയുടെ ഉള്ളിലെ അദൃശ്യശക്തികളെ ഉണർത്തുന്നതിനും അയാളെ സമാധാനപരവും പ്രയോജനപ്രദവുമായ ജീവിതം നയിക്കാൻ സഹായിക്കാനുമാണ്. ഒരു വ്യക്തിയുടെ ജ്ഞാനേന്ദ്രിയങ്ങളും മനസ്സും കടിഞ്ഞാണില്ലാതെയാണ് പ്രവർത്തിക്കുന്നതെങ്കിൽ അത് വ്യക്തിയുടെ സർവനാശത്തിനിടയാകും. മനസ്സിനെയും ശരീരത്തേയും ആത്മാവിനാൽ ശുദ്ധീകരിക്കാൻ കഴിഞ്ഞാൽ വ്യക്തിയുടെ ജീവിതം അനുഗ്രഹീതമാകും. ഇത്തരം വ്യക്തികളടങ്ങിയതാകണം സമൂഹം എന്നതായിരുന്നു വൈദികമായ കാഴ്ചപ്പാട്.

ഭൗതികവും ആധ്യാത്മികവുമായ അറിവുകൾ ഒരുമിച്ച് അഭ്യസിക്കുന്നതായിരുന്നു പ്രാചീനകാലം മുതൽ ഭാരതത്തിൽ നിലനിന്നിരുന്ന വിദ്യാഭ്യാസരീതി. ഭൗതികമായ അറിവ് എന്നാൽ കണം മുതൽ പ്രപഞ്ചം വരെയുള്ള സകലതിനേയും കുറിച്ചുള്ള പഠനം. ഭാരതീയമായ കാഴ്ചപ്പാടിൽ ആധ്യാത്മികമായ അറിവ് 'തന്നെ' കുറിച്ചുള്ള പഠനമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ അറിയപ്പെടുന്നതിനു പുറമെ അറിയുന്നവനെയും പഠിക്കുന്നു. മുണ്ഡകോപനിഷത്ത് വിദ്യയെ രണ്ടായി തരംതിരിച്ചിരിക്കുന്നു. പരാവിദ്യ അപരാവിദ്യ എന്നിങ്ങനെ. പരാവിദ്യയെന്നാൽ അറിയുന്നവനെക്കുറിച്ചുള്ള വിദ്യ. തത്വശാസ്ത്രം, ഭൗതികശാസ്ത്രം, ജീവശാസ്ത്രം, സാഹിത്യം, കല എന്നിവയെല്ലാം അപരാവിദ്യയാണ്. പ്രപഞ്ചത്തിന്റെ കാരണമെന്ത്? ഞാൻ ആരാണ് ? എന്നീ ചോദ്യങ്ങൾക്ക് അനുഭവത്തിലൂടെ കാരണമറിയുന്നതാണ് പരാവിദ്യ. ഉപനിഷത്തിന്റെ വീക്ഷണത്തിൽ രണ്ടിന്റെയും സമന്വയമാണ് വിദ്യ.

യൂറോപ്പിലെ വ്യവസായവിപ്ലവത്തെ തുടർന്ന് രൂപംകൊണ്ട പാശ്ചാത്യതത്വചിന്തയുടെ പൊതുവായ വീക്ഷണം മനുഷ്യനും പ്രകൃതിയും തമ്മിലും, മനുഷ്യനും മനുഷ്യനും തമ്മിലും, വ്യക്തിയും സമൂഹവും തമ്മിലും സംഘട്ടനത്തിലാണെന്നാണ്. മനുഷ്യനും പ്രകൃതിയും, ശരീരവും മനസ്സും ഭിന്നമാണെന്നാണ് അത് കരുതുന്നത്. ജീവിതം നിലനിൽപ്പിനുവേണ്ടിയുള്ള സമരമാണെന്നും, അർഹതയുള്ളതുമാത്രമെ അതിജീവിക്കുകയുള്ളുവെന്നും അത് വിശ്വസിക്കുന്നു. ഈ വീക്ഷണത്തിൽ നിന്നും രൂപം പ്രാപിച്ചതാണ് പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായം. യൂറോപ്പിൽ വളർന്നു വികാസം പ്രാപിച്ച മുതലാളിത്ത വ്യവസ്ഥക്ക് അനുയോജ്യമായിരുന്നു അത്. വേദകാലം മുതൽ ബ്രിട്ടീഷ്കാർ ഭാരതത്തെ കീഴടക്കുന്നതുവരെ ഇവിടെ ഉണ്ടായിരുന്ന വിദ്യാഭ്യാസസമ്പ്രദായം ഏകാത്മകവും, സമഗ്രവും, ദേശീയവുമായിരുന്നു. ഭാരതീയ സംസ്കൃതിയുമായി ഇഴചേർന്നതായിരുന്നു അത്. ഭാരതത്തിൽ നിലനിന്നിരുന്ന തികച്ചും ഹോളിസ്റ്റിക്കായ വിദ്യാഭ്യാസ സമ്പ്രദായത്തിന്ന് അന്ത്യം കുറിച്ചത് 1834 മുതൽ 1838 വരെ ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ സുപ്രീം കൗൺസിൽ ഉപദേഷ്ടാവായിരുന്ന തോമസ് ബാർബിങ്ടൺ മെക്കാളെയായിരുന്നു. ഭാരതത്തെ കൊള്ളയടിക്കുന്നതിനും 'യൂറോപ്യവൽക്കരിക്കു'ന്നതിനും അനുയോജ്യമായ ഒരു വിദ്യാഭ്യാസപദ്ധതി മെക്കാളെ ആവിഷ്ക്കരിച്ചു. 1835-ൽ അദ്ദേഹം ഇംഗ്ലീഷ് വിദ്യാഭ്യാസനിയമം കൊണ്ടുവന്നു. ആറാം ക്ലാസുമുതൽ അധ്യയന ഭാഷ സംസ്കൃതത്തിനും പേർഷ്യനും പകരം ഇംഗ്ലീഷായിരിക്കണമെന്നായിരുന്നു ഈ നിയമം. കോളനിഭരണത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ കറുത്ത സായിപ്പൻമാരെ സൃഷ്ടിക്കുകയെന്നതായിരുന്നു മെക്കാളെയുടെ ലക്ഷ്യം. സംസ്കൃതം മൃതഭാഷയാണെന്ന് പ്രചരിപ്പിച്ചു. ആയുർവേദവും മറ്റ് പാരമ്പര്യവൈദ്യവും കപടശാസ്ത്രങ്ങളാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം ഉത്തരവിറക്കി. ഭാരതീയശാസ്ത്രത്തെയും കലകളെയും നിരു

ൽസാഹപ്പെടുത്തി. സ്വദേശി വിദ്യാഭ്യാസത്തെയും പാരമ്പര്യവിദ്യാഭ്യാസത്തെയും ബ്രിട്ടീഷുകാർ തകർത്തു. പ്രാചീനകാലംമുതൽ ഭാരതത്തിൽ നിലനിന്നിരുന്ന ഏകാധ്യാപകവിദ്യാലയങ്ങൾ അവർ നിർത്തലാക്കി. ബ്രിട്ടീഷുകാരുടെ വിദ്യാഭ്യാസപരിഷ്ക്കരണങ്ങൾക്ക് മുമ്പ് നിലനിന്നിരുന്ന വിദ്യാഭ്യാസസമ്പ്രദായത്തെ ഗാന്ധിജി 'സുന്ദരവൃക്ഷം' (The Beautiful Tree) എന്നായിരുന്നു വിശേഷിപ്പിച്ചത്.

പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായത്തിന്റെ അതിശക്തനായ എതിരാളിയായിരുന്നു ഗാന്ധിജി. ഗാന്ധിജിയുടെ വിദ്യാഭ്യാസസങ്കൽപ്പത്തിൽ ശരീരവും മനസ്സും ആത്മാവുമുള്ള സത്തയാണ് മനുഷ്യവ്യക്തി. ഗാന്ധിജിക്ക് വിദ്യാഭ്യാസമെന്നാൽ വ്യക്തിത്വവികസനമാണ്. വ്യക്തിത്വവികസനമെന്നാൽ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും വികസനമാണ്; പൂർണസത്തയുടെ സമഞ്ജസമായ വികസനമാണ്. ശാരീരികവും മാനസികവും ആത്മീയവുമായ തലങ്ങളിലെ സകല്യേനയുള്ള പുരോഗതിയാണ് മനുഷ്യവ്യക്തിത്വത്തിന്റെ പുരോഗതി. ഗാന്ധിജി വിഭാവന ചെയ്ത സമുഹത്തിൽ വ്യക്തികൾ തമ്മിൽ സംഘർഷമില്ല. ഗാന്ധിജി പറഞ്ഞു : വ്യക്തിക്ക് സ്വകാര്യവ്യക്തിത്വത്തിനുപരി സാമുഹ്യമായമാനംകൂടിയുണ്ട്. കാരണം, പൂർണ വ്യക്തിശൂന്യതയിലല്ല ജീവിക്കുന്നത്; സമൂഹത്തിലാണ്. അപ്പോൾ സാമൂഹ്യജീവിതം വ്യക്തിജീവിതമാണ്. മനുഷ്യന്റെ സ്വകാര്യവ്യക്തിത്വവികസനം അവന്റെ സാമൂഹ്യവ്യക്തിത്വ വികസനത്തിന് വിഘാതമാവുകയില്ല. എന്നല്ല സാമുഹ്യവികസനം കൂടി സാധ്യമാകുമ്പോഴേ മനുഷ്യവ്യക്തിയുടെ വികസനം പൂർണമാവുകയുള്ളു.വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർണ വ്യക്തിത്വത്തിന്റെ, ശരീരവും മനസ്സും ആത്മാവുമുള്ള മനുഷ്യവ്യക്തിയുടെ വ്യക്തിഗതവും സാമുഹ്യപരവുമായ വികസനമാണ്." ഗാന്ധിജി കർമയോഗിയായിരുന്നു. 'യോഗം' എന്നതിന്റെ ലളിതമായ അർഥം ശരീരത്തിന്റെയും മനസ്സിന്റെയും മേലുള്ള അച്ചടക്കം എന്നാണ്. ഇതിന് വിദ്യാർഥികളെ യമനിയമങ്ങൾ പഠിപ്പിക്കണമെന്ന് അദ്ദേഹം ഉപദേശിച്ചു. യമം എന്നാൽ മനുഷ്യരോടും ജീവജാലങ്ങളോടും അജൈവവസ്തുക്കളോടും അനുഷ്ഠിക്കേണ്ട ധർമമാണ്. അഹിംസ, ആസ്തേയം, ബ്രഹ്മചര്യം അപരിഗ്രഹം എന്നിവയാണ് യമധർമങ്ങൾ. നിയമങ്ങളിൽപ്പെടുന്നവയാണ് സന്തോഷം, തപസ്സ്, സ്വാധ്യായം, ധ്യാനം എന്നിവ. ഭഗവദ് ഗീത നിർവചിച്ചിട്ടുള്ളതുപോലെ വിദ്യാഭ്യാസം കൊണ്ട് ഓരോ വിദ്യാർഥിക്കും 'സ്ഥിതപ്രജ്ഞന്റെ ഗുണമുണ്ടാകണമെന്നാണ് ഗാന്ധിജി ആവശ്യപ്പെട്ടത്. ഗാന്ധിജി വിദ്യാലയങ്ങളെക്കുറിച്ചു പറഞ്ഞു: 'അധമമോ അവിശുദ്ധമോ ആയ ഒന്നും ഉണ്ടാവാത്ത പുണ്യസ്ഥലമാണ് വിദ്യാലയവും കലാശാലയും.'

ബ്രിട്ടീഷുകാർ ഭാരതത്തിന്റെ മേൽ അടിച്ചേൽപ്പിച്ച നിലവിലുള്ള വിദ്യാഭ്യാസം വ്യക്തിത്വവികസനത്തിനോ സാമൂഹ്യപുരോഗതിക്കോ സഹായകരമാകില്ലെന്ന് ഗാന്ധിജി പറഞ്ഞു. അത് വ്യക്തികളെ മാനസിക

മായി വികലരാക്കുകയും സ്വന്തം നാട്ടിൽ അവരെ വിദേശികളാക്കുകയും ചെയ്തിരിക്കുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ദേഹം പറഞ്ഞു: "മെക്കാളെ കെട്ടിപ്പെടുത്ത വിദ്യാഭ്യാസത്തിന്റെ അടിത്തറ നമ്മെ അടിമകളാക്കിയിരിക്കുന്നു. ആധുനിക വിദ്യാഭ്യാസം നമ്മുടെ കണ്ണുകളെ ആത്മാവിൽനിന്നും വ്യതിചലിക്കാനുള്ള പ്രവണതയുണ്ടാക്കുന്നു. അതുകൊണ്ട് ആത്മശക്തിയുടെ കഴിവുകൾ നമ്മെ ആവേശം കൊള്ളിക്കുന്നില്ല. നമ്മുടെ ദൃഷ്ടി തന്മൂലം ക്ഷണികവും നശ്വരവുമായ ഭൗതികശക്തിയിൻമേലാണ് ഉറപ്പിച്ചിരിക്കുന്നത്". ഈ വിദ്യാഭ്യാസം ആത്മീയശക്തിയെ ഉത്തേജിപ്പിക്കുന്നതിനുപകരം വെറും ഭൗതികമായ നേട്ടങ്ങൾക്ക് പ്രാധാന്യം നൽകുന്നുവെന്നാണ് ഗാന്ധിജി പറഞ്ഞതിന്റെ സാരം. അദ്ദേഹം പറഞ്ഞു: "ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഏറ്റവും പ്രത്യക്ഷമായ ദോഷം, അത് നമ്മുടെ അസ്തിത്വത്തിന്റെ അവിച്ഛിന്നതയെ തകർത്തിരിക്കുന്നു എന്നതാണ്". വൈദേശികവും ദേശീയേതരവുമായ വിദ്യാഭ്യാസം നമ്മുടെ മഹത്തായ സംസ്കാരത്തിന് ആഘാതമേല്പിച്ചു. അത് ദേശീയജീവിതത്തിന്റെ അടിത്തറ തകർത്തു. ബ്രിട്ടീഷുകാർ നടപ്പാക്കിയ വിദ്യാഭ്യാസസമ്പ്രദായമാകെ പൊളിച്ചു മാറ്റണമെന്ന്ഗാന്ധിജി ആവശ്യപ്പെടുകയുണ്ടായി. ഭാരതം സ്വാതന്ത്ര്യം നേടിയിട്ട് 64 വർഷം കഴിഞ്ഞെങ്കിലും നമ്മുടെ വിദ്യാലയങ്ങളിലും സർവകലാശാലകളിലും നിലനില്ക്കുന്നത് കോളനിഭരണം അടിച്ചേൽപിച്ച വിദ്യാഭ്യാസസമ്പ്രദായമാണ്.

ഒരു ജനതയുടെ വിദ്യാഭ്യാസം ആ ജനതയുടെ നൈസർഗികമായ ആന്തരപ്രഭാവം പൂർണമായും പ്രകടമാക്കുന്ന ഒന്നായിരിക്കണമെങ്കിൽ അത് തദ്ദേശോൽ ഭൂതമായിരിക്കണം; പുറമെനിന്ന് അടിച്ചേൽപിച്ച ഒന്നോ ലോകത്തിന്റെ മറ്റേതെങ്കിലും ഭാഗത്ത് പ്രചാരത്തിലിരിക്കുന്ന ഒരു സമ്പ്രദായത്തിന്റെ - ആ സമ്പ്രദായം എത്രതന്നെ പ്രശസ്തവും അംഗീകൃതമൂല്യമുള്ളതും ആയിരുന്നാലും - അനുകരണമോ ആയിരിക്കരുത്. രാഷ്ട്രത്തിന്റെ ആശയാദർശങ്ങളെയും ചരിത്രത്തെയും സംസ്കാരത്തെയും അടിസ്ഥാനമാക്കിയുള്ള വികാസമാണ് ദേശീയവിദ്യാഭ്യാസത്തിന് ഉണ്ടാകേണ്ടത്. രാഷ്ട്രത്തിന്റെ മതപരവും സാമൂഹ്യവും രാഷ്ട്രീയവുമായി ബന്ധപ്പെട്ടതായിരിക്കണം ആ രാഷ്ട്രത്തിന്റെ വിദ്യാഭ്യാസദർശനം. എന്നാൽ അതിന്റെ പ്രയോഗം സ്ഥലകാലസാമൂഹ്യസ്ഥിതിവിശേഷങ്ങളെ സംബന്ധിക്കുന്ന യാഥാർത്ഥ്യങ്ങളെ ആശ്രയിച്ചുമായിരിക്കണം. ഭാരതത്തിന് അനുയോജ്യമായ ഒരു ദേശീയ വിദ്യാഭ്യാസപദ്ധതി ഗാന്ധിജിയുടെ സ്വപ്നമായിരുന്നു. ഗാന്ധിജി പറഞ്ഞു: "ആധുനിക വിദ്യാഭ്യാസ സൗധത്തിന്റെ ഘടകങ്ങളായ പാഠ്യപദ്ധതിയും അധ്യാപനാശയങ്ങളും ഓക്സ്ഫോർഡിലും കേംബ്രിഡ്ജിലും നിന്നും എഡിൻബറോയിലും ലണ്ടനിൽനിന്നും ഇറക്കുമതി ചെയ്യപ്പെട്ടവയാണ്. അവതികച്ചും വൈദേശികമാണ്. അവ നിരാകരിക്കപ്പെടുന്നതുവരെ ഒരു ദേശീയ വിദ്യാഭ്യാസ പദ്ധതി ഉണ്ടാവുക സാധ്യമല്ല." പാശ്ചാത്യ പാഠ്യപദ്ധതികളും അധ്യാപ

നാശയങ്ങളും ഭാരതത്തിന്റെ ദേശീയവിദ്യാഭ്യാസ ലക്ഷ്യങ്ങൾ നിറവേറ്റുകയില്ലെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. അദ്ദേഹം എഴുതി: "ദീർഘകാലമായി നിലനിന്നുവരുന്ന മഹത്തായ ഭാരതീയസംസ്കാരത്തിന് തനതായ ഒരു വിദ്യാഭ്യാസരീതി ഉണ്ടായിരുന്നുവെന്ന വസ്തുത നാം മനസ്സിലാക്കേണ്ടതാണ്. 'ദേശീയം' എന്നു വിളിക്കാൻ അർഹതയുള്ള കാര്യം ഇതാണ്. ഇത് അടിസ്ഥാനപരമായി ആംഗ്ലോ-ഇന്ത്യൻ രീതിയിൽ നിന്നും നിഷ്പന്നമായ കപടദേശീയ രീതിയിൽ നിന്നും വ്യത്യസ്തമാണ്."

ഗാന്ധിജിയുടെ ഭാവനയിലുള്ള ദേശീയവിദ്യാഭ്യാസം സത്യത്തിന്റെയും സ്നേഹത്തിന്റെയും വിശാലമായ അടിത്തറയിലാണ് കെട്ടിപ്പെടുത്തിയിരിക്കുന്നത്. അങ്ങനെയല്ലാത്ത ബുദ്ധിപരവും സാഹിത്യപരവുമായ വിദ്യാഭ്യാസം തികച്ചും പ്രയോജനരഹിതമാണെന്ന കാര്യത്തിൽ ഗാന്ധിജിക്ക് സംശയമുണ്ടായിരുന്നില്ല. സ്വഭാവരൂപവൽക്കരണമാണ് ദേശീയവിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് ഗാന്ധിജി പറഞ്ഞു. ഗാന്ധിജി യംങ് ഇന്ത്യയിൽ എഴുതി: "പരിശുദ്ധമായ സ്വഭാവത്തിന്റെ അടിത്തറയിൽ കെട്ടിപ്പെടുത്തതല്ലെങ്കിൽ നിങ്ങൾക്കുകിട്ടുന്ന വിദ്യാഭ്യാസം മുഴുവനും ശൂന്യമായിരിക്കും. സ്വഭാവം കല്ലും കുമ്മായവും കൊണ്ട് പടുത്തുയർത്താൻ കഴിയില്ല. സ്വന്തം കൈ കൊണ്ടല്ലാതെ അത് രൂപീകരിക്കാനാവില്ല. പുസ്തകങ്ങളുടെ താളുകളിൽ നിന്ന് നിങ്ങൾക്ക് ചീന്തിത്തരുവാൻ അധ്യാപകന്മാർക്ക് കഴിയുകയില്ല. നിങ്ങൾ വ്യക്തിജീവിതത്തിലെ പരിശുദ്ധിയിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ, വിചാരത്തിലും പ്രവർത്തിയിലും അത് പാലിക്കാൻ ശ്രദ്ധിക്കുന്നില്ലെങ്കിൽ, തികഞ്ഞ പണ്ഡിതൻമാരാകാമെങ്കിലും നിങ്ങൾ തകർന്നു കഴിഞ്ഞു എന്ന് ഞാൻ പറയും". വെറും അക്ഷരാഭ്യാസമല്ല വിദ്യാഭ്യാസമെന്നും അത് വെറും സാഹിത്യാഭ്യാസമല്ലെന്നും ഗാന്ധിജി പറഞ്ഞു. ഗാന്ധിജിയുടെ അഭിപ്രായത്തിൽ വിദ്യാഭ്യാസം സാരവത്തായ ഒന്നാണെങ്കിൽ "നിങ്ങളുടെ പരിസരത്തിൽ അതു പരിമളം പരത്തണം. ദിനംതോറും നിങ്ങളുടെ സമയത്തിൽ കുറച്ചു നിങ്ങൾക്ക് ചുറ്റുമുള്ള ജനങ്ങളെ പ്രായോഗികമായി സേവിക്കുന്നതിന് വിനിയോഗിക്കണം. വിദ്യാഭ്യാസത്തിന്റെ ഏറ്റവും സമ്പന്നമായ ഭാഗം അതായിരിക്കും, സാഹിത്യപ്രബന്ധങ്ങൾ കാണാപാഠം പഠിക്കലല്ല."

വിദ്യാഭ്യാസമനഃശാസ്ത്രം ആഴത്തിൽ മനസ്സിലാക്കിയിട്ടുള്ള ഒരു അപൂർവവിദ്യാഭ്യാസചിന്തകനായിരുന്നു ഗാന്ധിജി. പാശ്ചാത്യമനഃശാസ്ത്ര ചിന്തകൾക്കപ്പുറം കടന്ന് ഉപനിഷത്തുക്കളുടെയും ഭഗവത്ഗീതയുടെയും മനഃശാസ്ത്രം അദ്ദേഹം മനസ്സിലാക്കി. അത് തന്റെ വിദ്യാഭ്യാസ ചിന്തകളിൽ പ്രയോഗിച്ചു. ഇത് പ്രത്യേകിച്ച് ഗാന്ധിജിയുടെ ശിശുവിദ്യാഭ്യാസചിന്തകളിൽ വ്യക്തമായി തെളിഞ്ഞു കാണാം. വിദ്യാഭ്യാസത്തെ ഒരു ആജീവനാന്ത പ്രക്രിയയായിട്ടാണ് ഗാന്ധിജി കണ്ടത്. വിദ്യാഭ്യാസം കുടുംബത്തിൽനിന്നും തുടങ്ങണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഗാന്ധിജി പറഞ്ഞു : "നാട്ടിലെ ഓരോ വീടും ഓരോ വിദ്യാലയമാണ്;

മാതാപിതാക്കൾ അധ്യാപകരും." ആത്യന്തിക മൂല്യങ്ങൾ സാക്ഷാൽക്കരിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ അന്ത്യം എന്നുള്ളതുകൊണ്ട് അതിനാവശ്യമായ അടിസ്ഥാനമിടുകയാണ് വിദ്യാഭ്യാസത്തിന്റെ ആദ്യ പടിയായിചെയ്യേണ്ടത്. സത്യം, അഹിംസ, സ്നേഹം, ഈശ്വരൻ എന്നീ സങ്കൽപങ്ങൾ ശിശുക്കളുടെ മനസ്സിൽ രൂഢമൂലമാക്കണം. ഓരോ ശിശുവിനും പൂർണതയിലെത്താൻ അവകാശമുണ്ട്. അതിന് പ്രാപ്തിയുണ്ട്. സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസത്തിന് വേണ്ടിയാണ് ഗാന്ധിജി വാദിച്ചത്. ഗാന്ധിജി പറഞ്ഞു: "നമ്മുടെ വിദ്യാഭ്യാസത്തിലൊരു വിപ്ലവം വരുത്തണം. തലച്ചോറിന് കൈകൾവഴി വിദ്യാഭ്യാസം നല്കണം. ഞാനൊരു കവിയായിരുന്നെങ്കിൽ അഞ്ചുവിരലുകളുടെ സാധ്യതകളെപ്പറ്റി ഒരു കവിത എഴുതുമായിരുന്നു. മനസ്സാണ് എല്ലാമെന്നും കൈകാലുകൾ ഒന്നുമല്ലെന്നും നിങ്ങൾ വിചാരിക്കുന്നതെന്തിന്? കൈകൾക്ക് ശരിയായ പരിശീലനം നല്കാതെ വിദ്യാഭ്യാസത്തിന്റെ സാധാരണഗതിക്കു പോകുന്ന ഒരാൾക്ക് ജീവിതത്തിലെ സംഗീതാംശം നഷ്ടപ്പെടുന്നു. വെറും പുസ്തകജ്ഞാനം, കുട്ടിയുടെ ശ്രദ്ധയെ പൂർണമായി പിടിച്ചു നിർത്താൻ തക്ക താൽപര്യം അവനിലുണ്ടാക്കുന്നില്ല. വെറും വാക്കുകൾ നിമിത്തം തലച്ചോറിന് ക്ഷീണം ബാധിക്കുകയും കുട്ടിയുടെ മനസ്സ് അലഞ്ഞുതിരിയുകയും ചെയ്യുന്നു. കൈ അത് ചെയ്യേണ്ട പ്രവൃത്തി ചെയ്യുന്നില്ല, കണ്ണ് അതു കാണേണ്ട കാര്യം കാണുന്നില്ല, കാത് അത് കേൾക്കേണ്ട കാര്യം കേൾക്കുന്നില്ല. ചെയ്യുന്നതും കാണുന്നതും കേൾക്കുന്നതും വേണ്ടാത്ത കാര്യങ്ങളാണ്. അതുകൊണ്ട് കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം പലപ്പോഴും അവരുടെ നാശത്തിനു വഴി വെക്കുന്നു. നല്ലതും ചീത്തയും തമ്മിൽ തിരിച്ചറിയാനും, ആദ്യത്തേത് ഉൾക്കൊള്ളാനും രണ്ടാമത്തേത് ഉപേക്ഷിക്കാനും നമ്മെ പഠിപ്പിക്കാത്ത വിദ്യാഭ്യാസം ആ പേര് അർഹിക്കുന്നില്ല.

വിദ്യാഭ്യാസം കുഞ്ഞുങ്ങളുടെ ശരീരസംസ്ക്കരണത്തിനും മനസംസ്ക്കരണത്തിനുമായിരിക്കണമെന്ന് ഗാന്ധിജി പറഞ്ഞു. ഇതിൽ ആദ്യം ഊന്നൽ നല്കേണ്ടത് ശരീരസംസ്ക്കരണത്തിനാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അദ്ദേഹം പറഞ്ഞു: "കൊച്ചുകുഞ്ഞിനെ ആദ്യം പഠിപ്പിക്കേണ്ടതു ശരീരം ശുദ്ധമാക്കിവയ്ക്കാനാണ്; അവന്റെ വസ്ത്രങ്ങൾ ശുദ്ധമായി സൂക്ഷിക്കാനാണ്. ശാരീരികാരോഗ്യത്തിന്റെ ബാലപാഠങ്ങൾ അവനെ അഭ്യസിപ്പിക്കണം. അക്ഷരം പഠിപ്പിക്കുന്നതിനു മുമ്പ് ശാരീരിക ശിക്ഷണമാണ് അവന് നല്കേണ്ടത്. ബുദ്ധിയുടെ ശരിയായ ശിക്ഷണം കൈ, കാൽ, കണ്ണ്, ചെവി, മൂക്ക് തുടങ്ങിയ ശരീരാവയവങ്ങളുടെ ചിട്ടപ്രകാരമുള്ള അഭ്യാസം കൊണ്ടും വ്യായാമം കൊണ്ടും മാത്രമെ സിദ്ധിക്കുകയുള്ളു എന്നാണ് എന്റെ പക്ഷം. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഒരു കുട്ടിയുടെ ശരീരാവയവങ്ങളുടെ ബുദ്ധിപൂർവമായ ഉപയോഗം കൊണ്ട് ബുദ്ധിശക്തി എളുപ്പത്തിലും ഏറ്റവും നല്ലരീതിയിലും വളർത്തുവാൻ പറ്റും. പക്ഷെ, ബുദ്ധിയുടെയും ശരീര

ത്തിന്റെയും വളർച്ച ആത്മീയ ഉൽബുദ്ധതയുമായി കൈകോർത്തു പോകുന്നില്ലെങ്കിൽ താളം തെറ്റിയ വളർച്ചയാകും ഉണ്ടാവുക. ഒരു കുട്ടിയുടെ വിദ്യാഭ്യാസം ആത്മീയവും ശാരീരികവുമായി ഒരേ സമയം സമരസപ്പെട്ടുപോയാൽ മാത്രമെ ബുദ്ധിക്ക് ഉചിതവും സർവതോന്മുഖവുമായ വളർച്ച ഉണ്ടാവുകയുള്ളു. അവ അവിഭാജ്യമാംവണ്ണം ഏകോപിച്ച ഒരു ആകെത്തുകയാണ്." ശാരീരികവും മാനസികവുമായ വളർച്ച എത്തുന്നതിനു മുമ്പേ കുഞ്ഞുങ്ങളെ സ്ക്കൂളുകളിൽ ചേർക്കുന്നതിന് അദ്ദേഹം എതിരായിരുന്നു.

വിദ്യാഭ്യാസത്തിൽ പുസ്തകത്തിന് ഇന്ന് നാം നൽകുന്ന അമിത പ്രാധാന്യത്തെ ഗാന്ധിജി അപലപിച്ചു. അദ്ദേഹം പറഞ്ഞു: 'ഋഷിമാർ കുട്ടികളെ പുസ്തകമില്ലാതെയാണ് പഠിപ്പിച്ചിരുന്നത്. ഓർമയിൽ അമൂല്യമായി സൂക്ഷിക്കാനും പ്രായോഗികജീവിതത്തിൽ പകർത്താനും ഏതാനും മന്ത്രങ്ങൾ മാത്രമാണ് അവർ ശിഷ്യന്മാർക്ക് നൽകിയത്. ഇന്നത്തെ വിദ്യാർഥികളാകട്ടെ ശ്വാസംമുട്ടിക്കുന്ന ഒരു കുന്ന് പുസ്തകങ്ങൾക്കിടയിലാണ് ജീവിക്കേണ്ടിയിരിക്കുന്നത്. ഇന്നത്തെ പാഠപുസ്തകങ്ങൾ കുട്ടികൾക്ക് സാധാരണ ഇടപഴകേണ്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവയുമല്ല. അവർക്ക് തികച്ചും അപരിചിതകാര്യങ്ങളാണ് അവ പ്രതിപാദിക്കുന്നത്. നല്ലതെന്ത്, ചീത്തയെന്ത്, എന്ന് ഒരു കുട്ടി പഠിക്കുന്നത് പാഠപുസ്തകങ്ങളിൽക്കൂടിയല്ല. സ്വന്തംചുറ്റുപാടുകളിൽ അഭിമാനം കൊള്ളാനുള്ള ബോധം പുസ്തകങ്ങളിൽക്കുടി അവനു ലഭിക്കുന്നില്ല. എനിക്കു സ്വന്തം മാർഗം അവലംബിക്കാൻ അനുമതി ലഭിക്കുകയാണെങ്കിൽ ഞാൻ ഇന്നത്തെ പാഠപുസ്തകങ്ങളൊക്കെ നശിപ്പിക്കുകയും, വിദ്യാർഥിക്ക് തന്റെ തൊട്ടടുത്ത ചുറ്റുപാടുകളുമായി ഇടപഴകി ജീവിക്കാൻ പറ്റുന്ന തരത്തിലുള്ള പാഠപുസ്തകങ്ങൾ എഴുതുകയും ചെയ്യും.' ഏതാണ്ട് 90 വർഷം മുമ്പ് പുസ്തകങ്ങളെപ്പറ്റി ഗാന്ധിജി പറഞ്ഞത് കൊച്ചുകുട്ടികളുടെ കാര്യത്തിൽ ഇന്നും പ്രസക്തമാണ്. കുട്ടികളുടെ ശാരീരികവും ബുദ്ധിപരവും സാമൂഹ്യവുമായ പരിതഃസ്ഥിതികളെ കണക്കിലെടുത്തും ആ പാരിസ്ഥിതികഘടകങ്ങളുടെ സഹായത്തോടെ മാതൃഭാഷയിൽക്കൂടി ചരിത്രം, ഭൂമിശാസ്ത്രം, കണക്ക് മറ്റ് ശാസ്ത്രങ്ങൾ എന്നിവ പഠിപ്പിക്കണമെന്നതായിരുന്നു ഗാന്ധിജിയുടെ കാഴ്ചപ്പാട്. പഴഞ്ചനെന്ന് പല 'പുരോഗമന' വിദ്യാഭ്യാസ ചിന്തകരും കരുതുന്ന ഗാന്ധിയൻ വിദ്യാഭ്യാസരീതി തികച്ചും ലോകം ഇന്ന് അംഗീകരിച്ചു തുടങ്ങിയിട്ടുണ്ട്.

ഗാന്ധിജിയുടെ വിദ്യാഭ്യാസാശയങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അടിസ്ഥാന വിദ്യാഭ്യാസം. ഗാന്ധിജി എഴുതി: "ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം രാജ്യത്തിന്റെ ആവശ്യങ്ങൾ യാതൊരു രൂപത്തിലും നിറവേറ്റുന്നില്ല. തൊഴിൽപരമായ വിദ്യാഭ്യാസത്തിന്റെ അഭാവം വിദ്യാഭ്യാസമുള്ള വർഗത്തെ സൃഷ്ടിപരമായ തൊഴിലിന് അപര്യാപ്തമാക്കുകയും അങ്ങനെ ശാരീരികമായി അവർക്ക് വിനവരുത്തിവെയ്ക്കുകയും ചെയ്തു." ഉപ

യോഗപ്രദമായ ഒരു തൊഴിൽ കുട്ടികളെ അഭ്യസിപ്പിക്കുകയും അവരുടെ ശാരീരികവും മാനസികവും ആത്മീയവുമായ കഴിവുകൾ വളർത്തിയെടുക്കുകയും ചെയ്യുന്ന വിദ്യാഭ്യാസമാണ് ഗാന്ധിജിയുടെ അടിസ്ഥാന വിദ്യാഭ്യാസം. ഗാന്ധിജി പറഞ്ഞു:' അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ ഉദ്ദേശം ഏതെങ്കിലും കൈത്തൊഴിൽവഴി കുട്ടികൾക്ക് ശാരീരികവും മാനസികവും ധാർമികവുമായ വളർച്ചയുണ്ടാക്കുക എന്നതാണ്. വിദ്യാഭ്യാസത്തെ മനുഷ്യാധ്വാനത്തിൽ നിന്നും വേർപ്പെടുത്തുന്നതിന് അദ്ദേഹം എതിരായിരുന്നു. ബൗദ്ധിക പ്രധാനമായ തൊഴിലുകൾക്കും കായികപ്രധാനമായതൊഴിലുകൾക്കും തുല്യപദവി നൽകണമെന്നും ഗാന്ധിജി ആവശ്യപ്പെട്ടു. കായികാധ്വാനത്തിലേർപ്പെടാത്ത ബുദ്ധിജീവിയെ അംഗീകരിക്കാൻ അദ്ദേഹം തയ്യാറാല്ലായിരുന്നു. ഗാന്ധിജി തന്റെ അടിസ്ഥാന വിദ്യാഭ്യാസപദ്ധതി ആവിഷ്കരിച്ചതു ഭാരതത്തിലെ ഗ്രാമങ്ങളെ മനസ്സിൽ കണ്ടുകൊണ്ടാണ്. ഭാരതം ഗ്രാമങ്ങളിലാണ് ജീവിക്കുന്നതെന്നും ജീവിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ തൊഴിൽ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസം നഗരപ്രദേശങ്ങളിലും പ്രവൃത്തിപഥത്തിൽ കൊണ്ടുവരാമെന്നുള്ളതിൽ അദ്ദേഹത്തിന് സംശയമുണ്ടായിരുന്നില്ല.

ഗാന്ധിജി ഉന്നതവിദ്യാഭ്യാസത്തിന് എതിരായിരുന്നുവെന്ന ഒരുധാരണ ഉണ്ടായിട്ടുണ്ട്. ഇതു ശരിയല്ല. അദ്ദേഹം ഉന്നതവിദ്യാഭ്യാസത്തിന് എതിരായിരുന്നില്ല. സർവകലാശാലകളിലെ പാഠ്യപദ്ധതികൾകൊണ്ട് വിദ്യാർഥികളുടെ ഭാവിജീവിതത്തിന് യാതൊരുപ്രയോജനവും ഉണ്ടാകുന്നില്ലെന്ന് അദ്ദേഹം നിരീക്ഷിച്ചു. അദ്ദേഹം പറഞ്ഞു: ലോകത്തിൽ വെച്ച് ഉന്നതമായ വിദ്യാഭ്യാസത്തിനുപോലും ഞാനെതിരല്ല. എന്നാൽ വിദ്യാഭ്യാസമെന്ന പേരിൽ നമ്മുടെ കലാശാലകളിൽ നൽകപ്പെടുന്ന വലിയതോതിലുള്ള പരിശീലനം വെറും ദുർവ്യയമാണെന്നും അത് അഭ്യസ്തവിദ്യർക്കിടയിൽ തൊഴിലില്ലായ്മക്കു കാരണമായിട്ടുണ്ടെന്നും ദൃഢമായി വിശ്വസിക്കുന്ന ആളാണ് ഞാൻ. എന്റെ പദ്ധതിയനുസരിച്ച് എണ്ണത്തിലും ഗുണത്തിലും മുന്നിട്ടുനിൽക്കുന്ന ഗ്രന്ഥശാലകളുണ്ടാവും, പരീക്ഷണശാലകളുണ്ടാവും, ഗവേഷണസ്ഥാപനങ്ങളുണ്ടാവും. രാഷ്ട്രത്തിന്റെ ശരിയായ സേവകരും തങ്ങളുടെ അവകാശങ്ങളും ആവശ്യങ്ങളും എന്തെന്ന് കൂടുതൽ ബോധമുണ്ടായിവരുന്ന ഒരു ജനതതിയുടെ വിവിധവും വർത്തമാനവുമായ ആവശ്യങ്ങൾ സാധിപ്പിക്കുന്നവരുമായ ഒരു സംഘം രസതന്ത്രജ്ഞന്മാരും എൻജിനിയർമാരും മറ്റ് വിദഗ്ധന്മാരും നമുക്കുണ്ടായിരിക്കും. ഇവരെല്ലാം സംസാരിക്കുന്നത് ഒരു വിദേശഭാഷയായിരിക്കില്ല, ജനങ്ങളുടെഭാഷയായിരിക്കും. അവർ നേടിയ വിജ്ഞാനം ജനങ്ങളുടെ പൊതുസ്വത്തായിരിക്കും. വെറും അനുകരണങ്ങളല്ലാതെ യഥാർഥത്തിൽ മൗലികമായ പ്രവർത്തനങ്ങൾ നടക്കും." ഗാന്ധിജി സർവകലാശാലാ വിദ്യാഭ്യാസത്തെ വിപ്ലവകരമായി മാറ്റി, അതിനെ ദേശീയാവശ്യങ്ങളുമായി ബന്ധിപ്പിക്കാനാണ് ആഗ്രഹിച്ചത്. ഓരോവ്യവസായവുമായി ബന്ധപ്പെട്ട പ്രൊഫഷണൽ കോളേജുകൾ ഉണ്ടാവണമെന്ന് അദ്ദേഹം ആവ

ശ്യപ്പെട്ടു. മാനേജ്മെന്റ്, വാണിജ്യം, കലാവിഷയങ്ങൾ, വൈദ്യശാസ്ത്രം, കൃഷി എന്നിവയിൽ ഉന്നതനിലവാരം പുലർത്തുന്ന കോളെജുകൾ ഉണ്ടാവണമെന്നായിരുന്നു കാഴ്ച്ചപ്പാട്.

മറ്റുള്ളഭാഷകൾ കേവലം ധാത്രിമാർ, മർത്യന്ന് പെറ്റമ്മ തൻ ഭാഷ താൻ' എന്നായിരുന്നു ഗാന്ധിജിയുടെ ഭാഷാനയം. ഗാന്ധിജി പ്രഖ്യാപിച്ചു: "സ്വന്തം മാതൃഭാഷ മറക്കുകയോ, മാതൃഭാഷാ പഠനത്തിൽ ഉപേക്ഷകാണിക്കുകയോ, ഭാഷയെകുറിച്ച് ലജ്ജിക്കുകയോ ചെയ്യുന്ന ഒരു ഭാരതീയൻ പോലും ഉണ്ടാകരുതെന്ന് എനിക്കഭിപ്രായമുണ്ട്. സ്വന്തം നാട്ടുഭാഷയിൽ നല്ലആശയങ്ങൾ ചിന്തിക്കാനോ ആവിഷ്കരിക്കാനോ കഴിയില്ലെന്നു വിചാരിക്കുന്ന ഒരു ഭാരതീയനുമുണ്ടാകരുത്. ഇംഗ്ലീഷിനെ ബോധനമാധ്യമമാക്കുന്നതിന് ഗാന്ധിജി എതിരായിരുന്നു. 1916 ഫെബ്രുവരി 4ന് കാശിഹിന്ദുസർവകലാശാലയുടെ ഉൽഘാടനയോഗത്തിൽ ഗാന്ധിജി പറഞ്ഞു: നിങ്ങൾ ഇംഗ്ലീഷ് പഠിക്കേണ്ടന്ന് ഞാൻ പറയില്ല. നിങ്ങൾ അതു പഠിക്കണം. എന്റെ കാഴ്ചപ്പാടിൽ ഇംഗ്ലീഷ് കോടിക്കണക്കിനുള്ള ഭാരതത്തിലെ കുടുംബങ്ങളുടെ ഭാഷയാകാൻ പറ്റില്ല'. തങ്ങളുടേതല്ലാത്ത ഒരു ഭാഷയിൽ ബോധനം സ്വീകരിക്കുന്ന ഒരു രാജ്യത്തിലെ കുട്ടികൾ ആത്മഹത്യയാണ് ചെയ്യുന്നതെന്നും അതവരുടെ ജന്മാവകാശത്തെ അപഹരിക്കലാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. 1928 ൽ അദ്ദേഹം യംങ് ഇന്ത്യയിൽ എഴുതി: " ഒരു വൈദേശീകാധ്യായനഭാഷ ചെറുപ്പക്കാരുടെമേൽ അനർഹമായഭാരം ചുമത്തുന്നു അതവരുടെ നൈസർഗിക സിദ്ധികളെ അപഹരിക്കുന്നു, വളർച്ച മുട്ടിക്കുന്നു, അവരെ സ്വന്തംവീട്ടിൽ ഒറ്റപ്പെടുത്തുന്നു. തന്മൂലം ഞാൻ അത്തരം കാര്യം സർവപ്രധാനമായ ഒരു ദേശീയദുരന്തമായി കണക്കാക്കുന്നു." ഇംഗ്ലീഷ് ഭാഷ സ്വീകരിച്ചതിന്റെ നിഷേധാത്മകവശം വിശദീകരിച്ചുകൊണ്ട് അദ്ദേഹം എഴുതി : "കഴിഞ്ഞ 50 വർഷക്കാലമായി നമുക്ക് നാട്ടുഭാഷയിലുള്ള വിദ്യാഭ്യാസമാണ് സിദ്ധിച്ചതെന്ന് വിചാരിക്കുക. നമുക്കിന്ന് എന്തുണ്ടാകുമായിരുന്നു? ഒരു സ്വതന്ത്രഭാരതമുണ്ടാകുമായിരുന്നു. അവർ സ്വന്തം രാജ്യത്ത് വിദേശികളെപോലെ ആവില്ലായിരുന്നു. മറിച്ച് അവർ രാഷ്ട്രഹൃദയത്തോട് സംസാരിച്ചുകൊണ്ട് സാധുക്കളിൽ വെച്ച് സാധുക്കളായവർക്കിടയിൽ പ്രവർത്തിക്കുമായിരുന്നു. കഴിഞ്ഞ 50 വർഷം അവർ നേടിയെടുത്തതെന്തും രാഷ്ട്രത്തിന്റെ പൈതൃക സമ്പത്താകുമായിരുന്നു." 1927 ൽ ഗാലയിലെ മഹിന്ദാ കോളേജ് വിദ്യാർഥികളോട് ഗാന്ധിജി ചോദിച്ചു: "അന്യരുടെ ചിന്തകളെ ഒരു വിദേശഭാഷയിൽകൂടി ഹൃദിസ്ഥമാക്കുകയും അവ നിങ്ങളുടെ ബുദ്ധിയിൽ കുത്തിനിറയ്ക്കുകയും ചില സർവകലാശാല ബിരുദങ്ങൾ നേടുകയും ചെയ്തിട്ട് നിങ്ങൾ സ്വയം വിദ്യാസമ്പന്നരാണെന്ന് കരുതുന്നു. ഇതാണോ വിദ്യാഭ്യാസം."

പഴഞ്ചനെന്ന് ചിലർ വിശേഷിപ്പിച്ച ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനവും അതിന്റെ പ്രയോഗവും അത്യന്താധുനികമാണെന്ന് വിദ്യാഭ്യാസവിചക്ഷണൻമാർ അംഗീകരിച്ചു തുടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം

കായികവും ബൗദ്ധികവും ആത്മീയവുമായ വികാസമാണെന്ന് ഇന്ന് അംഗീകരിക്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്. അടുത്തകാലത്ത് യുണസ്കോ (UNESCO) പുറത്തിറക്കിയ വിദ്യാഭ്യാസരേഖയിൽ വിദ്യാഭ്യാസത്തിന്റെ നെടുംതൂണുകൾ - അറിയാൻ പഠിക്കുക - പ്രവർത്തിക്കാൻ പഠിക്കുക- സഹവർത്തിത്തത്തോടെ ജീവിക്കാൻ പഠിക്കുക - സ്വയം കണ്ടെത്താൻ പഠിക്കുക എന്നിവയാണെന്ന് പറഞ്ഞിരിക്കുന്നു. ഉപഭോഗതൃഷ്ണവളർത്തുന്ന സാമ്പത്തിക മാതൃകയിൽനിന്നും പ്രകൃതിയെ സംരക്ഷിക്കുന്നതിനും, സാമൂഹ്യ പുരോഗതിക്കും ആത്മീയപുരോഗതിക്കും ഉപയുക്തമായ മാതൃകയിലേക്ക് മാറുന്നതിന് ഉതകുന്നതാകണം വിദ്യാഭ്യാസമെന്ന് മസാച്ചുസ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് ടെക്നോളജിയുടെ മനുഷ്യവിഭവവികസനവകുപ്പ് തലവൻ പാർഥാഘോഷ് പറയുകയുണ്ടായി. ഭാരതീയ വിദ്യാഭ്യാസം ഭാരതീയദർശനങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഖേദകരമെന്നുപറയട്ടെ ഭാരതത്തിലെ വിദ്യാഭ്യാസമേഖല ഇന്നും പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായത്തിന്റെ നീരാളിപിടിത്തത്തിൽപ്പെട്ട് ഉഴലുകയാണ്. സ്വാതന്ത്ര്യാനന്തരം ഭാരതീയമായ വിദ്യാഭ്യാസദർശനത്തെ വിസ്മരിക്കുകയാണ് ചെയ്തത്. കഴിഞ്ഞ 64 വർഷക്കാലത്തിനിടയിൽ നിരവധി വിദ്യാഭ്യാസകമ്മീഷനുകളെ ഭാരതത്തിൽ നിയമിക്കുകയുണ്ടായി. എന്നാൽ ഈ കമ്മീഷനുകളൊന്നും ഭാരതീയമായ ഒരു വിദ്യാഭ്യാസപദ്ധതി അവതരിപ്പിക്കുകയുണ്ടായില്ല. യൂറോപ്പിലെയും അമേരിക്കയിലെയും മറ്റ് വിദേശരാജ്യങ്ങളിലെയും വിദ്യാഭ്യാസസമ്പ്രദായങ്ങളും പാഠ്യപദ്ധതികളും പകർത്താനാണ് ഇവയൊക്കെ ശ്രമിച്ചിട്ടുള്ളത്. ആഗോളവൽകരണത്തിന്റെ ഇന്നത്തെ കാലഘട്ടത്തിൽ വിദ്യാഭ്യാസം കമ്പോളശക്തികൾക്ക് അടിമപ്പെട്ടിരിക്കുകയാണ്. മൽസരാധിഷ്ഠിതമായ ഉദാരവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ അറിവിന്റെ അന്യവൽക്കരണം ശക്തിപ്പെടുന്ന അവസ്ഥയാണ് ഭാരതത്തിലും ഉള്ളത്. വിദ്യാഭ്യാസം വെറും ചരക്കായും വിദ്യാഭ്യാസസ്ഥാപനങ്ങൾ കച്ചവടസ്ഥാപനങ്ങളായും മാറികഴിഞ്ഞിരിക്കുന്നു. സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസത്തിന്റെ ഭാരതവൽക്കരണം നടക്കാത്തതിന്റെ ഫലമായി നമ്മുടെ കൊളോണിയൽ അടിമത്തമനോഭാവം മാറിയിട്ടില്ല. ഇംഗ്ലീഷ് ഭാഷയോടുള്ള ആസക്തിക്കുള്ള കാരണം ഇതാണ്. വിദ്യാഭ്യാസത്തിന്റെ താഴെതലം മുതൽ ഉന്നതതലം വരെ മാതൃഭാഷഅവഗണിക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഇംഗ്ലീഷ് ഭാഷ ബോധനമാധ്യമമായി കൊണ്ടിരിക്കുന്നു. ഇത് നമ്മുടെ മഹത്തായ സാംസ്ക്കാരിക പാരമ്പര്യങ്ങളെയും മാതൃഭാഷയെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ഗാന്ധിജിയുടെ വിദ്യാഭ്യാസദർശനം സത്യത്തിലും അഹിംസയിലും അധിഷ്ഠിതമാണ്. സത്യത്തെ കാണാനുള്ള അദ്ദേഹത്തിന്റെ മാർഗം സ്നേഹമാണ്. സ്നേഹം എന്നാൽ അഹിംസയെന്നാണ് അദ്ദേഹം നിർവചിച്ചത്. സത്യം ലക്ഷ്യവും സ്നേഹം മാർഗവും, രണ്ടും അന്യോന്യം മാറ്റിപ്രയോഗിക്കാ

വുന്നതാണെന്ന് അദ്ദേഹം വിശ്വസിച്ചു. നന്മചെയ്യാനുള്ള അഭിവാഞ്ചയായി സ്നേഹത്തെ വിശദീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസവിചക്ഷ ണനെന്ന നിലയിൽ അദ്ദേഹം ഈ സ്നേഹാവേശം അധ്യാപകരുടെയും വിദ്യാർഥികളുടെയും മനസ്സിൽ ഉണ്ടാക്കാൻ ഉതകുന്ന ഒരു വിദ്യാ ഭ്യാസപദ്ധതി ആവിഷ്ക്കരിച്ചു. മൽസരത്തിനുപകരം സഹകരണവും സ്നേഹവും അവസരസമത്വവും ഉറപ്പുവരുത്തുന്ന വിദ്യാഭ്യാസസമ്പ്ര ദായമായിരുന്നു അത്. ഗാന്ധിജിയുടെ തികച്ചും ഭാരതീയമായ വിദ്യാ ഭ്യാസദർശനങ്ങളിലേക്കുള്ള തിരിച്ചുപോക്കുമാത്രമാണ് ആഗോളീകരണ ത്തിന്റെ കാലത്ത് ഭാരതത്തിൽ നടക്കുന്ന പാശ്ചാത്യവൽക്കരണത്തിനെ തിരായ ഏകപോംവഴി. ഗാന്ധിജിയെ മറക്കുകയെന്നാൽ ഭാരതീയതയെ മറക്കലാണ്, നമ്മുടെ സ്വത്വബോധത്തെ വിസ്മരിക്കലാണ്.

പന്ത്രണ്ട്

# ഗാന്ധിജിയും തൊഴിലാളി പ്രസ്ഥാനവും

ഭാരതത്തിലെ ഏറ്റവും മഹാനായ തൊഴിലാളി നേതാവായിരുന്നു ഗാന്ധിജി. തൊഴിലാളി പ്രസ്ഥാനത്തിന്റെ വളർച്ചയിൽ നിർണായകമായ പങ്കാണ് അദ്ദേഹം വഹിച്ചത്. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന തൊഴിലാളി സമരങ്ങളെല്ലാം സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായിരുന്നു. നമ്മുടെ ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനവും തൊഴിലാളി പ്രസ്ഥാനവും സമാന്തരമായിട്ടാണ് വളർന്നു വികസിച്ചത്. ഇതു രണ്ടും ആരംഭിച്ചത് പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ഒരേ സമയത്താണ്.

ഭാരതത്തിൽ 19-ാം നൂറ്റാണ്ടിൽ വ്യവസായങ്ങൾ ആരംഭിച്ചു. 1853 ൽ ബോംബേയിൽ ആദ്യത്തെ തുണിമില്ലും ആവർഷം തന്നെ റയിൽവേയും, 1855ൽ ബംഗാളിലെ ആദ്യത്തെ ചണമില്ലും ഉണ്ടായതോടുകൂടി വ്യവസായത്തിന്റെയും തൊഴിലാളികളുടെയും തുടക്കമായി. ഗ്രാമങ്ങളിൽ സ്വതന്ത്രരായി പ്രവർത്തിച്ചിരുന്ന കർഷകരാണ് പട്ടണത്തിലെ വ്യവസായശാലകളിലേക്ക് വന്നത്. വളരെ പ്രതീക്ഷയോടെ വന്ന അവർക്ക് വളരെ അധികം യാതനകൾ അനുഭവിക്കേണ്ടി വന്നു. വ്യവസായ സ്ഥാപനങ്ങളിലെയും പട്ടണങ്ങളിലെയും കയ്പ്പേറിയ അനുഭവങ്ങൾക്കെതിരെ ശബ്ദമുയർത്താൻ ആദ്യകാലത്ത് അവർക്ക് കഴിഞ്ഞില്ല. പിന്നീട് അവർ സംഘടിച്ച് ശക്തരാകാൻ ശ്രമിച്ചു. ഇതിന്റെ ഫലമായി 1890 വരെയുള്ള കാലഘട്ടത്തിൽ ഭാരതത്തിൽ, അങ്ങോളമിങ്ങോളം, ബോംബെയിലും കോയമ്പത്തൂരിലും, കൽക്കട്ടയിലുമൊക്കെയായി ഇരുപത്തിയഞ്ചിൽപ്പരം പണിമുടക്കുകൾ ഉണ്ടായെങ്കിലും ഒന്നും വിജയിച്ചില്ല. ആ തൊഴിലാളികൾക്ക് വേണ്ട നേതൃത്വമോ നിർദേശമോ നൽകുവാൻ തക്കതായ ഒരു സംഘടന ഉണ്ടായിരുന്നില്ല എന്നതാണ് അതിന് കാരണം. എസ്.എസ് ബംഗാളി, ശശിപാദബാനർജി, ലോഘണ്ഡേ എന്നീ ചില സാമൂഹ്യപ്രവർത്തകർ തൊഴിലാളികളുടെ ദയനീയമായ ജോലിസാഹചര്യങ്ങൾ ബ്രിട്ടീഷുകാരായ ഭരണാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുകയുണ്ടായി. ഈ

കാലഘട്ടത്തിൽ ഭാരതത്തിലെ ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം ആഴത്തിലും വ്യാപ്തിയിലും ശക്തി പ്രാപിച്ചിരുന്നില്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും ചില ദേശീയനേതാക്കൾ തൊഴിലാളികളുടെ പ്രശ്നങ്ങളെ ഗൗരവമായി കാണാൻ തുടങ്ങി. 1897 ൽ ഭാരതത്തിലെയും ബർമയിലെയും റയിൽവേ തൊഴിലാളികൾ സംഘടിച്ച് 'അമാൽഗമേറ്റഡ് സൊസൈറ്റി ഓഫ് റയിൽവേമെൻ' എന്നൊരു സംഘടനക്ക് രൂപംകൊടുത്തു. 1905 ൽ കൽക്കട്ട പ്രിന്റേഴ്സ് അസോസിയേഷനും ബോംബേ പോസ്റ്റൽ യൂണിയനും രൂപംകൊണ്ടു. ഈ സമയത്ത് ദേശീയ പ്രസ്ഥാനം പതുക്കെ ദേശവ്യാപകമായി വ്യാപിക്കാൻ തുടങ്ങിയിരുന്നു. ഗോപാലകൃഷ്ണ ഗോഖലെ, തിലകൻ, ഫിറോസ് ഷാമേത്ത, മദനമോഹനമാളവ്യ എന്നിവരായിരുന്നു അന്നത്തെ ദേശീയ നേതാക്കൾ. ഈ കാലത്താണ് ദേശീയസ്വാതന്ത്ര്യസമരപ്രസ്ഥാനവും തൊഴിലാളികളും തമ്മിൽ അടുക്കാൻ തുടങ്ങിയതും. 1908-ൽ ലോകമാന്യതിലകനെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ബോംബേയിലെ തൊഴിലാളികൾ ഒന്നടങ്കം പണിമുടക്കി. ഇതായിരുന്നു ഭാരതത്തിലെ ആദ്യത്തെ രാഷ്ട്രീയപണിമുടക്കം. ഈ കാലഘട്ടത്തിൽ ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ കുടിയേറ്റക്കാരായ ഭാരതീയർക്കു വേണ്ടി പോരാടുകയായിരുന്നു.

1915 ൽ ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നിന്നും തിരിച്ചെത്തി ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുക്കാൻ തുടങ്ങി. 1915 മെയ് 20-ാം തീയതി അഹമ്മദാബാദിൽ 'സത്യഗ്രഹാശ്രമം' സ്ഥാപിച്ചുകൊണ്ട് ഗാന്ധിജി ഭാരതത്തിൽ തന്റെ രാഷ്ട്രീയ സാമൂഹ്യ ജീവിതം ആരംഭിച്ചു. ഗാന്ധിജിയുടെ ശ്രദ്ധ ആദ്യം പതിഞ്ഞത് അഹമ്മദബാദിലെ കർഷകരുടെയും തുണിമിൽ തൊഴിലാളികളുടെയും പ്രശ്നത്തിലായിരുന്നു. 1918 ൽ അനുസൂയ ബെൻസാരാഭായിയുടെ സഹായത്തോടെ ഗാന്ധിജി 'അഹമ്മദാബാദ് ടെക്സ്റ്റയിൽ ലേബർ അസോസിയേഷൻ രൂപീകരിച്ചു. അനുസൂയബെൻ അക്കാലത്തെ അഹമ്മദാബാദിലെ ഏറ്റവും വലിയ ടെക്സ്റ്റയിൽ മിൽ ഉടമയായിരുന്ന സേട്ട് അബലാൽ സാരാഭായിയുടെ സഹോദരിയായിരുന്നു. ഗാന്ധിയൻ സിദ്ധാന്തങ്ങളുടെ ആദ്യത്തെ പരീക്ഷണശാലയായിരുന്നു അഹമ്മദാബാദ് മിൽ തൊഴിലാളി മേഖല. അദ്ദേഹം ഭാരതത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ സത്യഗ്രഹം തൊഴിലാളികൾക്കുവേണ്ടിയുള്ളതായിരുന്നു. 1918 മാർച്ച് 12-ാം തീയതി അഹമ്മദാബാദിലെ പണിമുടക്കുന്ന മിൽ തൊഴിലാളികളെ ഒന്നിച്ചുനിർത്താൻ മൂന്നു ദിവസത്തെ ഉപവാസം ആരംഭിച്ചു. ഭാരതീയ ട്രേഡ് യൂണിയൻപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് ഈ ട്രേഡ് യൂണിയൻ വഹിച്ചിട്ടുള്ളത്.

ദേശീയസ്വാതന്ത്ര്യസമരത്തിൽ വ്യവസായതൊഴിലാളികളുടെ പങ്കാളിത്തം അനിവാര്യമാണെന്നു ഗാന്ധിജി മനസ്സിലാക്കിയിരുന്നു. 1919 ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ആരംഭിച്ച ദേശീയ പ്രക്ഷോഭണങ്ങൾ തൊഴിലാളികളുടെ ദേശാഭിമാനബോധത്തെ തട്ടിയുണർത്തി. 1919 ൽ

32-2012 9

ഗാന്ധിജിയുടെ സാന്നിധ്യത്തിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 35-ാം മതു സമ്മേളനം എല്ലാ പ്രോവിൻസുകളിലും വ്യാപകമായ തോതിൽ തൊഴിലാളികളെ സംഘടിപ്പിക്കാൻ തീരുമാനിച്ചു. അടുത്ത വർഷം (1920) നാഗ്പൂരിൽ ചേർന്ന കോൺഗ്രസ് സമ്മേളനം കോളനി ഭരണത്തിന്റെ തൊഴിലാളിചൂഷണവും അമിതപ്രകൃതിവിഭവചൂഷണവും അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രമേയം അവതരിപ്പിച്ചു. 1920 ജൂലൈ 31ന് ലോകമാന്യ തിലകൻ അന്തരിച്ചതോടെ ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അനിഷേധ്യനേതാവായി. 1920 ആഗസ്റ്റ് 1-ന് ഗാന്ധിജിയുടെ നേതൃത്വത്തിൽ ഉൽഘാടനം ചെയ്യപ്പെട്ട നിസഹകരണപ്രസ്ഥാനം ശക്തമായൊരു ദേശീയതൊഴിലാളി പ്രസ്ഥാനത്തിന് പശ്ചാത്തലമൊരുക്കി. നിസഹകരണപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ അരങ്ങേറിയ സമരങ്ങൾ തൊഴിലാളികൾക്കിടയിലും അനുരണനങ്ങൾ സൃഷ്ടിച്ചു. ഭാരതത്തിലെ പ്രധാനപ്പെട്ട വ്യവസായകേന്ദ്രങ്ങളിലെ തൊഴിലാളികൾ ഗാന്ധിജിയുടെ സമരങ്ങൾക്ക് പിൻതുണ പ്രഖ്യാപിച്ചുകൊണ്ട് പണിമുടക്കുകൾ നടത്തുകയുണ്ടായി. വ്യവസായമേഖലകളിലെ തൊഴിലാളികൾ 'ഗാന്ധിജി കീ ജയ്' എന്ന് മുദ്രാവാക്യം വിളിക്കാൻ തുടങ്ങി. ഗാന്ധിജിയിൽ അവർ ഒരു ദേശീയ നേതാവിനെ കണ്ടു. ഈ കാലഘട്ടത്തിലാണ് 1920 ൽ എ.ഐ.ടി.യു.സി രൂപീകൃതമായത്. എ.ഐ.ടി.യു.സി യുടെ സ്ഥാപകസമ്മേളനം ലാലാ ലജപത്റായിയുടെ അധ്യക്ഷതയിലാണ് ബോംബേയിൽ ചേർന്നത്. സംഘടിതവ്യവസായങ്ങളിലെ തൊഴിലാളികളെ ദേശീയസ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപോരാളികളാക്കാൻ കഴിയുമെന്ന പ്രത്യാശയായിരുന്നു എ.ഐ.ടി.യു.സി യുടെ സ്ഥാപകനേതാക്കൾക്ക് ഉണ്ടായിരുന്നത്. എന്നാൽ അത് അസ്ഥാനത്തായിരുന്നുവെന്നാണ് എ.ഐ.ടി.യു.സി യുടെ പിന്നീടുള്ള ചരിത്രം തെളിയിച്ചത്.

1929 നവംബറിൽ നാഗ്പൂരിൽ ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ചേർന്ന എ.ഐ.ടി.യു.സി യുടെ 10-ാം മതു സമ്മേളനത്തിൽ അഭിപ്രായഭിന്നതകളുണ്ടാവുകയും തുടർന്ന് അത് മൂർഛിച്ചതിന്റെ ഫലമായി സംഘടന പിളരുകയും ചെയ്തു. എ.ഐ.ടി.യു.സി നേതൃത്വത്തിൽ കമ്യൂണിസ്റ്റ്കാർ കടന്നു കയറി. ക്രമേണ എ.ഐ.ടി.യു.സി വർഗ സമര സിദ്ധാന്തത്തിൽ വിശ്വസിക്കുന്ന ഒരു തൊഴിലാളി സംഘടനയായി മാറി. നമ്മുടെ സ്വാതന്ത്ര്യ സമരത്തിന്റെ നിർണായക ഘട്ടങ്ങളിൽ ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിലും അത് പരാജയപ്പെട്ടു. 1939 ൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു. യുദ്ധത്തിന്റെ തുടക്കത്തിൽ സഖ്യകക്ഷികളായ നാസി ജർമനിയും ഫാസിസ്റ്റ് ഇറ്റലിയും ജപ്പാനും റഷ്യയും ഒരു വശത്തും ബ്രിട്ടനും ഫ്രാൻസും അവരെ തുണയ്ക്കുന്ന രാജ്യങ്ങളും മറു വശത്തുമായിരുന്നു. എ.ഐ.ടി.യു.സി സഖ്യകക്ഷികൾക്കനുകൂലമായ നിലപാടെടുത്തു. എന്നാൽ യുദ്ധവേളയിൽ റഷ്യ സഖ്യകക്ഷികളിൽ നിന്നും കൂറുമാറി ബ്രിട്ടന്റെ ചേരിയിൽ ചേർന്നപ്പോൾ എ.ഐ.ടി.യു.സി

നേതൃത്വത്തിലെ കമ്യൂണിസ്റ്റുകാർ ബ്രിട്ടനെ സഹായിക്കണമെന്ന് വാദിച്ചു. ഗാന്ധിജി ഭാരതത്തിന് സ്വാതന്ത്ര്യം കിട്ടാതെ ബ്രിട്ടനെ സഹായിക്കരുതെന്ന ശക്തമായ നിലപാടു സ്വീകരിച്ചു. 1942 ൽ ഗാന്ധിജി 'ക്വിറ്റ് ഇന്ത്യാ' സമരം പ്രഖ്യാപിച്ചപ്പോൾ എ.ഐ.ടി.യു.സി നേതൃത്വം ബ്രിട്ടീഷുകാർക്ക് വിടുപണി ചെയ്യുകയായിരുന്നു. ക്വിറ്റ് ഇന്ത്യ സമരകാലത്ത് എ.ഐ.ടി.യു സിയിൽ അവശേഷിച്ചിരുന്ന കോൺഗ്രസുകാരും ജയിലിലായപ്പോൾ സംഘടന പൂർണമായും കമ്യൂണിസ്റ്റ്കാരുടെ അധീനതയിലായി. ഈ സമയത്ത് ഗാന്ധിജി എ.ഐ.ടി.സി യുടെ വർഗസമരസിദ്ധാന്തങ്ങൾക്കും ദേശവിരുദ്ധനയങ്ങൾക്കും എതിരെ പോരാടി ഭാരതത്തിലെ തൊഴിലാളികളെയാകെ ഏകോപിപ്പിച്ച് ക്വിറ്റ് ഇന്ത്യാസമരത്തിൽ അണിനിരത്തി.

മൂലധനവും അധ്വാനവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ഗാന്ധിജിയ്ക്ക് തന്റേതായ ആശയങ്ങളുണ്ടായിരുന്നു. പാശ്ചാത്യമാതൃകയിലുള്ള ഒരു ട്രേഡ് യൂണിയൻ പ്രസ്ഥാനം കെട്ടിപ്പെടുക്കാനല്ല അദ്ദേഹം ആഗ്രഹിച്ചത്. ഭാരതത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനം തികച്ചും ഭാരതീയമായിരിക്കണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. എ.ഐ.ടി.യു സി യുടെയും മറ്റ് ഇടതുപക്ഷ ട്രേഡ്യൂണിയനുകളുടെയും വർഗസമര സിദ്ധാന്തം തെറ്റാണെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. അദ്ദേഹം എഴുതി: "സകലർക്കും സമാനമായ ന്യായമെന്ന മൗലികാടിസ്ഥാനമാണ് കമ്യൂണിസത്തിന്റെതും. എന്നാലതു സാധ്യമാക്കുന്നതിന് വർഗസമരം സ്വീകരിക്കുന്നത് ഭാരതത്തിന്റെ മൗലികസ്വഭാവത്തിന് എതിരാണ്. എന്റെ സങ്കൽപത്തിലുള്ള രാമരാജ്യത്തിൽ രാജാവിന്റെയും ദരിദ്രന്റെയും ന്യായമായ അവകാശങ്ങൾക്ക് ഒരുപോലെ സംരക്ഷണം നല്കും. അഹിംസയെന്ന ഭാരതീയധർമം വർഗസമരത്തിന് എതിരാണ്." അഹിംസയെയും വർഗസമരത്തെയും താരതമ്യം ചെയ്തുകൊണ്ട് ഗാന്ധിജി പറഞ്ഞു: "വർഗസമരമെന്ന ആശയം എനിക്കു രുചിക്കുന്നില്ല. ഭാരതത്തിൽ വർഗസമരമെന്ന ആശയം അനിവാര്യമല്ലെന്നു മാത്രമല്ല, മറിച്ച് അഹിംസയുടെ സന്ദേശം നാം മനസ്സിലാക്കിയെങ്കിൽ വർഗസമരത്തെ ഒഴിവാക്കാൻ കൂടി കഴിയും. വർഗസമരം അനിവാര്യമാണെന്ന് വാദിക്കുന്നവർ, ഒന്നുകിൽ അഹിംസയുടെസാരം മനസ്സിലാക്കിയിട്ടില്ല അതല്ലെങ്കിൽ ഉപരിപ്ലവമായി മാത്രം മനസ്സിലാക്കിയിട്ടുള്ളവരാണ്."

പാശ്ചാത്യ രാജ്യങ്ങളിൽനിന്ന് എത്തിച്ചേർന്ന പ്രലോഭിപ്പിക്കുന്ന മുദ്രാവാക്യങ്ങളുടെ മോഹവലയത്തിൽപ്പെടുന്നതിൽനിന്ന് ഭാരതത്തിലെ ജനങ്ങളെ രക്ഷിക്കണമെന്ന് ഗാന്ധിജി ആഗ്രഹിച്ചിരുന്നു. ഗാന്ധിജി ഭാരതീയരോട് ചോദിച്ചു: "എന്താ, നമുക്ക് നമ്മുടേതായ പൗരസ്ത്യപാരമ്പര്യങ്ങളൊന്നുമില്ലേ? അധ്വാനവും മൂലധനവും എന്ന പ്രശ്നത്തിൽ നമ്മുടേതായ പരിഹാരമാർഗങ്ങളൊന്നുമില്ലേ? അധ്വാനവും മൂലധനവുമായി രഞ്ജിപ്പുണ്ടാക്കാൻ ഒരു ഉത്തമമായ മാർഗം ഭാരതീയമായിട്ടില്ലേ?"ഈ ചോദ്യങ്ങൾക്കുള്ള മറുപടി ഗാന്ധിജി തന്നെ കണ്ടെത്തി പറഞ്ഞു:" ഈ

വിഷയവുമായി ബന്ധപ്പെട്ട് പടിഞ്ഞാറുനിന്നു വന്നിട്ടുള്ളതൊക്കെ ഹിംസ കൊണ്ട് നിറംപിടിച്ചതാണ്. ഞാൻ അതിനെ എതിർക്കുന്നു. കാരണം, ആ മാർഗത്തിന്റെ അന്ത്യത്തിൽ നമ്മെ നേരിടാവുന്ന നാശം ഞാൻ കണ്ടിട്ടുണ്ട്. അവരുടെ അവസ്ഥ അവരെ അഗാധമായ ഗർത്തങ്ങളിലേക്ക് നയിക്കുകയാണെന്ന് പാശ്ചാത്യരായ ഉയർന്നചിന്തകരൊക്കെ മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ട്. അതിനാൽ അവർ ഭയാകുലരാണ്. പാശ്ചാത്യരാജ്യങ്ങളിൽ എനിക്കുള്ള സ്വാധീനത്തിന് കാരണം, ഹിംസയുടെയും ചൂഷണത്തിന്റെയും ആ ദുഷിച്ച വലയത്തിൽനിന്ന് മനുഷ്യന്റെ മോചനത്തിനുള്ള മാർഗം അന്വേഷിച്ചുകണ്ടെത്താനുള്ള എന്റെ അക്ഷീണമായ പരിശ്രമം ഒന്നുമാത്രമാണ്. ഒരു കാലത്ത് പാശ്ചാത്യസാമൂഹ്യക്രമത്തിനോട് അനുകമ്പയുള്ള വിദ്യാർഥിയായിരുന്നു ഞാൻ. സത്യത്തിനുവേണ്ടിയുള്ള പാശ്ചാത്യരുടെ അന്വേഷണം അഹിംസാമാർഗത്തിലൂടെയല്ല. അവരുടെ രാജ്യങ്ങളിലെ ജനങ്ങൾ അസ്വസ്ഥരാണ്, പരിഭ്രാന്തരാണ്. പൗരസ്ത്യരാജ്യങ്ങളിൽ നിലനിന്നിരുന്ന സാമൂഹ്യക്രമങ്ങളെയും വ്യവസ്ഥകളെയും കുറിച്ച് നമ്മൾ പഠിക്കുമെങ്കിൽ, ലോകം ഇന്നുവരെ സ്വപ്നം കണ്ടിട്ടുള്ളതിനെക്കാൾ ഏറെ മേന്മയുള്ള സോഷ്യലിസവും കമ്യൂണിസവും നമുക്ക് വികസിപ്പിച്ചെടുക്കാൻ സാധിക്കുമെന്നാണ് എന്റെ വിശ്വാസം. ജനങ്ങളുടെ ദാരിദ്ര്യത്തിന്റെ പ്രശ്നത്തിൽ പാശ്ചാത്യസോഷ്യലിസമോ കമ്യൂണിസമോ ആണ് അവസാനവാക്കെന്ന് കരുതുന്നത് തെറ്റായിരിക്കും." ഹിംസയിൽ അധിഷ്ഠിതമായ എല്ലാവിധ പരിഹാരങ്ങളെയും ഗാന്ധിജി നിരാകരിക്കുകയുണ്ടായി. മാർഗംനന്നല്ലെങ്കിൽ ലക്ഷ്യവും നന്നായിരിക്കാൻ സാധ്യമല്ല, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം. അദ്ദേഹത്തിന്റെ മൗലികമായ കാഴ്ചപ്പാടിന്റെ ഈ വശം അദ്ദേഹത്തിന്റെ ദർശനങ്ങളുടെയെല്ലാം അന്തർധാരയാണെന്ന് കാണാം. സ്നേഹദൂതനെപ്പോലെ അഹിംസാത്മകമാർഗങ്ങളിലൂടെ വർഗസമന്വയത്തെ അദ്ദേഹം പിൻതുണച്ചു.

ഗാന്ധിജിയുടെ ട്രേഡ് യൂണിയൻ ആശയങ്ങൾ കമ്യൂണിസ്റ്റ് ട്രേഡ്യൂണിയൻ കാഴ്ചപ്പാടിനും അതീതമായിരുന്നു. ഗാന്ധിജിക്ക് മുതലാളിത്തവും കമ്യൂണിസവും പാശ്ചാത്യ ഇരട്ടകളായിരുന്നു. കമ്യൂണിസം വെറും സ്റ്റേറ്റ് മുതലാളിത്തമാണെന്ന് അദ്ദേഹം നിരീക്ഷിച്ചു. ഗാന്ധിജിയുടെ ട്രേഡ് യൂണിയൻ കാഴ്ചപ്പാടിൽ സ്വത്ത് സമൂഹത്തിന് തുല്യ അവകാശമുള്ളതാണ്. അത് മുതലാളിയുടേതോ തൊഴിലാളികളുടേതോ അല്ല, സമൂഹത്തിന്റേതാണ്. ഗാന്ധിജിയുടെ ആശയങ്ങൾ പരസ്പരവിശ്വാസത്തിലും അക്രമരാഹിത്യത്തിലും അടിയുറച്ചതാണ്. അദ്ദേഹത്തിന്റെ ജീവിതത്തിലെ എല്ലാ തുറകളിലുമെന്നപൊലെ ട്രേഡ് യൂണിയൻ രംഗത്തും ഈ ആശയങ്ങൾ പ്രാവർത്തികമാക്കുകയുണ്ടായി. ഗാന്ധിജിയുടെ വീക്ഷണത്തിൽ ട്രേഡ് യൂണിയനുകൾ ജനാധിപത്യ മൂല്യങ്ങൾ കാത്തുസൂക്ഷിക്കേണ്ടവയാണ്. തൊഴിലാളികളുടെ അവകാശങ്ങൾക്കും കടമകൾക്കും തുല്യപ്രാധാന്യം അവ നൽകണം. യൂണിയനുകളും അതിലെ അംഗങ്ങളും സാമൂഹ്യപ്രതിബദ്ധതയോടെ പ്രവർത്തിക്കണം. വ്യവസാ

യസ്ഥാപനങ്ങളിലെ പങ്കാളികളെന്ന നിലയിൽ തൊഴിലാളികളും യൂണിയനുകളും വ്യവസായത്തിലെ ബഹുമുഖമായ കാര്യങ്ങൾ ഗ്രഹിക്കുകയും ഉത്തരവാദിത്വമുള്ള സമൂഹം എന്ന നിലയിൽ സ്വയം കരുത്താർജിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടതുമാണ്. ഈ ശൈലിയിലുള്ള പ്രവർത്തനത്തിൽ ട്രേഡ് യൂണിയനുകൾ തൊഴിലാളികളുടെയും മാനേജ്മെന്റിന്റെയും താൽപ്പര്യങ്ങളെ വ്യവസായപുരോഗതിക്കുവേണ്ടി സംരക്ഷിക്കുന്നതോടൊപ്പം സാമാന്യജനത്തിന്റെ ആവശ്യങ്ങളും താൽപ്പര്യങ്ങളും ഒട്ടും മറന്നുകൂടാത്തതാണ്. യൂണിയനുകളും, മാനേജ്മെന്റും പരസ്പര വിശ്വാസത്തോടെ പെരുമാറുമ്പോൾ അവർ ഇരുകൂട്ടരും ഒന്നായി സമൂഹത്തോടും വിശ്വസ്തത പുലർത്തേണ്ടതാണ്.

ഗാന്ധിജിയുടെ ആദർശങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു അഹമ്മദാബാദ് ടെക്സ്റ്റയിൽ ലേബർ അസോസിയേഷൻ. തൊഴിൽ തർക്കങ്ങൾ, തൊഴിൽ പ്രശ്നങ്ങൾ, വ്യവസായബന്ധം എന്നീ കാര്യങ്ങളിലെല്ലാം ഗാന്ധിജിയുടെ മാർഗങ്ങളാണ് സംഘടന അവലംബിച്ചത്. പ്രാദേശികമായി അഹമ്മദാബാദ് ടെക്സ്റ്റയിൽ ലേബർ അസോസിയേഷനെ 'മസ്ദൂർ മഹാജൻ' എന്നാണ് അറിയപ്പെട്ടിരുന്നത്. ഗാന്ധിജി ആ സംഘടനയെക്കുറിച്ച് എഴുതി: " മുഴുവൻ ഭാരതത്തിനും അനുകരിക്കാവുന്നതാണ് അഹമ്മദാബാദിലെ തൊഴിലാളിസംഘടനയുടെ മാതൃക. ശുദ്ധമായ അഹിംസയുടെ അധിഷ്ഠാനത്തിലാണ് അത് കെട്ടിപ്പടുത്തത്. ഇതുവരെയുള്ള അതിന്റെ പ്രവർത്തനകാലത്ത് പിന്നോക്കം പോകേണ്ട സന്ദർഭം അതിന് ഉണ്ടായിട്ടില്ല. ശബ്ദകോലാഹലങ്ങളൊന്നുമില്ലാതെ, തോന്നിവാസമൊന്നും ചെയ്യാതെ, പുറംപൂച്ചുകളൊന്നും കൂടാതെ അതിന്റെ കരുത്ത് നിരന്തരം വളർന്നുകൊണ്ടേയിരിക്കുന്നു. അതിന് സ്വന്തം ആശുപത്രിയുണ്ട്, മിൽത്തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ടി സ്വന്തം സ്ക്കൂളുകളുണ്ട്. സ്വന്തം ഖാദിവസ്ത്രാലയങ്ങളുണ്ട്. വയോജനവിദ്യാഭ്യാസ ക്ലാസുകൾ നടക്കുന്നുണ്ട്. സ്വന്തം പ്രസ്സുണ്ട്. തൊഴിലാളികൾക്ക് താമസിക്കാൻ വീടുകളും പണികഴിപ്പിച്ചിട്ടുണ്ട്. സംഘം വിജയകരമായ ഒട്ടേറെ ഹർത്താലുകളും പണിമുടക്കുകളും നടത്തിയിട്ടുണ്ട്. ഇവിടത്തെ തൊഴിലാളികളും മുതലാളിമാരും സസന്തോഷം ഹൃദയപൂർവ്വം കരാറുകൾ പാലിക്കാറുണ്ട്. എനിക്ക് സാധിച്ചിരുന്നെങ്കിൽ ഇന്ത്യയിലെ മുഴുവൻ തൊഴിലാളി സംഘടനകളും അഹമ്മദാബാദ് തൊഴിലാളി സംഘടനയുടെ മാതൃകയിൽ നടത്തിയേനെ." 1942 ൽ ക്വിറ്റ് ഇന്ത്യ പ്രഖ്യാപനത്തെ തുടർന്ന് അഹമ്മദാബാദിലെ മിൽ തൊഴിലാളികൾ പണിമുടക്കിയപ്പോൾ അതിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് അഹമ്മദാബാദ് മിൽ ഓണേഴ്സ് അസോസിയേഷനും രംഗത്തുവന്നു. ക്വിറ്റ് ഇന്ത്യ സമരത്തെ തൊഴിലാളികളും മുതലാളിമാരും ഒരുമിച്ചു പിൻതുണക്കുന്ന കാഴ്ചയാണ് അഹമ്മദാബാദ് കണ്ടത്.

അഹമ്മദാബാദിലെ ഗാന്ധിജിയുടെ ട്രേഡ് യൂണിയൻ പ്രവർത്തനത്തിൽ അസൂയാലുക്കളും അസഹിഷ്ണുക്കളുമായിരുന്നു കമ്യൂണിസ്റ്റു

കാർ. അവർ ഏതുവിധേനയും അഹമ്മദാബാദ് ടെക്സ്റ്റയിൽ ലേബർ അസോസിയേഷനെ തകർക്കാൻ ശ്രമിച്ചു. 1933 ൽ കമ്യൂണിസ്റ്റുകാർ അസോസിയേഷനിൽ ഭിന്നിപ്പുണ്ടാക്കാൻ വേണ്ടി അഹമ്മദാബാദ് മിൽ മസ്ദൂർ യൂണിയൻ രൂപീകരിച്ചു. സംഘടനയെ പിളർക്കാൻ ശ്രമിച്ച കമ്യൂണിസ്റ്റുകാരെക്കുറിച്ച് ഗാന്ധിജി എഴുതി: "കമ്യൂണിസ്റ്റ് തൊഴിലാളി സംഘടനയും വർഗസമരത്തിന്റേതായ അവരുടെ മുദ്രാവാക്യങ്ങളും തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സമൂഹത്തിൽ ഒരു വ്യവസ്ഥാപിത ജീവിതം നിലനിർത്താനുമല്ല. പാർലമെന്ററി ജനാധിപത്യവും ക്ഷേമരാഷ്ട്രവും തകർത്ത് ഹിംസാത്മകമാർഗങ്ങളിലൂടെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഏകാധിപത്യം സ്ഥാപിക്കുവാൻ അനുകൂലമായ സാഹചര്യം ഉരുത്തിരിച്ചെടുക്കുകയാണ് അവരുടെ ഏക ഉദ്ദേശം". കമ്യൂണിസ്റ്റ്കാർ അധികാരത്തിൽ വന്ന ഒരു രാജ്യത്തും തൊഴിലാളി വർഗം അധികാരത്തിൽ വന്നില്ല. വർഗസമരസിദ്ധാന്തം അവിടൊക്കെ അവസാനിച്ചത് തൊഴിലാളികളുടെ അടിമത്തത്തിലാണ്.

തൊഴിലാളി യൂണിയനുകൾ രാഷ്ട്രീയ പാർട്ടികളുടെ പോഷകസംഘടനകളാകരുതെന്ന് ഗാന്ധിജിക്ക് നിർബന്ധമുണ്ടായിരുന്നു. അദ്ദേഹം എഴുതി: "ഫാക്ടറി തൊഴിലാളികളെയും കർഷകരെയും രാഷ്ട്രീയാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത് അപകടകരമാണ്. നമ്മൾ അങ്ങനെ ചെയ്യാൻ പാടില്ല. നമുക്ക് അങ്ങനെ ചെയ്യാനുള്ള അവകാശമില്ല." 1927 ൽ ഇന്ത്യൻ ആനുവൽ രെജിസ്റ്ററിൽ അദ്ദേഹം എഴുതി:"തൊഴിലാളികൾ രാഷ്ട്രീയക്കാരുടെ ചതുരംഗപലകയിലെ കരുക്കളാവാൻ പാടില്ല". എന്നാൽ ഇതാണ് ഭാരതത്തിൽ സംഭവിച്ചത്.ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനുശേഷമുള്ള കാലഘട്ടം പരിശോധിച്ചാൽ ഓരോ രാഷ്ട്രീയ പാർട്ടിയും അവരവരുടെ പ്രത്യയശാസ്ത്രത്തിനനുയോജ്യമായ ട്രേഡ്യൂണിയനുകൾ രൂപീകരിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. എ.ഐ.ടി.യു.സി സി.പി.ഐയുടെയും ഐ.എൻ.ടി.യു.സി കോൺഗ്രസിന്റെയും എച്ച്.എം.എസ് സോഷ്യലിസ്റ്റുകളുടെയും യു.ടി.യു.സി ആർ.എസ്.പിയുടെയും ബി.എം.എസ് ബി.ജെ.പിയുടെയും സി.ഐ.ടി.യു സി.പി.ഐ(എം) ന്റെയും വാലായിട്ടാണ് പ്രവർത്തിക്കുന്നത്. തൊഴിലാളികളെ ഭിന്നിപ്പിച്ച് രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി അണിനിരത്തുക എന്ന നയമാണ് കഴിഞ്ഞകാലങ്ങളിൽ എല്ലാ രാഷ്ട്രീയപാർട്ടികളും സ്വീകരിച്ചിട്ടുള്ളത്. ട്രേഡ്യൂണിയൻ ബാഹുല്യവും, യൂണിയനുകൾ തമ്മിലുള്ള സംഘടനങ്ങളും, യൂണിയനുകൾക്കുള്ളിൽതന്നെയുള്ള കിടമൽസരവും, യൂണിയൻ നേതാക്കളും മാനേജ്മെന്റ് കളും തമ്മിലുള്ള അവിശുദ്ധബന്ധങ്ങളും തൊഴിലാളികളെയും വ്യവസായത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.ഇതിനെല്ലാം എതിരായിരുന്നു ഗാന്ധിജി. തൊഴിലാളികളുടെയും വ്യവസായത്തിന്റെയും നിലനിൽപും, തൊഴിലാളികൾ തമ്മിലുള്ള ഐക്യവും, തൊഴിലാളികളും മാനേജ്മെന്റും തമ്മിലുള്ള സഹകരണവുമായിരുന്നു ഗാന്ധിജിയുടെ ട്രേഡ്യൂണിയൻ പ്രവർത്തനത്തിന്റെ ലക്ഷ്യം. നിരുത്തരവാദിത്വപരമായ

ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ രാജ്യത്തിന്റെ ചിലഭാഗങ്ങളിൽ വ്യവസായസമാധാനം നഷ്ടപ്പെട്ടിട്ടുണ്ട്. ഇത് നമ്മുടെ രാജ്യത്തിന്റെ വ്യവസായ പുരോഗതിയെ തടസ്സപ്പെടുത്തിയിട്ടുമുണ്ട്.

ആഗോളവൽക്കരണത്തിന്റെ ഇന്നത്തെ പുതിയ കാലത്ത് പുതിയ വെല്ലുവിളികളെയാണ് തൊഴിലാളികൾക്ക് നേരിടേണ്ടിവന്നിരിക്കുന്നത്. തുറന്ന കമ്പോള വ്യവസ്ഥയുടെയും ആധുനികസാങ്കേതികവിദ്യകളുടെയും അപകടങ്ങൾ പ്രത്യക്ഷമായിട്ടുണ്ട്. പ്രകൃതിവിഭവചൂഷണത്തിനും തൊഴിലാളിചൂഷണത്തിനും അനുയോജ്യമായ തരത്തിൽ മൂലധനം ആഗോളവ്യാപകമായി ഒഴുകി നടക്കുകയാണ്. ഇതിനനുസരിച്ച് അധ്വാനവും ഒഴുകുന്നു. വിദഗ്ധാധ്വാനവും ആഗോളീകരിക്കപ്പെട്ടിരിക്കുന്നു. പരമ്പരാഗതവ്യവസായങ്ങൾ തകർച്ചയിലാണ്. പഴയ ഉൽപ്പാദനരീതികൾക്കു പകരം വന്ന പുതിയ ഉൽപ്പാദനരീതികൾ പഴയ വ്യവസായങ്ങളുടെ അടച്ചുപൂട്ടലിലേക്കും തൊഴിലാളികളെ കൂട്ടത്തോടെ പിരിച്ചുവിടുന്നതിലേക്കും നയിച്ചിട്ടുണ്ട്. പുതിയവ്യവസായങ്ങളിലെ സാങ്കേതികവിദ്യയുമായി പഴയ തൊഴിലാളികൾക്ക് പൊരുത്തപ്പെടാൻ കഴിയാതെ വന്നിരിക്കുന്നു. സാങ്കേതിക വിദ്യകളിൽ വരുന്ന ദ്രുതഗതിയിലുള്ള മാറ്റം പുതിയ തൊഴിലാളികളുടെയും നിലനിൽപ്പ് അപകടത്തിലാക്കിയിട്ടുണ്ട്. വ്യവസ്ഥാപിതതൊഴിൽ നിയമങ്ങളൊന്നും പാലിക്കപ്പെടാത്ത നിരവധി പുതിയ വ്യവസായങ്ങൾ ഉയർന്നു വന്നുകൊണ്ടിരിക്കുന്നു. ജോലി സ്ഥിരത എന്നൊന്ന് തൊഴിലാളികൾക്ക് ഇല്ലാതായിക്കൊണ്ടിരിക്കുന്നു. മാറുന്ന ഈ പരിതസ്ഥിതിയിൽ നാളിതുവരെ പഴഞ്ചനെന്നും അപ്രായോഗികമെന്നും പിൻതിരിപ്പനെന്നും കരുതപ്പെട്ടിരുന്ന ഗാന്ധിജിയുടെ ട്രേഡ് യുണിയൻ ആശയങ്ങളുടെ പ്രസക്തി വളരെയേറെ വർധിച്ചിരിക്കുകയാണ്. കക്ഷിരാഷ്ട്രീയത്തിനതീതമായി തൊഴിലാളികളുടെ ഐക്യം വ്യവസായവികസനത്തിനും രാഷ്ട്രപുരോഗതിക്കും അനിവാര്യമാണെന്ന് എല്ലാവരും ഇന്ന് അംഗീകരിക്കാൻ തുടങ്ങിയിട്ടുണ്ട്. കമ്യൂണിസ്റ്റ് പാർട്ടികളുടെ ട്രേഡ് യൂണിയനുകൾ പോലും തൊഴിലാളികൾ വ്യവസായത്തെ സംരക്ഷിക്കണമെന്ന് ആവശ്യപ്പെടുന്നു. വ്യവസായത്തിൽ പണിയെടുക്കുന്നവർ ഒരു കുടുംബംപോലെയാകണമെന്നാണ് ഗാന്ധിജി ആഗ്രഹിച്ചത്. സമ്പദ് വ്യവസ്ഥ തൊഴിൽ രംഗത്തെ പുരോഗതിയെ ആശ്രയിച്ചാണ് നിലനിപ്പ്ക്കുന്നതെന്നും സമ്പത്തുണ്ടാകുന്നത് അധ്വാനത്തിൽ നിന്നാണെന്നും ഗാന്ധിജി വിശ്വസിച്ചു. അധ്വാനം ആരാധനയാണെന്ന സങ്കൽപ്പത്തോടെ പ്രവർത്തിക്കണമെന്ന് അദ്ദേഹം തൊഴിലാളികളോട് ഉപദേശിച്ചു. ഭാരതത്തിലെ തൊഴിലാളിസംഘടനകൾ സ്വദേശിചിന്തയിൽ ഉറച്ചുനില്ക്കണമെന്ന് അദ്ദേഹം ആവശ്യപ്പെടുകയുണ്ടായി. എല്ലാത്തരത്തിലുള്ള ട്രേഡ് യൂണിയൻ അരാജകപ്രവണതകൾക്കും അദ്ദേഹം എതിരായിരുന്നു.

പതിമൂന്ന്

# ഗാന്ധിജി ഒരു സനാതനഹിന്ദു

ഗാന്ധിജി ഒരു സനാതനഹിന്ദുവായിരുന്നു. അദ്ദേഹം ഒരു കപടമതേതരവാദിയായിരുന്നില്ല. വേദങ്ങൾ, ഉപനിഷത്തുക്കൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ എന്നിവയിലൂടെ പ്രസ്പഷ്ടമാകുന്ന ദർശനമാണ് സനാതനധർമത്തിന്റെ അടിസ്ഥാനം. ഗാന്ധിജി വേദങ്ങളിലും, ഉപനിഷത്തുക്കളിലും, പുരാണങ്ങളിലും രാമായണം മഹാഭാരതം എന്നീ ഇതിഹാസങ്ങളിലും വിശ്വസിച്ചിരുന്നു. അവതാരസങ്കൽപ്പങ്ങളിലും പുനർജന്മത്തിലും അടിയുറച്ചതായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. വർണാശ്രമധർമങ്ങളെ കുറിച്ചുള്ള വേദങ്ങളുടെ ശാസ്ത്രീയമായ കാഴ്ചപ്പാടിനെ അദ്ദേഹം അംഗീകരിക്കുകയും അശാസ്ത്രീയമായതിനെ തിരസ്കരിക്കുകയും ചെയ്തു. ഗോസംരക്ഷണത്തിൽ അദ്ദേഹം ആകൃഷ്ടനായി. ബുദ്ധമതത്തെയും ജൈനമതത്തെയും ഹിന്ദുമതത്തിൽ നിന്നും വേറിട്ടതായി ഗാന്ധിജി കരുതിയില്ല.

ഭാരതീയദർശനങ്ങളുടെ സ്വാധീനമുണ്ടായിരുന്ന ഒരന്തരീക്ഷത്തിലായിരുന്നു ഗാന്ധിജി ജനിച്ചതും വളർന്നതും. സനാതനഹിന്ദുമതമെന്തെന്നും അതിന്റെ ദർശനം എന്തെന്നും ഗാന്ധിജി ആഴത്തിൽ പഠിക്കുകയുണ്ടായി. ഈ പഠനത്തിൽ അദ്ദേഹത്തെ കൂടുതൽ സ്വാധീനിച്ചത് ഉപനിഷത്തുക്കളും ഭഗവദ്ഗീതയുമായിരുന്നു. അദ്ദേഹത്തിന്റെ ദർശനത്തിന്റെ അടിസ്ഥാനശില ഉപനിഷത്തുക്കളായിരുന്നെങ്കിൽ, ആത്മീയജീവിതത്തെ കരുപ്പിടിപ്പിച്ചത് ഭഗവദ് ഗീതയായിരുന്നു. തന്റെ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ സത്യവും വെളിച്ചവും ഭഗവദ്ഗീത എന്നും പ്രദാനം ചെയ്തിട്ടുണ്ടെന്ന് ഗാന്ധിജി പറഞ്ഞു. അദ്ദേഹം എഴുതി : സംശയങ്ങൾ എന്നെ ഗ്രസിക്കുമ്പോൾ, ചക്രവാളത്തിൽ ആശയുടെ നേരിയ കിരണം പോലും കാണാതിരിക്കുമ്പോൾ, ഞാൻ ഭഗവദ്ഗീതയിലേക്ക് തിരിയും; എന്നെ സമാശ്വസിപ്പിക്കുവാൻ ഒരു ശ്ലോകം അവിടെയുണ്ടാകും. ദുസ്സഹമായ ദുഃഖത്തിന്റെ മധ്യത്തിലും ഞാൻ പുഞ്ചിരിക്കാൻ തുട

ങ്ങും. എന്റെ ജീവിതം ബാഹ്യമായ ദുരന്തങ്ങൾ നിറഞ്ഞതായിരുന്നു. അവയൊന്നുംതന്നെ എന്നെ സ്പർശിക്കാതിരുന്നതിനു കാരണം ഭഗവദ് ഗീതയുടെ ഉപദേശങ്ങൾ ആയിരുന്നു. ഗാന്ധിജി ഭഗവദ്ഗീതയുടെ വ്യാഖ്യാനം ഗുജറാത്തി ഭാഷയിൽ രചിക്കുകയുണ്ടായി. മഹാദേവ് ദേശായി ഇത് ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിച്ചു. ഗാന്ധിജിയുടെ ഗീതാവ്യാഖ്യാനത്തിന്റെ കേന്ദ്രതത്വം അനാസക്തിയോഗമായിരുന്നു.

ഗാന്ധിജി ഹിന്ദുവായി ജനിച്ചതിൽ അഭിമാനിച്ചു. അദ്ദേഹത്തിന് സ്ഥാപനവൽക്കരിക്കപ്പെട്ട മതങ്ങളോട് ഒട്ടും ആഭിമുഖ്യമുണ്ടായിരുന്നില്ലെന്നതാണ് സത്യം. എല്ലാ മതങ്ങളുടെയും സാരം ഒന്നാകയാൽ ക്രിസ്തുമതത്തെയും ഇസ്ലാം മതത്തെയും അദ്ദേഹം മാനിച്ചിരുന്നു. ഒരു മതം മാത്രമാണ് യഥാർഥമെന്നും മറ്റെല്ലാം അയഥാർഥമാണെന്നുമുള്ള സെമിറ്റിക് മതങ്ങളുടെ കാഴ്ചപ്പാടിനോട് അദ്ദേഹം വിയോജിച്ചു. സ്ഥാപനവൽക്കരിക്കപ്പെട്ട ഒരു മതമായി ഹിന്ദുമതത്തെ അദ്ദേഹം കണ്ടില്ല. എന്താണ് ഹിന്ദുമതമെന്ന് ഗാന്ധിജി എഴുതി: ഔദ്യോഗികമായ വിശ്വാസപ്രമാണങ്ങളില്ലാത്തതാണ് ഹിന്ദുമതം. ക്രിസ്തുമതത്തെയോ ഇസ്ലാം മതത്തെയോ പോലെ സ്ഥാപനവൽക്കരിക്കപ്പെട്ട ഒരു മതമല്ല അത്. ഓരോ ഹിന്ദുവിനും അയാളുടെ സ്വന്തം വിശ്വാസം പുലർത്താം. ദൈവത്തിൽ വിശ്വസിക്കാത്തയാളിനും താൻ ഹിന്ദുവെന്ന് അവകാശപ്പെടാം. ഹിന്ദുവിന്റെ ധർമം നിരന്തരമായ സത്യാന്വേഷണമാണ്. ഹിന്ദുമതമാണ് എല്ലാ മതങ്ങളിലും വച്ച് സഹിഷ്ണുതയുള്ളത്. അതിന്റെ തത്വസംഹിത എല്ലാ വിശ്വാസങ്ങളെയും ഉൾക്കൊള്ളുന്നു. എല്ലാറ്റിനെയും ഉൾക്കൊള്ളുന്നതിനുള്ള കഴിവിലാണ് ഹിന്ദുമതത്തിന്റെ സൗന്ദര്യം സ്ഥിതിചെയ്യുന്നതെന്ന് ഞാൻ കരുതുന്നു. ഇതരമതങ്ങളിലുള്ള കാതലായ അംശങ്ങളൊക്കെ ഹിന്ദുമതത്തിലുണ്ട്. ഹിന്ദുമതത്തിലില്ലാത്തതൊക്കെ അപ്രധാനമോ അനാവശ്യമോ ആയിരിക്കും. ഹിന്ദുമതം സമസ്താചാരങ്ങളുടെയും ഏകത്വത്തിൽ വിശ്വസിക്കുന്നു. എല്ലാ ജീവികളെയും അത് ദിവ്യമായി കരുതുന്നു. അതിന്റെ പ്രായോഗികമമായ പ്രത്യക്ഷഉദാഹരണമാണ് ഗോപൂജ.

വേദങ്ങൾ അപൗരുഷേയമാണെന്ന് പറയുന്നതിനോട് ഗാന്ധിജി യോജിച്ചില്ല. ഹിന്ദുമതപ്രസ്ഥാനങ്ങളുടെ വളച്ചൊടിച്ച വ്യാഖ്യാനങ്ങളെ അദ്ദേഹം തിരസ്കരിച്ചു. ഗുരു എന്ന ഭാരതീയ സങ്കൽപ്പത്തെ അദ്ദേഹം അംഗീകരിച്ചുവെങ്കിലും ഗുരുവില്ലാതെയും ഒരാൾക്ക് ഈശ്വരസാക്ഷാൽകാരം നേടാൻ കഴിയുമെന്ന് വിശ്വസിച്ചു. ഗാന്ധിജിയുടെ ഗുരു ഈശ്വരനായിരുന്നു. സത്യവും അഹിംസയും പാലിക്കാത്തവർക്ക് പരമസത്യം എന്തെന്നറിയാൻ പറ്റില്ലെന്ന് അദ്ദേഹം പറഞ്ഞു. ഗാന്ധിജി ഒരു വിഗ്രഹാരാധകനായിരുന്നില്ലെങ്കിലും അദ്ദേഹം അതിനെ അനുകൂലിച്ചു. സാധാരണക്കാർക്ക് പൂജിക്കാൻ ഒരു വിഗ്രഹം വേണമെന്നും അത് ഒരു ആരാധനാസഹായിയാണെന്നും അദ്ദേഹം കരുതി. ദേവദാസിസമ്പ്രദായം, മൃഗ

ബലി, ജാതീയമായ ഉച്ചനീചത്വം എന്നിവയെ ഹിന്ദുമതത്തിന്റെ ഭാഗമായി അദ്ദേഹം അംഗീകരിച്ചില്ല. ഇതിനെല്ലാം എതിരായി പോരാടാൻ അദ്ദേഹം ഹിന്ദുക്കളോട് ആഹ്വാനം ചെയ്തു.

ഹിന്ദുമതം മിഷണറികളുടെ മതമല്ലെന്നും അതിൽ എല്ലാ പ്രവാചകരെയും ആരാധിക്കാൻ ഇടമുണ്ടെന്നും ഗാന്ധിജി അഭിപ്രായപ്പെട്ടു. ഗാന്ധിജി എഴുതി : ഹിന്ദുമതം നിരവധി ഗോത്രാരാധനകളെ ഉൾക്കൊണ്ടിട്ടുണ്ട്. ലോകത്തുള്ള എല്ലാ ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും അത് ബഹുമാനിക്കുന്നു. ഓരോരുത്തരുടെയും വിശ്വാസം അഥവാ ധർമമനുസരിച്ച് ദൈവത്തെ ആരാധിക്കണമെന്നാണ് ഹിന്ദുമതം ആവശ്യപ്പെടുന്നത്. അതുകൊണ്ട് അത് മറ്റ് മതങ്ങളുമായി സഹവർത്തിത്വത്തിലാണ്. മതപരിവർത്തനത്തിന്റെ ശക്തനായ എതിരാളിയായിരുന്നു ഗാന്ധിജി. എന്നാൽ ഒരു സനാതനധർമിയെന്ന നിലയിൽ ബൈബിളിനെയും ഖുറാനെയും അദ്ദേഹം അംഗീകരിച്ചിരുന്നു. അതിലെ നല്ല കാര്യങ്ങൾ ഹിന്ദുക്കൾ ഉൾക്കൊള്ളണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഒരു വൃക്ഷത്തിലെ വിവിധ ശാഖകളിലെ പുഷ്പങ്ങളോടാണ് മതങ്ങളെ ഗാന്ധിജി ഉപമിച്ചത്.

ഭാരതീയദർശനങ്ങളുടെ ചിരന്തനസത്യങ്ങളുടെ പുനരാവിഷ്ക്കാരമാണ് ഗാന്ധിദർശനം. ഭാരതീയദർശനത്തിലെ മുഖ്യസങ്കൽപ്പമാണ് ആത്മാവ് ബ്രഹ്മമാണെന്നുള്ളത്. അതായത് ഈശ്വരസാക്ഷാത്കാരവും ആത്മസാക്ഷാത്കാരവും ഒന്നു തന്നെ. കാരണം ആത്മാവ് തന്നെയാണ് ബ്രഹ്മം അഥവാ ഈശ്വരൻ. ഭാരതീയദർശനങ്ങൾ അംഗീകരിച്ച ആത്മസാക്ഷാത്കാരം തന്നെയായിരുന്നു ഗാന്ധിജിയുടെ ലക്ഷ്യവും. യോഗിയാണെന്ന് സ്വയം അവകാശപ്പെട്ടില്ലെങ്കിലും യോഗശാസ്ത്രാനുസൃതം യമനിയമങ്ങൾ പാലിച്ചുകൊണ്ടാണ് ഗാന്ധിജി ജീവിച്ചത്. അദ്ദേഹം എഴുതി. ഞാനൊരു പ്രവാചകനല്ല, ഒരു സത്യാന്വേഷിയാണ്. ഈ ജീവിതത്തിൽ തന്നെ മോക്ഷത്തിന് വേണ്ടി ആഗ്രഹിക്കുന്ന ആളാണ് ഞാൻ. എന്റെ ആത്മാവിന്റെ മോചനത്തിന് (ആത്മസാക്ഷാത്കാരം) വേണ്ടിയാണ് ഞാൻ രാഷ്ട്രസേവനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതുപോലും. ഈ അർഥത്തിൽ എന്റെ സേവനങ്ങൾ തികച്ചും സ്വാർഥപരമാണ്. എനിക്ക് രാജാവാകേണ്ട, ഭൂമിയിലെ രാജാധികാരങ്ങളൊന്നും നിലനിൽക്കുന്നതല്ല. ഞാൻ പരിശ്രമിക്കുന്നത് സ്വർഗരാജ്യം നേടാനാണ്. അത് എനിക്ക് മോക്ഷമാണ്.

ഗാന്ധിജിയ്ക്ക് ഏറ്റവും പ്രിയപ്പെട്ട ഉപനിഷത്ത് ഈശാവാസ്യമായിരുന്നു. അതിലെ 'ഈശാവാസ്യമിദംസർവം' എന്നു തുടങ്ങുന്ന ആദ്യമന്ത്രത്തെ വിശദീകരിച്ചുകൊണ്ട് ഗാന്ധിജി ഇങ്ങനെ പറഞ്ഞു :

ഈശ്വരൻ എന്നത് ഈശ്വരസൃഷ്ടിയുടെ ആകെ തുക തന്നെയാണ്. അസ്തിത്വമുള്ളതെല്ലാം ഈശ്വരനാണ്, മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഈശ്വരനല്ലാതെ മറ്റൊന്നിനും തന്നെ അസ്തിത്വമില്ല, ഉൺമയില്ല. മറ്റൊന്നും തന്നെ സത് അല്ല - സത് എന്നാൽ സത്യമാണ്. ഈശ്വ

രൻ സത് ആണെങ്കിൽ ഈശ്വരൻ മാത്രമാണ് സത്. എങ്കിൽ ഈശ്വരനല്ലാതെ മറ്റൊന്നും സത്യമല്ല. അതായത് ഈശ്വരൻ എന്ന സാകല്യം കേവലമായ സത്യം ആകുന്നു. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം കേവലസത്യംഉപനിഷദ് സങ്കൽപമായ സച്ചിദാനന്ദമാകുന്നു. അല്ലെങ്കിൽ സത്യവും ജ്ഞാനവും അനന്തവുമായ ബ്രഹ്മമാകുന്നു. ഈ കേവലസത്യത്തെ, ബ്രഹ്മത്തെ, ഈശ്വരനെ സാക്ഷാത്കരിക്കുകയായിരുന്നു ഗാന്ധിജിയുടെ ആത്യന്തികലക്ഷ്യം.

സത്യമേവ ജയതേ എന്ന ഉപനിഷദ്സന്ദേശത്തെ ആധാരമാക്കി ഗാന്ധിജി ഒരു സമരതന്ത്രം വികസിപ്പിച്ചെടുത്തു. അത് ആത്മശക്തിയുടെ സമരതന്ത്രമാണ്. രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തികരംഗങ്ങളിലെ തിന്മകൾക്കെതിരെ സമരം ചെയ്യാൻ ഗാന്ധിജി ആവിഷ്കരിച്ച നൂതനമായ ആത്മീയപ്രസ്ഥാനമാണ് സത്യഗ്രഹം . സത്യത്തിന്റെയും അഹിംസയുടേയും അടിസ്ഥാനത്തിലുള്ള ഈ സമരായുധം ആദ്യം ദക്ഷിണാഫ്രിക്കയിലും പിന്നീട് ഇന്ത്യയിലും അദ്ദേഹം പ്രയോഗിച്ചു വിജയിച്ചു. സത്യഗ്രഹസിദ്ധാന്തം ആത്മാവിന്റെ അമരത്വത്തിലും പുനർജന്മത്തിലും കർമസിദ്ധാന്തത്തിലും അധിഷ്ഠിതമായിരുന്നു. ഗാന്ധിജി എഴുതി: എല്ലാ ശക്തിയിലും മഹത്തായ ശക്തി ആത്മശക്തിയാണ്. ഈശ്വരനിലും ആത്മശക്തിയിലും വിശ്വാസമില്ലാത്ത ഒരാൾക്ക് യഥാർഥസത്യഗ്രഹിയാകാൻ പറ്റില്ല . ഗാന്ധിജി ദൈവത്തെ വ്യക്തിയായിട്ടല്ല ശക്തിയായിട്ടാണ് സങ്കൽപ്പിച്ചത്. അദ്ദേഹം യംങ് ഇന്ത്യയിൽ 1925 ൽ എഴുതി : ദൈവം നമ്മുടെ ഹൃദയത്തിൽ വസിക്കുന്നതും, നമുക്ക് അറിയാൻ കഴിയാത്തതും അനുഭവപ്പെടുന്നതുമായ അനിർവചനീയശക്തിയാണ്. എനിക്ക് ദൈവം ശക്തിയും സ്നേഹവുമാണ്, ധർമമാണ് സദാചാരമാണ്. ദൈവം പ്രകാശത്തിന്റെയും ജീവന്റെയും സ്രോതസ്സാണ്. ദൈവം മനസാക്ഷിയാണ്. അദ്ദേഹം നാസ്തികന്റെ നാസ്തികതയാണ്. അദ്ദേഹത്തിന്റെ സ്നേഹം നാസ്തികനെയും ജീവിക്കാൻ അനുവദിക്കുന്നു. അദ്ദേഹം നമ്മളിലും നമുക്ക് മുകളിലും ഉണ്ട് .

ഗാന്ധിജി പ്രായോഗികവേദാന്തിയായിരുന്നു. ഗാന്ധിജിക്ക് ആസ്തികരും, നാസ്തികരും, അജ്ഞേയതാവാദികളുമായ ശിഷ്യന്മാരും അനുയായികളും ഉണ്ടായിരുന്നു. ഇവരെയെല്ലാം സംതൃപ്തമാക്കുന്നതായിരുന്നു സത്യമാണ് ദൈവം എന്ന ഗാന്ധിയുടെ സൂക്തം. സത്യമെന്ന പദത്തിന് ദൈവമെന്ന പദത്തെക്കാൾ ഊന്നൽ നൽകി അദ്ദേഹം. ഗാന്ധിജി 1932 ൽ ഹരിജനിൽ എഴുതി : സത്യമാണ് ദൈവം എന്നതാണ് ദൈവമാണ് സത്യം എന്നുപറയുന്നതിനെക്കാൾ ശരി. പ്രായോഗികമായി ദൈവത്തെ നിർവചിക്കുന്നതിനെക്കാൾ എളുപ്പമാണ് സത്യത്തെ നിർവചിക്കാൻ. ഗാന്ധിജിക്ക് സത്യം ഉൺമയാണ് (being); സത് ആണെന്ന് പറഞ്ഞുവല്ലോ. പരമമായ സത്യം ബ്രഹ്മം അഥവാ ആത്മാവാണ്. സത്യം ഒരു വസ്തുവല്ല. അത് ശുദ്ധഅനന്തബോധമാണ്. അതാണ് പ്രപഞ്ചത്തെ ഭരിക്കുന്നത്. എല്ലാ ഉപനിഷത്തുക്കളും ആവർത്തിച്ച് പ്രഖ്യാപിക്കുന്നത്

സത്യമാണ് ദൈവം എന്നാണ്. സത്യമാണ് ദൈവത്തിന്റെ പൂർണമായ നിർവചനം . ഗാന്ധിജി പറഞ്ഞു: സത്യത്തെ നാസ്തികനും നിഷേധിക്കില്ല. അതുകൊണ്ടാണ് ഞാൻ സത്യമാണ് ദൈവം എന്ന് വിശ്വസിക്കുന്നത്. നാസ്തികനും, ആസ്തികനും അജ്ഞേയതാവാദിക്കും ഒരു പോലെ സ്വീകാര്യമാണ് സത്യം. ഗാന്ധിജി ഒരിക്കൽ അദ്ദേഹത്തിന്റെ നാസ്തികനായ ഒരു സുഹൃത്തിനോടു പറഞ്ഞു. സത്യമെന്നാൽ അസ്തിത്വമാണ്. നമുക്ക് അറിയാവുന്നതും അറിയാത്തതുമായ എല്ലാറ്റിന്റെയും അസ്തിത്വം. ആസ്തികനും നാസ്തികനും സത്യത്തെ ബഹുമാനിക്കുന്നുണ്ട്. ആ സത്യത്തെയാണ് ഞാൻ ദൈവം എന്നു വിളിക്കുന്നത്.

ഗാന്ധിജിയെ പോലെ ഹിന്ദുമതത്തെ മനസ്സിലാക്കിയ നേതാക്കൾ അപൂർവമാണ്. അദ്ദേഹം യംങ് ഇന്ത്യയിൽ എഴുതി : ഹിന്ദുമതം ജീവനുള്ള ഒരു സത്തയാണ്. അതിന് വളർച്ചയും തളർച്ചയും ഉണ്ട്. അത് പ്രകൃതിനിയമങ്ങൾക്ക് വിധേയമാണ്. അത് നിരവധി ശാഖകളുള്ള ഒരു വൃക്ഷത്തെ പോലെ വളർന്നു. ഋതുഭേദങ്ങൾ അതിനെ ബാധിക്കുന്നു. അതിനു ശരത്തും ഗ്രീഷ്മവും വസന്തവും ശിശിരവുമൊക്കെയുണ്ട്. വർഷം അതിനെ പോഷിപ്പിക്കുകയും ഫലപൂർണമാക്കുകയും ചെയ്യും. ഹിന്ദുമതം വേദങ്ങളെ ആശ്രയിക്കുകയോ ആശ്രയിക്കാതിരിക്കുകയോ ചെയ്യും. ബൈബിളും ഖുറാനും പോലെ ഏതെങ്കിലും ഒരു ആധികാരികഗ്രന്ഥം അതിനില്ല. ഭഗവദ്ഗീത പോലും ഒരു മാർഗദർശി മാത്രമാണ്. ഹിന്ദുമതാചാരങ്ങളുമായി അതിന് യാതൊരു ബന്ധവുമില്ല. ഹിന്ദുമതം പരിശുദ്ധഗംഗ പോലെയാണ്. എന്നാൽ അതിന്റെ ഒഴുക്കിൽ മാർഗമധ്യേ മാലിന്യങ്ങൾ കലരുന്നു. ഗംഗയെ പോലെ അത് മൊത്തത്തിൽ പ്രയോജനപ്രദമാണ്. ഒരു പ്രദേശത്തു നിന്നും മറ്റൊരു പ്രദേശത്തേയ്ക്ക് അത് ഒഴുകുമ്പോഴും അതിന്റെ ആന്തരികസത്തയ്ക്ക് ഒരു മാറ്റവും ഉണ്ടാകുന്നില്ല. ആചാരങ്ങളല്ലമതം. ആചാരങ്ങൾ മാറും. പക്ഷെ ഹിന്ദുമതത്തിന്റെ സത്ത മാറ്റമില്ലാതെ നിലനിൽക്കും.

ഹിന്ദുമതത്തിന്റെ പരിശുദ്ധി അതിന്റെ വിശ്വാസികളുടെ ആത്മനിയന്ത്രണത്തെ ആശ്രയിച്ചാണിരിക്കുന്നത്. എപ്പോഴെല്ലാം ഹിന്ദുധർമം അപകടപ്പെട്ടിട്ടുണ്ടോ അപ്പോഴെല്ലാം അത് അതിന്റെ കാരണത്തെക്കുറിച്ച് ആത്മപരിശോധന നടത്തിയിട്ടുണ്ട്. തെറ്റുകളിൽ പശ്ചാത്തപിച്ചിട്ടുണ്ട്. ഹിന്ദുമതത്തിന്റെ ശാസ്ത്രങ്ങൾ എപ്പോഴും വളർന്നുകൊണ്ടിരിക്കും, മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കും. വേദങ്ങളും, ഉപനിഷത്തുക്കളും, സ്മൃതികളും, പുരാണങ്ങളും, ഇതിഹാസങ്ങളും ഒരേ സമയത്ത് ഉണ്ടായവയല്ല. ആവശ്യത്തിനനുസരിച്ച് അവ ഓരോന്നും ഓരോ പ്രത്യേകകാലഘട്ടത്തിൽ വളർന്നുവന്നതാണ്. അതുകൊണ്ട് അവ തമ്മിൽ വൈരുധ്യങ്ങൾ ഉണ്ടെന്ന് തോന്നാം. ഓരോ ഗ്രന്ഥങ്ങളും കാലത്തിനനുസരിച്ച് പരമമായ സത്യം എന്തെന്ന് പഠിപ്പിച്ചു. ഓരോ കാലഘട്ടത്തിനും ആവശ്യമായ പ്രായോഗിക നിർദേശങ്ങളാണ് അതിലുള്ളത്. ഒരു കാലത്തുണ്ടായിരുന്ന ആചാരങ്ങൾ മറ്റൊരു കാലത്ത് അത് അന്ധമായി പിൻതുടരുന്നില്ല.

ഹിന്ദുമതത്തിന്റെ ചിരന്തനങ്ങളായ അന്തർദർശനങ്ങളിൽ ഊന്നി നിന്ന് അദ്ദേഹം ദൈവവും പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ സനാതനധർമത്തിന്റെ വെളിച്ചത്തിൽ മൂർത്തമായി നിർധാരണം ചെയ്തു. ഗാന്ധിജി ഹിന്ദുമതത്തെ നവീകരിക്കുകയും ജീവിതത്തിന്റെ വ്യത്യസ്ത കർമമണ്ഡലങ്ങളിൽ അതിന്റെ ദർശനം എങ്ങനെ പ്രയോഗിക്കണമെന്ന് സ്വന്തം ജീവിതത്തിലൂടെ ലോകത്തെ ബോധ്യപ്പെടുത്തുകയും ചെയ്തു. ഗാന്ധിജിയുടെ രാഷ്ട്രമീമാംസയും, അർഥശാസ്ത്രവും സാമൂഹ്യശാസ്ത്രവും വിദ്യാഭ്യാസചിന്തകളും സനാതനധർമത്തിൽ അധിഷ്ഠിതമായിരുന്നു.

പതിനാല്

# ഗാന്ധിജിയും ഈശാവാസ്യോപനിഷത്തും

മഹാത്മാഗാന്ധിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഉപനിഷത്ത് ഈശാവാസ്യ മായിരുന്നു. ഹിന്ദുമതത്തിന്റെ പരമസാരമായിട്ടാണ് ഗാന്ധിജി ഇതിനെ വിശേഷിപ്പിച്ചത്. ഉപനിഷത്തുക്കളിൽവെച്ച് പലനിലയിലും അദ്വിതീയ മാണിത്. ഗാന്ധിജി മാത്രമല്ല പല ഭാരതീയരായ മഹാത്മാക്കളും ഇതിന്റെ ആരാധകരായിരുന്നു. നവോത്ഥാനനായകനും ബ്രഹ്മസമാജത്തിന്റെ സ്ഥാപകനും ഉപനിഷത്ത് പ്രചാരകനുമായിരുന്ന രാജാറാം മോഹൻ റോയിയുടെ ജീവിതദർശനങ്ങളെയും ഇത് സ്വാധീനിക്കുകയുണ്ടായി. ഈശാവാസ്യോപനിഷത്തിന്റെ ഒരു പുറം വായിച്ചതോടെ ജീവിതമാകെ മാറിയതുപോലെ അദ്ദേഹത്തിന് തോന്നിയത്രേ. ശ്രീശങ്കരനും, മഹർഷി അരവിന്ദനും, ഡോ. രാധാകൃഷ്ണനും ഇതിന് മുഖ്യസ്ഥാനമാണ് നൽകി യിരുന്നത്. ശ്രീനാരായണഗുരുവിന്റെ പ്രിയപ്പെട്ട ഉപനിഷത്തായിരുന്നു ഇത്. അദ്ദേഹം ഇതിനെ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തുകയു ണ്ടായി.

തിരുവിതാംകൂറിൽ മഹാരാജാവ് പ്രഖ്യാപിച്ച ക്ഷേത്രപ്രവേശന വിളംബരത്തിന്റെ ആഘോഷങ്ങളിൽ പങ്കെടുക്കാനായിരുന്നു ഗാന്ധിജി 1937 ജനുവരിയിൽ അവസാനമായി കേരളം സന്ദർശിച്ചത്. ഗാന്ധിജി യുടെ അഞ്ചാമത് സന്ദർശനമായിരുന്നു ഇത്. അതിനുമുമ്പ് ഗാന്ധിജി കേരളം സന്ദർശിച്ചത് 1920 ൽ ഖിലാഫത്ത് പ്രചരണാർഥവും, 1925 ൽ വൈക്കം സത്യഗ്രഹത്തിന് പിന്തുണ നൽകാനും, 1927 ൽ ഖാദി പ്രചര ണത്തിനും, 1934 ൽ ഹരിജൻ ഫണ്ട് ശേഖരിക്കാനുമായിരുന്നു. 1937 ജനുവരി 16ന് കൊല്ലത്തും തുടർന്ന് ഹരിപ്പാട്, ചേർത്തല, വൈക്കം, കോട്ട യം, ചെങ്ങന്നൂർ, ആറന്മുള എന്നിവിടങ്ങളിലും ഗാന്ധിജി നടത്തിയ പ്രസം ഗങ്ങളിലെ മുഖ്യവിഷയം ഈശാവാസ്യോപനിഷത്തിന്റെ മഹത്വമായി രുന്നു. ഗാന്ധിജി അവിടങ്ങളിൽ ഒരു സന്യാസിയെ പോലെയായിരുന്നു പ്രസംഗിച്ചത്. ദൈവവും പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള പാരസ്പ

ര്യത്തെക്കുറിച്ച് ലളിതസുന്ദരമായ ഭാഷയിൽ ഗാന്ധിജി ജനങ്ങൾക്ക് വിശദീകരിച്ചുകൊടുത്തു. ഈ പ്രസംഗങ്ങളെ ഗാന്ധിസാഹിത്യത്തിൽ 'സുവർണതാക്കോൽ' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

കൊല്ലത്ത് പങ്കെടുത്ത ജനക്കൂട്ടത്തെ അഭിസംബോധന ചെയ്തുകൊണ്ട് ഗാന്ധിജി നടത്തിയ പ്രസംഗം ഇവിടെ തർജിമ ചെയ്യാൻ ശ്രമിക്കാം. എന്താണ് ഹിന്ദുമതത്തിന്റെ സത്ത? എന്താണ് ചരിത്രത്തിൽ സ്ഥാനം പിടിച്ച നിരവധി ഭാരതീയരായ മഹാത്മക്കാളെ പ്രചോദിപ്പിച്ചത്? എന്തുകൊണ്ടാണ് ഭാരതം നിരവധി ദാർശനികൻമാരെ ലോകത്തിന് സംഭാവന ചെയ്തിട്ടുള്ളത്? എന്താണ് നിരവധി നൂറ്റാണ്ടുകളായി ഹിന്ദുമതഭക്തന്മാരെ ആവേശം കൊള്ളിക്കുന്നത്? സാമൂഹ്യനീതിക്കുവേണ്ടിയുള്ള എന്റെ സമരങ്ങൾക്കിടയിൽ എന്നോട് പലരും ചോദിക്കാറുണ്ട് എന്താണ് ഹിന്ദുമതത്തിന്റെ സാരാംശം? ഈ ചോദ്യങ്ങൾക്ക് എന്തെങ്കിലും സമാധാനം പറയാനുണ്ടോ? അതോ ഇല്ലയോ? ചിലർ പറയുന്നു എല്ലാറ്റിനുമുള്ള ഉത്തരം ഗായത്രി മന്ത്രത്തിലുണ്ടെന്ന്. ഞാൻ അർഥം മനസ്സിലാക്കി ആയിരക്കണക്കിന് പ്രാവശ്യം ഗായത്രി മന്ത്രം ജപിച്ചിട്ടുണ്ട്. പക്ഷെ എന്റെ അഭിലാഷങ്ങൾക്ക് മുഴുവൻ സമാധാനം നൽകുന്നതിന് അതിന് കഴിഞ്ഞിട്ടില്ലെന്നാണ് എനിക്ക് തോന്നുത്. കഴിഞ്ഞ നിരവധി വർഷങ്ങളായി ഭഗവദ്ഗീതയാണ് എന്റെ മാർഗദർശിയെന്ന് നിങ്ങൾക്കെല്ലാം അറിയാമല്ലോ. അതെന്റെ എല്ലാ വൈഷമ്യങ്ങൾക്കും പരിഹാരമരുളിയിട്ടുണ്ട്. ആശങ്കകളും പ്രയാസങ്ങളും ഉണ്ടായ സന്ദർഭങ്ങളിലെല്ലാം അതെന്റെ വഴികാട്ടിയായിരുന്നു. അത് ഉപകാരപ്പെടാത്ത ഒരൊറ്റ സന്ദർഭം പോലും ഞാനോർക്കുന്നില്ല. ഈ മുഴുവൻ സദസ്സിന്റെയും മുന്നിൽ അവതരിപ്പിക്കാവുന്ന ഒരു ഗ്രന്ഥമല്ല അത്. ആ കാമധേനു അതിന്റെ അകിട്ടിൽ നിന്നും പാല് ചുരത്തണമെങ്കിൽ പ്രാർഥനാപൂർവമായ പഠനം അത്യന്താപേക്ഷികമാണ്.

എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഉപനിഷത്ത് ഈശാവാസ്യമാണ്. അതിൽ എനിക്ക് വളരെയേറെ ഇഷ്ടപ്പെട്ട ഒരു മന്ത്രമുണ്ട്. അത് ഞാൻ ചൊല്ലാൻ പോകുകയാണ്.

ഈശാവാസ്യമിദം സർവ്വം<br>
യത് കിഞ്ചജഗത്യാം ജഗത്<br>
തേനത്യക്തേന ഭുഞ്ജീഥാഃ<br>
മാഗൃധഃ കസ്യ സ്വിദ്ധനം

ഇതിൽ ഹിന്ദുമതത്തിന്റെ സാരാംശം മുഴുവൻ ഉൾക്കൊള്ളുന്നു. നിങ്ങളിൽ പലരും ഈശാവാസ്യോപനിഷത്തിനെപറ്റി കേട്ടിരിക്കും. വളരെ കൊല്ലങ്ങൾക്ക് മുമ്പ് ഞാനതിന്റെ പരിഭാഷയും വ്യാഖ്യാനവും വായിക്കുകയുണ്ടായി. യർവാദാ ജയിലിൽ വച്ച് അത് കാണാതെ പഠിക്കുകയും ചെയ്തു. പക്ഷെ അന്നത് എന്നെ വശീകരിച്ചില്ല. എന്നാൽ കഴിഞ്ഞ ഏതാനം മാസങ്ങളായി അത് എന്നെ വല്ലാതെ സ്വാധീനിച്ചിരിക്കുന്നു – ഞാനൊടുവിൽ ഒരു നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. എല്ലാ

ഉപനിഷത്തുക്കളും ശ്രുതികളും പൊടുന്നനവേ കത്തിചാമ്പലായിപോയാലും, ഈശാവാസ്യോപനിഷത്തിന്റെ ഈ ആദ്യമന്ത്രം ഹിന്ദുക്കളുടെ ഓർമയിൽ അവശേഷിക്കുമെങ്കിൽ ഹിന്ദുമതം എന്നന്നേക്കുമായി നിലനിൽക്കുക തന്നെ ചെയ്യും.

ഈ മന്ത്രത്തിന് നാലുഭാഗങ്ങളുണ്ട്. 'ഈശാവാസ്യമിദം സർവം യത്കിഞ്ചജഗത്യാം ജഗത്' എന്നതാണ് ഒന്നാമത്തെ ഭാഗം. ഈ മഹാപ്രപഞ്ചത്തിൽ മുഴുവൻ ഈശ്വരൻ നിറഞ്ഞുനിൽക്കുന്നു എന്നാണ് ഇതിനർഥം. തുടർന്നുവരുന്ന രണ്ടുംമൂന്നും ഭാഗങ്ങൾ ഞാൻ ഒന്നിച്ചുചൊല്ലാം തേനത്യക്തേന ഭുഞ്ജിഥാഃ. 'ഇത് ഞാൻ വേർതിരിച്ചു വിവർത്തനം ചെയ്യുന്നു, ത്യജിക്കുക; എന്നിട്ട് അനുഭവിക്കുക. ഇതേ അർഥം വരത്തക്കവണ്ണം മറ്റൊരു വ്യാഖ്യാനമുണ്ട്. ഈശ്വരൻ നൽകുന്നതെന്തോ അത് അനുഭവിക്കുക. ഇവിടെയും രണ്ടായിട്ടുതന്നെ വിഭജിക്കാവുന്നതാണ്. ഇനിയാണ് ഏറ്റവും പ്രധാനപ്പെട്ട അവസാനഭാഗം മാഗൃധഃകസ്യസ്വിദ്ധനം'. ഇതിന്റെ അർഥം ഇങ്ങനെയാണ് : ആരുടെയും ധനമോ സ്വത്തോ തനിക്കുവേണമെന്ന് ആഗ്രഹിക്കാതിരിക്കുക. ഈശാവാസ്യോപനിഷത്തിലെ ശേഷിച്ച മന്ത്രങ്ങളെല്ലാം ഈ ആദ്യത്തെ മന്ത്രത്തിന്റെ വ്യാഖ്യാനമോ ഇതിന്റെ പൂർണമായ അർഥം വിവരിക്കാനുള്ള ശ്രമമോ ആണ്. ഈ മന്ത്രത്തിന്റെ വെളിച്ചത്തിൽ ഗീതവായിക്കുമ്പോഴും ഗീതയുടെ വെളിച്ചത്തിൽ ഈ മന്ത്രം വായിക്കുമ്പോഴും എനിക്ക് തോന്നിയിട്ടുള്ളത് ഗീത ഈ മന്ത്രത്തിന്റെ വ്യാഖ്യാനമാണെന്നാണ്. സോഷ്യലിസ്റ്റിന്റെയും കമ്യൂണിസ്റ്റിന്റെയും മോഹങ്ങളെ തൃപ്തിപ്പെടുത്തന്നതിന് ഇതിനു കഴിയുമെന്ന് എനിക്ക് തോന്നുന്നു. ഹിന്ദുമതവിശ്വാസത്തിൽപെടാത്ത ആളുകളോടും ഞാൻ പറയും ഇത് അവരുടെ മോഹങ്ങളെയും സംതൃപ്തമാക്കുമെന്ന്. ഇത് സത്യമാണെങ്കിൽ - സത്യമാണെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു - ഈ മന്ത്രത്തിന്റെ അർഥത്തോട് പൊരുത്തപ്പെടാത്തതോ, അതിന് വിരുദ്ധമോ ആയ എന്തെങ്കിലും ഹിന്ദുമതത്തിൽ ഉണ്ടെങ്കിൽ, അതൊന്നും നിങ്ങൾ അംഗീകരിക്കരുത്.

സാധാരണമനുഷ്യന് ഈ മന്ത്രത്തെക്കാൾ ശ്രേഷ്ഠമായി എന്താണ് പഠിക്കാനുള്ളത്. ഒരേ ഒരു ദൈവം പ്രപഞ്ചമെങ്ങും നിറഞ്ഞുനിൽക്കുന്നു എന്നതിൽ കവിഞ്ഞ് എന്താണ് ഒരു സാധാരണക്കാരന് അറിയേണ്ടത്? മന്ത്രത്തിന്റെ ഒടുവിലത്തെ മൂന്നു ഭാഗങ്ങളും ആദ്യത്തേതിനെ നേരിട്ട് അനുഗമിക്കുന്നവയാണ്. എല്ലാറ്റിലും ദൈവമുണ്ടെന്നും അതെല്ലാം ദൈവമാണ് സൃഷ്ടിച്ചതെന്നും നിങ്ങൾ വിശ്വസിച്ചാൽ, അദ്ദേഹം നൽകുന്നതല്ലാതെ മറ്റൊന്നും തന്നെ നിങ്ങൾക്ക് അനുഭവിക്കുവാൻ കഴിയുകയില്ലെന്ന് നിങ്ങൾ വിശ്വസിക്കേണ്ടിവരും. എല്ലാവരുടെയും സ്രഷ്ടാവാണ് ഈശ്വരൻ എന്നു കരുതുകയാണെങ്കിൽ ആരുടെയും സ്വത്ത് സ്വായത്തമാക്കാൻ നിങ്ങൾ ആഗ്രഹിച്ചുകൂടാ എന്നും സിദ്ധിക്കുന്നു. നിങ്ങൾ അദ്ദേഹത്തിന്റെ അസംഖ്യം സന്താനങ്ങളിലൊരാളാണ് എന്നു കരുതുന്നുണ്ടെങ്കിൽ, എല്ലാം ത്യജിക്കുകയും, എല്ലാം അദ്ദേഹത്തിന്റെ പാദങ്ങളിൽ സമർപ്പി

ക്കുകയും ചെയ്യുന്നതിന് നിങ്ങൾ സന്നദ്ധനാവണം. ത്യാഗം യാന്ത്രിക മാകരുത്. അതു മനഃപൂർവ്വം അറിഞ്ഞുകൊണ്ട് ചെയ്യുന്ന പ്രവൃത്തിയാ ണ്, അജ്ഞതാപ്രേരിതമല്ല. ശരീരമുള്ളിടത്തോളം തിന്നാതെയും കുടി ക്കാതെയും ഉടുക്കാതെയും ഒരാൾക്ക് ജീവിക്കാൻ കഴിയില്ല. സ്വാഭാവി കമായും ഈ ആവശ്യങ്ങൾ നിറവേറ്റേണ്ടതുണ്ട്. ഇതിനാവശ്യമുള്ളത് ഈശ്വരൻ തന്നെ തരുമെന്നാണ് ഋഷി പറയുന്നത്. അതെല്ലാം ത്യാഗ ത്തിന് സ്വാഭാവികമായി തന്നെ ലഭിക്കുന്ന പ്രതിഫലമാണ്. ഇത്രയൊക്കെ പറഞ്ഞിട്ടും പോരെന്നു കരുതിയാണ് ആ മന്ത്രം ആരുടെയും ധനം ആഗ്രഹിക്കരുത് എന്ന മഹത്തായ ചിന്ത ഉന്നയിച്ചുകൊണ്ട് അവസാനി ക്കുന്നത്. ഈ മന്ത്രത്തിന്റെ അർഥം പൂർണമായി നിങ്ങൾ പ്രയോഗത്തിൽ കൊണ്ടുവന്നാൽ നിങ്ങൾ വിവേകശാലിയായ ഒരു വിശ്വപൗരനായിതീ രും. നിങ്ങൾക്ക് ശാന്തിയോടും സമാധാനത്തോടും ജീവിക്കാൻ കഴിയും. നിങ്ങളുടെ ഈ ജന്മം മാത്രമല്ല അടുത്ത ജന്മവും സഫലമാകും.

നമ്മുടെ ഹൃദയത്തെ മഥിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും പരിഹാര മായിട്ടാണ് ഈ മന്ത്രത്തെ ഗാന്ധിജി നിർദേശിച്ചത്. മനുഷ്യർ തമ്മിൽ മാത്രമല്ല സകലജീവജാലങ്ങളും തമ്മിലുള്ള സാഹോദര്യമാണ് ഈ മന്ത്രത്തിന്റെ വ്യാഖ്യാനത്തിലൂടെ ഗാന്ധിജി വിശദീകരിച്ചത്. ഈ മന്ത്ര ത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് സഹജീവികളെ സേവിക്കുന്നതിന് നിര ന്തരം യത്നിക്കണമെന്ന് ഗാന്ധിജി ആവശ്യപ്പെട്ടു. സമത്വം, സാഹോദ ര്യം, സ്നേഹം, സേവനം, നിസ്വാർഥത, ആത്മസമർപ്പണം തുടങ്ങിയ ഉന്നതമാനുഷികമൂല്യങ്ങൾക്ക് അടിസ്ഥാനമായി വർത്തിക്കുന്ന ഈ മന്ത്ര ത്തെക്കാൾ ഉദാത്തമായി മറ്റൊരു മന്ത്രമില്ലെന്ന് അദ്ദേഹം പറഞ്ഞു. ഈ ഉപനിഷത്ത് മന്ത്രമാണ് ഗാന്ധിദർശനത്തിന്റെ ആധാരമായി വർത്തിക്കു ന്നതെന്നു പറഞ്ഞാൽ തെറ്റില്ല.

32-2012

പതിനഞ്ച്

# ഗാന്ധിജിയും ഭഗവദ്ഗീതയും

ഭാരതീയ സംസ്ക്കാരത്തിന്റെ അടിവേരുകൾ കണ്ടെത്തി അതിനെ ആഴത്തിൽ മനസ്സിലാക്കുവാൻ ശ്രമിച്ചിട്ടുള്ള ജനനേതാക്കളിൽ ഏറ്റവും പ്രമുഖനായ മഹാത്മാഗാന്ധിയുടെ ഭഗവദ്ഗീതാവ്യാഖ്യാനം സവിശേഷമാണ്. ഗാന്ധിജി തന്റെ ഗീതാവ്യാഖ്യാനത്തിന് നൽകിയ പേര് 'അനാസക്തിയോഗം' എന്നാണ്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഗീത ഒരു ചരിത്രഗ്രന്ഥമല്ല. മനുഷ്യന്റെ മനസ്സിൽ അവിരാമമായി നടന്നുകൊണ്ടിരിക്കുന്ന സമരത്തെയാണ് അത് ആവിഷ്ക്കരിക്കുന്നത്. ഗീതോപദേശത്തിന്റെ പശ്ചാത്തലം കുരുക്ഷേത്രയുദ്ധമായി അവതരിപ്പിക്കുന്നത് അന്തർസംഘർഷങ്ങളുടെ ചിത്രീകരണം കൂടുതൽ ആകർഷകമാക്കുന്നതിനുവേണ്ടിയാണ്. എല്ലാ മതഗ്രന്ഥങ്ങളെയും മനസ്സിലാക്കുന്നതിനുള്ള മാധ്യമമായിരുന്നു ഗാന്ധിജിക്ക് ഗീത. മറ്റ് മതഗ്രന്ഥങ്ങളിലെ അത്യഗാധമായ നിഗൂഢതകൾ മനസ്സിലാക്കുന്നതിന് അദ്ദേഹത്തെ സഹായിച്ചത് ഗീതയായിരുന്നു.

ഗാന്ധിജി തയാറാക്കിയ ഭഗവദ്ഗീതയുടെ ഗുജറാത്തി പരിഭാഷയും വ്യാഖ്യാനവും ആദ്യം പ്രസിദ്ധീകരിച്ചത് 1930 മാർച്ച് 12-ാം തീയതിയാണ്. അന്നാണ് അവിസ്മരണീയമായ ഉപ്പു സത്യഗ്രഹത്തിന് ദണ്ഡിയാത്ര ഗാന്ധിജി ആരംഭിച്ചതും. ഗാന്ധിജിയുടെ ഗുജറാത്തി ഗീതാപരിഭാഷയും വ്യാഖ്യാനവും 1946-ൽ മഹാദേവ് ദേശായി ഇംഗ്ലീഷിലേക്ക് തർജമചെയ്തു പ്രസിദ്ധീകരിച്ചു. ഇതിന് പുറമെ ഗീതയെ ലളിതമായി വ്യാഖ്യാനിച്ചുകൊണ്ട് ഗാന്ധിജി 1930 ൽ യർവാദ ജയിലിൽനിന്നും സബർമതി ആശ്രമത്തിലെ ഒരന്തേവാസിക്ക് അയച്ച കത്തുകളുമുണ്ട്. 1930 നവംബർ 4-ാം തീയതി ഗീതയുടെ 12-ാം അധ്യായത്തിന്റെ വ്യാഖ്യാനവും തുടർന്ന് ഓരോ കത്തിൽ ഓരോ അധ്യായം എന്ന ക്രമത്തിലുമാണ് കത്തുകൾ എഴുതിയത്. ഈ കത്തുകളുടെ മലയാളം പരിഭാഷ 'ഗാന്ധിജിയുടെ ഗീതാപ്രഭാഷണങ്ങൾ' എന്ന പേരിൽ ഡോ.കെ.എസ്. രാധാകൃഷ്ണൻ പ്രസിദ്ധീകരിക്കുകയുണ്ടായി.

ഗാന്ധിജിയുടെ ആധ്യാത്മികവും ഭൗതികവുമായ ജീവിതത്തെ കരുപിടിപ്പിച്ചത് ഭഗവത്ഗീതയായിരുന്നു. തന്റെ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ സത്യവും വെളിച്ചവും ഭഗവദ്ഗീത എന്നും തനിക്ക് പ്രദാനം ചെയ്തിട്ടുണ്ടെന്ന് ഗാന്ധിജി പറഞ്ഞു. നിഷ്കാമകർമമെന്ന ഗീതയുടെ ആശയമാണ് ഗാന്ധിജിയെ ഏറ്റവുമധികം ആകർഷിച്ചത്. കർമം ചെയ്യാതെ യാതൊന്നും നേടാനാവില്ലെന്നും കർമമില്ലാതെ ഭക്തി - ജ്ഞാന മാർഗങ്ങൾ മോക്ഷത്തിനുതകുകയില്ലെന്നും ഗീത പ്രസ്താവിക്കുന്നതായി അദ്ദേഹം കണ്ടു. കർമം ചെയ്യണമെന്നു മാത്രമല്ല അതെങ്ങനെ ചെയ്യണം എന്നു കൂടി ഗീത അനുശാസിക്കുന്നുണ്ടെന്നും അദ്ദേഹം മനസ്സിലാക്കി. ഗീതയുടെ കേന്ദ്രതത്വം അനാസക്തിയാണ്-നിസ്വാർഥകർമമാണ് എന്ന കാര്യത്തിൽ ഗാന്ധിജിയ്ക്ക് സംശയമേ ഉണ്ടായിരുന്നില്ല. നിഷ്കാമകർമത്തിന് അഹിംസ അത്യന്താപേക്ഷിതമാണെന്ന് ഗാന്ധിജി വിശ്വസിച്ചു. ഹിംസയും ത്യാഗവും വിരുദ്ധഭാവങ്ങളാണെന്നും അദ്ദേഹം കരുതി. അദ്ദേഹം ഇങ്ങനെ എഴുതി: "അനാസക്തിയിൽ എത്തിച്ചേരാൻ അഹിംസ പരിശീലിച്ചേതീരൂ. അഹിംസ അനുപേക്ഷണീയമായ ഒരു പ്രാഥമികഘടകമായിരുന്നു. അനാസക്തിയിൽ അത് അന്തർഹിതമാണെന്ന് പറയാം. അത് അനാസക്തിയെ അതിവർത്തിക്കുന്നുമില്ല. ഗീതയുടെ പ്രധാനതത്വം സ്വജീവിതത്തിൽ പ്രയോഗിക്കാൻ ശ്രമിക്കുന്ന ആളിന് സത്യവും അഹിംസയും അംഗീകരിക്കേണ്ടതായി വരും. ഫലത്തെക്കുറിച്ച് ആഗ്രഹമില്ലാതിരിക്കുമ്പോൾ ഹിംസയോ അസത്യമോ കൈകൊള്ളാനുള്ള പ്രലോഭനം ഉണ്ടാവുകയില്ല. ഹിംസയുടെയോ, അസത്യത്തിന്റേയോ ഏത് ഉദാഹരണമെടുത്താലും അതിൽ ഫലത്തെക്കുറിച്ചുള്ള ആഗ്രഹം പ്രകടമായിക്കാണും. ഗീതയുടെ സന്ദേശം എന്റെ ജീവിതത്തിൽ പകർത്താൻ കഴിഞ്ഞ നാൽപ്പതു കൊല്ലമായി ഞാൻ നടത്തിവന്ന നിരന്തരമായ ശ്രമത്തിന്റെ ഫലമായി എനിക്കുറപ്പിച്ചുപറയാൻ കഴിയും, എല്ലാവിധത്തിലും അഹിംസപാലിക്കാതെ നിഷ്കാമകർമം സാധ്യമല്ലെന്ന്." അഹിംസയിലൂടെ മാത്രമെ ഫലത്യാഗം സാധ്യമാകുവെന്നുള്ള നിരീക്ഷണം, നിഷ്ക്കാമകർമ വ്യാഖ്യാനത്തിന് ഗാന്ധിജി നലകിയ മൗലികമായ സംഭാവനയാണ്. ഭഗവദ്ഗീത ഗാന്ധിജിക്ക് നിഷ്കാമകർമത്തിന് പ്രചോദകമായും ആത്മീയോന്നതിക്ക് കാരണമായും ഭവിച്ചു.

ഗാന്ധിജി ഭഗവദ്ഗീതയുമായി ആദ്യം പരിചയപ്പെട്ടതു 1889 ൽ ആയിരുന്നു. അന്ന് അദ്ദേഹത്തിന്റെ പ്രായം 20 വയസ്സ്. അന്ന് അദ്ദേഹത്തിന് അഹിംസയുടെ പ്രാധാന്യത്തെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നു. ചെറുപ്പത്തിൽ ഗുജറാത്തി കവിയായിരുന്ന ശ്യാമൾഭട്ടിന്റെ കവിതകളിൽ നിന്നായിരുന്നു ഗാന്ധിജി സ്നേഹത്തിന്റെ തത്വങ്ങൾ പഠിച്ചത്. ഭട്ടിന്റെ കവിതകൾ അദ്ദേഹത്തിന്റെ ഹൃദയത്തെ അഗാധമായി സ്പർശിച്ചിരുന്നെങ്കിലും സഹജീവികളോട് കരുണകാട്ടണമെന്ന് അദ്ദേഹം ചിന്തിച്ചിരുന്നില്ല. സമസൃഷ്ടിസ്നേഹം മനസ്സിൽ ഉണർന്നില്ല. അക്കാലത്ത് മാംസാഹാരത്തോട് അദ്ദേഹത്തിന് താൽപ്പര്യമുണ്ടായിരുന്നു. പാമ്പുകളെയുംയും മറ്റ് ക്ഷുദ്ര

ജീവികളെയും കൊല്ലുന്നതിൽ യാതൊരു തെറ്റുമില്ലെന്നായിരുന്നു അദ്ദേഹം വിശ്വസിച്ചിരുന്നത്. ഇന്ത്യക്കാരെ അടിച്ചമർത്തി ഭരിച്ചിരുന്ന ബ്രിട്ടീഷുകാരുമായി പോരാടാൻവേണ്ട ശരീരശേഷിയും ആരോഗ്യവും ആർജിക്കാൻ ഓരോ ഇന്ത്യക്കാരനും മാംസഭുക്കായി തീരണമെന്നായിരുന്നു കൗമാരപ്രായത്തിൽ ഗാന്ധിജി ചിന്തിച്ചിരുന്നത്. ഉപരിപഠനത്തിന് ഇംഗ്ലണ്ടിൽ പോകുന്നതിനുമുമ്പുവരെ ഇതായിരുന്നു ഗാന്ധിജിയുടെ കാഴ്ചപ്പാട്. മാംസാഹാരം കഴിക്കില്ലെന്ന് അമ്മയ്ക്ക് കൊടുത്ത വാക്ക് പാലിക്കപ്പെടണമെന്നതുകൊണ്ട് മാത്രമായിരുന്നു ഇംഗ്ലണ്ടിൽ എത്തിയപ്പോൾ സസ്യഭുക്കായി ജീവിച്ചത്. ലണ്ടനിലെ ജീവിതത്തിന്റെ ഒരു ഘട്ടത്തിലാണ് സസ്യാഹാരത്തിന്റെ യഥാർഥ പ്രാധാന്യം അദ്ദേഹം മനസ്സിലാക്കിയത്.

ലണ്ടനിൽവച്ച് രണ്ട് ഇംഗ്ലീഷുകാരായ സുഹൃത്തുക്കളാണ് ഗാന്ധിജിക്ക് ഭഗവദ്ഗീത പരിചയപ്പെടുത്തിക്കൊടുത്തത്. അവരോടൊപ്പം ഗീതാപാരായണം നടത്തണമെന്ന് ഗാന്ധിജിയോട് അവർ ആവശ്യപ്പെട്ടു. ഗാന്ധിജി ഗീതാപാരായണത്തിൽ വിമുഖതകാട്ടി. കാരണം അദ്ദേഹത്തിന് സംസ്കൃതത്തിൽ ജ്ഞാനമുണ്ടായിരുന്നില്ലെന്നതായിരുന്നു. ഗീതയെപ്പറ്റിയും പറയത്തക്ക അറിവൊന്നും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഗാന്ധിജിയുടെ കഴിവുകേടുകൾ മനസ്സിലാക്കിയ സുഹൃത്തുക്കൾ എഡ്വിൻ ആർനോൾഡിന്റെ ഭഗവദ്ഗീതയുടെ ഇംഗ്ലീഷ് പരിഭാഷ (ദിവ്യഗീതം. The Song Celestial) അദ്ദേഹത്തിനു നല്കി. അത് വായിച്ചതോടെ ഗാന്ധിജി ഗീതയുടെ സംമോഹനവലയത്തിൽപ്പെട്ടു. അന്നുമുതൽ ഗാന്ധിജിയുടെ മരണംവരെ ഗീതയുടെ സ്വാധീനം അദ്ദേഹത്തിന്റെ ജീവിതത്തിൽ നിലനിന്നു. അദ്ദേഹം എഴുതി: "സംശയങ്ങൾ എന്നെ ഗ്രസിക്കുമ്പോൾ, ചക്രവാളത്തിൽ ആശയുടെ നേരിയ കിരണം പോലും കാണാതിരിക്കുമ്പോൾ, ഞാൻ ഭഗവദ്ഗീതയിലേക്ക് തിരിയും; എന്നെ സമാശ്വസിപ്പിക്കാൻ ഒരു ശ്ലോകം അവിടെയുണ്ടാകും. ദുസഹമായ ദുഖത്തിന്റെ മധ്യത്തിലും ഞാൻ പുഞ്ചിരിക്കാൻ തുടങ്ങും. എന്റെ ജീവിതം ബാഹ്യമായ ദുരന്തങ്ങൾ നിറഞ്ഞതായിരുന്നു. അവയെ ഒന്നും തന്നെ എന്നിൽ കറുത്ത പാടുകൾ അവശേഷിപ്പിക്കാതിരുന്നതിനു കാരണം ഭഗവദ്ഗീതയുടെ ഉപദേശങ്ങളായിരുന്നു." ഗാന്ധിജിയെ ഏറ്റവും കൂടുതൽ ആകർഷിച്ചത് ഗീതയിലെ രണ്ടാം അധ്യായത്തിലെ 19 ശ്ലോകങ്ങളായിരുന്നു. ആർനോൾഡിന്റെ ഗീതാപരിഭാഷയുടെ വായനയെത്തുടർന്ന് അദ്ദേഹം ഗീതയുടെ നിരവധി വ്യാഖ്യാനങ്ങൾ വായിക്കുകയും നിരവധി ഗീതാപ്രഭാഷണങ്ങൾ കേൾക്കുകയും ചെയ്തു. ഗീതയിലെ മുഴുവൻ ശ്ലോകങ്ങളും അദ്ദേഹം ഹൃദിസ്ഥമാക്കി.

ഗാന്ധിജിയുടെ ഗുജറാത്തി ഗീതാവ്യാഖ്യാനത്തിന്റെ മഹാദേവ് ദേശായിയുടെ ഇംഗ്ലീഷ് പരിഭാഷയുടെ ആമുഖത്തിൽ ഗാന്ധിജി എഴുതി: " ആത്മ സാക്ഷാൽക്കാരവും അത് നേടാനുള്ള മാർഗവുമാണ് ഗീതയുടെ വിഷയം. രണ്ട് സേനകൾ തമ്മിലുള്ള യുദ്ധം ആ വിഷയം അവത

രിപ്പിക്കുന്നതിനുള്ള സന്ദർഭം മാത്രമാണ്. നിങ്ങൾക്ക് വേണമെങ്കിൽ പറയാം വ്യാസൻ ഹിംസക്കോ യുദ്ധത്തിനോ എതിരായിരുന്നില്ലെന്നും അതുകൊ ണ്ടാണ് അദ്ദേഹം യുദ്ധത്തിന്റെ സന്ദർഭം തന്നെ തിരഞ്ഞെടുത്തതെന്നും. പക്ഷേ മഹാഭാരതം ഒരുതവണ വായിച്ചപ്പോൾത്തന്നെ എനിക്ക് തികച്ചും വിഭിന്നമായ ഒരഭിപ്രായമാണ് തോന്നിയത്. ആ അതിസുന്ദരമായ ഇതിഹാസത്തിലൂടെ യുദ്ധത്തിന്റെ വ്യർഥത വ്യക്തമാക്കുവാനാണ് വ്യാസൻ ശ്രമിച്ചിട്ടുള്ളത്. കൗരവന്മാർ പരാജയപ്പെടുകയും പാണ്ഡവന്മാർ വിജയിക്കുകയും ചെയ്തതുകൊണ്ട് എന്തുണ്ടായി എന്ന് വ്യാസൻ നമ്മോട് ചോദിക്കുന്നു. യുദ്ധത്തിൽ ജയം നേടിയവരെക്കൊണ്ട് കണ്ണീരൊഴുക്കിക്കുകയും പശ്ചാത്തപിപ്പിക്കുകയും ചെയ്തു. ദൈന്യതയല്ലാതെ മറ്റൊന്നും അവർക്ക് അനുഭവിക്കുന്നതിനായിട്ട് അവശേഷിപ്പിച്ചുമില്ല. ഗീതയുടെ രണ്ടാമധ്യായത്തിൽ യുദ്ധത്തിന്റെ നിയമങ്ങൾ നൽകുന്നതിന് പകരം, സ്ഥിതപ്രജ്ഞന്റെ ലക്ഷണം വിവരിക്കുകയാണ്. ഗീതയിൽ സ്ഥിതപ്രജ്ഞന്റെ ലക്ഷണം വിവരിക്കുന്നിടത്ത് യുദ്ധത്തിന് പറ്റുന്നയാതൊന്നും പരാമർശിക്കുന്നുണ്ടെന്ന് തോന്നുന്നില്ല. യുദ്ധത്തിന്റെ വിവരണവും ഹിംസയുടെ നീതീകരണവും ഇതിഹാസവിഷയമല്ലാതിരിക്കെ, ആ ഭാഗങ്ങൾ ഊന്നിപ്പറയുന്നത് തികച്ചും തെറ്റാണ്. ഗീതയിലെ ചില ശ്ലോകങ്ങൾ അഹിംസയോട് പൊരുത്തപ്പെടുത്തി വ്യാഖ്യാനിക്കുന്നത് പ്രയാസമാണെങ്കിലും, അതിലും പ്രയാസമാണ് ഗീതയെ ഒന്നാകെ ഹിംസയുടെ ചട്ടക്കൂട്ടിനുള്ളിൽ ഒതുക്കി നിർത്തുക.

ഒരു ഗ്രന്ഥം രചിക്കുന്ന സന്ദർഭത്തിൽ അതിനുണ്ടാകാവുന്ന വ്യാഖ്യാനഭേദങ്ങളെക്കുറിച്ചൊക്കെ ഗ്രന്ഥകാരൻ ബോധവാനല്ല. കവിതയുടെ സൗന്ദര്യം സ്ഥിതി ചെയ്യുന്നത് കാവ്യസൃഷ്ടി കവിയെത്തന്നെ അതിവർത്തിക്കുന്നിടത്താണ്. സങ്കൽപ്പങ്ങൾ അത്യുന്നത മേഖലകളിലേക്ക് പറന്ന് ചെല്ലുമ്പോൾ കവി കണ്ടെത്തുന്ന സത്യം യഥാർഥ ജീവിതത്തിൽ കണ്ടെത്താൻ ഒക്കുന്നതല്ല. പല കവികളുടെയും ജീവിത കഥകൾക്ക് അവരുടെ കവിതകളോട് ബന്ധം കാണുകയില്ല. ഗീതയുടെ കേന്ദ്രതത്വം അഹിംസയാണ്; ഹിംസയല്ലയെന്നു രണ്ടാം അധ്യായത്തിൽ ആരംഭിക്കുകയും 18-ാം അധ്യായത്തിൽ സംഗ്രഹിക്കുകയും ചെയ്യുന്ന വിഷയവിവരണം തികച്ചും വ്യക്തമാക്കുന്നുണ്ട്. ഇതേ നിലപാടിനെ സാധൂകരിക്കുന്നവയാണ് ഇതര അധ്യായങ്ങളും. കോപം, ആസക്തി, വിദ്വേഷം എന്നിവകൂടാതെ ഹിംസ ഉണ്ടാവുകയില്ല. വിദ്വേഷത്തിനും കോപത്തിനും പ്രസക്തിയില്ലാത്ത ഒരു മണ്ഡലത്തിലേക്ക്, സത്വം, രജസ്, തമസ് എന്നീ ഗുണങ്ങൾക്കതീതീതമായ ഒരവസ്ഥയിലേക്ക്, നമ്മെ നയിക്കുന്നതിനാണ് ഗീത ശ്രമിക്കുന്നത്.

അർജുനൻ യുദ്ധം ചെയ്യാൻ വിസമ്മതിച്ചത് അഹിംസയുടെ പേരിലായിരുന്നില്ല. അദ്ദേഹം മുൻപും പല യുദ്ധത്തിലേർപ്പെട്ടിട്ടുണ്ട്. ഇത്തവണമാത്രമെ അയഥാർഥമായ ഒരു കാരുണ്യബോധം അദ്ദേഹത്തിനുണ്ടായുള്ളു. തന്റെ ബന്ധുക്കളെ കൊല്ലുന്നതിനായിരുന്നു അദ്ദേഹത്തിന്

വിസമ്മതം. ജീവഹത്യ എന്ന പ്രശ്നത്തെ അർജുനൻ ഒരിക്കലും പ്രത്യേകമായെടുത്ത് കൈകാര്യം ചെയ്തിട്ടില്ല. ദുഷ്ടനാണെന്ന് താൻ കരുതുന്ന ഒരാളെപ്പോലും കൊല്ലുകയില്ല എന്ന് അർജുനൻ പറഞ്ഞിട്ടില്ല. ശ്രീകൃഷ്ണന് ഏറ്റവും അഗാധങ്ങളായ വിചാരങ്ങൾ പോലും അറിയാൻ കഴിയും. അദ്ദേഹം അർജുനന്റെ താൽക്കാലികമായ ബുദ്ധിഭ്രമം മനസ്സിലാക്കി. അതുകൊണ്ട് അദ്ദേഹം പറഞ്ഞു: "നീ ഇതിനകംതന്നെ കൊലനടത്തിക്കഴിഞ്ഞിരിക്കുന്നു. പൊടുന്നനവേ യുക്തിവാദം നടത്തി അഹിംസാനിഷ്ഠനാകാനൊന്നും നിനക്ക് സാധ്യമല്ല. നീ തുടങ്ങിയ ജോലി പൂർത്തീകരിക്കുക." ശീഘ്രഗതിയിലോടുന്ന തീവണ്ടിയിൽ നിന്ന് ഒരു യാത്രക്കാരൻ യാത്ര മടുത്തിട്ട്, പെട്ടെന്ന് പുറത്തേക്ക് എടുത്തുചാടുകയാണെന്നിരിക്കട്ടെ. അയാൾ ആത്മഹത്യാക്കുറ്റത്തിന് ശിക്ഷയനുഭവിക്കണം. യാത്ര ചെയ്യുന്നതിന്റേയോ, തീവണ്ടിയിൽ യാത്രചെയ്യുന്നതിന്റേയോ വ്യർഥത മനസ്സിലാക്കിയിട്ടല്ലല്ലോ അയാൾ അങ്ങനെ ചെയ്യുന്നത്. അർജുനന്റെ കഥയും അതുപോലാണ്. അഹിംസാനിഷ്ഠനായ കൃഷ്ണന് അർജുനനോട് മറ്റൊന്നും ഉപദേശിക്കാനില്ല. ഒരു പ്രത്യേക സാഹചര്യത്തിൽ ജീവഹത്യ ആവശ്യമാണെന്നു നിർദേശിച്ചതുകൊണ്ട് ഗീത ഹിംസ ഉപദേശിക്കുന്നുണ്ടെന്നോ യുദ്ധത്തെ നീതീകരിക്കുന്നുണ്ടെന്നോ പറയുന്നത്, ഹിംസ ജീവിതനിയമമാണെന്ന് പറയുന്നതുപോലെതന്നെ തെറ്റാണ്. ഗീതയുടെ അന്തഃസത്ത അറിയാൻ ശ്രമിക്കുന്നയാളിന് അഹിംസയുടെ രഹസ്യമെന്തെന്നും ഭൗതികശരീരത്തിലൂടെ ആത്മസാക്ഷാത്ക്കാരം സാധിക്കുന്നതെങ്ങനെയാണെന്നും അത് പറഞ്ഞുകൊടുക്കുന്നു.

ധൃതരാഷ്ട്രനും യുധിഷ്ഠിരനും അർജുനനും ഒക്കെ ആരാണ്? ആരാണ് കൃഷ്ണൻ? അവരെല്ലാം ചരിത്രപുരുഷന്മാരായിരുന്നോ? ഗീത അവരെ ആ രീതിയിലാണോ വിവരിക്കുന്നത്? യുദ്ധത്തിന്റെ നടുവിൽ പെട്ടെന്ന് എല്ലാം നിർത്തിവെച്ചിട്ട് അർജുനൻ കൃഷ്ണനോട് ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങിയെന്നും ഉടനെ കൃഷ്ണൻ ഗീത മുഴുവൻ ഉപദേശിച്ചുകൊടുത്തു എന്നും മനസ്സിലാക്കുന്നത് ശരിയാണോ? ഗീത മുഴുവൻ കേട്ടശേഷം തന്റെ ബുദ്ധിഭ്രമമൊക്കെ അകന്നു എന്ന് അർജുനൻ പ്രഖ്യാപിക്കുകയുണ്ടായി. പക്ഷെ അർജുനൻ ഗീത ഉടനെ മറന്നുവത്രെ. ഒരിക്കൽക്കൂടി അത് പറഞ്ഞുതരണമെന്ന് അർജുനൻ കൃഷ്ണനോട് അപേക്ഷിച്ചു. പക്ഷേ കൃഷ്ണനും മറന്നുപോയി. അപ്പോൾ അദ്ദേഹം വീണ്ടും ചൊല്ലിക്കൊടുത്തതിന് 'അനുഗീത' എന്നാണത്രെ പേര്. ഇതൊക്കെ ശരിയാണോ?

ദുര്യോധനനും അദ്ദേഹത്തിന്റെ കൂട്ടരും മനുഷ്യരിലെ അധമചോദനകൾക്ക് പ്രാതിനിധ്യം വഹിക്കുന്നു; അർജുനനും കൂട്ടരും ഉത്തമചോദകൾക്കും. യുദ്ധരംഗമെന്നു പറയുന്നത് നമ്മുടെ ശരീരംതന്നെ. നമ്മളിൽ നന്മയും തിന്മയും തമ്മിൽ നിരന്തമായ സമരം നടന്നുകൊണ്ടിരിക്കുകയാണ്. അതാണ് വ്യാസമുനി അതിവിശദമായി വിവരിക്കുന്നത്. കൃഷ്ണൻ പരിശുദ്ധമായ ഹൃദയത്തിനുള്ളിൽ കുടികൊള്ളുകയും എപ്പോഴും അതി

നുവേണ്ട ഉപദേശങ്ങൾ നല്കുകയും ചെയ്യുന്ന ആന്തരചേതനതന്നെയാണ്. ഗീതയിൽ കൃഷ്ണൻ പൂർണതയാണ്; യഥാർത്ഥജ്ഞാനത്തിന്റെ മൂർത്തിമദ്ഭാവമാണ്. പക്ഷെ ആ ചിത്രം സാങ്കൽപ്പികമാണ് എന്നുവെച്ച് ജനങ്ങൾക്കു പ്രിയങ്കരനായ കൃഷ്ണൻ ഒരിക്കലും ജീവിച്ചിരുന്നില്ല എന്നു കരുതണമെന്നില്ല. പൂർണതയാണ് ആദ്യം സങ്കൽപിച്ചത്; പൂർണതയുടെ തികഞ്ഞ അവതാരം എന്ന സങ്കൽപ്പം പിന്നീട് ഉണ്ടായതാണ്.

ഭൗതികസംഘടനം അപ്രസ്കതമാണെന്നല്ല. അഹിംസ അവലംബിക്കാത്തവർക്കുപോലും ഗീത നൈരാശ്യത്തിന്റെ പാഠങ്ങളല്ല പഠിപ്പിക്കുന്നത്. ഭയത്തിനധീനാകുകയും സ്വന്തം തൊലിരക്ഷിക്കുന്നതിന് മാത്രം ശ്രമിക്കുകയും, വികാരാവേശങ്ങൾക്കു വഴിപ്പെടുകയും ചെയ്യുന്നവന്, ഇഷ്ടമായാലും ഇല്ലെങ്കിലും, ഭൗതികസംഘടനത്തിൽ ഏർപ്പെടേണ്ടിവരും. പക്ഷെ അത് അവന്റെ ധർമമല്ല. ധർമം ഒന്നേയുള്ളു; ഒന്നുമാത്രമേയുള്ളു. അഹിംസമോക്ഷംതന്നെ. മോക്ഷം സത്യസാക്ഷാൽക്കാരമാണ്. ഇവിടെ ഭീരുത്വത്തിന് സ്ഥാനമില്ല. ഈ വിചിത്രമായ ലോകത്തിൽ ഹിംസ അനന്തമായി നിലനിൽക്കുകതന്നെ ചെയ്യും. ഗീത അതിൽ നിന്നു പുറത്തേക്ക് കടക്കുന്നതിന് ഒരുമാർഗം കാണിച്ചുതരുന്നു. ഭീരുത്വത്തിൽ നിന്നും നൈരാശ്യത്തിൽനിന്നും മോചനം നേടിയാൽമാത്രം പോരെന്നും അതുപറയുന്നു. കൊല്ലുന്നതും, സമരത്തിൽപ്പെട്ടുചാകുന്നതും ഭീരുത്വത്തെക്കാൾ ഭേദമാണ്.

കർമഫലത്യാഗമാണ് എല്ലാ പ്രശ്നങ്ങൾക്കുമുള്ള അതുല്യമായ പരിഹാരമാർഗമെന്ന് ഗീത നിർദ്ദേശിക്കുന്നു. ഗീത മുഴുവൻ ഈ കേന്ദ്രസ്ഥാനത്തിനു ചുറ്റുമാണ് നെയ്തെടുത്തിട്ടുള്ളത്. ഫലത്യാഗം കേന്ദ്രസ്ഥാനത്തു നിലകൊള്ളുന്ന സൂര്യനാണ്. ആ സൂര്യനെ ചുറ്റിപ്രദക്ഷിണം ചെയ്യുന്ന ഗ്രഹങ്ങളാണ് ഭക്തി, ജ്ഞാനം ഇവയൊക്കെ. ശരീരത്തെ ഒരു കാരാഗ്രഹത്തോടാണ് ഉപമിച്ചിരിക്കുന്നത്. ശരീരമുള്ളിടത്തുകർമം ആവശ്യമാണ്. ശരീരയുക്തമായ ഒന്നിനെയും കർമത്തിൽനിന്നും ഒഴിവാക്കിയിട്ടില്ല. ശരീരത്തെ ഈശ്വരന്റെ അധിവാസസ്ഥാനമായി സങ്കൽപ്പിക്കുകയാണെങ്കിൽ മനുഷ്യന് മുക്തിനേടാനൊക്കുമെന്ന് എല്ലാമതങ്ങളും പ്രഖ്യാപിക്കുന്നു. എല്ലാ കർമത്തിലുമുണ്ട് നിസാരമായ അളവിലെങ്കിലും കളങ്കം. ശരീരത്തെ എങ്ങനെ ഈശ്വരന്റെ അധിവാസസ്ഥാനമാക്കാം? മറ്റൊരു രീതിയിൽ പറഞ്ഞാൽ എങ്ങനെയാണ് ഒരാൾക്ക് കർമത്തിൽനിന്ന് അതായതു പാപത്തിന്റെ കളങ്കത്തിൽനിന്ന്, മോചനം നേടാനെക്കുക? ഗീത അസന്നിഗ്ധമായ ഭാഷയിൽ സമാധാനം നൽകിയിട്ടുണ്ട് "നിഷ്കാമമായി കർമം അനുഷ്ഠിക്കുക, ഫലത്യാഗം അംഗീകരിക്കുക, എല്ലാ പ്രവൃത്തികളും ഈശ്വരന് സമർപ്പിക്കുക. ശരീരവും ആത്മാവുമെല്ലാം അദ്ദേഹത്തിന്റെ മുന്നിൽ അടിയറവുവെയ്ക്കുക".

പക്ഷെ നിഷ്കാമത അഥവാ ഫലത്യാഗം വെറുതെ അവയെപ്പറ്റി സംസാരിക്കുന്നതുകൊണ്ടുമാത്രം സാധിക്കാവുന്നതല്ല. ബുദ്ധിപരമായ അഭ്യാസങ്ങൾ കാണിക്കുന്നതുകൊണ്ടും അവ സാധ്യമല്ല. നിരന്തരമായ

ഹൃദയമഥനം കൊണ്ടുമാത്രമെ സാധിക്കൂ. ഫലത്യാഗം സാധിക്കണമെങ്കിൽ യഥാർഥമായ ജ്ഞാനം അത്യന്താപേക്ഷിതമാണ്. പണ്ഡിതൻമാർക്ക് ഏതാണ്ടൊരു ജ്ഞാനം കാണും. അവർ ഓർമയിൽ നിന്നും വേദങ്ങൾ ഉദ്ധരിക്കും, എങ്കിലും അവർ സ്വാർഥപ്രേരിതമായ ഭോഗതൽപ്പരതയിൽ ആമഗ്നരായിരിക്കും. ജ്ഞാനത്തിന്റെ പ്രവർത്തനം നിയന്ത്രണം വിട്ടുപോകാതിരിക്കണമെങ്കിൽ അതോടൊപ്പം ഭക്തിയുണ്ടായിരിക്കണമെന്ന് ഗീതാകാരൻ നിർദ്ദേശിക്കുന്നു. ഭക്തിക്കാണ് അദ്ദേഹം പ്രഥമസ്ഥാനം നൽകുന്നത്. ഭക്തികൂടാതെയുള്ള ജ്ഞാനംകൊണ്ടു പ്രയോജനമില്ല. അതുകൊണ്ട് ഗീതപറയുന്നു : "ആദ്യം ഭക്തിഉണ്ടാകട്ടെ; ജ്ഞാനം അതോടൊപ്പം ഉണ്ടായിക്കൊള്ളും". ആ ഭക്തിവെറും അധരങ്ങളിൽ മാത്രം തങ്ങിനിൽക്കുന്നതല്ല. ഭക്തന്റെ ഗുണങ്ങൾ ഒരു ഋഷിയുടെ ഗുണങ്ങളിൽനിന്നും വിഭിന്നമല്ലെന്നാണ് ഗീതപറയുന്നത്.

ഗീത പറയുന്നതെന്താണ്? കർമനിരതനാകാതെ ആരും ലക്ഷ്യം പ്രാപിക്കുകയില്ല. തന്റെ കർമങ്ങൾ ചെയ്യാത്ത പണ്ഡിതനും ഭക്തനും ലക്ഷ്യം നേടില്ല. എല്ലാജീവികളും ഇഷ്ടമുണ്ടായാലും ഇല്ലെങ്കിലും ഏതെങ്കിലുംമൊരു കർമത്തിൽ ഏർപ്പെടേണ്ടതാണ്. കർമമെന്ന പദത്തിൽ ബുദ്ധിപരവും ശാരീരികവുമായ പ്രവർത്തനങ്ങളൊക്കെ ഉൾപ്പെടുന്നുണ്ട്. അങ്ങനെ പ്രവർത്തനത്തിലേർപ്പെടുന്ന സന്ദർഭങ്ങളിൽതന്നെ കർമത്തിന്റേതായ കെട്ടുപാടുകളിൽ നിന്നും എങ്ങനെ മുക്തിനേടാനാകും? ഈ പ്രശ്നത്തിന് ഗീതനൽകുന്ന പരിഹാരമാർഗം എനിക്ക് അറിയാവുന്നിടത്തോളം അതുല്യമാണ്. ഗീതപറയുന്നു : "നിനക്ക് നിർദേശിക്കപ്പെട്ടിട്ടുള്ള കർമം നീ ചെയ്യുക; അതിന്റെ ഫലം ത്യജിക്കുക; നിസംഗമായി കർമം അനുഷ്ഠിക്കുക; പ്രതിഫലത്തെക്കുറിച്ച് പരിഗണിക്കാതെ പ്രവർത്തിക്കുക. ഇതാണ് ഗീതയുടെ സുവ്യക്തമായ തത്വോപദേശം. കർമം ത്യജിക്കുന്നവൻ നശിക്കുന്നു. ഫലംമാത്രം ത്യജിക്കുന്നവനാകട്ടെ ഉയരുന്നു. ഫലത്യാഗം എന്നുപറയുമ്പോൾ, ഫലത്തെകുറിച്ചുള്ള ഉദാസീനത എന്നല്ല അർഥം. നിശ്ചിതമായ മാർഗം അവലംബിച്ചാൽ ഓരോ കർമത്തിനും ലഭ്യമാവുന്ന ഫലത്തെ കുറിച്ചും, ആ ഫലം സൃഷ്ടിക്കുന്നതിനുള്ള മാർഗത്തിന്റെ കഴിവിനെക്കുറിച്ചും ബോധവാനായിരിക്കണം. അങ്ങനെയുള്ള തയാറെടുപ്പോടുകൂടി ഫലത്തെക്കുറിച്ച് ആഗ്രഹം കൂടാതെ മുൻപിലുള്ള പ്രവൃത്തി പൂർത്തികരിക്കുന്നതിൽ ആമഗ്നനായി കഴിയുന്ന മനുഷ്യൻ തന്റെ കർമത്തിന്റെ ഫലം ത്യജിച്ചവനാണെന്ന് പറയാം.

ഈ രീതിയിൽ ചിന്തിക്കുമ്പോൾ ഒന്നെനിക്കു തോന്നിയിട്ടുണ്ട്- ഗീതയുടെ കേന്ദ്രതത്വം സ്വജീവിതത്തിൽ പ്രയോഗിക്കുന്നതിന് ഒരാൾ ശ്രമിക്കുമ്പോൾ സത്യവും അഹിംസയും അയാൾക്ക് അംഗീകരിക്കേണ്ടതായിവരും. ഫലത്തെകുറിച്ച് ആഗ്രഹമില്ലാതാകുമ്പോൾ, ഹിംസയോ അസത്യമോ, കൈക്കൊള്ളുന്നതിനുള്ള പ്രലോഭനമുണ്ടാവില്ല. ഹിംസയുടേയോ അസത്യത്തിന്റേയോ ഏത് ഉദാഹരണവും എടുത്തുനോക്കിക്കൊള്ളു, അവിടെയോക്കെ ഉദ്ദിഷ്ടലക്ഷ്യത്തിലെത്തിചേരാനുള്ള ആഗ്രഹം പ്രകട

മായികാണാം. പക്ഷെ അഹിംസാതത്വം സ്ഥാപിച്ചെടുക്കാൻ വേണ്ടിയല്ല ഗീത രചിച്ചിട്ടുള്ളതെന്നു സമ്മതിക്കാൻ ആരും മടിക്കേണ്ടതില്ല. വാസ്തവത്തിൽ ഗീത രചിക്കപ്പെടുന്ന കാലത്തിനു മുൻപുതന്നെ ഒരു പ്രാഥമിക കർത്തവ്യമെന്ന നിലയിൽ അത് അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ഫലത്യാഗം എന്ന സന്ദേശം നൽകുകയായിരുന്നു ഗീതയുടെ ലക്ഷ്യം. ഇത് രണ്ടാം അധ്യായത്തിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

നീതിവാക്യങ്ങൾ തുന്നിചേർത്ത് ഉണ്ടാക്കിയിട്ടുള്ള ഒരു ഗ്രന്ഥമല്ല ഗീത. അതൊരു മഹത്തായ ദാർശനിക കാവ്യമാണ്. അതിന്റെ ആഴത്തിലേയ്ക്ക് നിങ്ങൾ എത്രകണ്ട് മുങ്ങിച്ചെല്ലുമോ, അത്രകണ്ട് കൂടുതൽ അർഥങ്ങൾ നിങ്ങൾക്ക് ലഭിക്കും. അതു സാധാരണക്കാരെ ഉദ്ദേശിച്ച് രചിച്ചിട്ടുള്ളതാകകൊണ്ട് അതിൽ ഹൃദ്യമായ ആവർത്തനം ഒട്ടേറെയുണ്ട്. ഓരോകാലത്തും അതിലെ ഓരോപ്രധാന പദത്തിനും വ്യാപകമായ പുതിയ അർഥങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. എങ്കിലും അതിന്റെ കേന്ദ്രതത്വത്തിന് ഒരിക്കലും മാറ്റമുണ്ടാവില്ല. ആ കേന്ദ്രതത്വത്തെ സ്വജീവിതത്തിൽ പ്രയോഗികമാക്കുന്നതിനുവേണ്ടി ആനിധിയിൽ നിന്ന് തനിക്ക് ഇഷ്ടമുള്ള ഏതർഥവും അരിച്ചെടുക്കുന്നതിന് സത്യാന്വേഷകന് സ്വാതന്ത്ര്യമുണ്ടായിരിക്കും.

ഇന്നത് ചെയ്യണം, ഇന്നത് ചെയ്യരുത് എന്നൊക്കെയുള്ള നിർദ്ദേശങ്ങൾ സമാഹരിച്ചുവെച്ചിരിക്കുന്ന ഒരു ഗ്രന്ഥമല്ല ഗീത. ഒരാൾക്ക് തത്വാനുസാരിയായി തോന്നുന്നത് മറ്റൊരാൾക്ക് തത്വനിഷേധമായി തോന്നാം. ഒരു പ്രത്യേകസന്ദർഭത്തിൽ ഒരു പ്രത്യേക സ്ഥലത്ത് അനുവദനീയമായ കാര്യം തന്നെ മറ്റൊരു സന്ദർഭത്തിൽ മറ്റൊരു സ്ഥലത്ത് അനുവദനീയമല്ലെന്നും വരാം. ഫലകാംക്ഷമാത്രമാണ് സാർവ്വത്രികമായി നിരോധിക്കപ്പെട്ടിട്ടുള്ളത്. നിഷ്കാമഭാവം നിർബന്ധവുമാണ്.

ഗീതാജ്ഞാനത്തിന്റെ മഹാത്മ്യം പ്രകീർത്തിക്കുന്നുണ്ട്. പക്ഷെ ആ ജ്ഞാനം കേവലമായ ബുദ്ധിക്ക് അതീതമാണ്. ഹൃദയത്തിനോടാണ് അതിന്റെ ബന്ധം. ഹൃദയത്തിനു മാത്രമെ അതു മനസ്സിലാക്കാൻ കഴിയൂ. അതുകൊണ്ട് ഈശ്വരവിശ്വാസമില്ലാത്തവർക്കു വേണ്ടിയുള്ളതല്ല ഗീത. ഗീതാകാരൻ കൃഷ്ണനെക്കൊണ്ട് ഇങ്ങനെ പറയിക്കുന്നു: "ഞാൻ നിനക്ക് ഉപദേശിച്ച ഈ തത്വം തപോനിഷ്ഠയില്ലാത്തവനും, ഭക്തിയില്ലാത്തവനും, കേൾക്കാൻ ഇച്ഛയില്ലാത്തവനും, എന്നെ നിന്ദിക്കുന്നവനും നീ ഒരിക്കലും ഉപദേശിച്ചു പോകരുത്. എന്നിൽ അത്യന്തം ഭക്തിയോടുകൂടി ഈ പരമരഹസ്യത്തെ എന്റെ ഭക്തന്മാർക്ക് ആര് ഉപദേശിക്കുന്നുവോ അവൻ എന്നെത്തന്നെ പ്രാപിക്കും; സംശയമില്ല. ശ്രദ്ധായുക്തനും അസൂയാരഹിതനും ആയിത്തീർന്നിട്ട് ആരാണോ ഇത് കേൾക്കുന്നത് അവൻ മുക്തി നേടുകയും പുണ്യചരിതന്മാരുടെ ശുഭലോകങ്ങളെ പ്രാപിക്കുകയും ചെയ്യും."

ഗീതയിലെ 18 അധ്യായങ്ങളെ ആറുവീതമുള്ള മൂന്നുഭാഗങ്ങളായിട്ടാണ് ഗാന്ധിജി തന്റെ വ്യാഖ്യാനത്തിൽ തിരിച്ചിരിക്കുന്നത്. ആദ്യത്തെ

ആറ് അധ്യായങ്ങളെ 'തത്' എന്നും അതിനു ശേഷമുള്ള മധ്യത്തെ അധ്യയങ്ങളെ 'ത്വം' എന്നും അവസാനത്തെ ആറ് അധ്യായങ്ങളെ 'അസി' എന്നുമാണ് വേർതിരിച്ചിരിക്കുന്നത്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഗീതയിലെ മൂന്നും നാലും അഞ്ചും അധ്യായങ്ങൾ ഒരുമിച്ചു ചേർത്ത് വായിക്കണം. അവ അനാസക്തി എന്ത് എന്നും അത് എങ്ങനെ പ്രയോഗിക്കണമെന്നും വിശദീകരിക്കുന്നു. ആ മൂന്ന് അധ്യായങ്ങൾ ശരിയാം വണ്ണം മനസ്സിലാക്കിയാൽ ബാക്കി അധ്യായങ്ങൾ എല്ലാം പ്രയാസം കൂടാതെ ഗ്രഹിക്കാൻ കഴിയും. കാരണം ബാക്കി അധ്യായങ്ങളെല്ലാം അനാസക്തി എങ്ങനെ പ്രായോഗികമാക്കാനാകും എന്നതിന്റെ വിശദവിവരങ്ങളാണ് പ്രതിപാദിക്കുന്നത്. ഈ ദൃഷ്ടികോണത്തിൽനിന്നുവേണം നാം ഗീത പഠിക്കുവാൻ. അങ്ങനെ ഈ പഠനം തുടർന്നാൽ വലിയ പ്രയാസം കൂടാതെ നിത്യജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യാൻ നാം കെൽപ്പുള്ളവരാകും. ഇത് നിത്യസാധനകൊണ്ടു മാത്രമെ സാധ്യമാവുകയുള്ളു. എല്ലാവരും അതിനു ശ്രമിക്കട്ടെ. ഉദാഹരണമായി ജീവിതത്തിൽ ക്രോധമുണ്ടാകുമ്പോൾ ഗീതയിൽ ക്രോധത്തെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ ഓർക്കുകയും ക്രോധത്തെ അടക്കുകയും വേണം. ആരോടെങ്കിലും അനിഷ്ടമുണ്ടെന്നോ, എപ്പോഴെങ്കിലും അക്ഷമരാകുന്നുവെന്നോ, അമിതഭക്ഷണാസക്തി നമ്മെ പിടികൂടുന്നുവെന്നോ എന്താണ് ചെയ്യേണ്ടതെന്നറിയാതെ ധർമ സങ്കടത്തിൽപ്പെട്ട് ഉഴലുന്നുവെന്നോ സങ്കൽപ്പിക്കുക അപ്പോഴെല്ലാം അചഞ്ചലമായ ഭക്തിയും നിരന്തരമായ അഭ്യാസവും ഉണ്ടെങ്കിൽ ഗീത പ്രശ്നങ്ങളിൽ പരിഹാരം കാണാൻ നമ്മെ സഹായിക്കും.

പതിനാറ്

# സമകാലീനപ്രസക്തി

മഹാത്മാഗാന്ധിയുടെ ആശയങ്ങൾ സാർവലൗകികമാണ്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ നിരവധി രാഷ്ട്രീയപ്രത്യയശാസ്ത്രങ്ങൾ വരുകയും പോകുകയും ചെയ്തു. അവയിൽ ചിലത് മഹാദുരന്തങ്ങളാണ് വിതച്ചത്. അവയിൽ അപൂർവം ചിലതുമാത്രമാണ് മനുഷ്യഹൃദയത്തെ സ്പർശിച്ചിട്ടുള്ളത്. സമാധാനകാംക്ഷികളായ മനുഷ്യർക്ക് അനുയോജ്യമായ രാഷ്ട്രീയദർശനമുള്ളത് ഗാന്ധിജിയുടെ ആശയങ്ങളിലാണ്. ഗാന്ധിജിയുടെ ദർശനം സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമാധാനപരമായ നിലനിൽപ്പിന് ഉതകുന്നതാണ്. അതിനുപരി പ്രകൃതിയുടെ അസ്തിത്വത്തിനുതന്നെ ഉറപ്പുനൽകുന്നതാണത്.

സാമൂഹ്യമാറ്റത്തിനു വേണ്ടിയുള്ള സമരങ്ങളിൽ ഗാന്ധിജിയുടെ ആശയങ്ങളും മൂല്യങ്ങളും വളരെ വിജയകരമായി ഉപയോഗിച്ചവരാണ് മാർട്ടിൻ ലൂതർ കിങ്ങും, നെൽസൺ മണ്ടേലയും, ബിഷപ്പ് ഡെസ്മണ്ട് ടിട്ടുവും, വാക്ലാവ് ഹാവേലും, ലേ വലേസയും. ഗാന്ധിദർശനത്തിന് സമകാലീനലോകത്ത് വലിയ പ്രാധാന്യമാണ് ഉള്ളത്. ഗാന്ധിജിയുടെ സത്യഗ്രഹം അതിശക്തമായൊരു രാഷ്ട്രീയ ആയുധമായിരുന്നു. സത്യഗ്രഹം എന്നാൽ സത്യത്തിനു വേണ്ടിയുള്ള തീവ്രമായ ആഗ്രഹം അഥവാ തിന്മയോടുള്ള ദൃഢമായ ചെറുത്തുനിൽപ്പുസമരം. സത്യത്തിൽ നിന്നും സ്നേഹത്തിൽ നിന്നും അഥവാ അഹിംസയിൽ നിന്നും രൂപം കൊള്ളുന്ന ബലമാണ് സത്യഗ്രഹം. ലോകം സംഘർഷഭരിതമായിരിക്കുന്നിടത്തോളം, മനുഷ്യസമൂഹം വിഭജിതമായിരിക്കുന്നിടത്തോളം, മനുഷ്യൻ അവന്റെ അമിതാഗ്രഹങ്ങൾ നേടാൻ ശക്തിയുപയോഗിക്കുന്നിടത്തോളം, ഗാന്ധിജിയുടെ സത്യത്തെയും, സ്നേഹത്തെയും, സമാധാനത്തെയും കുറിച്ചുള്ള സങ്കൽപ്പങ്ങൾക്ക് വളരെയേറെ പ്രസക്തിയുണ്ട്.

ജാതിമതവിശ്വാസങ്ങൾക്കതീതമായി സമൂഹത്തിലെ ഓരോ വ്യക്തിയെയും ശാക്തീകരിക്കുകയെന്നതാണ് ഗാന്ധിജിയുടെ രാഷ്ട്രീയദർശ

നത്തിന്റെ സത്ത. ആധുനികജനാധിപത്യസങ്കൽപ്പങ്ങളിൽ നിന്നും തികച്ചും വ്യത്യതമാണ് ഗാന്ധിജിയുടേത്. ആധുനികസമൂഹം പ്രാതിനിധ്യജനാധിപത്യത്തിലൂടെ സ്ഥാപനങ്ങളെ ശാക്തീകരിക്കാനാണ് ശ്രമിക്കുന്നത്. ഗാന്ധിജിയുടെ അഭിപ്രായത്തിൽ ജനാധിപത്യം കാലാകാലങ്ങളിലുള്ള തെരഞ്ഞെടുപ്പുകളോ, ജനാധിപത്യസ്ഥാപനങ്ങളുടെ ശാക്തീകരണമോ അല്ല. ജനാധിപത്യം എല്ലാ മനുഷ്യരുടെയും ആന്തരികവും ബാഹ്യവുമായ അവകാശങ്ങളെ മാനിക്കാനുള്ളതാണ്. ജനാധിപത്യം സഹിഷ്ണുതയാണ്; പ്രതിഷേധിക്കാനുള്ള അവകാശമാണ്. എല്ലാ മനുഷ്യരുടെയും അന്തസ്സും സ്വാഭിമാനവും സംരക്ഷിക്കാനുള്ളതാണ്.

എന്തു കൊണ്ടാണ് ഗാന്ധിജി ഈ നൂറ്റാണ്ടിലും ഏറ്റവും മഹാനായ ആധുനികചിന്തകനായിരിക്കുന്നത്? ഗാന്ധിജിയുടെ ചിന്തകളുടെ അപ്രതിരോധ്യമായ പ്രസക്തികൊണ്ടാണ്. ഗാന്ധിജിയുടെ ചിന്തകളിൽ സുപ്രധാനമായ രണ്ടെണ്ണമാണ് സത്യഗ്രഹവും അഹിംസയും. അതായത് സമാധാനപരമായ ചെറുത്തുനിൽപ്പും അഹിംസയും. പല രാജ്യങ്ങളിലും അൽഭുതകരമായ സാമൂഹ്യരാഷ്ട്രീയമാറ്റങ്ങൾ വരുത്തുന്നതിന് ഇവ സഹായകമായി. അവിടങ്ങളിൽ രക്തരഹിതവിപ്ലവങ്ങളിലൂടെ സമാധാനപരമായ പരിവർത്തനം സാധ്യമായി. ഗാന്ധിജി ജീവിച്ചിരുന്നപ്പോൾ തന്നെ അദ്ദേഹത്തിന്റെ അഹിംസാസമരങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും വ്യാപിക്കുകയുണ്ടായി. 1940 മുതൽ 1945 വരെ ഫാസിസത്തിനും നാസി അധിനിവേശത്തിനും എതിരെ നോർവേ, ഡെൻമാർക്ക്, നെതർലാൻഡ് എന്നീ രാജ്യങ്ങളിലെ ജനങ്ങൾ നടത്തിയ സമരങ്ങൾ അഹിംസാസിദ്ധാന്തത്തിൽ ഊന്നിയതായിരുന്നു. അക്കാലത്ത് ബെർലിനിലും ബൾഗേറിയയിലും ഡെൻമാർക്കിലും മറ്റിടങ്ങളിലും നടന്ന ജൂതക്കൂട്ടകൊലകൾക്കെതിരെ സംഘടിപ്പിക്കപ്പെട്ട പ്രതിഷേധസമരങ്ങളും അഹിംസാത്മകമായിരുന്നു. 1944 ൽ എൽസാൽവഡോറിലെയും ഗോട്ടിമലയിലെയും ഏകാധിപത്യഭരണം അവസാനിപ്പിച്ചതും ബഹുജനങ്ങളുടെ അക്രമരാഹിത്യസമരങ്ങളിലൂടെയായിരുന്നു.

ഗാന്ധിജിയുടെ മരണശേഷം അക്രമരാഹിത്യസമരങ്ങൾ വിപുലവും വ്യാപകവും ശക്തവുമായി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ മാതൃക സ്വീകരിച്ചുകൊണ്ടാണ് ഘാനയിലെ ക്വാമോ നെക്രുമയും നൈജീരിയായിലെ നാമഡി അസിക്കിവേയും സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയത്. 1950 കളിലും 1960 കളിലും മാർട്ടിൻ ലൂതർകിങ്ങിന്റെ നേതൃത്വത്തിൽ വർണവിവേചനത്തിനെതിരെ അമേരിക്കയിൽ നടന്ന പൗരാവാകാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങളും ഗാന്ധിമാർഗത്തിലുള്ളതായിരുന്നു. ഇത് അമേരിക്കൻ ഐക്യനാടുകളിലെ വർണവിവേചനനിയമങ്ങളെ തിരുത്തിക്കുറിച്ചു. വർണവിവേചനത്തിനും പാശ്ചാത്യാധിനിവേശത്തിനും എതിരെ 1950നും 1990 നു ഇടയിൽ തെക്കേ ആഫ്രിക്കയിൽ നടന്ന അക്രമരാഹിത്യപ്രതിഷേധങ്ങളും ബഹുജനഉപരോധങ്ങളും വിജയകരമായിട്ടാണ് പര്യവസാനിച്ചത്. കമ്യൂണിസ്റ്റ് ഭരണകൂടഭീകരതയ്ക്കും സ്വേച്ഛാ

ധിപത്യത്തിനും എതിരെ അരങ്ങേറിയ സമരങ്ങളെല്ലാം അഹിംസാത്മകമായിരുന്നു. കിഴക്കൻ ജർമനിയിൽ കമ്യൂണിസ്റ്റ് ഏകാധിപത്യത്തിനെതിരെ 1953 ൽ ബെർലിനിൽ സ്ത്രീകളുൾപ്പെടെയുള്ള ജനക്കൂട്ടം സോവിയറ്റ് ടാങ്കുകൾക്കു മുന്നിൽ കുത്തിയിരുപ്പ് സമരം നടത്തി. സോവിയറ്റ് അധിനിവേശത്തിനെതിരെ 1956 – 57 ൽ ഹംഗറിയിൽ നടന്നത് അഹിംസാവിപ്ലവമായിരുന്നു. 1953 മുതൽ 1991 വരെ കിഴക്കൻ യൂറോപ്പിൽ പ്രത്യേകിച്ച് കിഴക്കൻജർമനി, പോളണ്ട്, ഹങ്കറി, ലാറ്റിവിയ, എസ്റ്റോണിയ, ലിത്വാനിയ എന്നീ രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾക്കെതിരായി ജനങ്ങൾ നടത്തിയ അക്രമരാഹിത്യസമരങ്ങളെല്ലാം വിജയിച്ചു. സ്വതന്ത്രവും വ്യവസ്ഥാപിതവുമായ ട്രേഡ് യൂണിയൻ അവകാശങ്ങൾക്കുവേണ്ടി സോളിഡാരിറ്റി 1980 ൽ ആരംഭിച്ച സഹനസമരങ്ങൾ 1989 ആയപ്പോഴേക്കും പോളണ്ടിലെ കമ്യൂണിസ്റ്റ് സ്വേഛാധിപത്യത്തെ തൂത്തെറിഞ്ഞു. 1991 ൽ യാഥാസ്ഥിതിക കമ്യൂണിസ്റ്റ് സ്വേഛാധിപതികളുടെ നേതൃത്വത്തിൽ റഷ്യയിൽ കമ്യൂണിസത്തെ പിടിച്ചുനിർത്താൻ നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തിയതും റഷ്യൻ ജനതയുടെ അക്രമരാഹിത്യസമരങ്ങളും സമാധാനപരമായ ചെറുത്തുനിൽപ്പുകളുമായിരുന്നു.
1989 ൽ ബെയ്ജിങ്ങിലെ തിയാനമെൻ ചതുരത്തിലും മുന്നോറോളം ചൈനീസ് നഗരങ്ങളിലും ഭരണാധികാരികളുടെ അടിച്ചമർത്തലുകൾക്കും അഴിമതിക്കും എതിരായി നടന്ന പ്രതിഷേധസമരം അഹിംസാത്മകമായിരുന്നു. സമരത്തെ ചൈനയുടെ ചുമപ്പ് പട്ടാളം അടിച്ചമർത്തി. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ ഫിലിപ്പൈൻസിലും, തായ്‌ലാന്റിലും, സെർബിയയിലും, കോസോവയിലും നടന്ന പോരാട്ടങ്ങൾ ഗാന്ധിമാർഗത്തിലൂടെയായിരുന്നു. ഭരണാധികാരികളുടെ ഏകാധിപത്യത്തിനെതിരെ ഈജിപ്തിലും പശ്ചിമേഷ്യയിലും അരങ്ങേറിക്കൊണ്ടിരിക്കുന്ന സമരങ്ങളും ഗാന്ധിയൻ മാതൃകയിലുള്ളതാണെന്ന് പറയുന്നു.

ലോകത്തിന്റെ പല ഭാഗത്തും ഇപ്പോൾ അടിച്ചമർത്തലുകൾക്കും, അനീതിക്കും, അഴിമതിക്കും, എതിരായ സമരങ്ങളിൽ ഗാന്ധിജിയുടെ അഹിംസാസമരമുറകൾ പ്രയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഗാന്ധിജിയുടെ അക്രമരാഹിത്യസമരങ്ങളുടെ ചരിത്രം പരിശോധിച്ചാൽ അത്, ഏകാധിപത്യഭരണകൂടങ്ങളെ തകർക്കാനും, ഏകാധിപത്യത്തെ തടയാനും, ജനാധിപത്യവ്യവസ്ഥകളുടെ അട്ടിമറി തടയാനും, വിദേശാധിപത്യം ഉപരോധിക്കാനും, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനും, പ്രാദേശികജനവിഭാഗങ്ങളുടെ സംസ്കാരവും ജീവിതവും പരിരക്ഷിക്കുവാനും പറ്റിയ സമരായുധമാണെന്ന് നമുക്ക് ബോധ്യമാകും. അഴിമതിക്കെതിരെ അണ്ണാഹസാരെ ഓഗസ്റ്റ് 16 ാം തീയതി മുതൽ രാംലീല മൈതാനത്ത് നടത്തിയ സമരവും തികച്ചും ഗാന്ധിയനായിരുന്നു. ഗാന്ധിജിയുടെ അഹിംസാത്മക സഹനസമരത്തിന്റെ ശക്തി അത് തെളിയിച്ചു.

ഇവയ്ക്ക് പുറമേ ഇന്ന് വളരെ പ്രസക്തമായ ഗാന്ധിജിയുടെ മറ്റ് ചില ആശയങ്ങളുണ്ട്. സമൂഹത്തിന്റെയും രാഷ്ട്രങ്ങളുടെയും വികാസ

ത്തിനും പുരോഗതിക്കും വളരെ പ്രധാനപ്പെട്ടവയാണവ. അതിൽ ഒരാശയമാണ് ഗാന്ധിജി ഉപഭോഗത്തെ കുറിച്ച് നടത്തിയ പ്രസ്താവന. "The Earth provides enough to satisfy everyman's need, but not everyman's greed." സന്തുലിതവികസനത്തെ പറ്റിയുള്ള ഗാന്ധിജിയുടെ ഈ പ്രസ്താവനയിൽ ഉന്നതചിന്തയുടെയും ലളിതജീവിതത്തിന്റെയും മൂല്യങ്ങൾ അടങ്ങിയിട്ടുണ്ട്. ലോകത്തെ മുഴുവൻ ഗ്രസിച്ചുകൊണ്ടിരിക്കുന്ന പാരിസ്ഥിതിക തകർച്ചയിലുള്ള ലോകജനതയുടെ ഉൽക്കണ്ഠ ഈ പ്രസ്താവനയിലുണ്ട്. അമിതോപഭോഗത്തെ അടിസ്ഥാനമാക്കിയുള്ള ജീവിതരീതിയ്ക്ക് ലോകത്തെ സന്തുലിതമായി നിലനിർത്താൻ കഴിയില്ലെന്നു പ്രഖ്യാപിക്കുകയാണ് ഗാന്ധിജി.

ഗാന്ധിജി പറഞ്ഞു എല്ലാ വാതിലുകളും ജനലുകളും കൊട്ടിയടക്കപ്പെട്ട ഒരു വീട്ടിൽ ഞാൻ താമസിക്കുവാൻ ആഗ്രഹിക്കുന്നില്ല. എല്ലാ പ്രദേശത്തെയും എല്ലാ രാഷ്ട്രങ്ങളിലെയും സംസ്കാരത്തിന്റെ കാറ്റ് എന്റെ വീടിന്റെ വാതലുകളിലൂടെയും ജനലുകളിലൂടെയും കടന്നുപോകണം. എന്നാൽ കാറ്റിൽ എന്റെ കാലുകൾ അടിതെറ്റി വീഴുന്നതിന് ഞാൻ ഇഷ്ടപ്പെടുന്നില്ല . ഗാന്ധിജിയുടെ നേതൃത്വത്തിൽ കെട്ടിപ്പെടുത്ത ദേശീയപ്രസ്ഥാനത്തിന്റെ സ്വഭാവം ബഹുസ്വരതയിലും സ്വാതന്ത്ര്യത്തിലും അധിഷ്ഠിതമായിരുന്നു. തുറന്നസമൂഹത്തിനും, തുറന്നരാഷ്ട്രീയത്തിനും, തുറന്ന സമ്പദ്വ്യവസ്ഥക്കും വേണ്ടിയുള്ള ഗാന്ധിജിയുടെ ആഹ്വാനത്തിന് ഈ കാലഘട്ടത്തിൽ വളരെയേറെ പ്രസക്തി ഉണ്ട്.

സഹിഷ്ണുതയുടെയും ബഹുസ്വരതയുടെയും സന്ദേശമാണ് ഗാന്ധിജി പ്രചരിപ്പിച്ചത്. ഭാരതത്തിന്റെ ദർശനം നാനാത്വത്തിൽ ഏകത്വമാണ് . സംസ്കാരങ്ങളുടെ സംഘട്ടനം ഭാരതം അംഗീകരിക്കുന്നില്ല. എല്ലാ സംസ്കാരങ്ങളുടെയും സംഗമഭൂമിയാണ് ഭാരതം. ഭാരതത്തിന്റെ ഏകത്വദർശനമാണ് ഗാന്ധിജിയുടെതും. അത് സാർവലൗകികവും സാർവദേശീയവും ആണ്. സംഘടനങ്ങളുടെയും വിദ്വേഷത്തിന്റെയും ഇരുട്ടുകൊണ്ട് മൂടപ്പെട്ട ലോകത്ത് ഗാന്ധിജിയുടെ ആശയങ്ങൾ പ്രതീക്ഷയുടെ പ്രകാശകിരണങ്ങളാണ്. അത് നമ്മുടെ ജീവിതത്തെ പ്രകാശിപ്പിക്കുകയും മനുഷ്യനന്മയിലുള്ള നമ്മുടെ വിശ്വാസത്തെ ഉണർത്തുകയും ചെയ്യുന്നു.

# ഗാന്ധിചിന്തകൾ

## പി. കേശവൻനായർ



മനുഷ്യൻ നേരിടുന്ന പ്രശ്നങ്ങൾ രണ്ടു തരമാണ്. ആദ്ധ്യാത്മികവും ഭൗതികവും. ഈ പ്രശ്നങ്ങൾക്ക് പരിഹാരമന്വേഷിക്കുകയാണ് സകല ശാസ്ത്രങ്ങളും ചെയ്യുന്നത്. എന്നാൽ ഗാന്ധിയൻ ദർശനത്തിൽ ഇതിനെല്ലാം പരിഹാരമുണ്ട്. ഉൽപ്പാദനത്തെയും ഉപഭോഗത്തെയും മാത്രം അടിസ്ഥാനമാക്കിയുള്ള സമ്പദ്ഘടനക്ക് ബദലായി ആവശ്യം, ആർത്തി എന്നീ രണ്ടു സംവർഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗാന്ധിജിയുടെ അർത്ഥശാസ്ത്ര സങ്കൽപ്പങ്ങൾ ശാശ്വതവും ഈടുറ്റതുമാണ്. പാരിസ്ഥിതിക സംരക്ഷണമെന്നാൽ പ്രകൃതിസംരക്ഷണം മാത്രമല്ലെന്നും നഗര-ഗ്രാമ സന്തുലനം, പ്രകൃതി-മനുഷ്യ സന്തുലനം, ദരിദ്ര-ധനിക സന്തുലനം എന്നതും കൂടി ആയിരിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചു. ഇങ്ങനെ ജനാധിപത്യം, വ്യക്തിസ്വാതന്ത്ര്യം, സാമ്പത്തിക-പാരിസ്ഥിതിക മേഖല, തൊഴിലാളിപ്രസ്ഥാനം എന്നിവയെക്കുറിച്ചുള്ള ഗാന്ധിയൻ ചിന്തകൾ വിജ്ഞാനപ്രദവും ലളിതവുമായ ശൈലിയിൽ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം


ISBN 9788176381925

SIL - 2853

വില ₹ - 75.00

# ഗാന്ധിചിന്തകൾ

പി. കേശവൻനായർ



Indic Digital Archive Foundation
gpura.org